ഏപ്രിൽ 2018

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

സുഭദ്രയുടെയും അർജുനന്റെയും കാലത്ത് വാട്സ്ആപ്പ് ഉണ്ടായിരുന്നെങ്കിൽ

**സുഭദ്രാ ധനഞ്ജയം 4G**

വനിതാരത്നം ഫെയിം ഡോ. ഹീരാ നമ്പൂതിരി എഴുതിയ കഥ

**അ ഫോർ അന്തർജനം**

റിക്കാർഡിലെല്ലാം അന്തർജനം എന്ന് പേരുള്ള ഡോ. ആരതിയുടെ വേറിട്ട അനുഭവങ്ങൾ

**സോമാലിയയിൽ കിണർ കുഴിച്ച നമ്പൂതിരി**

അറിയേണ്ട ഒരു നമ്പൂതിരി

**ഇല്ലപ്പെരുമയിൽ മുല്ലപ്പള്ളി ഇല്ലത്തെപ്പറ്റി**



# അന്തർജനങ്ങളും പെൺകിടാങ്ങളും

## എങ്ങനെ ചിന്തിക്കുന്നു

ടീം സ്വസ്തി നടത്തിയ ഓൺലൈൻ അഭിപ്രായ സർവ്വേ


LLOYD
നന്മ തിരിച്ചറിയുമ്പോൾ
നല്ലത് സ്വന്തമാവുന്നു
മികവും വിലക്കുറവും നിഷ്കർഷയോടെ ഉറപ്പുവരുത്തിയ
NRE ഉല്പന്നങ്ങൾ തന്നെ തിരഞ്ഞെടുക്കൂ...
വിലക്കുറവിലും
ഗുണമേന്മയിലും
UNBEATABLE
IN KERALA
സന്ദർശിക്കൂ...
NRE
SONY
LG
SAMSUNG
Godrej
videocon
Whirlpool
LLOYD
GREE
DAIKIN
ONIDA
PHILIPS
Kelvinator
KENSTAR
Prestige
V-GUARD
GENERAL
Carrier
BLUE STAR
Panasonic
Electrolux
*Conditions Apply
EXTRA SELECTION
EXTRA GUARANTEE
SUPER EXCHANGE OFFER
പലിശ വാങ്ങാത്ത വായ്പ
BAJAJ FINSERV
EMI
വിലക്കുറവിലും ഗുണമേന്മയിലും കേരളത്തിൽ ഒന്നാം സ്ഥാനത്ത്
All major credit cards accepted
NRE
National Radio Electronics
POONGOTTUKULAM Jn. TIRUR
THANA KANNUR
MAIN ROAD PAYYANUR
GANDHI PARK PAYYANUR
NORTH KOTTACHERRY KANHANGAD
NR. NEW BUS STAND KASARAGOD
മലബാറിലുടനീളം NRE
OPENING SHORTLY AT MANJERI
49 വർഷം ജനകോടികൾ വിശ്വാസമർപ്പിച്ച സ്ഥാപനം

# അകത്തുള്ളവരും എഴുത്തടയാളങ്ങളും


ഗായത്രി മറന്നു പോയി. വിഗ്രഹങ്ങൾ ഉടച്ചും കളഞ്ഞു. ഇനി സഖാവിന് അഴിച്ചോന്യം **സഖാവിന്റെ ഉപനയനം. ശ്രീധർ ആർ.എൻ.** എഴുതിയ ആത്മാവിൽ തൊട്ട കവിത
**3**

മികച്ച ബാലനടനുള്ള സംസ്ഥാനസർക്കാരിന്റെ അവാർഡ് ലഭിച്ചത് നമുക്കിടയിലെ ഒരു ഉണ്ണിനമ്പൂതിരിയ്ക്ക്. അമൃതാ ടെലിവിഷന്റെ ഡൽഹി റിപ്പോർട്ടറായിരുന്ന **പുടയൂർ ജയനാരായണൻ** തയ്യാറാക്കിയ റിപ്പോർട്ട്
**പാതി കത്തിപ്പോയ ആ പോസ്റ്ററിൽ നിന്ന്**
**4**

**അന്തർജനങ്ങളും പെൺകിടാങ്ങളും എങ്ങനെ ചിന്തിക്കുന്നു?**
**ടീം സ്വസ്തി** നടത്തിയ ഓൺലൈൻ സർവേയുടെ റിപ്പോർട്ടും വിശകലനവും. ഒപ്പം മിടുക്കികളായ ചില പെൺകുട്ടികളുടെ തുറന്ന നിലപാടുകളും.
**7**

അന്തർജനം എന്ന് വാലോടു കൂടി മെഡിക്കൽ കോളേജിലും ഹോസ്റ്റലിലും എല്ലാം കഴിയേണ്ടി വന്ന ഡോ.ആരതിയുടെ അനുഭവങ്ങൾ.
**അ ഫോർ അന്തർജനം ആ ഫോർ ആരതി**
**വിനോദ് മങ്ങത്തായ** തയ്യാറാക്കിയ റിപ്പോർട്ട്
**16**

സ്മാർട്ട് ഫോണുള്ള സുഭദ്ര കാട്ടിക്കൂട്ടിയ ലീലകളാണ് വനിതാ രത്നം ഫെയിം **ഡോ. ഹീരാ നമ്പൂതിരി** എഴുതിയ കഥ
**സുഭദ്രാധനഞ്ജയം 4G**
**20**

**സോഷ്യൽ മീഡിയയില ആത്തേമ്മാരുകൾ** എന്തു ചെയ്യുന്നു. മാതൃഭൂമിയിലെ പത്രപ്രവർത്തകയായ **രൂപ കരുമാരപ്പറ്റ** തയ്യാറാക്കിയ ഫീച്ചർ.
**25**

കാലികളെപ്പോലെ പെൺകുട്ടികളെ വിറ്റഴിക്കപ്പെട്ട ഒരു കാലത്ത് വടക്കോട്ട് കൊടുത്ത ഒരു ഓപ്പോളെ തേടിപ്പിടിച്ച **കെ.എം. പരമേശ്വരൻ** അതേപ്പറ്റി എഴുതുന്നു.
**വടക്കോട്ടു കൊടുത്തവർ**
**27**

നമുക്കായി ഒരു വോയ്സ് മെസ്സേജ് അയച്ചിരിക്കുകയാണ് ഡെൽഹിയിൽ നിന്ന് **സിജു കുറിയേടം ശ്രീകുമാർ. ചാണകത്തിന്റെ സുഗന്ധം** ജീവിതത്തെ മാറ്റി മറിച്ചതെങ്ങനെ ?
**40**


വയൽക്കിളികൾ മാത്രമല്ല അമ്പലപ്രാവുകളും ഇല്ലാതാവുമെന്ന മുന്നറിപ്പു നൽകുകയാണ് **കുക്കുട സുഭാഷിതം** എന്ന നർമ്മഭാവനയിലൂടെ.
**ജയൻ പഴങ്ങോട്ടു പൊറ്റ**
**43**

**സ്വസ്തി ക്ഷ പിടിച്ച**തായി വായനക്കാരുടെ പേജിൽ എഴുതുന്നു തൈക്കാട്ടുശ്ശേരിയിലെ **രവിവർമ്മ.** കൂടെ മറ്റു കത്തുകളും
**56**


**നിലപാട് വ്യക്തമാക്കുന്നു ഇവർ**



അശ്വതി എം


ദേവിപ്രിയ വി.പി



ഗീതു


ഹൃദ്യ കെ.


മീര


നയന എൻ.ഇ.


പ്രണതി വി.എൻ


പാർവതി രമേശ്


കൃഷ്ണ തായട


ബ്രാഹ്മണനായതു കൊണ്ട് മാത്രം തന്റെ കാൽ തൊട്ട് വന്ദിക്കാൻ ഒരു കോളേജ് പയ്യൻ ഇല്ലത്തെത്തിയ അത്യപൂർവമായ അനുഭവം പങ്കിടുകയാണ് **റിട്ട. പ്രൊഫ. മണി പുൽപ്പറമ്പിൽ**
**ഇത് ബ്രാഹ്മണശാപമല്ല ബ്രാഹ്മണാനുഗ്രഹം.**
**44**

**പുരുഷായുസ്സിലേക്കുള്ള വഴിയിൽ.** നവതി പിന്നിട്ട ടി. സി. നാരായണൻ നമ്പൂതിരിയെപ്പറ്റി **ഉമശ്രീ കിഴക്കുമ്പാട്ട്** എഴുതുന്നു.
**46**

**വൈകുണ്ഠത്തിലേക്ക് വിസ** കിട്ടിയ തന്റെ സുഹൃത്ത് പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയെ അനുസ്മരിക്കുകയാണ് **ടി. സി. നാരായണൻ നമ്പൂതിരി**
**48**

രണ്ടു കവിതകൾ **രവി മങ്ങത്തായ** എഴുതിയ **അ ആ ഇ ഈ**
**വിദ്യ പരമേശ്വരൻ** എഴുതിയ **നീയും ഞാനും**
**49**

നമ്പൂതിരിമാരുടെ **നാരായവേരായ ഗായത്രി**യെക്കുറിച്ച് **കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്** എഴുതുന്നു
**50**

ഉപസഭകളിൽ എന്തു നടക്കുന്നു.
**ഉപസഭാവാർത്തകൾ**
**51**

**ഇംഗ്ലീഷിൽ ഒരു സപ്താഹം.** പ്രൊഫ. എ.വി. വാസുദേവൻ പോറ്റിയെ അനുസ്മരിക്കുന്നു **അനാമയൻ പാലാഞ്ചേരി.**
**58**

**ഇനിയില്ല ഈ കുസൃതിച്ചിരി.** മരണത്തിൽപ്പോലും നർമ്മം കലർത്താൻ ശേഷിയുള്ള പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയെപ്പറ്റി
**58**

**രംഗബോധമില്ലാത്ത കോമാളി** പാർത്ഥന്റെ വഴിയിൽ കർട്ടനിട്ടപ്പോൾ നാടകത്തിന്റെയും ജീവിതത്തിന്റെയും തിരശ്ശീല വീണതിന്റെ വേദന.
**60**

**30**
**ഈ ലക്കം ഇല്ലപ്പെരുമയിൽ**
**മുല്ലപ്പള്ളി ഇല്ലത്തെ വിശേഷങ്ങൾ**
തന്ത്രവും മന്ത്രവും ജ്യോതിഷവും കവനവും നർത്തനവും എല്ലാം ഒന്നിനൊന്ന് വഴങ്ങുന്ന മുല്ലപ്പള്ളിയിലെ നമ്പൂതിരിമാരെപ്പറ്റി




5120 ചൈത്രം (യുഗാബ്ദം)
1193 മേടം (കൊല്ലവർഷം)
ശ്വേതാശ്വരകല്പം-
വൈവസ്വത മന്വന്തരം (7)
വസന്ത ഋതു

യോഗക്ഷേമസഭ
കോഴിക്കോട്
ജില്ലാ കമ്മിറ്റി
പ്രസിദ്ധീകരണം

# സ്വസ്തി

പുസ്തകം 2 | ലക്കം 2

2018 ഏപ്രിൽ

ചീഫ് എഡിറ്റർ
കൊയത്തൊടി ചെറുമുക്കു പരമേശ്വരൻ
(8089441634)
അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി
മാനേജിംഗ് എഡിറ്റർ
ഉമശ്രീ കിഴക്കുമ്പാട്
(9496164912)
അംഗങ്ങൾ
വി.ഇ. നാരായണൻ നമ്പൂതിരി
വിനോദ് മങ്ങത്തായ
രവി മങ്ങത്തായ
മാനേജിംഗ് കമ്മിറ്റി
പാലാഞ്ചീരി നാരായണൻ നമ്പൂതിരി
(പ്രിന്റർ ആന്റ് പബ്ലിഷർ)
താമരക്കുളം ദിവാകരൻ നമ്പൂതിരി
(സർക്കുലേഷൻ മാനേജർ)
(9447337337)
നാറാണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി
(ജില്ലാ പ്രസിഡന്റ്)
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
(ജില്ലാ സെക്രട്ടറി)
ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട് -673001
9847941277, 9847907630

Swasthi Email:
swasthithrimonthly@gmail.com

## ആശങ്ക വേണ്ട അഭിമാനിക്കാം

നമ്പൂതിരിപ്പെൺകുട്ടികൾക്കിടയിൽ സ്വസ്തി നടത്തിയ അഭിപ്രായ സർവേയുടെ ഫലവും വിശകലനവുമാണ് ഈ ലക്കത്തിലെ പ്രത്യേകത. സമുദായത്തിന്റെ പോക്കിൽ ആശങ്കയുള്ള ധാരാളം പേരുണ്ട്. പ്രത്യേകിച്ച് പെൺകുട്ടികളുടെ നിലപാടുകൾ സംബന്ധിച്ച്. ആൺ പക്ഷത്തു നിന്നു നോക്കുമ്പോൾ ഒട്ടധികം പ്രശ്നമുണ്ട് . അതിലൊന്നാണ് വിവാഹം ചെയ്യാൻ സമുദായത്തിൽ നിന്ന് പെൺകുട്ടികളെ കിട്ടാത്ത പ്രശ്നം.

ആ പ്രശ്നം പെൺകുട്ടികളുടെ സൃഷ്ടിയെന്ന മട്ടിലാണ് ഇതുവരെ പലരും കണ്ടിരുന്നത്. എന്നാൽ പ്രശ്നം ആൺകുട്ടികളുടെ പഠിപ്പില്ലായ്മയാണ് എന്ന ലളിതമായ ഉത്തരമാണ് സർവേയിൽ നിന്ന് ലഭിച്ചത്. സർവേയിൽ പങ്കെടുത്തവരും അതല്ലാതെ നേരിട്ട് അഭിപ്രായം പറഞ്ഞവരും ഇക്കാര്യത്തിൽ ഒറ്റ നിലപാടാണ്.

വലിയ തോതിൽ ആശങ്കപ്പെടാൻ ഒന്നുമില്ല. നമ്പൂരിത്തം ഇല്ലാതാവാൻ പോവുന്നില്ല. കാലഘട്ടം ആവശ്യപ്പെടുന്ന ഗുണപരമായ മാറ്റം പുതിയ തലമുറയിലെ പെൺകുട്ടികൾ ഉൾക്കൊള്ളുന്നു എന്നു മാത്രമേയുള്ളൂ. ആൺകുട്ടികളെ അപേക്ഷിച്ച് പെൺ കുട്ടികൾ ഏറെ മുന്നോട്ടു പോയി. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് മാത്രമല്ല അമരത്തേക്ക് കൂടി അവർ എത്തിയിരിക്കുന്നു.

എന്നാൽ യുവാക്കളാകട്ടെ പത്താം ക്ലാസും ഗുസ്തിയും എന്ന നിലയിൽ തുടരുകയാണ്.അവർക്കാണെങ്കിൽ ഉപജീവനത്തിന് ശാന്തിയുമുണ്ട്. അതാണ് പ്രശ്നം. അത് മാത്രമാണ് പ്രശ്നം.

വേളി കഴിക്കാൻ മാത്രമുള്ള ഒരു ഉപഭോഗ വസ്തു എന്ന നിലയിൽ പെൺകുട്ടികളെ കാണുന്നത് തന്നെ ആൺപക്ഷചിന്താഗതിയിലെ കുഴപ്പമാണ്. അവർക്ക് പഠിക്കണം.സ്വന്തം നിലയിൽ ജോലിയുണ്ടാവണം. കുടുംബത്തിൽ തുല്യപങ്കാളിത്തം വേണം. സർവോപരി നട്ടെല്ലും അഭിപ്രായവുമുണ്ടാവണം. പുതിയ പെൺകുട്ടികൾക്ക് അതൊക്കെ വേണ്ടുവോളമുണ്ടെന്നാണ് സർവേ സൂചിപ്പിക്കുന്നത്. (വീട്ടിലെ പാചകം സ്ത്രീകളുടെ മാത്രം ചുമതലയോ എന്ന ചോദ്യത്തിന് 92 ശതമാനവും അല്ല എന്നു പറയുന്നു.)

പൊതുജനസേവനത്തിൽ താല്പര്യമുള്ളവരാണ് 79 ശതമാനം പേരും. ഇത് വലിയ മാറ്റമാണ്. അന്തർജനം ബഹിർജനമായിരിക്കുന്നു. എന്നാൽ നമ്പൂരിത്തം ഉപേക്ഷിച്ചു കൊണ്ടല്ല ഇവർ ഇറങ്ങിപ്പുറപ്പെടുന്നത്.

പഠനം,ജോലി, വിവാഹം ,പൊതുജന സേവനം , രാഷ്ട്രീയം തുടങ്ങി പല കാര്യങ്ങളിലും നിലപാടും അഭിപ്രായവുമുള്ളവരായി അവർ മാറിയെന്നത് ആശങ്കപ്പെടേണ്ട ഒന്നല്ല. മറിച്ച് നട്ടെല്ലുള്ള ജീവിയായി മാറിയതിൽ അവരെ അഭിനന്ദിക്കുകയാണ് വേണ്ടത്. ജോലിയോടൊപ്പം പൂജ കൂടി ചെയ്യുന്ന പങ്കാളിയെ ഇഷ്ടപ്പെടുന്നവരാണ് 77 ശതമാനവും എന്നതും കാണാതെ പോവരുത്. എന്നാൽ വിദ്യാഭ്യാസമില്ലാതെ എട്ടാം ക്ലാസും ശാന്തിയും എന്ന നിലയിൽ കഴിയുന്ന നമ്പൂതിരി യുവാക്കളോട് നോ എന്നു തന്നെ പറയുന്നു ഇവർ. ആശങ്ക വേണ്ടത് അത്തരം യുവാക്കൾക്കാണ്. തിരുത്തേണ്ടത് അവരാണ്.

-പത്രാധിപർ

# സഖാവിൻെറ ഉപനയനം



ശ്രീധർ. ആർ.എൻ



**പൊ**ട്ടിച്ചെറിഞ്ഞൊരു യജ്ഞസൂത്രംതേടി
മുട്ടാത്ത വാതായനങ്ങളില്ല
കൈവിട്ടു പോയൊരു ഗായത്രി മന്ത്രവും
ഓർമ്മയിലെങ്ങും തെളിഞ്ഞതില്ല

വിപ്ലവം തുപ്പിയ ജിഹ്വയുമിന്നിതാ
വേദമന്ത്രത്തിനായ് കാത്തിരിപ്പൂ.
വിദ്യാലയങ്ങളറിവിന്നുറവകൾ
വറ്റീ സമരമുഖങ്ങളായി

മുഷ്ടിയയഞ്ഞുവലത്തുകൈ ശാന്തിതൻ
മുദ്രകളാകാൻ കൊതിച്ചിടുന്നു
ഓരോ സതീർത്ഥ്യരുയരങ്ങൾ താണ്ടവേ
ഊഴമായില്ല, സവർണ്ണനല്ലേ.

എന്നും പരാജിതനായി മേവുമ്പൊഴും
എങ്ങു സ്വപ്നങ്ങളെരിയുമ്പൊഴും
ഓർത്തില്ല ശോഭനമായ സ്വപ്നങ്ങളെ
ഓർത്തതേയില്ലഭിലാഷങ്ങളെ.

സാത്വിക,നച്ഛനന്നോതിയ മന്ത്രങ്ങൾ
ഭൗതികവാദപ്രലോഭനത്താൽ
പുച്ഛിച്ചു വിഗ്രഹം തച്ചുതകർത്തതും
കഷ്ടമായെന്നുമറിഞ്ഞിടുന്നു

നഗ്നയെന്നോതിയ ദുർഗ്ഗതൻ കീർത്തിയോ
നാമസഹസ്രമായ് മാറിടുന്നൂ.
ചൈതന്യമൊന്നും കെടുത്തുവാനില്ലിനി
പുൽകില്ല പോയ കാലത്തെ വീണ്ടും.


വാക്കും പ്രവൃത്തിയും രണ്ടായ് പിരിഞ്ഞുപോയ്
ധാർഷ്ട്യവും ധൂർത്തുമലങ്കാരമായ്.
അക്രമം, പ്രീണനതന്ത്രങ്ങൾ, പിന്നെയോ
മൂല്യച്യുതിയും. മടുത്തു സർവം.

വർണ്ണവെറിയാലവർ മുറിച്ചെന്നുടെ
നിർമ്മമമായ മനഃസാക്ഷിയെ.
എപ്പൊഴും കാർക്കിച്ചവഹേളനത്തിൻെറ
തുപ്പലുമാത്മാവിലേറ്റുവാങ്ങി.

ഇല്ല മടങ്ങില്ല സ്വത്വം ഗണിക്കാത്ത
പ്രത്യയശാസ്ത്ര പാഴ്ഭൂവിലേക്ക്
വീണ്ടുമുപനയിക്കട്ടെസ്സഖാവിനെ
വിപ്രനാക്കീടട്ടെയാത്മാവിനെ.

●

മൊബൈൽ
9947700043



**മികച്ച ബാലനടനുള്ള സംസ്ഥാനസർക്കാറിന്റെ അവാർഡ് നേടിയ അഭിനന്ദിന് സ്വസ്തിയുടെ അഭിനന്ദനം. നമ്പൂതിരി സമുദായത്തിൽ നിന്ന് ഇങ്ങനെയൊരു പുതുനാമ്പ് ഉയർന്നു വരുന്നതിൽ നമുക്ക് അഭിമാനിക്കാം. അഭിനന്ദിനെ ചെന്നു കണ്ട് തയ്യാറാക്കിയ റിപ്പോർട്ട് ഇതോടൊപ്പം.**

# പാതി കത്തിപ്പോയ ആ പോസ്റ്ററിൽ നിന്ന്



**പുടയൂർ ജയനാരായണൻ**

നാലു വർഷം മുമ്പാണ്. അച്ഛനൊപ്പം കണ്ണൂർ നഗരത്തിൽ എത്തിയതായിരുന്നു ആ പതിനൊന്നുകാരൻ. വളരെ യാദൃശ്ചികമായാണ് ഒരു പരസ്യപോസ്റ്റർ ശ്രദ്ധിച്ചത്. സിനിമാ നാടക ക്യാമ്പിലേക്കുള്ള ഒരു പരസ്യം. എന്നാൽ താഴെ ചപ്പ് ചവറുകൾക്ക് തീയിട്ടതിനാൽ ആ പോസ്റ്റർ പാതിയും കത്തിപ്പോയിരുന്നു.

ക്യാമ്പ് എവിടെയാണെന്നോ ആരാണ് നടത്തുന്നതെന്നോ ഒന്നും വ്യക്തമല്ല. അതെല്ലാം കത്തിപ്പോയി. എന്നാൽ കത്താതെ കിടന്ന ഭാഗത്ത് ഒരു ഫോൺ നമ്പർ. അതാണ് അവരുടെ കോൺടാക്ട് നമ്പർ.

അത് ഒരു നിയോഗവും നിമിത്തവുമായി. അത് മാത്രം വ്യക്തമായി വായിക്കാൻ പറ്റുമായിരുന്നു. പക്ഷേ, എഴുതിയെടുക്കാൻ പേനയോ കടലാസോ ഇല്ല. അതുകൊണ്ട് ആ നമ്പർ മനപ്പാഠമാക്കി.

അതിന് കാരണമുണ്ട്.

പതിനൊന്ന് വയസിൽ കാണാൻ തുടങ്ങിയതാണ് സിനിമാസ്വപ്നം. അത് വരെ കണ്ട നൂറായിരം സ്വപ്നങ്ങൾ പോലെ ഒരു സാധാരണ സ്വപ്നമായിരുന്നില്ല. ദൃഢനിശ്ചയം കലർന്ന ഒന്നായിരുന്നു അത്. സിനിമിലേക്കുള്ള വഴി തുറക്കുമെന്നതിനാൽ ആ പോസ്റ്ററിലെ ഫോൺ നമ്പർ അവൻ മറന്നില്ല.

ചിലത് അങ്ങിനെയാണ്. വിധിയെന്നോ നിയോഗമെന്നോ ഒക്കെ അതിനെ വിളിക്കാം. അല്ലെങ്കിൽ അന്ന് ആ നട്ടുച്ച നേരത്ത് കണ്ണൂർ നഗരത്തിന്റെ തെരുവോരത്തെ പാതി കത്തിപ്പോയ ആ പോസ്റ്റർ അവൻ കാണില്ലായിരുന്നു. ആ പോസ്റ്ററിലെ നമ്പർ ബൈഹാർട്ട് ആക്കുമായിരുന്നില്ല.

പിന്നീട് ഒഴിവ് കിട്ടിയപ്പോൾ അച്ഛന്റെ ഫോണിൽ നിന്ന് ആ നമ്പറിലേക്ക്

**സിനിമാ ലോകത്തെത്തിയ അപൂർവ്വം നമ്പൂതിരിമാരിൽ ഒരാളായ അഭിനന്ദിന് പത്ത് സിനിമകൾ പിന്നിട്ടിട്ടും ഒരു കാര്യത്തിൽ മാത്രം ഇപ്പോഴും നമ്പൂരിശങ്ക ഒഴിഞ്ഞിട്ടില്ല. ഭക്ഷണ കാര്യത്തിലാണത്. ഈ നമ്പൂതിരികുട്ടിക്ക് മാത്രമായാണ് പല സെറ്റുകളിലും വെജിറ്റേറിയൻ ഭക്ഷണം എത്തിക്കാറുള്ളത്. മറ്റുള്ളവരുടെ ഭക്ഷണപ്പൊതികൾക്കിടയിൽ തനിക്കായിക്കൊണ്ടുവന്ന ഭക്ഷണപ്പൊതി മാറുമോന്ന് മാത്രമാണ് ആ 'ശങ്ക'**



വിളിച്ചു.

പക്ഷേ നിരുത്സാഹപ്പെടുത്തുന്ന മറുപടിയാണു ആ പതിനൊന്ന്കാരനു ലഭിച്ചത്. ഇത് കുട്ടികൾക്കുള്ള ക്യാമ്പ് അല്ല. മുതിർന്നവർക്ക് മാത്രമുള്ളതാണ്. എന്നാൽ അത്രയെളുപ്പം കീഴടങ്ങുന്നതായിരുന്നില്ല ആ കുട്ടിയുടെ നിശ്ചയദാർഢ്യം. ഒടുക്കം അവന്റെ നിർബന്ധത്തിന് അവർ വഴങ്ങി.

അത്ര താൽപ്പര്യത്തോടെയല്ല എങ്കിലും മറുതലയ്ക്കൽ കേട്ട മറുപടി ഇതായിരുന്നു.

''വന്ന് നോക്കൂ, ഒറ്റ ദിവസം. മുതിർന്ന മറ്റ് ക്യാമ്പ് അംഗങ്ങൾക്കൊപ്പം തുടരാനാകുമെങ്കിൽ നോക്കാം.''

പറഞ്ഞ തീയതിക്ക് തന്നെ ആ കുരുന്ന് പയ്യൻ ക്യാമ്പിലെത്തി. കാഴ്ചയിൽ ട്രൗസർ പ്രായം പോലും വിട്ടിട്ടിലാത്ത പയ്യൻ. സഹ ക്യാമ്പ് അംഗങ്ങളുടെ പ്രായം നാൽപ്പത് മുതൽ മുകളിലോട്ട്. പക്ഷേ, അവന്റെ വലിപ്പം കണ്ട് മൂക്കത്ത് വിരൽ വച്ചവർ അവന്റെ അഭിനയം കണ്ടപ്പോൾ അന്തം വിട്ട് വാപിളർന്നു. അത്ര തികവുറ്റതായിരുന്നു ആ കുഞ്ഞ് പയ്യന്റെ അഭിനയ മികവ്.

അതോടെ ക്യാമ്പ് ഡയറക്ടർ തായാട്ട് രാജേന്ദ്രൻ മാഷിന്റെ അരുമയായി. ഭാവിയുള്ള ആ കുരുന്നിനു ഉയരങ്ങളിലേക്ക് പറക്കാനുള്ള കരുത്തുണ്ടെന്ന് മനസിലാക്കിയ അദ്ദേഹം അവന് മുന്നിൽ വിശാലമായ സിനിമാ ലോകത്തേക്കുള്ള വാതിലുകൾ തുറന്ന് കൊടുത്തു. അങ്ങിനെയാണു തൃശ്ശൂരിൽ വച്ച് മുല്ലനേഴി മാഷിന്റെ മകൻ പ്രദീപ് മുല്ലനേഴി സംവിധാനം ചെയ്ത 'നമുക്കൊരേ ആകാശം' എന്ന ചിത്രത്തിൽ വേഷം ചെയ്യാൻ അവസരം ലഭിക്കുന്നത്.

തായാട്ട് മാഷ് ഒരിക്കൽക്കൂടി അവനെ ഉയരങ്ങളിലേക്ക് പറത്തി വിട്ടു. അതിന്റെ ഫലമാണു ദീപേഷ്. ടി സംവിധാനം ചെയ്ത 'സ്വനം' എന്ന ചിത്രം. സ്വനത്തിലെ ആ അന്ധബാലനാണ് നമ്മളിത്ര നേരവും ചർച്ച ചെയ്ത ആ കുഞ്ഞ് പയ്യനെ അവന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിലേക്ക് എത്തിച്ചത്. സംസ്ഥാന സർക്കാരിന്റെ മികച്ച ബാലതാരത്തിനുള്ള ഈ വർഷത്തെ ചലചിത്ര പുരസ്കാരം ഏറ്റുവാങ്ങിയ മാസ്റ്റർ അഭിനന്ദിന്റെ സിനിമാകഥയ്ക്ക് സമാനമായ തുടക്കം ഇതാണ്.

കണ്ണൂർ കുറ്റ്യാട്ടൂരിനടുത്ത് ഏക്കോട്ടില്ലത്ത് വിനോദ് മാഷിന്റേയും പ്രീത ടീച്ചറുടേയും മകനായ അഭിനന്ദിനെ കാണാൻ മുൻകൂട്ടി വിളിച്ച് പറഞ്ഞാണ് ചെന്നത്. അഭിനന്ദിനെ ഇന്റർവ്യൂ ചെയ്യാൻ പോകുമ്പോൾ ഒരുകാര്യം മനസ്സിൽ ഉറപ്പിച്ചിരുന്നു. സിനിമാവാരികയല്ല സ്വസ്തി. നമ്പൂതിരി പ്രസിദ്ധീകരണമാണത്. അതിനാൽ അഭിനന്ദ് എന്ന സിനിമാനടനെ തേടിയല്ല, പകരം അഭിനന്ദ് എന്ന സിനിമാക്കാരനായ നമ്പൂതിരിക്കുട്ടിയേ തേടിയാണു പോകുന്നത്. അതിനാൽ ആ നിലയ്ക്ക് തന്നെ വേണം സ്വസ്തിയിലേക്കുള്ള എഴുത്തും.

കാലത്ത് ഒരു സ്വീകരണ യോഗത്തിൽ പോകാനുണ്ട്. അതിനാൽ കാലത്ത് ഒൻപതിനു മുൻപ് വരൂ, കാണാം എന്നായിരുന്നു രാത്രി വിളിച്ചപ്പോൾ വിനോദ് മാഷ് പറഞ്ഞത്. ചെന്ന് കയറുമ്പോൾ പുറത്ത് അഭിനന്ദിന്റെ മുത്തശ്ശൻ പത്രം വായിച്ചിരിക്കുന്നു. പ്രായത്തിന്റേതായ അവശത ഉണ്ടെങ്കിലും കണ്ടപ്പോൾ വിനയത്തോടെ സ്വീകരിച്ചു. അഭിനന്ദിനെ കാണാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ അകത്തേക്ക് നീട്ടി വിളിച്ചു, 'നന്ദൂട്ടാ..'

അകത്ത് നിന്ന് വിളി കേട്ടു കൊണ്ട് ഒരു 'നമ്പൂരിക്കുട്ടി' ഇറങ്ങി വന്നു. വരുന്ന വഴി ഞാൻ ആഗ്രഹിച്ചത് പോലെ തന്നെ സിനിമാക്കാരനായ ഒരു നമ്പൂതിരിക്കുട്ടിയായി അഭിനന്ദ് പുറത്തേക്ക് ഇറങ്ങി വന്നു.

കുളിച്ച് കുറിയിട്ട്, വെളുത്ത മുണ്ടുടുത്ത്, തനി നമ്പൂതിരി വേഷത്തിൽ ഈ വന്ന് നിൽക്കുന്നത് ഒരു സിനിമാനടനാണെന്നത് മറന്നു. അഭിനന്ദിൽ ആ ഭാവം തെല്ലുമില്ല. ഒരു സ്വന്തക്കാരനെന്ന ഭാവത്തോടെ അഭിനന്ദ് സംസാരിച്ച് കൊണ്ടിരുന്നു. ആദ്യത്തെ നാടക ക്യാമ്പ്, ആദ്യ സിനിമ, രണ്ടാമത്തെ മാത്രം സിനിമയായ സ്വനം. അഭിനയിച്ച് കഴിഞ്ഞ് മൂന്ന് വർഷത്തെ കാത്തിരിപ്പിനു ഒടുക്കം വന്നെത്തിയ അവാർഡിന്റെ സന്തോഷം, ഇതുവരെ ചെയ്തു തീർത്ത ചെറുതും വലുതുമായ വേഷങ്ങൾ നിറഞ്ഞ പത്ത് സിനിമകൾ, ഇനി റിലീസ് ആവാനുള്ള ചിത്രങ്ങൾ, പുതിയ പ്രൊജക്ടുകൾ. അങ്ങിനെയങ്ങിനെ അഭിനന്ദിനു ഏറെ പറയനുണ്ട്.

പത്താം ക്ലാസ് പരീക്ഷയ്ക്കിടെയാണ് സംസ്ഥാന അവാർഡ് അഭിനന്ദിനെ തേടിയെത്തിയത്. പിന്നീടിങ്ങോട്ട് തിരക്കിന്റെ നാളുകൾ. സ്വീകരണങ്ങൾ, അനുമോദനങ്ങൾ, ഉദ്ഘാടനങ്ങൾ. തിരക്കുകൾക്കിടയിലും ഭാവിയിലേക്കുള്ള സ്വപ്നങ്ങൾ നെയ്ത് തുടങ്ങിയിട്ടുണ്ട് ഈ മിടുക്കൻ. സിനിമ തന്നെയാണ് വലിയ സ്വപ്നം, പക്ഷേ, പഠനം അങ്ങിനെയങ്ങ് ഉഴപ്പാനൊന്നും തയ്യാറല്ല. പഠിക്കണം. മുത്തശ്ശനും, അച്ഛനും, അമ്മയും കാട്ടിത്തന്ന അദ്ധ്യാപന പാത തന്നെയാണു തനിക്ക് കൂടുതൽ ചേരുകയെന്നാണു അഭിപ്രായം. അതാകുമ്പോൾ തന്റെ അഭിനയമോഹം കൊണ്ട്നടക്കാം. ഒന്നുമില്ലെങ്കിലും പുതിയ കുരുന്ന് പ്രതിഭകളെ കൈപിടിച്ച് ഉയർത്താം. അദ്ധ്യാപനം പോലെ നന്ദിയുള്ള ജോലിയുണ്ടോ.. അഭിനന്ദ് ഉറപ്പിച്ച് തന്നെയാണത് പറഞ്ഞത്.




ഏട്ടൻ അഭിഷേകിനെ പറ്റി നൂറു നാക്കാണ് അഭിനന്ദിന്. തിരുവനന്തപുരത്ത് ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പേയ്സ് സയൻസ് ആൻഡ് ടെക്നോളജിയിൽ ബി.ടെക് വിദ്യാർത്ഥിയായ അഭിഷേക് അറിയപ്പെടുന്ന ഒരു ചെസ് ചാമ്പ്യൻ ആണ്.

കളിപ്പാട്ടങ്ങൾക്ക് പകരം ചെസ്സ് ബോർഡിൽ കളി തുടങ്ങിയ അഭിഷേക് ഒമ്പതാം വയസ്സിൽ കേരളത്തിൽ ഏറ്റവു പ്രായം കുറഞ്ഞ ഫിഡേ റേറ്റഡ് താരമായി. അണ്ടർ പതിനൊന്ന് വിഭാഗത്തിൽ ഡൽഹിയിൽ വച്ച് നടന്ന ഏഷ്യൻ സ്കൂൾ ചെസിൽ ഡബിൾ ഗോൾഡ് മെഡലിസ്റ്റ്, കേരള സ്റ്റേറ്റ് ചെസ് ചാമ്പ്യൻഷിപ്പ് സബ് ജൂ നിയർ , ജൂ നിയർ വിഭാഗങ്ങളിൽ ചാമ്പ്യൻപട്ടം

കേരള യൂത്ത് ചെസ് അണ്ടർ 25 ചാമ്പ്യൻപട്ടം, ഡൽഹിയിൽ വച്ച് നടന്ന കോമൺവെൽത്ത് ചെസ്സിൽ അണ്ടർ ടെൻ വിഭാഗത്തിൽ ആറാം സ്ഥാനം, പതിമൂന്നാം വയസ്സിൽ റാപ്പിഡ്, ക്ലാസ്സിക് വിഭാഗത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ചാമ്പ്യൻ. ഈ റക്കോർഡ് ഇന്നും തിരുത്തപ്പെടാതെ നിൽക്കുന്നു. സ്ലോവാനിയയിലെ മാരിബറിൽ വച്ച് നടന്ന ലോക യൂത്ത് ചെസ്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു. കഴിഞ്ഞ ഡിസംബറിൽ ഊട്ടിയിൽ വച്ച് നടന്ന ഫൈഡ് റേറ്റിംഗ് ടൂർണ്ണമെന്റിൽ മൂന്നാം സ്ഥാനം നേടി. ഏട്ടനെക്കുറിച്ച് വാതോരാതെ അഭിനന്ദ് പറഞ്ഞുകൊണ്ടിരുന്നു.

കോഴിക്കോട് ജില്ലയിലെ കണ്ടമംഗലം ഇല്ലത്തെ മരുമകനാണു അഭിനന്ദ്. കുട്ടിക്കാലത്ത് തന്നെ ഉള്ളിലുണ്ടായിരുന്ന വാസനകളെ അച്ഛനും അമ്മയും തേച്ച് മിനുക്കിയപ്പോൾ ആണ് അഭിനന്ദ് എന്ന കലാകാരന്റെ ഉദയം. രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ കഥാകഥനത്തിലും മോണോ ആക്റ്റിലും മികവ് പുലർത്തിയ അഭിനന്ദ് കഴിഞ്ഞ രണ്ട് വർഷം മോണോ ആക്റ്റിൽ സംസ്ഥാന കലോത്സവ വിജയിയായിരുന്നു. കഴിഞ്ഞ വർഷം നാടകത്തിൽ ബെസ്റ്റ് ആക്ടറും അഭിനന്ദ് തന്നെയായിരുന്നു.

എന്നാൽ സംസ്ഥാന ചലചിത്ര പുരസ്കാരം ലഭിച്ച സ്വനത്തിലെ അന്ധ ബാലനെ അവതരിപ്പിക്കാൻ കുറച്ചൊന്ന് പണിപ്പെട്ടു അഭിനന്ദ്. കണ്ണൂരിൽ ധർമ്മശാലയിലെ അന്ധവിദ്യാലയത്തിൽ ചെന്ന് അവിടത്തെ കുട്ടികളുമായി ഇടപഴകി കൃത്യമായൊരു ഗൃഹപാഠം തന്നെ വേണ്ടി വന്നു മുന്നൊരുക്കത്തിന്. അത് കൊണ്ട് തന്നെ തന്മയീഭാവത്തോടെ തന്നെ അന്ധ ബാലനെ അവതരിപ്പിച്ചു. ആ ചിത്രത്തിനു തന്നെ സംസ്ഥാന അവാർഡ് കിട്ടിയതിൽ അത്കൊണ്ട് തന്നെ മാധുര്യമേറെയാണെന്ന് അഭിനന്ദ് പറയുന്നു.

പക്ഷെ ഇത്തരം ഓഫ് ബീറ്റ് ചിത്രങ്ങൾക്ക് കേരളത്തിൽ പ്രേക്ഷകശ്രദ്ധ കിട്ടാതെ പോകുന്നതിൽ തെല്ലൊന്നുമല്ല അഭിനന്ദിന്റെ സങ്കടം. വലിയൊരു സന്ദേശം ഉൾക്കൊള്ളുന്ന സ്വനം അധികം വൈകാതെ തിയേറ്ററുകളിൽ എത്തും എന്നും അവൻ പ്രതീക്ഷിക്കുന്നു. എന്നാൽ കവി ഉദ്ദേശിച്ചത്, കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ, ഉദാഹരണം സുജാത, ആന അലറലോടലറൽ, തുടങ്ങിയ വാണിജ്യ സിനിമകളിലും ശ്രദ്ധേയ വേഷങ്ങൾ കൈകാര്യം ചെയ്ത് കഴിഞ്ഞു അഭിനന്ദ്.

സിനിമാ ലോകത്തെത്തിയ അപൂർവ്വം നമ്പൂതിരിമാരിൽ ഒരാളായ അഭിനന്ദിന് പത്ത് സിനിമകൾ പിന്നിട്ടിട്ടും ഒരു കാര്യത്തിൽ മാത്രം ഇപ്പോഴും നമ്പൂരിശങ്ക ഒഴിഞ്ഞിട്ടില്ല. ഭക്ഷണ കാര്യത്തിലാണത്. ഈ നമ്പൂതിരികുട്ടിക്ക് മാത്രമായാണ് പല സെറ്റുകളിലും വെജിറ്റേറിയൻ ഭക്ഷണം എത്തിക്കാറുള്ളത്.


മറ്റുള്ളവരുടെ ഭക്ഷണപ്പൊതികൾക്കിടയിൽ തനിക്കായിക്കൊണ്ടുവന്ന ഭക്ഷണപ്പൊതി മാറുമോന്ന് മാത്രമാണ് ആ 'ശങ്ക'. ഒരു പക്ഷേ, ഒരു നമ്പൂതിരിക്ക് മാത്രം തോന്നുന്ന ഒരു ശങ്ക. ഇത്തരം ശങ്കകൾക്കിടയിലൂടെയുള്ള ജീവിതമാണല്ലോ നവകാലത്തെ നമ്പൂതിരിയുടേത്. അതിനിടയിലും വിജയതീരത്തേക്ക് തേരുതെളിക്കുന്ന അഭിനന്ദിന്റെ കരുത്തും അത് തന്നെ.ഇനിയും ഉയരങ്ങളിലേക്കെത്തട്ടെയെന്ന് ആശംസിച്ച് ഏക്കോട്ടില്ലത്ത് നിന്ന് പടിയിറങ്ങുമ്പോൾ വെളുത്ത മുണ്ടുടുത്ത്, ഷർട്ടിടാതെ, തനി നമ്പൂതിരിയായി തന്നെ ആ സിനിമാക്കാരൻ യാത്രയാക്കി. നമ്പൂരിത്തം എന്നാൽ ലാളിത്യമാണ് എന്ന് ഒരിക്കൽ കൂടി ഉറപ്പിക്കുന്നുണ്ട് അഭിനന്ദിന്റെ പെരുമാറ്റം. ●




*മുത്തശ്ശനും മുത്തശ്ശിക്കും ഏട്ടനും അച്ഛനമ്മമാർക്കുമൊപ്പം അഭിനന്ദ്*

**പുടയൂർ ജയനാരായണൻ**
**മൊബൈൽ 9544075519**


പെൺകുട്ടി ആയതു കൊണ്ട് ഇല്ലത്ത് വിവേചനം ഉണ്ടായിരുന്നുവോ





അറേഞ്ച്ഡ് വിവാഹം ആണെങ്കിൽ സ്വന്തം അഭിപ്രായം പരിഗണിച്ചിരുന്നോ





വിവാഹശേഷം ഭർത്താവുമൊത്തു വേറെ താമസിക്കാൻ ഇഷ്ടപ്പെടുന്നുണ്ടോ




അയിത്തം , പുല, വാലായ്മ, തീണ്ടാരി തുടങ്ങിയവ ആചരിക്കേണ്ടതുണ്ടോ?




# അന്തർജ്ജനങ്ങളും പെൺകിടാങ്ങളും എങ്ങനെ ചിന്തിക്കുന്നു




## ടീം സ്വസ്തി നടത്തിയ അഭിപ്രായ സർവ്വേ

കഴിഞ്ഞ ഒരു വർഷമായി സ്വസ്തി പുറത്തിറക്കിയത് യോഗ ക്ഷേമസഭയുടെ മറ്റ് പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്തമായ ചില ഉള്ളടക്കങ്ങളുമായാണ്. സമുദായത്തിലെ പ്രധാനപ്രശ്നങ്ങൾ സജീവചർച്ചയ്ക്ക് വിഷയമാക്കിയപ്പോൾ നല്ല പ്രതികരണമാണ് വായനക്കാരിൽ നിന്ന് ലഭിച്ചത്.


ശാന്തിക്കാരായ നമ്പൂതിരിമാർക്ക് വേളി തരാവാത്ത കാര്യമല്ല മറിച്ച് ശാന്തിക്കാർക്കും വേളി തരാവുന്ന കാര്യമാണ് ഒരു ലക്കത്തിൽ ചർച്ച ചെയ്തത്. അബ്രാഹ്മണശാന്തി പ്രശ്നം സമഗ്രമായിത്തന്നെ വിവിധ ചിന്താഗതിക്കാരായ നേതാക്കളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു.

**ചോദ്യങ്ങളുടെ പ്രിൻറ് ഔട്ട് എടുത്ത് വ്യക്തികളെ മുഖാമുഖം കണ്ടല്ല ഉത്തരങ്ങൾ ശേഖരിച്ചത്. അങ്ങനെ ചെയ്യുമ്പോൾ പലപ്പോഴും ശരിയായ ഉത്തരം പറയാൻ മടിക്കുന്നവരുണ്ടാവും. എന്നാൽ തിരഞ്ഞെടുത്ത പെൺകുട്ടികൾക്ക് വാട്ട്സ് അപ് വഴി ചോദ്യാവലിയുടെ ലിങ്ക് അയക്കുകയാണ് ചെയ്തത്**


ഏറ്റവുമൊടുവിൽ ഇത്തവണ വേറിട്ടൊരു അഭിപ്രായ സർവേയുമായാണ് സ്വസ്തി പുറത്തിറങ്ങുന്നത്. അന്തർജ്ജനങ്ങളും പെൺകിടാങ്ങളും എങ്ങനെ ചിന്തിക്കുന്നു. അവരുടെ നിലപാടുകൾഎന്ത്? കാഴ്ചപ്പാടുകൾ എന്ത്? അഭിപ്രായങ്ങൾ എന്ത്?വിവിധ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരങ്ങളിലൂടെ അതറിയാൻ ശ്രമിക്കുകയാണ് ടീം സ്വസ്തി ചെയ്യുന്നത്.

റാൻഡം സർവേ,സാമ്പിൾ സർവേ

## ആചാരം, ഭക്ഷണം, ക്ഷേത്രം, വിശ്വാസം




## ഇല്ലത്തെ തേവാരം, നേദ്യം





തുടങ്ങി പല തരം സർവേകളുണ്ട്. അതു തന്നെ വ്യക്തികളെ നേരിൽ കണ്ട് അഭിപ്രായരൂപീകരണം നടത്തി ചെയ്യുന്നവയുണ്ട്. എന്നാൽ ഇവിടെ ആധുനിക സാങ്കേതിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിയാണ് അഭിപ്രായ സർവേ നടത്തിയത്. ഓൺലൈൻ സർവേ. മാത്രമല്ല കുസാറ്റിൽ എം.എസ്. സി .സ്റ്റാറ്റിസ്ക്സിന് പഠിക്കുന്ന നമ്മുടെ തന്നെ സമുദായാംഗമായ ശരണ്യ ഈ സർവേയ്ക്ക് ശാസ്ത്രീയമായ സഹായവും പിന്തുണയും നൽകി. സർവേ നടത്താനും ഫലം പ്രോസസ് ചെയ്യാനും. പഠനാവശ്യത്തിന് സോഷ്യൽ സർവേയിൽ പ്രോജക്ട് ചെയ്ത് പരിചയമുള്ള ആ കുട്ടിയുടെ അനുഭവസമ്പത്തും പ്രയോജനപ്പെട്ടു.


ചോദ്യങ്ങളുടെ പ്രിൻറ് ഔട്ട് എടുത്ത് വ്യക്തികളെ മുഖാമുഖം കണ്ടല്ല ഉത്തരങ്ങൾ ശേഖരിച്ചത്. അങ്ങനെ ചെയ്യുമ്പോൾ പലപ്പോഴും ശരിയായ ഉത്തരം പറയാൻ മടിക്കുന്നവരുണ്ടാവും. അതിനു പകരം, തിരഞ്ഞെടുത്ത പെൺകുട്ടികൾക്ക് വാട്ട്സ് അപ്പ് വഴി ചോദ്യാവലിയുടെ ലിങ്ക് അയക്കുകയാണ് ചെയ്തത്. ഉത്തരം പൂരിപ്പിക്കുന്ന ആളെ സർവേ നടത്തുന്നവർക്ക് അറിയാൻ കഴിയില്ല. അയാളുടെ ഉത്തരം പരിശോധിക്കാനും കഴിയില്ല. ഒരു നിശ്ചിത ചോദ്യത്തിന് ആര് എന്ത് ഉത്തരം നൽകി എന്ന് മനസ്സിലാക്കാൻ പറ്റില്ലെന്നർത്ഥം. ഉത്തരങ്ങളുടെ ഔട്ട് പുട്ട് മാത്രമാണ് ആകെ ലഭിക്കുക.

ഇത് കാരണം മടി കൂടാതെ അഭിപ്രായം തുറന്നു പ്രകടിപ്പിക്കാൻ പറ്റി. മാത്രമല്ല ആ ലിങ്ക് മറ്റുള്ളവർക്ക് അയച്ചു കൊടുക്കാനും സർവേയിൽ കൂടുതൽ പേരെ പങ്കാളികളാക്കാനും കഴിഞ്ഞു. പലരും ഒരാശങ്ക പ്രകടിപ്പിച്ചു. പുരുഷന്മാർ ഈ ലിങ്ക് ഉപയോഗിച്ച് സർവേ ഫോറം പൂരിപ്പി ▶

## ജാതകം, പിതൃകർമ്മം, നമ്പൂതിരിത്തം




## ജാതീയ ചടങ്ങളുകൾ, ആചാര്യ മര്യാദകൾ



ച്ചാലോ? ഇതര സമുദായക്കാർക്ക് ലിങ്ക് ലഭിക്കുകയാണെങ്കിൽ അവരും പൂരിപ്പിക്കില്ലേ? അപ്പോൾ സർവേ ഫലം ശരിയാവില്ലല്ലോ. മാത്രമല്ല, ഒരാൾ തന്നെ ഒന്നിലധികം തവണ ലിങ്കിൽ കയറി ഫോം പൂരിപ്പിച്ചാൽ അയാൾക്ക് അനുകൂലമായ ഫലം ഉണ്ടാക്കിക്കൂടേ?

ഇങ്ങനെ പല തരം സംശയങ്ങൾ ചോദിച്ചവരുണ്ട്.

ചില കാര്യങ്ങൾ വിശദമാക്കാം.

ഒന്നിലധികം തവണ ഒരാൾക്ക് പൂരിപ്പിക്കാൻ കഴിയാത്ത വിധം ലോക്ക് ചെയ്തതാണ് സർവേ ലിങ്ക്. മാത്രമല്ല, നൂറോളം വരുന്ന പെൺകുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ ചോദ്യങ്ങളുടെ ലിങ്ക് അയച്ചത്. അവർ പൂരിപ്പിച്ചപ്പോഴുള്ള സ്ഥിതി വിവരങ്ങളുടെ ശതമാനം രേഖപ്പെടുത്തി വച്ചിരുന്നു. 200കഴിഞ്ഞപ്പോഴും 300 കഴിഞ്ഞപ്പോഴും ശതമാനക്കണക്കുകൾ വീണ്ടും പരിശോധനക്ക് വിധേയമാക്കി. ഒരു നിശ്ചിത ചോദ്യത്തിന് ഉവ്വ് എന്ന് ഉത്തരം പറഞ്ഞവരുടെ ശതമാനം വലിയ മാറ്റമില്ലാതെ തുടർന്നു.

400 കഴിഞ്ഞപ്പോഴും അതിൽ വലിയ മാറ്റമില്ല. പിന്നീട് 500 നു മുകളിൽ പേർ ചോദ്യാവലി പൂരിപ്പിച്ചപ്പോഴും അങ്ങനെത്തന്നെ. ഒരു ഘട്ടത്തിൽ ലിങ്ക് പലർക്കും കിട്ടിയിരിക്കാം. എന്നാൽ പുരുഷന്മാർ നുഴഞ്ഞു കയറി ഫലം മാറ്റി മറിക്കാനായി വോട്ട് ചെയ്തിരുന്നുവെങ്കിൽ ഏതെങ്കിലും ഘട്ടത്തിൽ വച്ച് ഫലം അടിമുടി മാറിയേനെ. മൊത്തം 652 പേരാണ് ചോദ്യാവലി പൂരിപ്പിച്ചത്.

ഒരാളെപ്പോലും നേരിൽ കാണാതെയാണ് സർവേ നടത്തിയതെന്നതും ഫലം കൂടുതൽ സുതാര്യമാക്കിയെന്നു വേണം അനുമാനിക്കാൻ. നോൺ വെജ് കഴിക്കാറുണ്ടോ എന്ന ചോദ്യം നേരിൽ ചോദിച്ചാൽ ഉവ്വ് എന്ന് ഉത്തരം പറയാൻ ചിലർക്കെങ്കിലും മടി കാണും. അതുപോലെത്തന്നെ ഇതരസമുദായക്കാരനെ വിവാഹം ചെയ്യാൻ തയ്യാറാണോ എന്ന് ചോദിച്ചാലും. എന്നാൽ ആരെന്ന് പോലും തിരിച്ചറിയാൻ പറ്റാത്ത വിധം തിരസ്കരണിയിൽ മറഞ്ഞിരുന്ന് കൊണ്ട് ഉത്തരം പറയാൻ പറ്റിയെന്നതാണ് ഈ ഓൺലൈൻ സർവേയുടെ ഗുണം. അതുകൊണ്ട് തന്നെ ഉത്തരങ്ങൾ കൂടുതൽ സുതാര്യമായി.

പ്രൊഫഷണൽ സർവേ ഏജൻസികളുടെ തിരഞ്ഞെടുപ്പ് സർവേ പോലും പൊളിയാറുണ്ട്. ശാസ്ത്രീയമായി നടത്തിയ സർവേ




*സ്വസ്തി സർവ്വേയെക്കുറിച്ച് വാട്സ്ആപ്പിലും ഫേസ്ബുക്കിലും മറ്റും പ്രചരിച്ച ചില കമന്റുകൾ*

**ഒന്നിലധികം തവണ ഒരാൾക്ക് പൂരിപ്പിക്കാൻ കഴിയാത്ത വിധം ലോക്ക് ചെയ്തതാണ് സർവേ ലിങ്ക്. രണ്ട്. നൂറോളം വരുന്ന പെൺകുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ ചോദ്യങ്ങളുടെ ലിങ്ക് അയച്ചത്. അവർ പൂരിപ്പിച്ചപ്പോഴുള്ള സ്ഥിതി വിവരങ്ങളുടെ ശതമാനം നോട്ടു ചെയ്ത് വച്ചിരുന്നു. 200കഴിഞ്ഞപ്പോഴും 300 കഴിഞ്ഞപ്പോഴും ശതമാനക്കണക്കുകൾ വീണ്ടും പരിശോധനക്ക് വിധേയമാക്കി. ഒരു നിശ്ചിത ചോദ്യത്തിന് ഉവ്വ് എന്ന് ഉത്തരം പറഞ്ഞവരുടെ ശതമാനം വലിയ മാറ്റമില്ലാതെ തുടർന്നു.**

പോലും ഫലത്തിന്റെ കാര്യത്തിൽ പ്ളസ് ഓർ മൈനസ് 5 പെർസെന്റ് എന്ന് പറയാറുണ്ട്. ഇവിടെയും പ്ളസ് ഓർ മൈനസ് 5 പെർസെന്റ് എന്ന കണക്കിൽ കണ്ടാൽ മതി. നൂറു ശതമാനം കൃത്യതയൊന്നും അവകാശപ്പെടാൻ ഇത്തരം സർവേകൾക്ക് കഴിയില്ല. ഒറ്റക്കാര്യം ഓർത്താൽ മതി.ഇതൊരു പ്രവണത സൂചിപ്പിക്കുന്നുണ്ട്. അതിൽ കുറെയൊക്കെ ശരിയുണ്ട്.

ആയിരം ചോദ്യം ചോദിച്ചിട്ടും 20 കൊല്ലം പോറ്റി വളർത്തിയ മകളുടെ മനസ്സ് കണ്ടെത്താനാവാത്ത അമ്മമാരാണല്ലൊ നമുക്ക് മുന്നിലുള്ളത്. ഒരു സു(കു)പ്രഭാതത്തിൽ അവൾ ഇറങ്ങിപ്പോവുന്നതു വരെ അവളുടെ മനസ്സ് കണ്ടെത്താൻ കഴിയാത്തവരാണ് നമ്മൾ. അത്തരക്കാർക്ക് ചില സൂചന നൽകാൻ ഈ സർവേഫലം ഉപകരിക്കുമെന്നു തന്നെയാണ് ടീം സ്വസ്തി വിശ്വസിക്കുന്നത്. ഫലം കൃത്യമാണോ എന്ന് ഭൂതക്കണ്ണാടി വച്ച് പരിശോധിക്കുന്നതിനേക്കാൾ പ്രയോജനം ചെയ്യുക ഫലസൂചനയിൽ നിന്ന് പാഠമുൾക്കൊള്ളുന്നതാവും. അത്രയേ പറയാനുള്ളൂ വിമർശകരോട്.

സർവേയുടെ ലിങ്ക് സോഷ്യൽ മീഡിയയിൽ പ്രചരിച്ചപ്പോൾ പല തരം പ്രതികരണരങ്ങളും കണ്ടു. ആ പശ്ചാത്തലത്തിലാണ് ഇത്രയും പറഞ്ഞത്. വിവിധ പ്രായക്കാരായ (അതിൽ പെൺകുട്ടികളും ഉൾപ്പെടും) പലരും ചേർന്ന് തയ്യാറാക്കിയ നിവരധി ചോദ്യങ്ങളുടെ പൂളിൽ നിന്ന് തിരഞ്ഞെടുത്താണ് സർവേ ലിങ്ക് ഉണ്ടാക്കിയത്. അതിനാൽ ഒരു വ്യക്തിയോ നിശ്ചിത വയസ്സുള്ള ഒരു ഗ്രൂപ്പോ മാത്രമടങ്ങുന്ന ടീമല്ല ചോദ്യത്തിനു പിന്നിൽ.

ഏതു കുളത്തിലാണ് കുളിക്കാറ് എന്ന ചോദ്യം കണ്ടില്ല എന്ന് ചോദ്യാവലിയെ പരിഹ ►

**അയിത്തം, പുല, വാലായ്മ തീണ്ടാരി തുടങ്ങിയവ ആചരിക്കേണ്ടതുണ്ടോ? ഈ ചോദ്യത്തിന് 44 ശതമാനം പേരും ആചരിക്കേണ്ടതില്ല എന്നു പറയുന്നു. അവരുടെ ഇല്ലത്ത് തേവാരമില്ല. അവർക്ക് നേദിക്കാനറിയില്ല.**

സിച്ചവരുണ്ട്. കുളമുണ്ടായിട്ടും മുങ്ങിക്കുളിക്കാൻ അറിയാത്ത, കുളത്തിലിറങ്ങാൻ പേടിയുള്ള, നീന്താൻ അറിയാത്ത പെൺകുട്ടികൾ ഉണ്ടെന്ന് മാത്രമാണ് ടീം സ്വസ്തിക്ക് പറയാനുള്ളത്. ഒറ്റക്കാര്യം കൂടി. ഈ ചോദ്യാവലിയിലെ ചോദ്യങ്ങൾ സ്വന്തം ഇല്ലത്തെ കുട്ടികളോട് തുറന്നു ചോദിക്കാനും അവരിൽ നിന്ന് അതിന് അപ്രിയ സത്യം മറുപടിയായി കേൾക്കാനും എത്രപേർ തയ്യാറാണ്.

ചില ചോദ്യങ്ങൾക്കുള്ള പ്രതികരണം നന്നായി വിശകലനം ചെയ്യേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനം വിവാഹത്തിലെ പുതിയ നിലപാടാണ്.

ഇതരസമുദായക്കാരനെ വിവാഹം ചെയ്യുന്നത് മോശമാണെന്ന് തോന്നുന്നുണ്ടോ? ഇതാണ് ചോദ്യം. 42.9 ശതമാനം പേർക്കും അത് മോശമാണെന്ന് തോന്നുന്നില്ല. അതിശയമെന്നു തോന്നാം. അത്ര തന്നെ പേർ അത് മോശമെന്നും കരുതുന്നു. മറ്റൊരു ചോദ്യത്തിനും ഉത്തരം ഇങ്ങനെ ഫിഫ്റ്റി ഫിഫ്റ്റി ആയിട്ടില്ല.

ഇതൊരു വലിയ ശതമാനമാണ്. വാദത്തിനു വേണ്ടി സർവേ പിഴച്ചുവെന്നോ ഇതര സമുദായക്കാർ സർവേയിൽ നുഴഞ്ഞു കയറി എന്നു പറയുകയോ കരുതുകയോ ചെയ്യാം. എന്നാൽ അതിനേക്കാൾ നല്ലത് ഇതൊരു വസ്തുതയാണ് എന്ന് അംഗീകരിക്കുന്നതാണ്. വസ്തുതക്ക് നേരെ മുഖം തിരിച്ചു നിന്നതു കൊണ്ടോ അതിനെ എതിർത്തതുകൊണ്ടോ കാര്യമില്ല.

ഒന്നോ രണ്ടോ ശതമാനമല്ല 42.9 ശതമാനം പേരും ഇങ്ങനെ ചിന്തിക്കുന്നത് എന്തുകൊണ്ട് എന്ന കാര്യത്തിലേക്കാണ് അ



? 94% 2:41 PM

Subhad Sharma

ഈ സർവ്വേയിലെ ചോദ്യങ്ങളെക്കുറിച്ച് പലയിടത്തും പരാമർശം കണ്ടു. എന്റെയും അഭിപ്രായം പറഞ്ഞേക്കാം.
* സർവ്വേ നടത്തുന്നത് ഒരു അഭിപ്രായം(input) അറിയാൻ വേണ്ടി മാത്രമാണ്. അതിലെ ചോദ്യങ്ങൾക്ക് നമ്മൾ(¿) അങ്ങനെ ആവണം എന്ന സൂചനയൊന്നും എടുക്കേണ്ടതില്ല.
* പ്രസ്തുത സർവേയുടെ വിഷയം തന്നെ കുട്ടികൾ എത്രത്തോളം മാറി ചിന്തിക്കുന്നു എന്നതാണ്. അതിനാൽ അതിൽ യാഥാസ്ഥിക ചിന്തകളിൽ ഊന്നിയ ചോദ്യങ്ങൾ തീർച്ചയായും പ്രതീക്ഷിക്കാം.
* ചില ചോദ്യങ്ങളോടൊപ്പ ം ചെറിയ help text ആയാൽ നന്നായിരുന്നു.
*ഈ untitled text എന്നിവടങ്ങളിലൊക്കെ എന്തെങ്കിലും ചേർക്കാമായിരുന്നു.
* പലയിടത്തും ചോദ്യവും നൽകിയ ഓപ്ഷനുകളും ശരിയായ വിവര ശേഖരണത്തിന് അപര്യാപ്തമായി തോന്നി. സർവ്വേ audienceന് വിശദീകരണങ്ങൾ നൽകാനുള്ള ഉപാധികൂടെ വേണ്ടിയിരുന്നു.
* സർവ്വേ സമർപ്പിക്കുന്ന ആളുടെ അഭിപ്രായം നൽകാൻ സർവേയുടെ അവസാനത്തിലും ഒരു സംവിധാനം വേണ്ടിയിരുന്നു.

എന്തായാലും കൂടുതൽ കൂടുതൽ ഇത്തരം സർവേകൾ സമുദായത്തിന്റെ ഉള്ളിൽ നടക്കട്ടെ, അത് സമുദായത്തിന്റെ ഏറെ കുറെ വ്യക്തമായ ചിത്രം നൽകും. തുടർന്ന് അനുസൃതമായ കർമ്മ പദ്ധതികളും വരട്ടെ. നല്ലൊരു തുടക്കമായി കണാം. 1

**ഇതരസമുദായക്കാരനെ വിവാഹം ചെയ്യുന്നത് മോശമാണെന്ന് തോന്നുന്നുണ്ടോ? ഇതാണ് ചോദ്യം. 42.9 ശതമാനം പേർക്കും അത് മോശമാണെന്ന് തോന്നുന്നില്ല. അതിശയമെന്നു തോന്നാം. അത്ര തന്നെ പേർ അത് മോശമെന്നും കരുതുന്നു. മറ്റൊരു ചോദ്യത്തിനും ഉത്തരം ഇങ്ങനെ ഫിഫ്റ്റി ഫിഫ്റ്റി ആയിട്ടില്ല.**

**ഇതൊരു വലിയ ശതമാനമാണ്. വാദത്തിനു വേണ്ടി സർവേ പിഴച്ചുവെന്നോ ഇതര സമുദായക്കാർ സർവേയിൽ നുഴഞ്ഞു കയറി എന്നു പറയുകയോ കരുതുകയോ ചെയ്യാം. എന്നാൽ അതിനേക്കാൾ നല്ലത് ഇതൊരു വസ്തുതയാണ് എന്ന് അംഗീകരിക്കുന്നതാണ്.**

ന്വേഷണം വേണ്ടത്. ഇതേ സർവേയിൽ തന്നെ ചോദിച്ച വേറെ ചില ചോദ്യങ്ങൾക്കുള്ള ഉത്തരം പരിശോധിച്ചാൽ ചില കാര്യങ്ങൾ ബോദ്ധ്യമാവും. ചില സാമൂഹ്യപശ്ചാത്തലം ▶



**കൃഷ്ണ തായട**

അച്ഛൻ: ടി.കെ കൃഷ്ണനുണ്ണി (പഞ്ചാബ് നാഷണൽ ബാങ്ക്)

അമ്മ: ലത നമ്പൂതിരി

വിദ്യാഭ്യാസം: പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ സോഷ്യോളജി

❐ *വിപ്ലവം ആവശ്യമോ?*

തീർച്ചയായും. കമ്മ്യൂണിസ്റ്റായിട്ടല്ല. നമ്പൂതിരിക്ക് എല്ലാ ജാതി മതസ്ഥരേയും ഒരു പോലെ കാണാൻ പറ്റണം. ബഹുമാനിക്കാൻ പഠിക്കണം. ആ ചിന്തയിലേക്ക് നമ്പൂതിരി ഇനിയും ഉയരേണ്ടതുണ്ട്. അതാണ് വിപ്ലവം.

❐ *നമ്പൂതിരിയായതിൽ?*

അഭിമാനമുണ്ട്. പക്ഷേ എഫ്.ബിയിൽ കൃഷ്ണനമ്പൂതിരി എന്ന് വച്ചപ്പോൾ ജാതിഭ്രാന്തിയായി കണ്ടു പലരും. നമ്പൂതിരിയോട് ഇന്നും പഴയ കാഴ്ചപ്പാടാണ് പലർക്കും.

❐ *അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ?*

ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കപ്പെടണം. തീണ്ടാരിയാകുമ്പോൾ മാറി നിൽക്കുന്നത് പ്രാകൃതം. മാറി നിൽക്കാം പക്ഷേ മാറ്റി നിർത്തരുത്. ജാതകം പേഴ്സൺ ചോയ്സ് മാത്രം.

❐ *വിവാഹം?*

ആർഭാടം ഒഴിവാക്കണം. ആഭരണ ആക്രാന്തവും. അടുത്ത് വിവാഹിതയാകാൻ പോവുകയാണ് ഞാൻ. ഒരു മാല മാത്രമണിഞ്ഞ് മണ്ഡപത്തിലെത്താനാണ് തീരുമാനം.

❐ *ലക്ഷ്യം?*

അദ്ധ്യാപികയാവണം. സമൂഹത്തിന് നൻമ ചെയ്യാനാകണം. ചെയ്യുന്ന ജോലിയിൽ സെൽഫ് സാറ്റിസ്ഫാക്ഷൻ വേണം. മിംമ്സ് ഹോസ്പിറ്റലിൽ അക്കാദമിക് കോ ഓർഡിനേറ്റർ ആയി ജോലി ചെയ്തിരുന്നു. മാനസിക തൃപ്തി ഇല്ലാ എന്ന് തോന്നിയ നിമിഷം രാജി വച്ചു.

വ്യക്തമാക്കുന്നുണ്ട് അവ.

അയിത്തം,പുല ,വാലായ്മ തീണ്ടാരി തുടങ്ങിയവ ആചരിക്കേണ്ടതുണ്ടോ? ഈ ചോദ്യത്തിന് 44 ശതമാനം പേരും ആചരിക്കേണ്ടതില്ല എന്നു പറയുന്നു. അവരുടെ ഇല്ലത്ത് (വീടുകളിൽ എന്ന് വിശേഷിപ്പിക്കുന്നതാവും കൂടുതൽ നല്ലത്) തേവാരമില്ല. അവർക്ക് നേദിക്കാനറിയില്ല. ജാതീയമായ ഒരു ചടങ്ങും അവരുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.സുഹൃത്തുക്കൾ കൂടുതലും ഇതര സമുദായത്തിലാണ്. നോൺ വെജ് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാൻ ഒരു അസ്വിതയുമില്ല. ഷോഡശക്രിയകൾഎന്നാൽ അങ്ങാടി മരുന്നോ പച്ചമരുന്നോ എന്ന് അവർക്കറിയില്ല. ഇങ്ങനെയുള്ളവർക്ക് നമ്പൂതിരിയും അല്ലാത്ത ഒരാളും തമ്മിൽ വല്ല വ്യത്യാസവും തോന്നിയാലാണ് അദ്ഭുതം. അതിന്റെ സ്വാഭാവികമായ പരിണാമമാണ് ഇതരസമുദായക്കാരനെ വേൾക്കാനുള്ള സന്നദ്ധത. ▶

## പോസ്റ്റ് ഗ്രാജുവേറ്റ് മേൽശാന്തി

മീര




**ഇല്ലപ്പേര്: പാടേരി ഇല്ലം**
**അച്ഛൻ :സുനിൽ നമ്പൂതിരിപ്പാട്**
**അമ്മ :രജനി**
**വേളികഴിച്ച ആളുടെ പേര് : പ്രവീൺ**
**വിദ്യാഭ്യാസം: എം.ബി.എ**
**ജോലി : അസിസ്റ്റന്റ് പ്രൊഫസർ**

**ജാതകം**

വിശ്വാസം ഉള്ളവർ ജാതകം നോക്കട്ടെ. ഇല്ലാത്തവർ അതിനെ എതിർക്കേണ്ട കാര്യമില്ല. പിതൃകർമങ്ങൾ നിർബന്ധമായും ചെയ്യേണ്ടത് തന്നെ ആണ്. കണ്ടും അറിഞ്ഞും ശീലിച്ചതു അതാണ്.

**വിവാഹം**

ഓരോരുത്തരുടെ വ്യക്തിപരമായ താല്പര്യം ആണ്. എന്നാലും വ്യത്യസ്ത സമുദായത്തിൽ വളർന്നു വന്നവർക്ക് ജീവിതരീതി ഭക്ഷണരീതി, സംസ്കാരം തുടങ്ങി എല്ലാം വ്യത്യസ്തമായിരിക്കും പിന്നീട് പ്രാക്ടിക്കൽ ലൈഫിലേക്കു വരുമ്പോൾ അഡ്ജസ്റ്റ് ചെയ്യാൻ ബുദ്ധിമുട്ടായിരിക്കും.

**കൂട്ടുകുടുംബം**

ഷെയർ ചെയ്യാനും അഡ്ജസ്റ്റ് ചെയ്യാനും നമ്മൾ പഠിക്കും.ഇല്ലങ്ങളെ സംബന്ധിച്ച് നോക്കുമ്പോൾ തേവാരവും മറ്റും നടത്തികൊണ്ട് പോവാൻ കൂട്ടുകുടുംബം ആവും സൗകര്യം. ഉത്തരവാദിത്തം ഷെയർ ചെയ്യാം.

**ആചാരങ്ങൾ**

പുല, വാലായ്മ, തീണ്ടാരി പോലുള്ളവ ചിട്ടയോടെ പാലിച്ചു വരുന്ന ഒരു ഇല്ലത്തു ജനിച്ചു വളർന്നതിനാൽ അതെല്ലാം വേണം എന്നാണ് അഭിപ്രായം. പിന്നെ മെൻസസ് സമയം മാറി നിൽക്കുന്നതിന്റെ ആവശ്യകത എല്ലാം ഇപ്പോൾ ശാസ്ത്രീയമായും പ്രൂവ് ചെയ്തതാണ്.

**ജോലിയോടൊപ്പം പൂജ**

പൂജയും സന്ധ്യാവന്ദനവും ഒക്കെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. ന്യൂ ജെൻ നമ്പൂരീസിന്റെ ഇടയിലുള്ള ഒരു ധാരണ ആണ് ഹൈലി എഡ്യുക്കേറ്റഡ് ആയ ഞാൻ ന്തിനാ ഇതൊക്കെ ചെയ്യുന്നത് എന്ന്? പഠിപ്പും ജോലിയും ഇല്ലാത്തവർക്ക് പറഞ്ഞതാണ് ശാന്തിയും പരികർമവും ഒക്കെ എന്നാണ്ചിലരുടെ ധാരണ. ആ ചിന്താഗതി മാറണം. എന്റെ പങ്കാളി, അദ്ദേഹം ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ആണ്.

തിരുമാന്ധാംകുന്നു ഭഗവതി ക്ഷേത്രത്തിൽ മേൽശാന്തി ആയി ജോലി ചെയ്യുന്നു . എനിക്കതിൽ എന്നും അഭിമാനം മാത്രമാണ് തോന്നിയിട്ടുള്ളത്. ഞാനൊരു തന്ത്രി കുടുംബത്തിൽ ജനിച്ച കുട്ട്യാണ്, വ്യത്യസ്ത മേഖലകളിൽ വിദ്യാഭ്യാസം ചെയ്യുന്ന എന്റെ സഹോദരന്മാർ താന്ത്രിക ക്രിയകളും പഠിക്കുന്നതിൽ സന്തോഷിക്കുന്നു.

**മാംസാഹാരം**

നമ്പൂതിരിമാർ എന്നല്ല ആരും മാംസം കഴിക്കുന്നതിന്നോട് യോജിപ്പില്ല

**വിദ്യാഭ്യാസം**

ആൺകുട്ടികൾക്ക് വേളി ശരിയാവാൻ ബുദ്ധിമുട്ട് വരുന്നത് എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഇല്ലാത്തതു കൊണ്ടാണ്. ആൺകുട്ടികളിൽ വിദ്യാഭ്യാസകുറവും പെൺകുട്ടികൾ ഹൈലി ക്വാളിഫൈഡും ആവുമ്പോൾ ഉള്ള ബുദ്ധിമുട്ട് ഉണ്ടാവും.

**അഭിമാനം**

നമ്പൂതിരി പെൺകുട്ടി ആയതിൽ അഭിമാനം മാത്രമേ തോന്നിയിട്ടുള്ളൂ. എന്തൊക്കെ ആയാലും ആളുകൾക്ക് ഒരു റെസ്പെക്ട് ഉണ്ട്. എന്റെ ഇല്ലപ്പേരും അച്ഛന്റെ പേരും പറയുമ്പോൾ കിട്ടുന്ന ആ ഒരു പ്രിവിലേജ് കുറെയേറെ ആസ്വദിക്കുന്ന വ്യക്തി ആണ് ഞാൻ.

**മാതാപിതാക്കൾ**

പൂർണ സ്വാതന്ത്ര്യം കൊടുത്തും ഒപ്പം നമ്മുടെ സംസ്കാരം പഠിപ്പിച്ചും മാതാപിതാക്കൾവളർത്തണം. പെൺകുട്ടികളെയും ആൺകുട്ടികളെയും ഒരുപോലെ കാണണം. എന്നെ സംബന്ധിച്ചു ഇല്ലത്തെ ആൺകുട്ടികൾ വളർന്നത് പോലെ തന്നെ ആണ് ഞാനും.

**നമ്പൂതിരിയും അല്ലാത്ത ആളും തമ്മിൽ വ്യത്യാസം ഇല്ലാത്ത രീതിയിലാണ് അവരുടെ വളർച്ച. നമ്പൂതിരിയെത്തന്നെ വിവാഹം കഴിക്കണം എന്ന തോന്നലില്ലാതെ 42.9 ശതമാനം പേർ ഉണ്ടായെങ്കിൽ അതിന് ഉത്തരവാദികൾ അവരല്ല അവരെ വളർത്തിയ രക്ഷിതാക്കളാണെന്ന് ഉറപ്പിച്ചു പറയാം.**

ചില ചോദ്യങ്ങൾക്കുള്ള ഉത്തരം പരിശോധിക്കാം. ഷോഡശ ക്രിയകൾ തുടരണമെന്ന അഭിപ്രായം ഇല്ലാത്തവരാണ് 41 ശതമാനം പേരും. അതേപ്പറ്റിയൊന്നും ഒരുധാരണയുമില്ലാത്തവർ. ഋതുമതിയാവുമ്പോൾ നടത്തുന്ന ചടങ്ങുകൾ ഒന്നും ഇല്ലാതെ വളർന്നവരാണ് 56 ശതമാനം പേരും. സാധാരണ നിലയിൽ ഒരു പെൺകുട്ടിക്ക് നടത്തുന്ന ജാതീയമായ ഏറ്റവും പ്രധാന ചടങ്ങാണ് അത്. 56 ശതമാനം പേർ അതൊന്നുമില്ലാതെ വളർന്നു.ഒരു ബയോളജിക്കൽ ഏർപ്പാട് മാത്രമായി അതിനെ കാണുന്നു. ലോകത്തെ ഒട്ടുമിക്ക ഗോത്ര സമൂഹങ്ങളും ആ ബയോളജിയെ സോഷ്യോളജിയുമായി ബന്ധപ്പെടുത്തി ആചരിക്കുന്നുണ്ട് എന്നറിയുക.

നമ്പൂതിരിയുടെ വിഡ്ഢിത്തം മാത്രമല്ല അത് .

ഇനി തങ്ങളുടെ മക്കൾക്കും അതൊന്നും നടത്താൻ ഉദ്ദേശിക്കുന്നില്ല 43.5 ശതമാനം പേർ. വിശ്വാസത്തോടും നമ്പൂതിരിച്ചിട്ടയോടും കൂടി ജീവിക്കാൻ മാതാപിതാക്കൾ പഠിപ്പിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ലെന്ന് പറയുന്നു 16.5 ശതമാനം പേർ. എച്ചിലായ ഭക്ഷണം കഴിക്കുന്നതിനോട് 33.9 ശതമാനത്തിനും വിമുഖതയില്ല. ഇതും ഒരു വലിയ ശതമാനമാണ്. അമ്മയുടെ എച്ചിൽ പാത്രത്തിൽ നിന്ന് കുട്ടിയ്ക്കും ചോറ് ഉരുട്ടിക്കൊടുക്കുന്നത് കണ്ട് വളരുന്ന പുതുതലമുറ എച്ചിലിനോട് ഇങ്ങനെത്തന്നെയാവും പ്രതികരിക്കുക.

38 ശതമാനം പേർ ജാതിരഹിത സമൂഹം ഉയർന്നു വരുമെന്ന് പ്രതീക്ഷിക്കുന്നു. തീണ്ടാരി ആചരിക്കാത്തവരാണ് 37.3 ശതമാനം. ഇല്ലത്തോ പുറത്തോ വച്ച് മത്സ്യം മാംസം തുടങ്ങിയവ കഴിക്കുന്നുണ്ട് 16.5 ശതമാനം. നാമം ജപിക്കാത്തവരാണ് 14.3 ശതമാനം. ചൗളം തിരങ്ങു കല്യാണം തുടങ്ങി കന്യകമാർ ആചരിക്കുന്ന വല്ലതും ചടങ്ങോടു കൂടി നടന്നിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നാണ് 52. 6 ശതമാനത്തിന്റെയും മറുപടി.

ഇവിടെയാണ് ലളിതമായ ഒരു നിഗമനത്തിലേക്ക് എത്താൻ കഴിയുന്ന ചിലത് കണുന്നത്. ഒരു നമ്പൂതിരിപ്പെൺകുട്ടിയ്ക്ക് അവളുടെ ചെറുപ്പത്തിൽ രക്ഷിതാക്കൾ ചെയ്യുന്ന ചടങ്ങാണ് ഇവ. ചൗ ▶



**സഖേയ നൽകിയ പ്രോത്സാഹനം**

**അശ്വതി.എം.**

അച്ഛൻ: താഴെ മഠം നാരായണൻ നമ്പൂതിരി.
(ജ്യോതിഷം , ദേവപ്രശ്നം)
അമ്മ :മായാദേവി (പ്രിൻസിപ്പൾ , ശ്രീ ശങ്കര ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ നഗരൂർ രാലൂർകാവ്)
ഇല്ല പേര് : വാദ്ധ്യാൻ പെരിയ മന
ഭർത്താവ് : വിഷ്ണു പ്രസാദ് (പയ്യന്നൂർ , കണ്ണൂർ)
ഇല്ലം: മീത്തലെ വട്ടപ്പറമ്പ്
വിദ്യാഭ്യാസം ബിടെക് കമ്പ്യൂട്ടർ സയൻസ് (2017 ബാച്ച്)

### യുവശക്തി

നമ്പൂതിരി പെൺകുട്ടിയായതുകൊണ്ട് മാത്രമാണ് യോഗക്ഷേമസഭ എന്ന പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതും യുവശക്തി എന്ന പെൺകുട്ടികളുടെ കൂട്ടായ്മയുടെ പ്രവർത്തകരിൽ തുടക്കക്കാരിൽ ഒരാളാകാൻ കഴിഞ്ഞതും.

### സഖേയ എന്ന ക്യാമ്പ്

പെൺകുട്ടികൾക്ക് വേണ്ടി സഖേയ എന്ന ത്രിദിന ക്യാമ്പ് വിജയകരമായി നടത്താൻ സാധിച്ചപ്പോൾ എനിക്ക് കിട്ടിയ പ്രോത്സാഹനവും അഭിനന്ദനങ്ങളും എന്റെ അച്ഛനമ്മമാർക്ക് നൽകിയ സന്തോഷം ഞാനെന്ന നമ്പൂതിരിക്കുട്ടിയുടെ ജീവിതത്തിലെ അഭിമാനകരമായ നിമിഷമാണ്.



ഗീതു

ഭർത്താവ്: അനൂപ് ജനാർദ്ദനൻ ( നടുവിലേടം, പന്നിക്കോട്)
സ്വന്തം ഇല്ലം : പാതിരിശ്ശേരി മേലേടത്ത് ഇല്ലം
അച്ഛൻ: കൃഷ്ണൻ നമ്പൂതിരി
അമ്മ : ദേവകി അന്തർജ്ജനം
മദ്രാസ് ഐ.ഐ.ടിയിൽ ഭൗതിക ശാസ്ത്രവിഭാഗത്തിലെ ഗവേഷണ വിദ്യാർത്ഥിനി.

### സ്വന്തം അഭിപ്രായം

ഉന്നതവിദ്യാഭ്യാസത്തോടൊപ്പം സ്വന്തം അഭിപ്രായങ്ങൾ ഉറച്ച ശബ്ദത്തിൽ പറയാനുള്ള മനോധൈര്യം അവർ ഉണ്ടാക്കിയെടുത്തേ പറ്റൂ. അതിനുള്ള സാഹചര്യം സമൂഹത്തിലും കുടുംബത്തിലും ഉണ്ടാവുകയും വേണം

### ആചാരങ്ങൾ പരിഷ്കരിക്കണം

ഇന്നത്തെ മാറിയ സമൂഹത്തിൽ പുല,തീണ്ടാരി തുടങ്ങിയ ആചാരങ്ങളുടെ പ്രസക്തി മനസ്സിലാക്കി സാഹചര്യങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച് ഇത്തരം കാര്യങ്ങൾ പിൻതുടരണമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. എന്നാൽ ആചാരങ്ങൾ അനാചാരങ്ങൾ ആയി മാറാതിരിക്കാനും അവ അടിച്ചേൽപ്പിക്കാതിരിക്കാനും നാം ശ്രദ്ധ പുലർത്തണം

### ഉന്നതവിദ്യാഭ്യാസം നേടണം

പ്രാചീന നമ്പൂതിരിസമുദായത്തിൽ നിലനിന്നിരുന്ന വേദഉപനിഷത് അദ്ധ്യയനങ്ങളും പാരമ്പര്യാർജ്ജിത അറിവുകളും വിദ്യയ്ക്ക് പ്രാധാന്യം കൊടുത്തിരുന്നതിന് തെളിവുകളാണ്. ഇന്നത്തെ കാലഘട്ടത്തിൽ പുതുതലമുറ പ്രത്യേകിച്ച് ആൺകുട്ടികൾ നമ്മുടെ സാമാജികമായ അറിവുകൾ നേടുന്നതിനോടൊപ്പം ഉന്നതവിദ്യാഭ്യാസവും മത്സരബുദ്ധിയോടെ തന്നെ നേടിയെടുക്കാൻ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്

### മുഖ്യധാരയിൽ ഇടപെടണം

അദ്ധ്യാപനം തൊഴിൽ മേഖലയാക്കാൻ ആഗ്രഹിക്കുന്നു. ജീവിതത്തിൽ നിന്നും വിദ്യാഭ്യാസത്തിലൂടെയും സ്വാംശീകരിച്ചെടുത്ത അറിവുകൾ പുതുതലമുറക്ക് പകരാനും സമൂഹത്തിന്റെ മുഖ്യധാരയിൽ ശക്തമായ ഇടപെടലുകൾ നടത്താനും സാധിക്കുന്ന സ്വതന്ത്രമേഖലയായി അദ്ധ്യാപനത്തെ കാണുന്നു.



**പ്രണതി.വി.എൻ.**

**തിരുവേഗപ്പുറ, പാലക്കാട് ജില്ല**
**പ്രമുഖ എഞ്ചിനീയറിംഗ് ഇൻസ്റ്റിട്യൂട്ടായ വെല്ലൂർ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ എം.ടെക് വിദ്യാർത്ഥിനി. നിരവധി വേദികളിൽ കഥകളി അവതരിപ്പിച്ചിട്ടുണ്ട്.**

പരമ്പരാഗതമായി കൈമാറിവരുന്ന ആചാരങ്ങൾ അനുഷ്ഠിക്കുന്നത് പൂർണ്ണമായ വ്യക്തിത്വം കൈവരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. പുല വാലായ്മ തീണ്ടാരി തുടങ്ങിയ ആചാരങ്ങൾ എല്ലാ കാലത്തും നിലനിർത്തേണ്ടത് അനിവാര്യമാണ്. ആർത്തവം തീണ്ടാത്ത ഒരു കാര്യമായി ആചരിക്കുമ്പോൾ ഒരു സ്ത്രീയുടെ ശരീരത്തിന് ശാസ്ത്രീയാടിസ്ഥാനത്തിൽ അനിവാര്യമായ സംരക്ഷണമാണ് ലഭിക്കുന്നത്. മാത്രമല്ല ഇത്തരം ആചാരങ്ങൾ സാമൂഹികമായ കാഴ്ചപ്പാട് നിലനിർത്തുന്നു. എത്രതന്നെ വിവാദങ്ങൾ സൃഷ്ടിച്ചാലും ആചാരങ്ങൾ അനാചാരങ്ങളാകുന്നില്ല. അവ ഒരു പരിധി വരെ അനുഷ്ഠിക്കേണ്ടതാണ്.
ലക്ഷ്യം: എഞ്ചിനീയറിംഗിലും നൃത്തത്തിലും കഥകളിയിലും ഉപരി പഠനം. ഒരു നല്ല ഇൻഡസ്ട്രിയിൽ ജോലി.

---

ളം തിരണ്ടു കല്യാണം തുടങ്ങി വളരെ കുറച്ചു കാര്യങ്ങളേയുള്ളൂ പെൺകുട്ടികളെ സംബന്ധിച്ച ജാതീയമായ ആചാരങ്ങൾ. ആൺകുട്ടികൾക്കാണെങ്കിൽ ഉപനയനം സമാവർത്തനം തുടങ്ങി ഒറ്റ ദിവസത്തെ ചടങ്ങായിട്ടെങ്കിലും ചിലത് നടത്തുന്നവരാണ് അധികം പേരും. എന്നാൽ പെൺകുട്ടികളുടെ കാര്യം വരുമ്പോൾ വിവാഹത്തലേന്ന് അയനൂണിലെത്തുമ്പോഴാണ് ആദ്യമായി ജാതീയമായ എന്തെങ്കിലും ചടങ്ങുകൾ നടക്കുക.

നമ്പൂതിരിയും അല്ലാത്ത ആളും തമ്മിൽ വ്യത്യാസം ഇല്ലാത്ത രീതിയിലാണ് അവരുടെ വളർച്ച. നമ്പൂതിരിയെത്തന്നെ വിവാഹം കഴിക്കണം എന്ന തോന്നലില്ലാതെ 42.9 ശതമാനം പേർ ഉണ്ടായെങ്കിൽ അതിന് ഉത്തരവാദികൾ അവരല്ല അവരെ വളർത്തിയ രക്ഷിതാക്കളാണെന്ന് ഉറപ്പിച്ചു പറയാം.

ഈ വിഷയം ആശങ്കയോടെ കാണുന്ന രക്ഷിതാക്കൾക്ക് സർ ▶



**പാർവ്വതി രമേശ്**
അച്ഛൻ: രമേശൻ പുൽ പറമ്പിൽ(റിട്ട. പ്രൊഫസർ)
അമ്മ: സാവിത്രി. (മാനേജർ.കേരള ഗ്രാമീണ ബാങ്ക്)
വിദ്യാഭ്യാസം: കൊമേഴ്സിൽ പി.എ ച്ച് ഡി ചെയ്യുന്നു

❐ *ന്യൂജെൻ ആവണോ?*
ന്യൂജെൻ ആണ്. കാലത്തിനുസരിച്ച് മാറ്റം വേണ്ടേ. സ്വയം തീരുമാനങ്ങൾ എടുക്കാനും കാര്യങ്ങൾ നിർവ്വഹിക്കാനും പെൺകുട്ടികൾ തയ്യാറാകണം.
❐ *ചടങ്ങുകൾ അനുഷ്ഠാനങ്ങൾ?*
നിലനിർത്തണം. കാലത്തിനനുസരിച്ച് മാറ്റം വേണം. വിവാഹത്തിന് ജാതക പൊരുത്തം നോക്കുന്നതിനോട് യോജിപ്പില്ല. പിരിയഡ്സ് ദിവസങ്ങളിൽ മാറി നിൽക്കുന്നതിനോടും യോജിപ്പില്ല.
❐ *വിവാഹം?*
എം ബി എ വിദ്യാഭ്യാസമുള്ള ശാന്തിക്കാരനെ വിവാഹം ചെയാൻ ഞാൻ തയ്യാറല്ല. ശാന്തിക്കാരൻ ആയി എന്നതല്ല. രണ്ടുപേർക്കും രണ്ടു സാഹചര്യങ്ങൾ ആണ് അവിടെ. അതുകൊണ്ടാണ്.
❐ *നേട്ടങ്ങൾ?*
ഇന്ത്യയിൽ 70 പേർക്ക് ജെ ആർ എഫ് കിട്ടിയതിൽ ഒന്ന് എനിക്കായിരുന്നു. ദേവഗിരിയിൽ പഠിക്കുമ്പോൾ കേരളത്തിലെ എല്ലാ കോളേജുകളും പങ്കെടുക്കുന്ന ഓൾ കേരള മാനേജ്മെൻറ് ഫെസ്റ്റ് എന്ന മെഗാ പ്രോഗ്രാം ഏറ്റെടുത്ത് നടത്താൻ എന്നെ ചുമതലപ്പെടുത്തി. അത് വിജയിപ്പിക്കാനായത് വൻ ആത്മ വിശ്വാസമുണ്ടാക്കി.
❐ *ലക്ഷ്യം*
കോളേജ് ലക്ചറർ ആവാനാണ് മോഹം. സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പഠിക്കണമെന്നും മോഹമുണ്ട്.

## ചില ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ശതമാനക്കണക്കിൽ

1 നമ്പൂതിരി കുടുംബത്തിൽ പിറന്നതിൽ അഭിമാനിക്കുന്നുവോ ?
78.4% ഉവ്വ് 8.8% ഇല്ല 12.8% അഭിപ്രായമില്ല
2 നമ്പൂതിരി ആവേണ്ടിയിരുന്നില്ല എന്ന് തോന്നിയിട്ടുണ്ടോ ?
10.% ഉവ്വ് 83% ഇല്ല 7% അഭിപ്രായമില്ല
3 ഇല്ലത്ത് തേവാരമുണ്ടോ ?
56.7% ഉവ്വ് 42.2% ഇല്ല 1.1% അഭിപ്രായമില്ല
4 ക്ഷേത്രങ്ങളിൽ പോവുന്നത് നല്ലതാണ് എന്ന അഭിപ്രായമുണ്ടോ ?
88.4% ഉവ്വ് 4.6% ഇല്ല 7.0% അഭിപ്രായമില്ല
5 വെജിറ്റേറിയൻ ഭക്ഷണശീലം നല്ലതാണെന്ന് അഭിപ്രായമുണ്ടോ?
92.4% ഉവ്വ് 4.6% ഇല്ല 3.0% അഭിപ്രായമില്ല
6 നേദിക്കാൻ അറിയാമോ?
35.6% ഉവ്വ് 61.8% ഇല്ല 2.6% അഭിപ്രായമില്ല
7 ജാതീയമായ എന്തെങ്കിലും ചടങ്ങുകൾ ഉണ്ടായിട്ടുണ്ടോ?
70.9 % ഉവ്വ് 19.4% ഇല്ല 9.6% അഭിപ്രായമില്ല
8 ജാതകം നോക്കൽ, പിതൃകർമ്മങ്ങൾ, തുടങ്ങിയവ അന്ധവിശ്വാസമെന്ന് തോന്നുന്നുണ്ടോ ?
19.1% ഉവ്വ് 67.8% ഇല്ല 13.1അഭിപ്രായമില്ല
9 അയിത്തം , പുല, വാലായ്മ, തീണ്ടാരി തുടങ്ങിയവ ആചരിക്കേണ്ടതുണ്ടോ ?
42 %ഉവ്വ് 44.1 % ഇല്ല 13.9 % അഭിപ്രായമില്ല
10 ഏകാദശി ,തിരുവാതിര തുടങ്ങിയ വ്രതങ്ങൾ ഒരിക്കലെങ്കിലും നോറ്റിട്ടുണ്ടോ ?
87.7 %ഉവ്വ് 11 % ഇല്ല 2.3 % അഭിപ്രായമില്ല
11 ഇതരസമുദായക്കാരനെ വിവാഹം ചെയ്യുന്നത് മോശമാണെന്ന് തോന്നുന്നുണ്ടോ ?
42.9 %ഉവ്വ് 42.9 % ഇല്ല 14.2 % അഭിപ്രായമില്ല
12 ഭാഷ, വേഷം, ഭക്ഷണം തുടങ്ങി എല്ലാറ്റിലും ഇതരസമൂഹവുമായി വ്യത്യാസം ഇല്ലാതാക്കണം എന്ന അഭിപ്രായമുണ്ടോ ?
27.6 % ഉവ്വ് 60.3 % ഇല്ല 12.1 %അഭിപ്രായമില്ല
13 ബ്രാഹ്മണർ ആചരിക്കുന്ന ഷോഡശാചാരങ്ങൾ തുടരണമെന്ന അഭിപ്രായമുണ്ടോ ?
59.3 % ഉവ്വ് 20.3 %ഇല്ല 20.4 % അഭിപ്രായമില്ല
14 നമ്പൂതിരി കുടുംബത്തിൽ പിറന്നതു കാരണം സമൂഹത്തിൽ ഏതെങ്കിലും തരത്തിൽ അപമാനം സഹിക്കേണ്ടി വന്നിട്ടുണ്ടോ?
15 %ഉവ്വ് 82.2 %ഇല്ല 2.8 %അഭിപ്രായമില്ല
15 പുതിയ കാലത്ത് നമ്പൂതിരി ആയി ജീവിക്കാൻ കഴിയില്ല എന്ന അഭിപ്രായമുണ്ടോ ?
20.2 %ഉവ്വ് 70.1 % ഇല്ല 9.7 % അഭിപ്രായമില്ല

വേയിൽ നിന്ന് ചിലത് പഠിക്കാനുണ്ട്. ജാതീയമായ ഒരു ആചാരവും പാലിക്കാതെയും പഠിപ്പിക്കാതെയും വളർത്തിയ കുട്ടിക്ക് അതിനോട് ആഭിമുഖ്യം ഉണ്ടാവുമെന്ന് പറയുക വയ്യ. ഇല്ലത്ത് അച്ഛനോ ഏട്ടനോ പൂജ ചെയ്യുന്നുണ്ടെങ്കിൽ അതിന് ഒരുക്കിക്കൊടുക്കാറുണ്ടോ എന്ന ചോദ്യത്തിനും ഇല്ലെന്ന് പറയുന്ന 29.8 ശതമാനം പേരുണ്ട്. അത് അമ്മയുടെ മാത്രം ഡ്യൂട്ടിയായി കരുതി മാറിനിൽക്കുന്നു ഇവർ.

ഭക്ഷണം,വസ്ത്രം, ഭാഷ, ആചരണങ്ങൾ, തുടങ്ങി പലതുമായും ബന്ധപ്പെട്ടതാണ് ജാതീയത. അതിലൊന്നിലും നിഷ്കർഷയില്ലാതെ വളർന്ന കുട്ടി വിവാഹക്കാര്യത്തിൽ മാത്രം ജാതിയെ മുറുകെപ്പിടിക്കണം എന്ന് ശഠിക്കുന്നതിൽ ഒരു അർത്ഥവുമില്ല. 42.9 ശതമാനം പേർ മാറി ചിന്തിക്കുന്നുവെങ്കിൽ പലരും പലതും പഠിക്കാനുണ്ടെന്ന് തന്നെയാണ് അർത്ഥം.

നോൺ വെജ് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കുമ്പോൾ ഒട്ടും അസ്വസ്ഥത തോന്നാത്തവരാണ് 52.4 ശതമാനം പേരും. 81.3 ശതമാനം പേർക്കും സുഹൃത്തുക്കൾ കൂടു ▶




**നയന എൻ.ഇ**
**അവസാനവർഷ എം.ബി.ബി.എ സ് വിദ്യാർത്ഥിനി**
**ശ്രീനിവാസ് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെൻറർ.**

അച്ഛൻ : മോഹനൻ നമ്പൂതിരി (തന്ത്രം)നരിക്കുനി ഇടമന ഇല്ലം, കൊയിലാണ്ടി ഉപസഭ. അമ്മ : സാവിത്രി അന്തർജനം (അദ്ധ്യാപിക)പൂക്കോട്ടില്ലം നരിക്കുനി

## അങ്ങനെയല്ല നല്ല കുട്ടിയാവേണ്ടത്

നമുക്കിടയിൽ പൊതുവേ നിലവിലുള്ള നല്ല കുട്ടിയെന്ന കൺസപ്റ്റ് ഉണ്ട്. അടങ്ങിയൊതുങ്ങിയിരിക്കുന്ന കുട്ടി. ആരെന്ത് പറഞ്ഞാലും ഇഷ്ടമില്ലാത്ത കാര്യമാണെങ്കിലും അനുസരിക്കുന്ന കുട്ടി. ഒന്നിനും എതിരഭിപ്രായമില്ലാത്ത കുട്ടി. വളരെ നേരത്തെ വീടണയുന്നവൾ. അങ്ങനെ പോവുന്നു ഇവ.

ആരോ ഉണ്ടാക്കി വച്ച ഇത്തരം ക്ളീഷേകളോട് നോ പറയാൻ അച്ഛനമ്മമാർ തന്നെ കുട്ടികളെ പഠിപ്പിക്കണം.ശരിക്കും പറഞ്ഞാൽ നമ്മുടെ അഭിപ്രായമില്ലായ്മക്കും സ്വാതന്ത്ര്യമില്ലായ്മക്കും മറ്റുള്ളവർ തരുന്ന സർട്ടിഫിക്കറ്റ് ആണിത്. നീ ഇപ്പറഞ്ഞ പോലൊക്കെ ആവ് എന്ന് പറയുന്നതിന് പകരം മറ്റുള്ളവർക്ക് വേണ്ടി നീ നീയല്ലാതാവരുതെന്നും തെറ്റ് കണ്ടാൽ തെറ്റെന്ന് പറയാൻ മടിക്കരുതെന്നും ഒന്നിനും പ്രത്യേകിച്ചൊരു അഭിപ്രായമില്ലാത്തവളായി മാറരുതെന്നും ഓരോ മാതാപിതാക്കളും അവരുടെ പെൺമക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുകയല്ലേ വേണ്ടത്.

**ലക്ഷ്യം :** നല്ലൊരു ഡോക്ടർ ആയി റൂറൽ ഏരിയയിൽ സേവനമനുഷ്ഠിക്കണം.

## ചില ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ശതമാനക്കണക്കിൽ

16 ജാതി/മതരഹിത സമൂഹം ഉയർന്നു വരുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ?
38.3 % ഉവ്വ് 50.9 %ഇല്ല 10.8 % അഭിപ്രായമില്ല
17 എച്ചിലായ ഭക്ഷണം കഴിക്കുന്നതിനോട് വിമുഖതമുണ്ടോ ?
58.8 % ഉവ്വ് 34 % ഇല്ല 7.2 % അഭിപ്രായമില്ല
18 ശാന്തിക്കാരെ വിവാഹം ചെയ്യാൻ വിമുഖതയുണ്ടോ ?
32.3 % ഉവ്വ് 43.3 % ഇല്ല 24.4 %അഭിപ്രായമില്ല
19 ഇല്ലത്ത് തീണ്ടാരി പോലുള്ള ശുദ്ധാശുദ്ധം ആചരിക്കാറുണ്ടോ ?
59.2 % ഉവ്വ് 37.4 %ഇല്ല 3.4 %അഭിപ്രായമില്ല
20 ഇല്ലത്തോ പുറത്തോ വച്ച് മുട്ട മത്സ്യം മാംസം തുടങ്ങിയവ ഉപയോഗിക്കാറുണ്ടോ ?
16.6 %ഉവ്വ് 80.9%ഇല്ല 2.5 %അഭിപ്രായമില്ല
21 നാമം ജപിക്കാറുണ്ടോ ?
83.7%ഉവ്വ് 14.4%ഇല്ല 1.9%അഭിപ്രായമില്ല
22 ചൗളം, തിരണ്ടുകല്യാണം തുടങ്ങി കന്യകമാർ ആചരിക്കുന്ന വല്ലതും ചടങ്ങോടു കൂടി നടന്നിട്ടുണ്ടോ ?
43.3% ഉവ്വ് 53%ഇല്ല 3.7% അഭിപ്രായമില്ല
23 ഇല്ലത്തെ നമ്പൂതിരിമാർ പൂജ ചെയ്യുന്നുണ്ടെങ്കിൽ അതിന് ഒരുക്കിക്കൊടുക്കാറുണ്ടോ ?
61.8% ഉവ്വ് 30% ഇല്ല 8.2% അഭിപ്രായമില്ല
24 ദൈവവിശ്വാസമുണ്ടോ ?
93.6%ഉവ്വ് 3.2% ഇല്ല 3.2%അഭിപ്രായമില്ല
25 നിരീശ്വരവാദം നല്ലതെന്ന് കരുതുന്നുണ്ടോ ?
7.5% ഉവ്വ് 72% ഇല്ല 20.5% അഭിപ്രായമില്ല
26 ഇതരസമുദായക്കാരായ സഹപാഠികളുടെ വീട്ടിൽ രാത്രി താമസിക്കേണ്ടി വന്നിട്ടുണ്ടോ ?
60.7% ഉവ്വ് 38.7% ഇല്ല 2.6% അഭിപ്രായമില്ല
27 നോൺ വെജ്ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കേണ്ടി വന്നാൽ അസ്വ്യത തോന്നാറുണ്ടോ ?
43.6% ഉവ്വ് 52.6% ഇല്ല 3.8% അഭിപ്രായമില്ല
28 ഹോസ്റ്റലുകളിലും മറ്റും താമസിച്ചിട്ടുണ്ടെങ്കിൽ നമ്പൂതിരിയാണെന്ന കാര്യം മറച്ചു വയ്ക്കാൻ ശ്രമിച്ചിരുന്നുവോ ?
3.2% ഉവ്വ് 88.3% ഇല്ല 8.5% അഭിപ്രായമില്ല
29 സുഹൃത്തുക്കൾ കൂടുതലുള്ളത് സ്വന്തം സമുദായത്തിലാണോ ?
12.7% ഉവ്വ് 81.5% ഇല്ല 5.8% അഭിപ്രായമില്ല
30 ആചാര മര്യാദകൾ പാലിക്കാത്തതിന് അമ്മയിൽ നിന്ന് സ്ഥിരമായി വഴക്കു കേൾക്കാറുണ്ടോ ?
16.9% ഉവ്വ് 78.3% ഇല്ല 4.8% അഭിപ്രായമില്ല

തലുള്ളത് ഇതരസമുദായത്തിലാണ്. ഇതെല്ലാം ആ 42.9 ശതമാനം പേരെ സൃഷ്ടിക്കാൻ ഉപകരിക്കുന്ന ഘടകങ്ങൾ തന്നെയാണ്.

ഒരു തലമുറ മുമ്പുള്ളവരോട് ഇതേ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരത്തിൽ വലിയ വ്യത്യാസമുണ്ടാവുമെന്നതും ഓർക്കുക.

രക്ഷിതാക്കൾ വ്യക്തിപരമായി പകർന്നു നൽകേണ്ട ചിലത് അവരിൽ നിന്ന് കിട്ടുന്നില്ല എന്നതാണ് പല ഉത്തരങ്ങളും നൽകുന്ന സൂചന. ഇല്ലത്ത് തേവാരമുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നു പറഞ്ഞവരാണ് 42.1 ശതമാനവും. ഇതരസമുദായക്കാരെ വിവാഹം കഴിക്കുന്നതിൽ തെറ്റില്ല എന്നു തുറന്നു പറഞ്ഞവരും 42.9 ശതമാനം പേരാണ്. രണ്ടും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ആലോചിക്കാനുള്ള അവസരമാണ് ഇത്. നേദിക്കാൻ അറിയാത്തവരാണ് 61.7 ശതമാനം. ആരാണ് അതിന് ഉത്തരവാദി? അമ്മയുടെ പങ്ക് എന്താണ്?അതിനുള്ള ഉത്തരങ്ങൾ നേരിട്ട് നൽകുകയല്ല പരോക്ഷമായി സൂചിപ്പിക്കുകയാണ് ഈ സർവേ ചെയ്യുന്നത്.

എന്നാൽ വളരെ പോസിറ്റീവായ ചിലതും സർവേയിൽ പ്രതിഫലിക്കുന്നുണ്ട്. ഇത്രയൊക്കെ ▶

മാറ്റങ്ങൾ ഉണ്ടായിട്ടും പാരമ്പര്യത്തെയും പഴമയെയും മുറുകെപ്പിടിക്കുന്ന ധാരാളം പേരുണ്ട്. എത്ര പുരോഗമിച്ചാലും എത്രത്തോളം അട്ടി മറിഞ്ഞാലും നമ്പൂരിത്തം മാറ്റങ്ങളോടെ നിലനിൽക്കും എന്നാണ് ചില ഉത്തരങ്ങൾ നൽകുന്ന സൂചന.

അതിൽ ഏറ്റവും പ്രധാനം നമ്പൂതിരി ആയി പിറന്നതിൽ അഭിമാനിക്കുന്നവരുടെ എണ്ണമാണ്. 78.3 ശതമാനം പേരും നമ്പൂതിരി ആയതിൽ അഭിമാനിക്കുന്നു. ഒട്ടും ആശങ്ക വേണ്ട എന്ന് സൂചിപ്പിക്കുന്നതാണ് ഈ കണക്ക്.

നമ്പൂതിരി ആവേണ്ടിയിരുന്നില്ല എന്ന് തോന്നാത്തവരാണ് 82.8 ശതമാനവും. ക്ഷേത്രങ്ങളിൽ പോവുന്നത് നല്ലതാണെന്ന അഭിപ്രായക്കാരും (88.3 ശതമാനം) വെജിറ്റേറിയൻ ഭക്ഷണശീലം നല്ലതെന്ന് വിശ്വസിക്കുന്നവരും (92.1 ശതമാനം) ധാരാളമുണ്ട്.

അന്ധമായാലും അല്ലെങ്കിലും ജാതകം നോക്കൽ പിതൃകർമ്മങ്ങൾ തുടങ്ങിയവയിൽ വിശ്വസിക്കുന്നവരും (67.8 ശതമാനം) ദൈവവിശ്വാസമുള്ളവരും (93.5 ശതമാനം) നാമം ജപിക്കുന്നവരും (83.7 ശതമാനം) പുതിയ കുട്ടികളിലുണ്ട്. കുറച്ചല്ല ഭൂരിപക്ഷം.
മത്സ്യമാംസാദികൾ കഴിക്കാത്തവർക്കാണ് മുൻതൂക്കം. (80.8 ശതമാനം)

എച്ചിലായ ഭക്ഷണം കഴിക്കുന്നതിനോട് വിമുഖതയുള്ളവർ കുറഞ്ഞു വരുന്നുണ്ടെങ്കിലും എച്ചിലിനോട് വിമുഖതയുള്ളവർക്കാണ് മുൻതൂക്കം. (58.8 ശതമാനം) പുതിയ കാലത്തും നമ്പൂതിരി ആയി ജീവിക്കാൻ കഴിയുമെന്ന് വിചാരിക്കുന്നവരും (70 ശതമാനം) ധാരാളമുണ്ട്. ഇത്തരം പെൺകുട്ടികൾ ഉള്ളേടത്തോളം കാലം സമുദായത്തിന് ആശങ്ക വേണ്ട.

വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമുണ്ടായിരുന്നു.വിദ്യാഭ്യാസക്കുറവ് ഉണ്ടെങ്കിലും സ്മാർട്ടായ ചെറുപ്പക്കാരെ പങ്കാളിയാക്കാൻ തയ്യാറാകുമോ എന്നത്. ഈ ചോദ്യത്തിന് ഇല്ല എന്ന് മറുപടി പറഞ്ഞ 40.8 ശതമാനം പേരുണ്ട്. അതൊരു സൂചന നൽകുന്നുണ്ട്. പെൺകുട്ടികൾ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കല്പിക്കുന്നു. പണമോ പ്രശസ്തിയോ പാരമ്പര്യമോ സൗന്ദര്യമോ ഒന്നുമല്ല വിദ്യാഭ്യാസമാണ് അവർ പരിഗണിക്കുന്ന യോഗ്യത. അതില്ലാതെ പത്താം ക്ളാസിൽ പഠനം നിർത്തുന്നവരോട് സഹതപിക്കാൻ ഇനി പെൺകുട്ടികളെ ▶

**ഹൃദ്യ. കെ. ഇല്ലം കല്ലറ**
**എം.എ പൊളിറ്റിക്കൽ സയൻസിന് പഠിക്കുന്നു**
**അച്ഛൻ നാരായണൻ നമ്പൂതിരി (ശാന്തിക്കാരൻ)**
**അമ്മ സതി**



## നമ്പൂതിരി ആയതിൽ

**എ**ന്തു കൊണ്ടും അഭിമാനം മാത്രമേ തോന്നിയിട്ടുള്ളൂ. അച്ഛന് ശാന്തിയായതു കൊണ്ട് അച്ഛനെ ദൈവത്തിന്റെ പ്രതിനിധിയായാണ് ആളുകൾകാണുന്നത്. ആ ഒരു ബഹുമാനം അച്ഛന്റെ മകളായ എനിക്കും കിട്ടിയിട്ടുണ്ട്.

**ജാതകം**
ജാതകം നോക്കുന്നതും പിതൃകർമ്മങ്ങൾചെയ്യുന്നതും വളരെ നല്ലതാണ്. എന്നു വച്ച് ജാതകത്തിൽ അന്ധമായ വിശ്വാസമില്ല. ജാതകം നോക്കുന്നത് ഒരു മെന്റൽ സപ്പോർട്ട് നൽകുന്നു എന്നാണെന്റെ പക്ഷം. പിതൃക്കളുടെ അനുഗ്രഹവും ജീവിതത്തിലുടനീളം ആവശ്യമാണ്. ഇന്നത്തെ തലമുറക്ക് പിതൃക്കളെ ഓർക്കാനുള്ള ഒരവസരമാണ് അത്.

**വിവാഹം**
ഇതര ജാതിക്കാരെ വിവാഹം ചെയ്യുന്നതിനോട് വ്യക്തിപരമായി ഒട്ടും യോജിപ്പില്ല. ഞാൻ വളർന്നു വന്ന ചുറ്റുപാടുകളും കൾച്ചറും മൂല്യങ്ങളും നിലനിർത്താൻ തന്നെയാണ് ആഗ്രഹം.

**ആചാരങ്ങൾ**
ആചരിക്കേണ്ടവ തന്നെയാണ്. മെൻസസ് പോലുള്ളവ ആചരിക്കുന്നതിന് ശാസ്ത്രീയ വശമുണ്ട്. ആ സമയത്ത് റെസ്റ്റ് വേണം. പണ്ട് അത് നിർബന്ധിച്ച് ആചരിപ്പിച്ചു എന്നേയുള്ളൂ.

**ദൈവവിശ്വാസം**
ഓരോരുത്തരുടെ പേഴ്സണൽ ചോയ്സ് ആണ്.

**മാംസാഹാരം**
സസ്യാഹാരം മാത്രം കഴിക്കുന്നതാണ് ആരോഗ്യത്തിനും കാരക്ടറിനും നല്ലത്. സ്വഭാവത്തെ വരെ ഫുഡ് ഹാബിറ്റ് സ്വാധീനിക്കുന്നു.

**ശാന്തിക്കാരുടെ വേളി**
അത്യാവശ്യം എഡ്യുക്കേഷൻ ഉള്ള ഒരാളാണെങ്കിൽ ശാന്തിക്കാരെ വേളി കഴിക്കാൻ പെൺകുട്ടികൾ തയ്യാറാവണം. അതുപോലെ അത്യാവശ്യം എഡ്യുക്കേഷൻ നേടാൻ ആൺകുട്ടികളും താല്പര്യം കാണിക്കണം. വിഷയം ശാന്തിയുടേതല്ല. എഡ്യുക്കേഷന്റേതാണ്. അതില്ലാതെ ശാന്തി ചെയ്യുന്നവരും നല്ല എഡ്യുക്കേഷൻ ഉള്ള ശാന്തിക്കാരും തമ്മിൽ വലിയ വ്യത്യാസമുണ്ട്.



ദേവിപ്രിയ വി.പി.
ഭർത്താവ് :വിഷ്ണു പ്രസാദ്
സ്ഥലം മാമ്പറ്റ മുക്കം
കോഴിക്കോട് എൻ.ഐ.ടി
യിൽ സിവിൽ എഞ്ചിനീ
യറിംഗിൽ പി.എച്ച് ഡി
ചെയ്യുന്നു. ബിടെക്കിനും
എം.ടെക്കിനും രണ്ടാം റാങ്ക്

## പരിഹാരം സ്വയം സംരംഭക വിദ്യാഭ്യാസം

സ്വന്തം ഇല്ലത്തും ഭർത്താവിൻെറ ഇല്ലത്തും പഴമ നില നിർത്തിക്കൊണ്ടും പുതുമകൾഉൾക്കൊണ്ടുമുള്ള ജീവിതം.

ഇന്നത്തെ പുതുതലമുറയിൽ കണ്ടു വരുന്ന മനോഭാവം പൊതുവേ ഇൻഫീരിയോറിട്ടി / സുപ്പീരിയോറിട്ടി കോംപ്ളക്സാണ്. ഒന്നുകിൽ മറ്റുള്ളവരുമായി കോംപീറ്റ് ചെയ്യാൻ പറ്റില്ലഎന്ന ഇൻഫീരിയോറിട്ടി മനോഭാവം.അല്ലെങ്കിൽ എനിക്ക് എല്ലാം അറിയാം എന്ന ഭാവം. പൊതു വേദിയിലും സോഷ്യൽ ഫോറങ്ങളിലും ഇടപെടാനുള്ള വിമുഖത.പത്രം പോലും വായിക്കാത്തവർ ധാരാളം.

ഇവയെല്ലാം നമുക്ക് സാമൂഹികമായ ഉയർച്ചക്ക് ദോഷം ചെയ്യുന്നതാണ്. സ്കിൽ ഓറിയൻറഡ് എഡ്യുക്കേഷനിൽ താല്പര്യമില്ലായ്മ കാരണം കൺവെൻഷണൽ വിദ്യാഭ്യാസം നേടുകയും ഉയർന്ന ജാതി ആയതു കൊണ്ട് ജോലി നിഷേധിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ. ഇതിനുള്ള പരിഹാരം സ്വയം സംരംഭക വിദ്യാഭ്യാസവും സ്വയം സംരംഭകത്വവും മാത്രമാണ്.

ലക്ഷ്യം : സ്വയം സംരംഭകത്വത്തിലൂന്നിയ വിദ്യാഭ്യാസം എല്ലാവരിലുമെത്തിക്കാനുള്ള പ്രതിബദ്ധത എഞ്ചിനീയറിംഗ് മേഖലയിലെ അദ്ധ്യാപനത്തിലൂടെ നേടുക.

കിട്ടില്ല.

ആ 40 ശതമാനത്തെ കാണാനും മനസ്സിലാക്കാനും അവർ ഉന്നയിക്കുന്ന വിഷയം ഉൾക്കൊള്ളാനും തയ്യാറാവുകയേ വേണ്ടൂ. അല്ലെങ്കിൽ എത്ര സ്മാർട്ട് ആയാലും വിദ്യാഭ്യാസം കുറവെങ്കിൽ നോ എന്ന് മറുപടി പറയുന്നവർ ഇനി കൂടുകയേ ഉള്ളൂ.

ശുഭകരമായ വേറെ ചിലത് കൂടി. 49. 8ശതമാനം പേർ നാലു ദിവസത്തെ വേളിക്രിയകൾ ഇഷ്ടപ്പെടുന്നു! എന്നാൽ എത്രശതമാനം രക്ഷിതാക്കൾ ഈ കാലത്ത് നാലു ദിവസത്തെ വേളിക്രിയകൾ നടത്തുന്നുണ്ട്. കൂട്ടുകുടുംബം ഇഷ്ടപ്പെടുന്നവരാണ് 65.7 ശതമാനം പേരും!! എന്നാൽ കൂട്ടുകുടുംബം തകർത്തവരാണ് പഴയ തലമുറക്കാരെന്ന് അറിയുക. തേവാരവും പൂജയും ഉള്ള ഇല്ലത്തേക്ക് വേളി കഴിച്ചു കൊടുക്കുന്നതിൽ താല്പര്യമുണ്ടോ എന്ന ചോദ്യത്തിന് 50 ശതമാനം പേരും യെസ് എന്ന ഉത്തരം നൽകിയതും ശുഭസൂചനയാണ്!!!

എല്ലാം നശിച്ചു എന്ന് വിലപിക്കാറായിട്ടില്ല. ഋതുമതിയാവുമ്പോൾ നടത്തേണ്ട ഒരു ചടങ്ങും നടക്കാത്തതിൽ ഖേദമുള്ള ധാരാളം പെൺകുട്ടികളുണ്ട്. ചടങ്ങ് വേണമായിരുന്നു എന്ന് പറയുന്നുണ്ട് 24.8ശതമാനം പേർ. ഭാഷ, വേഷം, ഭക്ഷണം തുടങ്ങി എല്ലാറ്റിലും ഇതര സമൂഹവുമായി വ്യത്യാസം ഇല്ലാതാക്കണം എന്ന അഭിപ്രായമില്ല 60.3 ശതമാനം പേർക്കും. ഇതെല്ലാം ശുഭ സൂചനകളാണ് നൽകുന്നത്.

**വിദ്യാഭ്യാസക്കുറവ് ഉണ്ടെങ്കിലും സ്മാർട്ടായ ചെറുപ്പക്കാരെ പങ്കാളിയാക്കാൻ തയ്യാറാകുമോ എന്ന ചോദ്യത്തിന് ഇല്ല എന്ന് മറുപടി പറഞ്ഞ 40.8 ശതമാനം പേരുണ്ട്. ആ 40 ശതമാനത്തെ കാണാനും മനസ്സിലാക്കാനും അവർ ഉന്നയിക്കുന്ന വിഷയം ഉൾക്കൊള്ളാനും തയ്യാറാവുകയേ വേണ്ടൂ.**

പുതു തലമുറയിലെ പെൺകുട്ടികൾ സമുദായത്തെ ഇല്ലാതാക്കുമെന്ന ഭീതി ഒട്ടും വേണ്ട.

അശുഭചിന്തകളും ആശങ്കകളുമുള്ള പഴയ തലമുറയ്ക്കുള്ള ഉത്തരമാണ് പെൺകിടാങ്ങൾ നൽകിയിരിക്കുന്നത്. ഭക്ഷണം, വസ്ത്രം,ഭാഷ, ആചാരം തുടങ്ങി പലതുമായും ബന്ധപ്പെട്ടതാണ് സംസ്കാരം. അതിലൊന്നിലും മറ്റൊരു പെൺകുട്ടിയിൽ നിന്ന് വ്യത്യാസമില്ലെങ്കിൽ സാംസ്കാരിക വ്യതിരിക്തത ഉണ്ടാവാനിടയില്ല. അതുതന്നെയാണ് ഈ സർവേ വെളിപ്പെടുത്തുന്ന വലിയ തിരിച്ചറിവ്.

സർവേയുടെ ഭാഗമായി ചിലരിൽ നിന്ന് നേരിട്ട് അഭിപ്രായങ്ങൾ ശേഖരിച്ചിരുന്നു. അവരിൽ ചിലർ പാരമ്പര്യവും പഴമയും നില നിർത്തുന്നവരാണ്. അതിന് കാരണവും അവർ പറഞ്ഞു. വളർത്തുഗുണം. ഇല്ലത്ത് പഴയ സമ്പ്രദായങ്ങൾ ഇപ്പോഴും പിന്തുടരുന്നു.

അങ്ങനെയുള്ള കുട്ടികൾ ഏതു പി.എച്ച്. ഡി എടുത്താലും സാംസ്കാരികത്തനിമ നിലനിർത്തുന്നുണ്ട്. ബയോളജി മുഴുവൻ അരച്ചു കലക്കിക്കുടിച്ച പെൺകുട്ടി മെഡിക്കൽ പിജി കഴിഞ്ഞ് അതിനപ്പുറം പി.എച്ച്.ഡിയും നേടിയിട്ടും പുംസവനം പോലുള്ള ഗർഭക്രിയകൾ ആചരിക്കുന്നത് ശുഭവാർത്തയാണ്. ശാസ്ത്രസിദ്ധിക്കൊപ്പം മന്ത്രസിദ്ധിയേയും ഉൾക്കൊള്ളുന്ന ധാരാളം പേർ പുതുതലമുറയിലുണ്ട്. ●



# അ ഫോർ അന്തർജ്ജനം ആ ഫോർ ആരതി



വിനോദ് മങ്ങത്തായ

**കോ**ഴിക്കോട് മെഡിക്കൽ കോളേജിൽ ഒന്നാം വർഷ എം.ബി.ബി.എസിന്റെ ആദ്യത്തെ ക്ലാസ്. ഓഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞ 200 കുട്ടികളും അവരുടെ രക്ഷിതാക്കളും. ഒരാളെ ക്ലാസിന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കണമെന്ന് പ്രൊഫസർ നിർദേശിച്ചു.

പല പ്രാവശ്യം അദ്ദേഹംപറഞ്ഞിട്ടും ആരും തന്നെ തയ്യാറായില്ല. അവസാനം മുന്നോട്ടുവന്ന മെലിഞ്ഞ പെൺകുട്ടിയുടെ പേര് പ്രൊഫസർ വായിച്ചു.

ആരതി അന്തർജനം!


യാരപ്പാ ഇത് !!

കൗതുകത്തോടെ എല്ലാവരും അവളെ നോക്കി. അന്തർജനം എന്ന പേരു തന്നെയാണ് ഈ ആശ്ചര്യത്തിന് കാരണമായത്. സിനിമകളിലൊക്കെക്കണ്ട് മനസ്സിൽ പതിഞ്ഞ ഒരു രൂപം അവരുടെ മനസ്സിലുണ്ടാവും. പുരാതന കാലത്ത് ജീവിച്ചിരുന്നു എന്ന് വിശ്വസിക്കുന്ന ഒരു രൂപം. അതല്ലല്ലോ അന്തർജനമായി മുന്നിൽ നിൽക്കുന്നത്.

ആ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും അന്നത്തേക്ക് വകയായി.

പ്രത്യേകരീതിയിലുള്ള വേഷം . വാതിലിനു പിന്നിൽ മറഞ്ഞു നിന്ന് ശബ്ദം മാത്രം പുറപ്പെടുവിക്കുന്ന ജീവി. മറക്കുടയാൽ മുഖം മറയ്ക്കും.....അതേ ആ സിനിമാ പാട്ടിലെ പക്വതയുള്ള ഇല്ലത്തമ്മ . സമൂഹം വെച്ചു കെട്ടിയ കപടധാരണകളുടെ വലയത്തിനുള്ളിലല്ലല്ലൊ ആരതി.

എന്നാലോ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലും വോട്ടേഴ്സ് കാർഡിലും മെഡിക്കൽ പ്രവേശന പരീക്ഷയുടെ യോഗ്യതാ ലിസ്റ്റിലും പാസ്പോർട്ടിലും




ക്ളാർക്കിന് ശുണ്ഠി വരാൻ തുടങ്ങി.
സാർ സർനേം ലേ ലോ . അയാൾ അക്ഷമനായി.
ആ നിമിഷത്തിൽ മനസ്സിലേക്ക് ഒരു സർനെയിം
ഓടിയെത്തി. ഞാൻ ഉറക്കെ പറഞ്ഞു.
ആരതി അന്തർജനം.

ഇവൾ അസ്സൽ അന്തർജനം തന്നെ. ആധികാരിക രേഖകൾ വെച്ച് നമുക്കൊരാളെ അന്തർജനമായി വിളിക്കാമെങ്കിൽ ഇതാ ഒരാൾ.ആരതി അന്തർജനം.

അന്തർജനത്തിന് ശബ്ദതാരാവലിയിൽ അകത്തമ്മമാർ എന്നർത്ഥം . അകത്തളത്തിൽ ഇരുന്ന് പ്രൗഢഗംഭീരയായി പതിഞ്ഞ ശബ്ദത്തിൽ നാമം ജപിക്കുന്ന ആത്തേമ്മാർ. തിരു നെഞ്ചിലെ ഔപാസന കുണ്ഡത്തിങ്കൽ സ്നേഹത്തിൽ നനഞ്ഞ ഹവിസ്സുകൾ ഹോമിപ്പോരമ്മ എന്ന് കൈതപ്രം തന്റെ കവിതയിൽ വിശേഷിപ്പിച്ചിട്ടുണ്ട്.

പുറത്തിറങ്ങുമ്പോൾ മറക്കുട നിർബന്ധം. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് അന്തർജനങ്ങൾ എത്തിയപ്പോൾ പലതും മാറി. പിന്നീടെപ്പോഴോ പഴമയുടെ തിരിച്ചുവരവുണ്ടായപ്പോൾ പെൺകിടാങ്ങളുടെ പേരുകളിൽ ജാതിപ്പേര് തിരിച്ചു വന്നു. അത് പക്ഷേ,പെൺജാതിയായല്ല. പുരുഷജാതിയുടെ പേര് .

അങ്ങനെ രമ്യാ നമ്പീശൻ, മഞ്ജു വാര്യർ, നവ്യാ നായർ, തനൂജ ഭട്ടതിരിപ്പാട്, ശ്രീലതാ നമ്പൂതിരി.... തുടങ്ങി ജാതിപ്പേരുകൾ തിരിച്ചെത്തി. പക്ഷേ,അപ്പോഴും രമ്യാ ബ്രാഹ്മണിയമ്മയായില്ല. മഞ്ജു വാരസ്യാരായില്ല. നവ്യ അമ്മയായില്ല. തനൂജയോ ശ്രീലതയോ അന്തർജനവുമായില്ല.

ഇവിടെ ഇതാ ഏറെ വ്യത്യസ്തയായി ഒരാൾ .ലളിതാംബിക അന്തർജനം എന്ന പേര് പോലെ ന്യൂ ജനറേഷനിൽ ഡോക്ടർ ആരതി അന്തർജനം എം.ബി.ബി.എസ്, എം.എസ്, എം.സി.എച്ച് . കണ്ണൂർ പഴയങ്ങാടി ഗവർമെന്റ് താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ്സർജൻ.

ആരതിയുമായുള്ള വർത്തമാനങ്ങളിലേക്ക് വർത്തമാനത്തിലെ അന്തർജനത്തിലേക്ക്........ആരതി അന്തർജനത്തിന്റെ പിതാവ് പുല്ലങ്കോട് വിഷ്ണു നമ്പൂതിരി, അന്തർജനത്തിനു പിന്നിലെ കഥ പറഞ്ഞു.

എനിക്കന്ന് വാരണാസിയിൽ ബാങ്ക് ജോലി. അവിടെ കേന്ദ്രീയ വിദ്യാലയത്തിൽ ഒമ്പതാം ക്ലാസുകാരിയാണ് ആരതി. സി.ബി.എസ്.സി റജിസ്ട്രേഷൻ നടപടികൾ ഒൻപതാം ക്ലാസിൽ എത്തുമ്പോഴാണ്. ആരതിയുടെ പേരിൽ ഇനീഷ്യൽ മാത്രം പോരത്രെ. ഞാൻ ആലോചിക്കുന്നതിനു മുമ്പു തന്നെ ക്ലാർക്ക് ഒച്ചവെച്ചു... സാർ സർനേം ലേ ലോ ..

സർനെയിം പറയണമത്രെ.

ആരതി പുല്ലങ്കോട് എന്നായാൽ തൽക്കാലം മതിയാകും. പി. എന്നതിന്റെ എക്സ്പാൻഷൻ. പക്ഷേ, പെൺകൊട കഴിഞ്ഞാൽ വേളി കഴിഞ്ഞ ഇല്ലമല്ലേ സ്വന്തം ഗൃഹം. അപ്പോൾ ആരതി പുല്ലങ്കോട് എന്ന് പേരിടുന്നത് ശരിയല്ല. നമ്മുടെ പാരമ്പര്യവും അതല്ല.

സാർ സർനേം ലേ ലോ..

ആ ക്ളാർക്ക് ബഹളം തുടർന്നു. ആലോചിക്കാൻ സമയമില്ല. പക്ഷേ,ആലോചിക്കാതെ വല്ലതും പറഞ്ഞാൽ പിന്നെ അത് തിരുത്താൻ നടക്കേണ്ടി വരും.

എന്നാൽ പിന്നെ ഗുപ്ത പോലെ ,ദ്വിവേദി പോലെ നമ്പൂതിരി എന്നു പറഞ്ഞാലോ?' ജാതിപ്പേര് ചേർക്കുന്നതാണ് ഉത്തരേന്ത്യൻ രീതി. അതാണ് സർനെയിം . പക്ഷേ, പെൺകുട്ടിയെ നമ്പൂതിരി എന്നു വിളിക്കാമോ ?

എയ് അതും ശരിയല്ല. അപ്പോൾ പിന്നെ എന്തു ചെയ്യും.

സാർ സർനേം ലേ ലോ ..

ആ ക്ളാർക്കിന് ഒട്ടും സമയമില്ല. ആ നാട്ടിൽ സർനെയിം ചോദിച്ചാൽ പറയാൻ ഇത്രയൊന്നും സമയം വേണ്ട. ഇവിടെയിതാ ഒരാൾ സർനെയിം ആലോചിച്ച് സമയം കളയുന്നു. ക്ളാർക്കിന് ശുണ്ഠി വരാൻ തുടങ്ങി.

സാർ സർനേം ലേ ലോ .. അയാൾ അക്ഷമനായി.

ആ നിമിഷത്തിൽ മനസ്സിലേക്ക് ഒരു സർനെയിം ഓടിയെത്തി. ഞാൻ ഉറക്കെ പറഞ്ഞു. ആരതി അന്തർജനം.

അങ്ങനെ ആരതി അന്തർജനമായി.

? ആരതിയുടെ സഹോദരിമാർക്കൊന്നും അന്തർജനം എന്ന് ചേർക്കാത്തത് എന്തുകൊണ്ട് ?

? ദീപയും ശരണ്യയും ഗായത്രിയും ഹൈസ്കൂൾ വിദ്യാഭ്യാസം കേരളത്തിൽ ആയിരുന്നു. ഇവിടെ ഇനീഷ്യൽ ആണല്ലോ സമ്പ്രദായം.അവർക്കൊക്കെ പുല്ലങ്കോടിന്റെ ആദ്യാക്ഷരമായ പി. ചേർത്തു.ഉത്തരേന്ത്യയിൽ പക്ഷേ ഇങ്ങിനെയല്ല. ജാതിപ്പേരും കുലപ്പേരും ഉൾക്കൊള്ളുന്ന സർനെയിം സർക്കാർ സംവിധാനം തന്നെ ആവശ്യപ്പെടുന്നു. അങ്ങിനെ ആരതി .പി ആരതി അന്തർജനമായി. കേരളത്തിൽ എല്ലാം ഒളിച്ചു വെച്ച് ഇനീഷ്യലിൽ ഒതുക്കുമ്പോൾ ഉത്തരേന്ത്യയിൽ ഒരാളുടെ വ്യക്തിത്വം പേരിൽ തെളിയുന്നു

? ആരതിക്ക് എന്തു തോന്നുന്നു. പേരിലെ അന്തർജനത്തെപ്പറ്റി?

? ഇപ്പോൾ വല്യ സന്തോഷം. പേരിൽ തന്നെ ഒരു ഉത്തരവാദിത്തമൊക്കെ വന്ന പോലെ

? അപ്പോൾ പണ്ടോ?

? ഉത്തരേന്ത്യയിലെ വിദ്യാഭ്യാസ കാലത്ത് പേര് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കിയില്ല. അധ്യാപകർ തെറ്റി വിളിച്ചിരുന്നു. അന്തർ എന്നും ജനം എന്നും വേറെ വേറെ ആക്കിക്കൊണ്ട്. ആരതി അന്തർ – ജനം ഇങ്ങനെ. അച്ഛൻ കനറാ ബാങ്കിൽ കേരളത്തിലേക്കു ട്രാൻസ്ഫർ ആയി. എന്റെ പ്ലസ് വൺ പഠനം കേരളത്തിലായി. അപ്പം പ്രശ്നമായി. ഇങ്ങനെയൊരു പേരിട്ടതിന് അച്ഛനോട് ശരിക്കും ദേഷ്യം തോന്നിയിട്ടുണ്ട് അന്നൊക്കെ.

? കളിയാക്കലുകൾ?

? ധാരാളം. സഹപാഠികളും അധ്യാപകരും അന്തർജ്ജനം എന്നു വിളിക്കുന്നതേ ഒരു പരിഹാസത്തോടെയാണെന്ന് തോന്നി ഞാൻ കുറേ വിഷമിച്ചിട്ടുണ്ട്.

? റാഗിംഗ് ?

? ചെറുതായിട്ടെല്ലാം. തലയിൽ

പുതപ്പിച്ച് ( ഷാൾ കൊണ്ട് )മറക്കുട ചൂടുന്നതായി അഭിനയിപ്പിച്ച് അന്തർജ നത്തെ പോലെ സാവധാനം നടത്തിച്ച് ഹോസ്റ്റലിലെ കുട്ടികൾ ആദ്യകാലത്ത് കളിയാക്കുമായിരുന്നു. ഞാൻ ബോൾ ഡായതിനാൽ അതിലൊന്നും പ്രയാ സമുണ്ടായില്ലെന്ന് മാത്രം.

? അന്തർജനം അത്ര അന്തർ ആയി രുന്നില്ല, അല്ലേ?

? ഒട്ടുമല്ല. എല്ലാവരും സങ്കൽപി ക്കുന്ന അന്തർജനത്തിന്റെ രൂപമോ ഭാ വമോ എനിക്കില്ലെന്നതാണ് സത്യം. അവരുടെ സങ്കൽപങ്ങളിൽ കുഴപ്പമു ണ്ടെന്നത് മറ്റൊരു കാര്യം. ഞാൻ അത്ര ഒതുങ്ങിയ ആളല്ല. ഒരുങ്ങുന്ന ആളുമല്ല. എല്ലാവരോടും ഇടപഴകുന്ന പെൺകു ട്ടിയാണ്. ഉറക്കെ സംസാരിക്കും. തീരു മാനങ്ങൾ എടുക്കും .അങ്ങനെ..

? അന്തർജനം എന്ന പേര് തന്നെ വഴക്കുകൾക്ക് കാരണമായിട്ടുണ്ടോ?

? അങ്ങിനെയല്ലെങ്കിലും ചിലതു ണ്ട്. ക്ലാസുകളിൽ അടക്കവും ഒതുക്ക വും ഉള്ള സ്വഭാവക്കാരിയായിരുന്നില്ല ഞാൻ. സംസാരിക്കും. പിൻബെഞ്ചിൽ പോയിരിക്കും.. സർവ്വ കുസൃതികളു മുണ്ട്. എന്നാലോ പരീക്ഷക്ക് മാർക്ക് വരുമ്പോൾ ഒന്നാമതാകും. അപ്പം ചില ടീച്ചർമാർ വഴക്കു പറയുന്നത് ഇങ്ങി നെയാകും. ഒന്നു ല്ലെങ്കില് താനൊരു അന്തർജനമല്ലേ, കുറച്ചു ഡിസിപ്ലിൻഡ് ആയിക്കൂടെ. ബുദ്ധി ഉണ്ട് എന്നതോ ണ്ട് മാത്രം കാര്യല്ല ട്ടോ. എന്നു കൂട്ടി ച്ചേർക്കും.

? ഒഴിവാക്കലുകൾ ,ഒറ്റപ്പെടുത്ത ലുകൾ ?

? അതിപ്പം ഞാൻ സസ്യാഹാരി ആണല്ലോ. അപ്പം പാർട്ടികളിൽ അന്തർ ജനത്തിന് വേണ്ട ട്ടോ എന്ന് പറയും. പുറത്ത് ഓർഡർ ചെയ്യുമ്പോഴൊക്കെ. പക്ഷേ ഞാൻ വിട്ടു കൊടുക്കില്ലല്ലോ. എനിക്കു വേണ്ടെന്നേ ഉള്ളൂ / എനി ക്കു പച്ചക്കറി വേണം ന്നേള്ളൂ എന്നു പറഞ്ഞ് ഞാൻ കൂടെയിരിക്കും. നോൺ കഴിച്ചൂടെ എന്നു നിർബന്ധിക്കും. ഞാൻ ഉറച്ചു നിൽക്കും. ഇപ്പം പ്രശ്ന ങ്ങളില്ല. പറയാതെ തന്നെ എനിക്കു സ്പെഷ്യൽ ഓർഡർ ചെയ്തിരിക്കും. പിന്നെ ചില ഒഴിവാക്കലുകൾ നല്ലതാ ണ്. അന്തർജനത്തിനോട് ലിക്കർ പാർ ട്ടിയെ പറ്റി ആരും പറയില്ലല്ലോ.

? അന്തർജനത്തിന്റെ ഇരട്ടപ്പേര് ?

? കളിയാക്കുമ്പോൾ കൂട്ടുകാർ ബാ ഹർജൻ (അന്തർ X ബാഹർ) എന്ന് മൂർച്ച കൂട്ടും.

? ഭാഷയിലും വേഷത്തിലും അന്തർജനം ആണോ?

? അതിപ്പം നമ്പൂരിഭാഷയും ഇല്ല ത്തെ സംസ്ക്കാരവും അറിയാതെയാ ണെങ്കിൽ പോലും കടന്നു വരുമല്ലോ.

*അച്ഛൻ വിഷ്ണു നമ്പൂതിരിയും അമ്മ ഗൗരിയും*



**ഇല്ല എന്നതിന് ഇല്ല്യ എന്നാവും ഞാൻ എപ്പോഴും പറയുക. കടിച്ചു എച്ചിലാക്കി തിന്നുന്നതിന് പകരം പഴം കൈ കൊണ്ട് മുറിച്ചു തിന്നെന്നു വരും.**

ഉദാഹരണമായി ഇല്ല എന്നതിന് ഇല്ല്യ എന്നാവും ഞാൻ എപ്പോഴും പറയുക. കടിച്ചു എച്ചിലാക്കി തിന്നുന്നതിന് പക രം പഴം കൈ കൊണ്ട് മുറിച്ചു തിന്നെ ന്നു വരും. പിന്നെ വേഷം. ഞാൻ ഒരു സർജൻ ആയതിനാൽ ജോലി ചെയ്യുന്ന തിനു സൗകര്യമുള്ള വേഷങ്ങളൊക്കെ ഉപയോഗിക്കും. മോഡേൺ/ എത്നിക് എന്നതല്ല വേഷത്തിൽ അടിസ്ഥാനമാ ക്കുന്നത് എന്നർത്ഥം..

? അന്തർജനം എന്ന പേര് മുറിച്ചു കളയാൻ ആരതി .പി എന്നാക്കാൻ തോ ന്നിയിട്ടുണ്ടോ?

? ഇല്ല്യ ഒരിക്കലുമില്ല്യ. എന്നു മാത്രമല്ല, ഇപ്പോൾ അതൊരു യുനീക് പേര് ആയി തോന്നുന്നു.. അങ്ങനെ വേ റൊരാൾ ഇല്ലാത്തതിനാൽ മറ്റു ഡോ ക്ടർമാരും പ്രൊഫസർമാരും ആരതി എന്നല്ല അന്തർജനം എന്നേ എന്നെ വിളിക്കാറുള്ളൂ.

? എതൊരാളും ആഗ്രഹിക്കുന്ന നേട്ടങ്ങൾ ആരതി സ്വന്തമാക്കിയല്ലോ. പ്രത്യേക കോച്ചിംഗിന് പോകാതെ എം.ബി.ബി.എസ്. സെലക്ഷൻ ,അതും കോഴിക്കോട് മെഡിക്കൽ കോളേജിൽ. തുടർന്ന് സർജറിയിൽ മാസ്റ്റർ ബിരുദം. അതിന്റെ പുറമേ സൂപ്പർ സ്പെഷ്യാലി റ്റി കോഴ്സുകൾക്ക് സർജറിയിലും പി.എച്ച്.ഡിക്കു തുല്യമ ായ എം.സി.എച്ച് സെലക്ഷൻ, അതും ഒന്നാം റാങ്കോടെ.... ഈ അന്തർജനത്തിന്റെ പിന്നിലായിരു ന്നു എല്ലാരും എന്നർത്ഥം.. താൽപര്യമു ള്ളതേതും തൊറാസിക് സർജറിയോ, പ്ലാസ്റ്റിക് സർജറിയോ വേണ്ടതെന്ന് തെരഞ്ഞെടുക്കാവുന്ന അതുല്യനേട്ടം.. അന്തർജനമായതുകൊണ്ടാണ് ഇത്രയും കഠിനാധ്വാനം ചെയ്ത് നേട്ടങ്ങൾ കൊ യ്തതെന്നു ഞാൻ പറഞ്ഞാൽ?

? അന്തർജനം എന്നു പേരിൽ ഇല്ലെ ങ്കിൽ ഇതൊന്നും കിട്ടില്ലെന്നാണോ.അ ങ്ങിനെ ഞാൻ കരുതുന്നില്ല. എന്നിലെ നമ്പൂരിക്കുട്ടിയും ജീനിൽ കോഡ് ചെയ് ത കഴിവുകളും ഈശ്വരാനുഗ്രഹങ്ങളും അല്ലെങ്കിലുമുണ്ടാവുമല്ലോ. പിന്നെ ഒരു കാര്യമേ ഉള്ളു. അധ്വാനിച്ചാൽ ഫലം ഉണ്ടാകും , ആർക്കും. ഇനി ഒന്നുകൂടി സൂക്ഷ്മമായി ചിന്തിച്ചാൽ അന്തർജനം എന്ന് വിളിക്കപ്പെടുമ്പോൾ ( സർജറി ക്ലാസിൽ ,ഇൻറർവ്യൂവിൽ ) ഒരു കൂടി യ ഉത്തരവാദിത്തം , ക്ഷീണമില്ലാതെ പ്രവർത്തിക്കാനുള്ള ശക്തി എനിക്കു ലഭിച്ചിട്ടുണ്ടാകാം. സഹപ്രവർത്തകരും രോഗികളും ആരതി അന്തർജനത്തോട് ഇഷ്ടവും ബഹുമാനവുമുള്ള ഒരടുപ്പം കാ ണിക്കുന്നതായി തോന്നിയിട്ടുണ്ട്..

? സാധാരണയായി പെൺകുട്ടികൾ തെരഞ്ഞെടുക്കാത്ത സർജറി സ്പെഷ്യ ലൈസേഷൻ ഉറപ്പിച്ചു തീരുമാനിച്ചത് അന്തർജനം എന്ന പേരിന്റെ ,നമ്പൂരിത്ത ത്തിന്റെ ശക്തി കാരണമല്ലേ?

? ഇല്ലെന്നോ ഉണ്ടെന്നോ പറയാൻ ഞാനില്ല. സ്ത്രീകൾക്കു പറ്റിയ മേഖലയ ല്ല സർജറി എന്ന് കോട്ടയം മെഡിക്കൽ കോളേജിൽ എം.എസിന് ജോയിൻ ചെയ്യാൻ പോയപ്പോൾ പ്രിൻസിപ്പാളും സീനിയർ അധ്യാപകരും ശക്തമായി ഉപദേശിച്ചിരുന്നു. ചിന്തിച്ചു തന്നെയാണ് ഞാൻ തീരുമാനമെടുക്കാറ്. കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിച്ച് തീരുമാനിക്കും. ഒന്നു തീരുമാനിച്ചാൽ അതിനായി കഠിനാധ്വാനം ചെയ്യാനും എനിക്ക് ക ഴിയാറുണ്ട്. പിന്നീട് എന്നെ കോളേജിൽ കാണുമ്പോഴും തുടർന്ന് അതിന്റെ പി. എച്ച്.ഡിക്ക് സെലക്ഷൻ കിട്ടിയപ്പോഴും ഏറ്റവും സന്തോഷം കാണിച്ചതും ഇതേ പ്രൊഫസർമാരാണ്. പൂർണാർപ്പണത്തോ ടെ ഏറ്റെടുത്ത ജോലിയിൽ മുഴുകുക, അത്രയേ വേണ്ടൂ.

? ഇതാണാരതിയുടെ അന്തർജന ത്വം എന്നു വിശേഷിപ്പിച്ചാലോ?

? അതു നല്ല രസം ണ്ട്. കടുത്ത വ ഴികൾ തെരഞ്ഞെടുക്കുന്നതിൽ അന്തർ ജനത്വം. ഇനി വേറൊരു കാര്യം. ഈ അന്തർജനം എന്നു വെച്ചാൽ എകവച നവും ബഹുവചനവും ആണ് . വിവിധ ടാസ്കുകൾ ഏറ്റെടുത്ത് വിശ്രമമില്ലാതെ നടത്തി ഒരേ സമയം പലരുടേയും ജോലി ചെയ്യുക. അങ്ങനെ നോക്കിയാൽ പഴയ അന്തർജനങ്ങളുമായി താരതമ്യം ചെയ് താൽ ഞാൻ ഒന്നുമല്ല. അവർ എല്ലാറ്റി നും ഊർജമായി ചാലക ശക്തിയായി ഒരിക്കലും വേദിയിൽ പ്രത്യക്ഷപ്പെടാ തെ നിന്നു. യഥാർത്ഥമായ നിഷ്ക്കാമ കർമ്മം..

?ആരതി ബഹുമാനിക്കുന്ന ഒരു അന്തർജനത്തിന്റെ പേരു പറയാൻ പറ ഞ്ഞാൽ ?

?എന്റെ അമ്മ.. എല്ലാം ത്യജിച്ച് ഒരർ ത്ഥത്തിൽ സെൽഫ് ലെസ് സാക്രിഫൈ സ് . ഞങ്ങളോരോരുത്തർക്കും വേണ്ടി...

?റോൾ മോഡൽ ?

?എന്റെ വീക്ഷണത്തിൽ എല്ലാവരും വ്യത്യസ്തരും സ്വപ്രയത്നം കൊണ്ട് കർമരംഗത്ത് കഠിനാധ്വാനത്തിന്റെ പാ ത കാണിക്കേണ്ടവരുമാണ് . അപ്പോൾ റോൾ മോഡൽ എന്നു പറയുന്നതിൽ കാ ര്യമില്ല. എന്റെ കാര്യത്തിൽ അച്ഛനൊരു വലിയ റോൾ ഉണ്ട്. അച്ഛന്റെ കാഴ്ചപ്പാട് , മറ്റാർക്കും പെട്ടെന്നു മനസ്സിലാകാത്ത ആശയങ്ങൾ, എല്ലാം വളരെ വ്യത്യസ്ത മാണ്. ഒന്നും അസാധ്യമാണ് എന്നച്ഛൻ പറയാറില്ല. സാധ്യമാണെന്ന് വാശി പി ടിക്കുകയുമില്ല. പക്ഷേ കാണിച്ചു തരും.

ആദ്യം എനിക്ക് പേര് നൽകി. അന്നാ പേര് അച്ഛന്റെയായിരുന്നു.പി ന്നെയാണ് എനിക്കത് എന്റെ പേരായി തോന്നിയത്. അന്തർജനം എന്ന പേ രിനെ ആര് കളിയാക്കിയാലും അച്ഛൻ എന്നും അതിൽ അഭിമാനിച്ചു. നോക്കൂ ആരതി എന്നു പോരാ ഡോക്ടർ ആരതി അന്തർജനം എന്ന് തന്നെ വേണമെ ന്ന് അച്ഛൻ അന്നേ ചിന്തിച്ചിട്ടുണ്ടാവാം. അച്ഛൻ, ഞങ്ങൾ മക്കൾക്കു തന്ന വല്ലാ ത്തൊരു ശക്തിയും പിന്തുണയും വില മതിക്കാൻ പറ്റാത്തതാണ്.

? ആരതിയുടെ ഏറ്റവും വലിയ കൂ ട്ടുകാരൻ ? ഉദ്ദേശിക്കുന്നത്, അന്തർജ നത്തിന്റെ സംസ്കാരം മുറുകെ പിടിച്ച് പ്രവൃത്തി പഥത്തിൽ തളരാതെ മുന്നോ ട്ടു പോകാൻ ശക്തിയായ സുഹൃത്ത്' എന്നാണ്..

? എനിക്കൊപ്പം എല്ലാ കഷ്ടപ്പാടു കളും സഹിച്ച് കൂടെ നിന്ന എന്റെ ജീ വിത പങ്കാളി. രാകേഷേട്ടൻ... പയ്യന്നൂർ മാങ്കുളം ഇല്ലം.. തളിപ്പറമ്പ് ആർട്സ് & സയൻസ് കോളേജിൽ ഫിസിക്സ് ഡി പ്പാർട്ടുമെന്റിൽ പ്രൊഫസർ ,എച്ച്. ഒ. ഡി.



ദീ, ശരു, ഗായു, (ദീപ, ശരണ്യ, ഗായത്രി. ആരതിയുടെ സഹോദരിമാർ )

**മറക്കുട ചൂടുന്നതായി അഭിനയിപ്പിച്ച് അന്തർജനത്തെ പോലെ സാവധാനം നടത്തിച്ച് ഹോസ്റ്റലിലെ കുട്ടികൾ ആദ്യകാലത്ത് കളിയാക്കുമായിരുന്നു.**

ഞാൻ കോട്ടയത്ത് പി.ജിക്കു പഠിക്കു മ്പോഴായിരുന്നു വിവാഹം. ബാക്കി 2 വർഷം കൂടി എം.എസ് കഴിയാൻ. അതു കഴിഞ്ഞ് 3 വർഷം കോഴിക്കോട് മെഡി ക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറിയിൽ എം.സി.എച്ച്. എന്റെ മോഹങ്ങൾക്കനുസ രിച്ച് കോഴ്സ് തെരഞ്ഞെടുക്കാൻ ,അത് പൂർത്തിയാക്കാൻ എല്ലാം രാകേഷേട്ടന്റെ കലവറയില്ലാത്ത സപ്പോർട്ട് ഒന്നുകൊ ണ്ടു മാത്രമായിരുന്നു..

?അന്തർജനത്തിന്റെ ജോലിയിൽ കോംപ്രമൈസ് ചെയ്യാൻ രാകേഷ് സഹാ യിച്ചു എന്നാണോ?

? കോംപ്രമൈസോ. അതിനല്ലല്ലോ നമ്മുടെ ബന്ധങ്ങൾ. കരിയറിലും കുടും ബിനി / അന്തർജനം എന്ന നിലയിലും നൂറു ശതമാനം ആത്മാർത്ഥതയോടു കൂടി പ്രവർത്തിക്കുക എന്നതാണ് എ ന്റെ ആശയം. രാകേഷേട്ടൻ എതിർത്തി രുന്നെങ്കിൽ ഞാൻ കോഴ്സിന് പോ കില്ല .അവിടെ ഞാൻ കരിയറിനെയോ അന്തർജനത്തെയോ പകുതി തള്ളേണ്ടി വരും. അതെനിക്കു പറ്റില്ല. മുജ്ജന്മസു കൃതം എന്നു തന്നെ പറയാം ,രണ്ടും ഒരേ സമയം കൊണ്ടുപോകാനാണ് ഞങ്ങൾ ഒന്നിച്ചു തീരുമാനിച്ചത്. ഇന്നും സമയമോ സ്ഥലമോ നോക്കാതെ രാ പ്പകൽ ജോലി ചെയ്യാൻ പറ്റുന്നത് ആ മനസ്സിലാക്കലും അതിൽ നിന്നുണ്ടായ ശക്തമായ മുൻ പിൻ തുണയുമാണ്...

? എടുത്ത തിങ്കളാഴ്ച നോൽമ്പു കൾ, വ്രതങ്ങൾ ,നല്ല മാംഗല്യത്തിന്റെ ക്രെഡിറ്റ് ഇവക്ക് നൽകാമോ ?

? ചിട്ടയായ പ്രാർത്ഥനകൾ കൃത്യമാ യ സമയത്ത് എനിക്കില്ല. ജോലിയുടെ / ക്ലാസിന്റെ അനിശ്ചിതത്വമാവാം കാര ണം. പ്രാർത്ഥിക്കും ,എന്നും എപ്പോഴും. മാനവസേവ തന്നെയല്ലേ മാധവസേവ. പിന്നെ മന്ത്രങ്ങൾ. നിത്യമായി അമ്മക്ക് വേണ്ടി ആസ്താന്താവദീയം... പിന്നെ എന്നും ദേവീമാഹാത്മ്യം ചൊല്ലും. കൂ ടെത്തന്നെ ദേവി ഉണ്ടെന്നറിയാം ,അതി നാൽ മറ്റു ടെൻഷനുകൾ ഇല്ല.

? ഡ്യൂട്ടിയിൽ ,ഓപ്പറേഷൻ തിയേറ്റ റുകളിൽ അന്തർജനം ടെൻഷനടിക്കാ റുണ്ടോ ?

? ഒട്ടുമില്ല എന്നു പറഞ്ഞാൽ അ ത് തെറ്റാവും. എന്നാലും കാര്യമായി ടെൻഷൻ ഉണ്ടാവാറില്ല.. മനസ്സ് ശാന്ത മായിരിക്കും..

? ആരതിയുടെ ഏറ്റവും അടുത്ത കൂട്ടുകാരികൾ ?

? ദീ, ശരു, ഗായു, (ദീപ ,ശരണ്യ, ഗാ യത്രി .. ആരതിയുടെ സഹോദരിമാർ )

? ആരതി അന്തർജനത്തിന്റെ പേ ര് ഇംഗ്ലീഷിൽ എഴുതുന്നത് Aarathi Antharjanam എന്നാണ്.. കരിയറിൽ, കുടുംബിനിയിൽ, നന്മയിൽ അന്തർജ നത്തിന്റെ ആദ്യാക്ഷരം കൂടി ചേർന്ന് എ ട്രിപ്പിൾ പ്ളസ് ആയി എന്നു പറ ഞ്ഞാൽ ?

? അച്ഛൻ ന്യൂമറോളജി രഹസ്യങ്ങൾ അനുസരിച്ചാണത്രെ Arathi എന്നതു പോരാതെ Aarathi എന്ന് പേരിട്ടത്... ഇപ്പം എന്നെ അന്തർജനം ന്നാട്ടോ എല്ലാരും വിളിക്കുന്നത്.. അതിൽ ആ ആരതി ഉൾച്ചേർന്നിരിക്കുന്നു.. അച്ഛന്റെ ക്രാന്തദർശിത്വം തന്നെയാണെന്നു വി ശ്വസിക്കാനാണ് എനിക്കിഷ്ടം..

? ആരതീ, അന്തർജനത്തിനുള്ളിൽ ഞങ്ങളോട് പറയാൻ ഇനി എന്തെങ്കി ലും?

? ഉണ്ട് ട്ടോ... ഞാനിപ്പോൾ 7 മാസം ഗർഭിണിയാണ്........

ഒരു കുസൃതിപ്പുഞ്ചിരിയോടെ ഡോ ക്ടർ ആരതി അന്തർജനം അകത്തമ്മ തന്നെയായി.

●

**സുഭദ്രയുടെയും അർജുനന്റെയും മറ്റും കാലത്ത് മൊബൈൽ ഫോണും വാട്ട്സ് അപ്പും ഉണ്ടായിരുന്നെങ്കിൽ എങ്ങനെയാവും കാര്യങ്ങൾ. സാങ്കല്പികമായ ആ സന്ദർഭത്തെ കഥനം ചെയ്യുകയാണ് ഡോ. ഹീരാ നമ്പൂതിരി**

# സുഭദ്രാധനഞ്ജയം 4G

''അർജന്റ് മീറ്റിംഗ് അറ്റ് മൈ ഓഫീസ് റൂം.'' ഫാമിലി ഗ്രൂപ്പിൽ വല്യേട്ടന്റെ പോസ്റ്റ്. എന്താണാവോ അർജന്റ് ? എന്ത് തീരുമാനിച്ചാലും വിവരം ചോർത്തിത്തരാൻ കണ്ണേട്ടനുണ്ടല്ലോ, അതുമതി.

എന്നാലും ...?

വാട്ട്സ് അപ് ഗ്രൂപ്പിലൊന്നും ചേരരുതെന്നും സ്വയംവരം കഴിയും മുമ്പ് എഫ് ബിയിൽ ഫോട്ടോസ് അപ്‌ലോഡ് ചെയ്യരുതെന്നും നിബന്ധന വച്ചാണ് വല്യേട്ടൻ ഫോൺ വാങ്ങിത്തന്നത്. എന്നാലും ഗോപികമാരുടെ ഗ്രൂപ്പിൽ ചേർന്നിട്ടുണ്ട്. ആ ഗ്രൂപ്പിലൊന്നും ഒരു വാർത്തയുമില്ല.

എഫ് ബിയിൽ നോക്കാം.

ഇല്ല ഒന്നുമില്ല. അർജുന്റെ പോസ്റ്റുകൾ പോലും. ഒരു ഗുഡ് മോണിംഗ്.അല്ലെങ്കിൽ ഗുഡ് നൈറ്റ്. അത്രയൊക്കയേ അർജുൻ പോസ്റ്റ് ചെയ്യാറുള്ളൂ. വാട്ട്സ് അപ്പിലും വരാറുണ്ട്. അർജുന് ഒരല്പം സോഫ്റ്റ്കോർണർ ഉള്ള പോലെ തോന്നീട്ടുമുണ്ട്. അതവിടെ നിൽക്കട്ടെ. സ്വയംവരത്തിന് സമയമാവുമ്പം നോക്കാം.

എന്നാലും ഇയ്യിടെയായി ഒരു വിവരവുമില്ലല്ലൊ. അല്ലല്ല,വിവരമുണ്ട്.ഫോണല്ലേ ചിലച്ചത്. മെസ്സേജാവും നോക്കാം.

ഇതേതാ അറിയാത്തൊരു നമ്പർ? ശ്രീകൃഷ്ണന്റെ പെങ്ങൾക്ക് മെസ്സേജ് വിടാൻ മാത്രം ധൈര്യമുള്ള ആൾ ? പ്രൊഫൈൽ പിക്ചർ നോക്കാം. അമ്പടാ ദുര്യൂ. ആള് കൊള്ളാലോ. ഏതെങ്കിലും തോഴിമാരിൽ നിന്ന് നമ്പർ സംഘടിപ്പിച്ചതാവും. നമ്പർ കൊടുക്കാതെ രക്ഷപ്പെട്ട് നടക്കുകയായിരുന്നു ഇത്രയും കാലം.

ബന്ധം നോക്കിയാൽ അർജുനും ദുര്യുവും ഒരു പോലെയാണ്. പക്ഷേ, തനി ലമ്പടനാണ് ദുര്യു. തോഴിമാർ പറയുന്ന കഥ കേട്ടാൽ അറയ്ക്കും. മാത്രമല്ല, എന്തും



ചെയ്യാൻ മടിക്കാത്തവൻ. ഭീമേട്ടനെ ഗംഗയിൽ കെട്ടിത്താഴ്ത്തി. ഏട്ടന്മാരെ അരക്കില്ലത്തിൽ ചുട്ടു കൊല്ലാൻ നോക്കി. ദുഷ്ടനാണ്. എന്നാലോ, പെണ്ണുങ്ങളെ കാണുമ്പോൾ വല്ലാത്ത ഒരിളക്കവും.

ഒരു മെസേജ് കണ്ടില്ലേ ? ഹായ് സ്വീറ്റ് ഹാർട്ട് എന്ന്. അങ്ങനെപ്പം ഹാർട്ട് സ്വീറ്റാക്കണ്ട. ഡിലീറ്റ് ചെയ്യാം.

കിടന്നിട്ട് ഉറക്കം വരുന്നില്ല സുഭദ്രയ്ക്ക്. ബൽറാമേട്ടന്റെ ഓഫീസിൽ കാര്യമായെന്തോ മീറ്റിംഗ് നടക്കുന്നുണ്ട്. കലങ്ങിയ കണ്ണുമായി അമ്മ അവിടെ നിന്ന് ഇറങ്ങിപ്പോയത് കണ്ടു. ഇപ്പോഴിതാ കണ്ണേട്ടനെയും ഓഫീസിലേക്ക് വിളിപ്പിച്ചിരിക്കുന്നു.

അവിടെ എന്തോ കാര്യമായ മീറ്റിംഗ് തന്നെയാണ്. സ്വയംവരത്തെ



**ഡോ. ഹീരാ നമ്പൂതിരി**

മഞ്ചേരി കരിക്കാട് പാലശ്ശേരി മനയിലെ ഡോ. സഞ്ജുവിന്റെ പത്നി.ആരോഗ്യവകുപ്പിൽ അസിസ്റ്റൻറ് സർജൻ ആയി ജോലി ചെയ്യുന്നു. അമൃത ടീവി നടത്തിയ റിയാലിറ്റി ഷോയായ വനിതാരത്നത്തിലെ വിജയി. കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ കലാതിലകം. മോഹിനിയാട്ടം, നങ്ങ്യാർ കൂത്ത് എന്നിവ വേദികളിൽ അവതരിപ്പിക്കാറുണ്ട്.

●

പ്പറ്റിയാണെങ്കിലോ ?

സുഭദ്ര വല്യേട്ടന്റെ ഓഫീസിനടുത്ത് പോയി നോക്കി. ശരിയാണ് സംസാരം അതു തന്നെയാണ്.

കണ്ണാ എത്ര പറഞ്ഞിട്ടും എന്റെ തീരുമാനത്തിൽ അച്ഛനുമമ്മയ്ക്കും ഒരു തൃപ്തിതില്ലാത്ത പോലെ. സുഭദ്രയെ നീ തന്നെ വേണം പറഞ്ഞു മനസ്സിലാക്കാൻ. ആ ദുര്യോധനന് എന്താ ഒരു കൊറവ്. പണത്തിന് പണം, സൗന്ദര്യത്തിന് സൗന്ദര്യം. പിന്നെ അയാളായിട്ട് ഇങ്ങോട്ട് കൊണ്ടു വന്ന ആലോചനയുമാണ്. ഇപ്പഴത്തെ പെൺകുട്ടികളാണ്. എപ്പഴാ വല്ല ദുർബുദ്ധീം തോന്ന് ആ എന്ന് പറയാൻ പറ്റില്ല. നല്ല ആലോചന വരുമ്പം തള്ളിക്കളയരുത്.

അപ്പം അതു തന്നെ കാര്യം. ആ ദുര്യു വല്യേട്ടനെയും പാട്ടിലാക്കിയിരിക്കുന്നു. കശ്മലൻ. ഇനിയിപ്പം

വല്യേട്ടന്റെ ദൂതുമായി കണ്ണേട്ടന്റെ വരവുണ്ടാവും. വേണ്ട. അയാളെപ്പറ്റി ഒന്നും കേൾക്കണ്ട. സുഭദ്ര വേഗം അന്തഃപ്പുരത്തിൽ ചെന്ന് ഉറക്കം നടി ച്ച് കിടന്നു.

പുറത്ത് കാൽപ്പെരുമാറ്റം കേട്ടു. അതേ കണ്ണേട്ടൻ തന്നെ.

കലങ്ങിയ കണ്ണുമായി സുഭദ്ര വാതിൽ തുറന്നു.

'' എല്ലാം ഞാൻ കേട്ടു. കണ്ണേ ട്ടനും അമ്മമാരും അച്ഛനുമൊക്കെ മുമ്പേ പറയാറുണ്ടല്ലോ അർജ്ജുനേട്ട നും ഞാനുമായാണ് ചേർച്ചയെന്ന്. എ ഫോർ അർജ്ജുൻ , ബി ഫോർ ബൽറാം എന്നൊക്കെയല്ലേ എന്നെ പ്പഠിപ്പിച്ചത്. എന്നിട്ടിപ്പോൾ .... എല്ലാ രും കൂടി.''

'' ഡി ഫോർ ദുര്യു എന്നും നിന്നെ പഠിപ്പിച്ചിരുന്നു.'' ശ്രീകൃഷ് ണൻ പ്രകോപിപ്പിച്ചു.

'' ഡി ഫോർ ഡോഗാണ്.'' അ വൾക്ക് ദേഷ്യം വന്നു.

''നമുക്ക് വഴിയിണ്ടാക്കാം'' ആശ്വസിപ്പിക്കാൻ അങ്ങനെ പറഞ്ഞെങ്കിലും കൃഷ്ണനും വിഷമ മായി. കുറച്ചു ദിവസമായി അർജ്ജുൻ ഔട്ട് ഓഫ് റേഞ്ച് ആണ്. ആകെയു ള്ള വിവരം ആ കിരാതമൂർത്തി വാ ട്ട്സ് അപ്പിലിട്ട കുറച്ചു ഫോട്ടോസാ ണ്. അതാണെങ്കിൽ കുറെ മുറിവും ചതവുമൊക്കെയായി ആകപ്പാടെ ബാറ്ററി ഡൗൺ ആയപോലെ. സുഭ ദ്രയെങ്ങാൻ ആ ഫോട്ടോ കണ്ടാൽ അവളാകെ തകരും. എന്തായാലും അർജ്ജുനെപ്പറ്റി വിവരം തിരക്കണം. കൃഷ്ണൻ ഗുഡ്നൈറ്റ് പറഞ്ഞ് മടങ്ങി.

ഉറക്കത്തിലെപ്പഴോ ഫോൺ ശബ്ദിച്ചപ്പോൾ സുഭദ്രയ്ക്ക് ശുണ്ഠി വന്നു. ആ ദുര്യുവാകും.ഇനി ബ്ളോ ക്ക് ചെയ്യുകയേ നിവൃത്തിയുള്ളൂ.

പക്ഷേ, അർജ്ജുന്റെ മെസ്സേജായി രുന്നു.

''ഹായ്'' പക്ഷേ, പ്രൊഫൈൽ പിക്ചറിൽ ഏതോ സന്യാസി.

''ഹായ്'' തിരിച്ചും അയച്ചു.

''റീച്ച്ഡ് അറ്റ് പ്രഭാസ തീർ ത്ഥം'' വീണ്ടും അർജ്ജുൻ.

''ഓ ഗുഡ്'' അല്ലാതെന്തു പറ യും.

''ഗോയിംഗ് ബാക്ക് ടുമോറോ. വിഷ് യു എ ഹാപ്പി മാരീഡ് ലൈ ഫ്''. ഇവിടെ മാരേജ് ചർച്ച നടക്കു ന്നതെല്ലാം അറിഞ്ഞിരിക്കുന്നു. എന്നാലും ഇങ്ങനെ വിഷ് ചെയ്യാൻ തോന്നീലോ. സുഭദ്രയ്ക്ക് സങ്കടം തോന്നി.

''താങ്ക് യൂ. ഹാപ്പി ആയിരിക്കു മെന്ന് നിശ്ചയിച്ചൂല്ലേ'' സുഭദ്ര പരി

**ഉറക്കത്തിലെപ്പഴോ ഫോൺ ശബ്ദിച്ചപ്പോൾ സുഭദ്രയ്ക്ക് ശുണ്ഠി വന്നു. ആ ദുര്യുവാകും. ഇനി ബ്ളോക്ക് ചെയ്യുകയേ നിവൃത്തിയുള്ളൂ. പക്ഷേ, അർജ്ജുന്റെ മെസ്സേജായിരുന്നു.**

ഭവം കുറിച്ചു.

''അങ്ങനെയല്ലേ എല്ലാവരും കൂടി നിശ്ചയിച്ചത്.'' അസ്ത്രം വില്ലിൽ നിന്ന് മാത്രമല്ല വാട്ട്സ് അപ്പിൽ നിന്നും തൊടുക്കാനറിയാം പാർത്ഥന്.

''എന്ന് എല്ലാവരും നേരിട്ട് അറിയിച്ചതാണോ'' സുഭദ്ര വിട്ടു കൊടുത്തില്ല

''എന്നെ ആരും ഒന്നും അറി യിച്ചില്ല'' അർജ്ജുനും അർത്ഥം വച്ച് പറഞ്ഞു.

അപ്പോൾ അതാണ് കാര്യം. ചങ്ക് ബ്രോ കണ്ണൻ പോലും വിവ രമറിയിച്ചില്ല. ദുര്യുവിനെ കെട്ടാൻ സുഭദ്ര സമ്മതിച്ചു എന്നു ധരിച്ചു കാണും. സുഭദ്രയ്ക്ക് കാര്യം പിടി കിട്ടി.

''കണ്ണട്ടൻ വിളിച്ചിരുന്നതായി പറഞ്ഞു. ഫോൺ കവറേജിനു പുറ ത്താണ് എന്നും പറഞ്ഞു. തിരിച്ചു വിളിച്ച് നോക്കൂ'' മറുപടി അയച്ച ശേഷമാണ് സമാധാനമായി ഉറങ്ങി യത്.

അതിരാവിലെ വല്യേട്ടനായ ബൽറാമാണ് വിളിച്ചുണർത്തിയത്. കാര്യപ്പെട്ട എന്തെങ്കിലും ഉണ്ടാവും.

**നാളുകൾപലതു കഴിഞ്ഞു. ചാറ്റിംഗ് മാത്ര മാണ്. ആശ്വാസം. ആള് മുന്നിലുണ്ടായിട്ടും ഒന്ന് മിണ്ടിപ്പറയാൻ പറ്റാത്ത അവസ്ഥ. തോഴിമാരാണെങ്കിൽ വിട്ടു പോവുന്നുമില്ല. മാത്രമല്ല ചുറ്റിലും കാമറക്കണ്ണുകളും. സ്വകാര്യമായി ഒന്നും വയ്യ.**

''കുട്ടീ പ്രഭാസ തീർത്ഥത്തിൽ ഒരു മഹായോഗി വന്നിട്ടുണ്ടത്രെ. എന്തായാലും നന്നായി. വിവാഹ ത്തിന് അദ്ദേഹത്തിന്റെ അനുഗ്രഹ മുണ്ടാവുമല്ലൊ. നീ തന്നെ വേണം അദ്ദേഹത്തെ പരിചരിക്കാൻ.'' ബൽറാം പറഞ്ഞു.

''അതു വേണോ ഏട്ടാ. യോഗി യാണെങ്കിലും ചെറുപ്പമാണ്. ഇപ്പോ ഴത്തെ സന്യാസിമാരെ അല്ലെങ്കിലേ വിശ്വസിക്കാൻ വയ്യ.'' കൃഷ്ണൻ പുറമെയ്ക്ക് എതിർപ്പ് പ്രകടിപ്പിച്ചു. സുഭദ്രയ്ക്കാണെങ്കിൽ ആ യോഗി അർജ്ജുനാണെന്ന് ഉറപ്പുണ്ടായിരു ന്നു. രാത്രി മെസേജ് നോക്കാൻ തോന്നിയത് നന്നായി.

ബൽറാം തീർത്തു പറഞ്ഞു. ഇദ്ദേഹം അങ്ങനത്തെ ആളല്ല. സുഭ ദ്ര പോവട്ടെ. തോഴിമാരുമുണ്ടല്ലൊ. യോഗീശ്വരന്മാരുടെ അനുഗ്രഹം വളരെ നല്ലതാണ്.

പ്രഭാസത്തിലെത്തി യോഗിയെക ണ്ടതും തോഴിമാർക്ക് എന്തോ ഒരു സംഭ്രമം.

''എവിടെയോ കണ്ടതു പോ ലെ.'' ഒരുത്തി.

''ആ അർജ്ജുന്റെ എഫ് ബി പ്രൊ ഫൈലുമായി നല്ല സാമ്യണ്ട് ട്ടോ'' മറ്റൊരുത്തി. ചിലർക്ക് കൂടെ നിന്ന് സെൽഫിയെടുക്കണം. ''സന്യാസി ആയത് കഷ്ടായി എന്താ ഗ്ളാമർ.'' മറ്റൊരുത്തിയുടെ കമന്റ്.

''ശ്. ശബ്ദമുണ്ടാക്കാതെ പുറത്തു പോവൂ. ധ്യാനത്തിന് വിഘ്നമു ണ്ടായാൽ അതു മതി ശപിക്കാൻ.'' സുഭദ്ര സൂത്രത്തിൽ അവരെ പുറ ത്താക്കി. ആ പ്രൊഫൈൽ പിക്ചർ ഉടനെ മാറ്റാൻ പറയണം.അല്ലെങ്കിൽ കള്ളി പുറത്താവും. സുഭദ്ര കരുതി.

ധ്യാനത്തിലിരിക്കുന്ന അർജ്ജുന്റെ ഫോണിലേക്ക് മെസേജ് അയച്ചു.

''ബിവേർ ഓഫ് തോഴി.''

''ഓ.കെ'' സന്യാസിയുടെ മറു പടി. അല്പസമയം കഴിഞ്ഞപ്പോൾ പ്രൊഫൈൽ ചിത്രം മാറി. പ്രഭാസ തീർത്ഥത്തിന്റെ ദൃശ്യം.അതു മതി. കുഴപ്പമില്ല.

നാളുകൾ പലതു കഴിഞ്ഞു. ചാ റ്റിംഗ് മാത്രമാണ്. ആശ്വാസം. ആള് മുന്നിലുണ്ടായിട്ടും ഒന്ന് മിണ്ടിപ്പറ യാൻ പറ്റാത്ത അവസ്ഥ. തോഴിമാ രാണെങ്കിൽ വിട്ടു പോവുന്നുമില്ല. മാത്രമല്ല ചുറ്റിലും കാമറക്കണ്ണുക ളും. സ്വകാര്യമായി ഒന്നും വയ്യ.

ആർക്കാണ് ഇങ്ങനെ മെസേജ് അയക്കുന്നത്. ഒരുത്തി ചോദിച്ചു.

ദുര്യുവിന്. സുഭദ്ര ശങ്ക കൂടാ തെ പറഞ്ഞു. ദുര്യുവുമായി ചാറ്റാൻ വല്യേട്ടന്റെ പെർമിഷനുണ്ട്. തോഴി

കണ്ണു കൊണ്ട് എന്തോ മുദ്ര കാട്ടി മാറി നിന്നു.

ദിവസങ്ങൾ കഴിഞ്ഞു. രൈവതക ദ്വീപിൽ മഹാദേവ പൂജക്ക് സമയമായി. പന്ത്രണ്ട് നാളാണ് പൂജ. എല്ലാവരും അങ്ങോട്ട് പോവേണ്ടതുണ്ട്.

''ആ യോഗിയെ പറഞ്ഞു വിട്ടേക്കാം. എല്ലാവരും പൂജയ്ക്ക് പോവുമ്പോൾ അയാളിവിടെ കറങ്ങി നടക്കുന്നത് ശരിയാവില്ല'' കൃഷ്ണൻ പറഞ്ഞു. ബൽറാമിനെ താൻ ഉദ്ദേശിച്ച തീരുമാനത്തിലേക്ക് എത്തിക്കാൻ കണ്ണനറിയാം.

അതു തന്നെ നടന്നു.

''അതു ശരിയല്ല കണ്ണാ. ഒരു മഹാത്മാവിനെ നമ്മളായിട്ട് പറഞ്ഞു വിടുകയോ? സുഭദ്രയില്ലേ? അവളിവിടെ നിൽക്കട്ടെ. അവളെന്തായാലും രൈവതക ദ്വീപിലെ പൂജയ്ക്ക് വേണ്ടതുമില്ലല്ലൊ. തോഴിമാരും കാവൽക്കാരും കൂടെ നിന്നോട്ടെ. സുഭദ്രയുടെ സ്വയംവരം കഴിയും വരെയെങ്കിലും ഇവിടെ നിൽക്കാൻ ഞാൻ അദ്ദേഹത്തോട് പറയാം.'' ബൽറാം പറഞ്ഞു.

ദ്വാരകാനിവാസികളെല്ലാം രൈവതക ദ്വീപിലെ മഹോത്സവത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ കൃഷ്ണൻ യോഗിയ്ക്ക് മെസേജ് അയച്ചു.

''പ്ളോട്ട് റെഡി. ഡൂ നീഡ്ഫുൾ''

ആ മെസേജ് അർജുൻ സുഭദ്രക്ക് ഫോർവേഡ് ചെയ്തു.

കാവൽക്കാരുടെ കണ്ണു വെട്ടിച്ച് തേര് ഡ്രൈവ് ചെയ്ത് സുഭദ്ര പർണ്ണശാലയിലെത്തി. പെൺകുട്ടികളെ ഡ്രൈവിംഗ് പഠിപ്പിക്കേണ്ട ആവശ്യമില്ല എന്നായിരുന്നു ബൽറാമിന്റെ പക്ഷം. പക്ഷേ, കൃഷ്ണനാണ് പറഞ്ഞത്. ഇപ്പഴത്തെ കാലമല്ലേ. അത്യാവശ്യം തേരെടുത്ത് പോവണമെങ്കിൽ ഡ്രൈവിംഗ് പഠിക്കുന്നത് തന്നെയാണ് നല്ലത്. എന്തായാലും അത് ഗുണം ചെയ്തു. അർജുൻ തേരിൽ കാലെടുത്തു വച്ചതും ഒരു ഫ്ളാഷ് മിന്നിയതായി സുഭദ്രയ്ക്ക് തോന്നി.

തേര് മുന്നോട്ടു നീങ്ങവേ കൃഷ്ണന്റെ മെസ്സേജ്.

''ഗാണ്ഡീവം റെഡിയാണല്ലൊ.''

യെസ് ഓ. കെ.

ആ വാർത്ത കാട്ടു തീ പോലെ ദ്വാരകാപുരിയാകെ നിമിഷനേരം കൊണ്ട് പടർന്നു. പ്രഭാസ തീർത്ഥത്തിൽ ധ്യാനത്തിലിരുന്ന യോഗി സുഭദ്രയെ തട്ടിക്കൊണ്ടു പോയിരിക്കുന്നു. ആ ദൃശ്യം വാട്ട്സ് അപ് വഴി എല്ലാ മൊബൈലിലുമെത്തി. പടയാളികൾ തേരിന്റെ പിന്നാലെ പാഞ്ഞു. അശ്വങ്ങളെ അഴിച്ചു വിട്ടു. അക്ഷൗഹിണികൾ നഗരത്തിലെ പ്രധാനവീഥികൾ ബ്ളോക്ക് ചെയ്തു. ഇതിനകം ആരോ വിവരം ബൽറാമിനെയും അറിയിച്ചു. പൂജ മുഴുവനാക്കാതെ രൈവതക ദ്വീപിൽ നിന്ന് ബൽറാം തിരിച്ചെത്തി. കലപ്പ തോളിലേറ്റിയാണ് വരവ്. ആരെയെങ്കിലും മണ്ണോടു ചേർക്കാതെ ഇനി ബൽറാമിന്റെ കലിയടങ്ങില്ല.

ദ്വാരകാ നിവാസികൾക്കെല്ലാം അതറിയാം.

''ജീവനോടെ അവനെ നമ്മുടെ മുന്നിൽ ഹാജരാക്കണം'' ബലരാമന്റെ കല്പന.

**പടിഞ്ഞാറേ ഗോപുരത്തിലെ നെറ്റ്‌വർക്ക് ടവർ ജാമാണെന്നു രണ്ടു ദിവസം മുൻപു കേട്ടിരുന്നു. അവിടെ വിവരമെത്താൻ താമസിക്കും സുഭദ്ര കണക്കു കൂട്ടി. രഥം വേഗം കൂട്ടി പാഞ്ഞെങ്കിലും വാതിൽ അതാ കൺമുന്നിൽ അടയുകയാണ്. ഒരു നിമിഷം വൈകിയാൽ രഥം ഗോപുര വാതിലിൽ തട്ടി ക്രാഷ് ആകും. ഇനി ബ്രേക്ക് പിടിക്കാതെ രക്ഷയില്ല. എവിടെയും ബ്രേക്ക് പിടിക്കാൻ എക്സ്പർട്ട് ആയ കണ്ണേട്ടനെ ധ്യാനിച്ച് സുഭദ്ര കടിഞ്ഞാൺ വലിച്ചു. മുറുക്കിയടച്ച കണ്ണുകൾ പതിയെ തുറന്നപ്പോൾ, മുന്നിൽ ബല്ലു ബ്രോ നിൽക്കുന്നു....**

പടിഞ്ഞാറേ ഗോപുരത്തിലെ നെറ്റ്‌വർക്ക് ടവർ ജാമാണെന്നു രണ്ടു ദിവസം മുൻപു കേട്ടിരുന്നു. അവിടെ വിവരമെത്താൻ താമസിക്കും സുഭദ്ര കണക്കു കൂട്ടി. രഥം വേഗം കൂട്ടി പാഞ്ഞെങ്കിലും വാതിൽ അതാ കൺമുന്നിൽ അടയുകയാണ്. ഒരു നിമിഷം വൈകിയാൽ രഥം ഗോപുര വാതിലിൽ തട്ടി ക്രാഷ് ആകും.ഇനി ബ്രേക്ക് പിടിക്കാതെ രക്ഷയില്ല. എവിടെയും ബ്രേക്ക് പിടിക്കാൻ എക്സ്പർട്ട് ആയ കണ്ണേട്ടനെ ധ്യാനിച്ച് സുഭദ്ര കടിഞ്ഞാൺ വലിച്ചു.

സുഭദ്ര ഒന്നുറപ്പിച്ചു. അർജുനെ കൊല്ലുകയാണെങ്കിൽ താനും ചാവും. (അ കൊ താ ചാ ) കംസന്റെ മരുമകൻ തന്നെയാണ് ബൽറാം. പണ്ട് അമ്മയെ ജയിലിലടച്ച ആളാണ്. ബന്ധുത്വമല്ല വാശിയാണ് അവർക്കൊക്കെ വലുത്.

അതാ, ദൂരെ നിന്ന് തേരൊലി. ബൽറാമിന്റെ വരവാണ്.

എന്തും സംഭവിക്കാം.

''കൃഷ്ണാ രക്ഷിക്കണേ''. അന്നാദ്യമായി കണ്ണേട്ടനെ സുഭദ്ര കൃഷ്ണനെന്ന പേരിൽ വിളിച്ചു. ഉള്ളുരുകി പ്രാർത്ഥിച്ചു.

കലപ്പയുമായാണ് ബൽറാമിന്റെ വരവ്. തടഞ്ഞു നിർത്തിയ രഥത്തിനു മുന്നിൽ നിലത്ത് കലപ്പ കുത്തി നിർത്തി.

''രണ്ടാളും താഴെയിറങ്ങുക'' അതൊരു കല്പനയായിരുന്നു. ബൽറാമിന്റെ.

ഇനി സത്യം ചെയ്യിക്കലാവും. അല്ലെങ്കിൽ ശിരസ്സറുക്കൽ. സുഭദ്ര കലങ്ങിയ കണ്ണുമായി ബൽറാമിനെ നോക്കി. അർജുനും സുഭദ്രയും തേരിൽ നിന്നിറങ്ങി കലപ്പയെ സാക്ഷിയാക്കി നിന്നു.

എവിടെ പടയാളികൾ? ബൽറാമിന്റെ ആജ്ഞ.

ഒരു താലത്തിൽ രണ്ടു മാലയുമായി പടയാളികളെത്തി. സുഭദ്രയ്ക്ക് ഒന്നും മനസ്സിലായില്ല.

ബൽറാം ചോദിച്ചു.

നീ ഗാന്ധർവം എന്ന് കേട്ടിട്ടുണ്ടോ?

ഗാണ്ഡീവം അർജുനേട്ടന്റെ കയ്യിലെ വില്ലല്ലേ? സുഭദ്ര ചോദിച്ചു.

ഗാണ്ഡീവല്ല ഗാന്ധർവം. സകാമായ സകാമേന നിർമന്ത്രോ രഹസി സ്മൃതി. അതാണ് ഗാന്ധർവ വിധി. ച്ചാൽ, മന്ത്രമോ തന്ത്രമോ ഒന്നുമില്ല, ഇഷ്ടസ്വയം വരം. അതാണ് ഉത്തമമാംഗല്യം. രാജാക്കൻമാർക്ക് വിധിച്ചതും അതാണ്.

ബൽറാം മാലയെടുത്ത് സുഭദ്രയ്ക്ക് നീട്ടി.

എട്ടാ ,വൺ മിനുട്ട്. മാലയിടും മുമ്പ് ഞങ്ങൾ ഒരു സെൽഫിയെടുത്തോട്ടെ. പ്ളീസ്.

ക്ഷിപ്രകോപിയായിട്ടും ബൽറാമിന് അപ്പോൾ ശുണ്ഠി വന്നില്ല. ●

ആദ്യകാലത്ത് അന്തർജനങ്ങളായിരുന്നു നമ്പൂതിരി സ്ത്രീകൾ. വി.ടിയുടെ വിപ്ളവത്തോടെ അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയ അവർ ബഹിർജനങ്ങളായി. ഇപ്പോഴിതാ വാട്ട്സ് അപ്പിന്റെയും ഫെയ്സ്ബുക്കിന്റെയും മറ്റും ലോകത്ത് പ്രായമേറിയ അന്തർജനങ്ങൾ പോലും സൈബർജനമായി വിഹരിക്കുന്നു. അതിന്റെ വിശേഷം പങ്കുവയ്ക്കുകയാണ് മാതൃഭൂമിയിലെ പത്രപ്രവർത്തകയായ രൂപ കരുമാരപ്പറ്റ



# സോഷ്യൽ മീഡിയയിലെ ആത്തേമ്മാരുകൾ

രൂപ കരുമാരപ്പറ്റ

**സോ**ഷ്യൽ മീഡിയ അഥവാ സാമൂഹിക മാധ്യമങ്ങൾ ഇന്നു ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. ചെറുപ്പക്കാർ മുതൽ വയോധികർ വരെ ഈ മാധ്യമത്തെ വളരെ താത്പര്യത്തോടെയും കൗതുകത്തോടെയും വീക്ഷിക്കുന്നു. ഒരു പരിധി വരെ ഇപ്പോഴും അസ്വാതന്ത്ര്യത്തിന്റ കയ്പനുഭവിക്കുന്ന ലോകത്തിലെ പല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും ആശ്വാസമായും ഇതു പ്രവർത്തിക്കുന്നു.

അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയ നമ്പൂതിരി സ്ത്രീകൾക്കും സാമൂഹിക മാധ്യമം പുതിയൊരു വെളിച്ചമാണ്. വിശേഷങ്ങൾക്കിടെ ചാർച്ചയും വേഴ്ചയും ജോലിയും മറ്റു വിശേഷങ്ങളും പങ്കുവെയ്ക്കുന്നതിനൊപ്പം സോഷ്യൽ മീഡിയയിലെ പുതിയ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്ന ആത്തേമാരുകളേയും പെൺകിടാങ്ങളെയും കാണാം.

'ഞാൻ വാട്സാപ്പിൽ ഫോട്ടോ കണ്ടു', 'ഫേസ്ബുക്കിലൂടെ തന്റെ വിവരങ്ങളറിയാറുണ്ട്' തുടങ്ങിയ കമന്റുകളും കേൾക്കാം. പലരും വർഷങ്ങൾ കഴിഞ്ഞാകും നേരിട്ടു കാണുന്നത്. പക്ഷെ സാമൂഹിക മാധ്യമങ്ങൾ വഴി ദിവസേന പരിചയം പുതുക്കും. ഒരു വിശേഷത്തിനെത്തിയാൽ തന്നെ മൊബൈൽ ക്യാമറയിൽ അവിടുത്തെ നിമിഷങ്ങളൊപ്പിയെടുത്ത് അപ് ലോഡ് ചെയ്യുന്ന കാഴ്ച പുതുമയല്ലാതായി.

ചോറൂൺ, ഉപനയനം, സമാവർത്തനം, ആയനിയൂണ്, വേളി, പിറന്നാളുകൾ എന്നിവ ചിത്രങ്ങളായും വീഡിയോകളായും ചിലപ്പോൾ ലൈവായും കാണുന്നതിലൂടെ അവിടെയെത്തിയ അനുഭവമാകും പ്രവാസികളെപ്പോലെയുള്ളവർക്ക്. നിരവധി സാമൂഹികമാധ്യമങ്ങളുണ്ടെങ്കിലും മിക്ക നമ്പൂതിരി സ്ത്രീകൾക്കും ഫേ



*നിഷ ദിലീപ്*



*ശ്രുതി നമ്പൂതിരി*



*വാണി എൻ.എം.*

സ്ബുക്കും വാട്സാപ്പുമാണ് പ്രിയം. ടിറ്റർ, ബ്ലോഗ്, പിൻ ഇന്ററസ്റ്റ്, ലിങ്ടൻ, ഇൻസ്റ്റാഗ്രാം തുടങ്ങിയവയും ഉപയോഗിക്കുന്നവരുമുണ്ട്.

സോഷ്യൽ മീഡിയയിൽ സജീവമായ ഒരാളാണ് ശ്രുതി നമ്പൂതിരി. വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ ഫൗണ്ടേഷൻ എന്ന സംഗീത കൂട്ടായ്മയുടെ ഡയറക്ടറാണ്. സ്ത്രീമനസ്സിലൂടെ നടത്തിയ സഞ്ചാരമായ 'ബാലെ' എന്ന സംഗീത ആൽബവും ഈയിടെ പുറത്തിറങ്ങി വൈറലായ ചാരുലത എന്ന സംഗീതാവിഷ്കാരവും ശ്രുതിയുടെതാണ്. സ്വന്തം സൃഷ്ടികളുടെ പ്രമോഷനു പുറമെ ഓരോ വിഷയത്തിലുമുള്ള അഭിപ്രായവും നിർദേശങ്ങളും കുറിയ്ക്കാൻ ഫേസ്ബുക്കും വാട്സാപ്പും ഉപയോഗിക്കുന്നു. കോഴിക്കോട് തിരുവച്ചിറയിൽ താമസിക്കുന്ന ശ്രുതി ആറ്റൂർ മുണ്ടേരു മകളാണ്. വേളി കഴിച്ചത് മൂത്തേടത്ത് മനയിലെ സുഭാഷാണ്.

വാണി എൻ. എം എന്ന ഫേസ്ബുക്ക് പ്രൊഫൈലിൽ പോയാൽ ചിത്രകലയെക്കുറിച്ച് പലവിവരങ്ങളുമറിയാം. കൂടാതെ നല്ലൊരു ചിത്രകാരിയേയും പരിചയപ്പെടാം. അവർ വരച്ച ചിത്രങ്ങളുടെ കമനീയ ശേഖരം കൂടിയാണ് അവരുടെ ഫേസ്ബുക്ക് പ്രൊഫൈൽ. ആഴത്തിൽ ചിന്തിപ്പിക്കാനുതകുന്നവയാണ് ആ വർണക്കൂട്ടുകൾ. കൂടാതെ ചില പഴയ ബന്ധങ്ങൾ പുതുക്കാനും സോഷ്യൽ മീഡിയ സഹായകമാണെന്നവർ പറയുന്നു. ഇതിനകം കോഴിക്കോട് അടക്കം പല സ്ഥലങ്ങളിലും ചിത്രപ്രദർശനം നടത്തിയ വാണിയുടെ ഇല്ലം വണ്ടൂരിലെ നടുവത്ത് മനയാണ്. ഒളപ്പമണ്ണ മനയിലെ നവനീത് നാരായണനാണ് ഭർത്താവ്.

ഇഷ്ടവിനോദങ്ങളായ ബ്ലോഗെഴുത്ത്, പക്ഷി നിരീക്ഷണം, ഫോട്ടോഗ്രഫി എന്നിവയെക്കുറിച്ച് എഴുതാനും അറിയാനുമാണ് നിഷാ ദിലീപ് സാമൂ

ഹികമാധ്യമം ഉപയോഗിക്കുന്നത്. കൂടാതെ തന്റെ ഓൺലൈൻ സ്ഥാപനമായ ലിഖിതത്തിന്റെ ആവശ്യങ്ങളും നിഷ ഇതിലൂടെ പ്രയോജനപ്പെടുത്തുന്നു. പെരിന്തൽമണ്ണ മുണ്ടേയ്ക്കാട് മനയിൽ ജനിച്ച നിഷയുടെ ഭർത്താവ് പൊൽപ്പാക്കര ഇല്ലത്തെ ദിലീപാണ്. റാൻഡം തോട്ട്സ്, ഹൃദയതാളങ്ങൾ, കാലിഡോസ്കോപ്പ് എന്നിങ്ങനെ യഥാക്രമം ഇംഗ്ലീഷ്, മലയാളം, ഫോട്ടോഗ്രഫി ബ്ലോഗുകളാണ് നിഷയ്ക്കുള്ളത്.

വെൺമണി മകളായ പ്രേമാ ദാമോദരൻ കൃഷ്ണസ്തുതികളും ക്ഷേത്രവിശേഷങ്ങളും പങ്കുവെയ്ക്കാനാണ് എഫ്ബിയും വാട്സാപ്പും ഉപയോഗിക്കുന്നത്. ചെർപ്ലശേരി മോഴികുന്നത്ത് മനയിലെ ദാമോദരനാണ് ഈ റിട്ടയേഡ് അധ്യാപികയുടെ ഭർത്താവ്. ഇതുപോലെ കൃഷ്ണഭക്തി വഴിഞ്ഞൊഴുകുന്ന മറ്റൊരു പ്രൊഫൈൽ കാണണമെങ്കിൽ ശാരദാ ആനന്ദനെ പരിചയപ്പെടാം. വണ്ടൂർ കിടങ്ങഴിമനയിൽ ജനിച്ച് ഗുരുവായൂർ കക്കാട് മനയിലേക്ക് വേളി കഴിച്ചെത്തിയ ശാരദ നല്ലൊരു കവയിത്രിയാണ്. കൃഷ്ണനെക്കുറിച്ചുള്ള വരികളാണ് കൂടുതലും. ഉണ്ണിക്കണ്ണന്റെ മനോഹരമായ ചിത്രങ്ങളും ഷെയർ ചെയ്യാറുണ്ട്.

ബ്ലോഗർമാരും എഴുത്തുകാരികളുമായ നമ്പൂതിരി സ്ത്രീകൾ നിരവധിയുണ്ട്. പ്രസന്ന ആര്യൻ, ഉമാ നമ്പൂതിരി, ജ്യോതിർമയി ശങ്കരൻ, ഗിരിജാ ചെമ്മങ്ങാട്ട് എന്നിവർ എഴുത്തിലൂടെ സാമൂഹികമാധ്യമത്തിലെ പരിചിത മുഖങ്ങളാണ്. ഈ മാധ്യമത്തിൽ പരിചിതമായ ഒരുപാട് വ്യക്തിത്വങ്ങളിൽ ഏതാനും ചില പേരുകളേ എഴുതിയിട്ടുള്ളൂ. ഇനിയും ധാരാളം നമ്പൂതിരി സ്ത്രീകൾ ആശയസംവേദനത്തിനായി ഫേസ്ബുക്കടക്കമുള്ള മാധ്യമങ്ങളുപയോഗിക്കുന്നു. നമ്പൂതിരി സ്ത്രീകളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്ന 'നവോത്ഥാൻ' ഫേസ്ബുക്ക് കൂട്ടായ്മയും സജീവമാണ്.

ഇതിനെല്ലാം പുറമെ സ്ത്രീയായി കണ്ടാൽ മതിയെന്നും 'നമ്പൂതിരി' എന്ന ടാഗിന്റെ ആവശ്യം തങ്ങൾക്ക് സോഷ്യൽ മീഡിയയിൽ ആവശ്യമില്ലെന്നും പറയുന്ന കൂട്ടരുണ്ട്. എങ്ങനെയായാലും സ്വന്തമായൊരു ശബ്ദമുണ്ടെന്ന് പലരും തിരിച്ചറിഞ്ഞത് സാമൂഹികമാധ്യമങ്ങളിൽ അക്കൗണ്ട് തുടങ്ങിയ ശേഷമാണ്.

**രൂപ കരുമാരപ്പറ്റ**
**മൊബൈൽ 9947533474**

## സൈബർ ലോകത്ത് ഇങ്ങനെയും


*സരസ്വതി*

**വി**വരങ്ങളറിയുന്നതിനും പറയുന്നതിനും പുറമേ സോഷ്യൽ മീഡിയ വ്യത്യസ്തമായി ഉപയോഗിക്കുന്നവരുമുണ്ട്. സരസ്വതി മനോജ് അത്തരത്തിലൊരാളാണ്. ഇന്ത്യയിലും വിദേശത്തും ശാഖകളുള്ള ബ്ലഡ് ഡോണേഴ്സ് കേരള എന്ന സംഘടനയുടെ അമരക്കാരിലൊരാളാണ് മസ്കറ്റിൽ താമസിക്കുന്ന ഈ വീട്ടമ്മ. രക്തം ആവശ്യമുള്ളവർക്ക് തക്കസമയത്ത് എത്തിച്ചു കൊടുത്തും രോഗികളെ സഹായിക്കുകയും ചെയ്യുന്ന ഓൺലൈൻ കൂട്ടായ്മയാണ് ബി.ഡി.കെ. കഴിയുന്നത്രയും സമയം ഓൺലൈനിലുണ്ടാവും. തന്നാലാവുന്ന വിധം രക്താവശ്യങ്ങളറിഞ്ഞ് കേരളത്തിലെ ഓരോ ജില്ലകളിലുമുള്ളവരെ ചുമതലപ്പെടുത്തി ആവശ്യക്കാരന് എത്തിയെന്ന് ഫേസ്ബുക്കിലൂടെ ഉറപ്പുവരുത്തുന്നു. ഇതിനു പുറമെ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്കും സഹായമെത്തിക്കും.

കോഴിക്കോട് തന്നെ തെരുവിലുറങ്ങുന്നവർക്ക് പുതപ്പും കുതിരവട്ടം മാനസികാസ്പത്രിയിൽ ചപ്പാത്തിയുണ്ടാക്കാനുമൊക്കെ ബി.ഡി.കെ.യുടെ ജില്ലാ ഘടകം പദ്ധതികളാവിഷ്കരിക്കാറുണ്ട്. ഇതിന്റെ പ്രചരണത്തിനും പിന്തുണയ്ക്കും ഫേസ്ബുക്കിലൂടെ അവരുടെ 'സരസ്വതി ചേച്ചി' സഹായം നൽകും. നാട്ടിൽ അവധിയ്ക്കെത്തിയാൽ കാസർകോട് മുതൽ തിരുവനന്തപുരം വരെ സരസ്വതിയെ കാണാൻ സുഹൃത്തുകളെത്തും. തിരുവല്ല കാരയ്ക്കാട്ടില്ലത്തെ മകളായ സരസ്വതിയെ വേളി കഴിച്ചത് ആലപ്പുഴ കളർകോട് വെള്ളിയോട്ടില്ലത്തെ മനോജാണ്.

## ഇവർ പറയുന്നു

▫ **ശ്രുതി ഉണ്ണി ഇടവലത്തില്ലം** (ഉദ്യോഗസ്ഥ) നിത്യേനെ വിളിച്ച് വിവരങ്ങളന്വേഷിക്കാൻ തിരക്കുകൾ അനുവദിക്കാറില്ലെങ്കിലും സോഷ്യൽ മീഡിയയുള്ളതു കൊണ്ട് മറ്റുള്ള നമ്പൂതിരി സ്ത്രീകളുമായി ഇടയ്ക്കിടെ ആശയവിനിമയം സാധ്യമാകുന്നു

▫ **അപർണ മംഗലത്ത്** (വിദ്യാർഥി) സോഷ്യൽ മീഡിയ ഇന്നു ജീവിതത്തിന്റെ ഭാഗമാണ്. അതിലെ നൻമയും തിൻമയും തിരിച്ചറിഞ്ഞാൽ ഉപയോഗിക്കുന്നത് വളരെ എളുപ്പമാണ്

▫ **ഉണ്ണിമായ പുല്ലങ്കോട്ടില്ലം** (വിദ്യാർഥി) രാഷ്ട്രീയപരമായും സാമൂഹികപരമായുമുള്ള ഉന്നതിക്ക് സ്ത്രീയെ സഹായിക്കുന്നു

▫ **ആശ** (മാടശ്ശേരി മന) മറ്റുള്ളവർ പറയുന്നത് ക്ഷമയോടെ കേൾക്കാനുള്ള കഴിവ് ലഭിച്ചു. വിശാലമായ കാഴ്ചപ്പാടുകൾക്ക് മറ്റു സമുദായത്തിലെ അംഗങ്ങളുമായും ഇടപഴകേണ്ടത് അത്യാവശ്യമാണ്

▫ **അപർണ** (കയ്പഞ്ചേരി) ജാതി, മതം, വിശ്വാസങ്ങൾ എന്നിവയിലൂന്നി മറ്റുള്ളവരെ താഴ്ത്തികെട്ടുന്ന തരത്തിലേക്ക് ഈ മാധ്യമത്തെ ഉപയോഗിക്കുന്നതിനോട് താത്പര്യമില്ല

▫ **പ്രിയ** (മുണ്ടേയ്ക്കാട് ) സോഷ്യൽ മീഡിയയുടെ ഉപയോഗം മൂലം നേരിട്ടുള്ള സംസാരം കുറഞ്ഞു. എങ്കിലും എല്ലാ വിഭാഗത്തിലേയും പോലെ നമ്പൂതിരി സ്ത്രീകൾക്കും വാർത്തകളും വിശകലനങ്ങളുമറിയാൻ ഈ സംവിധാനം പ്രയോജനകരമാണ്.

▫ **ശ്രുതി** (കുറ്റീരി)കുറേക്കൂടി വിശാലമായി ചിന്തിക്കാനും പറയാനും തുടങ്ങിയത് സോഷ്യൽ മീഡിയയിൽ അംഗമായതിനുശേഷമാണ്

# വടക്കോട്ട് കൊടുത്തവർ



കെ.എം.പരമേശ്വരൻ

**സർവേയിൽ പങ്കെടുത്ത പെൺകുട്ടികൾ വായിക്കണം ഇത്. ഇങ്ങനെയുമുണ്ടായിരുന്നു ഒരു കാലം. ചന്തയിൽ പശുവിനെ വിൽക്കും പോലെ പെൺകൊട നടത്തിയിരുന്ന കാലം. അങ്ങനെ കൊടുത്തു വിട്ട് പേര് പോലും നഷ്ടപ്പെട്ട ഒരു ഓപ്പോളെ നിരവധി വർഷങ്ങൾക്ക് ശേഷം തേടിപ്പിടിച്ച് കണ്ടെത്തി രക്തബന്ധം പുതുക്കിയ അനുഭവം പങ്കിടുകയാണ് ഇവിടെ**

**ചാ**ർച്ചവേഴ്ചകൾ അന്വേഷിച്ച് ഇല്ലങ്ങൾതോറും കയറിയിറങ്ങിയ കാലം. 'വടക്കോട്ട് കൊടുത്തു' എന്നല്ലാതെ ഇല്ലപ്പേരോ മേൽവിലാസമോ അറിയില്ല.അങ്ങനെ ഒരു പാട് അന്തർജ്ജനങ്ങൾ. ഷൊർണ്ണൂരോ ഒറ്റപ്പാലമോ പട്ടാമ്പിയോ ഒക്കെയാവും ഇല്ലം. അവിടെ നിന്ന് അങ്ങ് കണ്ണൂരിലേക്കോ കാസർകോട്ടേക്കോ അതുമല്ലെങ്കിൽ കർണ്ണാടകത്തിലേക്കോ. കൊടുത്തു കഴിഞ്ഞാൽ പിന്നെ ഒരു വിവരവുമില്ല. അങ്ങനെയുണ്ടായിരുന്നു ഒരു കാലം. വരവും പോക്കുമില്ല. അന്യോന്യം ബന്ധപ്പെടലില്ല. വിശേഷങ്ങൾക്ക് പോലും വരവില്ല.

അമ്മയുടെ നാല് അനിയത്തിമാരെ കോഴിക്കോട് ഭാഗത്തേക്കാണ് കൊടുത്തത്. അമ്മ അവരുടെ ഇല്ലങ്ങളിൽ പോയത് ഷഷ്ഠി പൂർത്തി കഴിഞ്ഞ ശേഷമാണ്! അമ്മയുടെ കാര്യത്തിൽ അതെങ്കിലുമുണ്ടായി. എന്നാൽ വേറെ ചിലരുണ്ട്. പിന്നെ കണ്ടിട്ടേയില്ലാത്തവർ.

അങ്ങനെയൊരാളാണ് താമറ്റൂരെ ചിറ്റശ്ശിയുടെ ഏക മകൾ. നോക്കണം, ഒരേ ഒരു മകളാണ്. ആ കുട്ടിയെ വടക്കോട്ട് കൊടുത്തു എന്നല്ലാതെ ആ വഴിക്ക് പിന്നീടാരും പോയിട്ടില്ല. ചാർച്ചയും ബന്ധങ്ങളും അന്വേഷിച്ച് ഇല്ലങ്ങൾ കയറിയിറങ്ങിയ കാലത്ത് അവരെ കണ്ടുപിടിക്കണമെന്ന് തോന്നി. സ്വന്തം രക്തബന്ധത്തിലുള്ള ഒരാൾ എവിടെയോ ഒരിടത്ത് കഴിയുന്നതിലെ ആ നൊമ്പരം വല്ലാതെ അലട്ടി.

കണ്ടുപിടിച്ചേ അടങ്ങൂ എന്ന മനസ്ഥിതിയിലായി. ഗുരുവായൂർ മേൽശാന്തിയായിരുന്ന താമറ്റൂരെ പോസ്റ്റ് മാഷുമായി ബന്ധപ്പെട്ടു. 'ഈശ്വരൻ വൈദ്യർ ആണ് വേളി കഴിച്ചത്, കാഞ്ഞങ്ങാട്ടാണ് ഇല്ലം' ഇത്രയും വിവരം കിട്ടി.

അതു വച്ച് അവരെ ബന്ധപ്പെടാൻ പരിശ്രമിച്ചു. ആയിടക്ക് അതിനൊരു സന്ദർഭം ഒത്തു വന്നു. മോഴികുന്നത്തെ അച്ഛൻ പെങ്ങൾ മരിച്ചു. ചിറ്റശ്ശി പേരശ്ശി മക്കൾക്ക് പുലയുണ്ടല്ലൊ. അപ്പോൾ ആ വടക്കോട്ട് കൊടുത്ത ആൾക്കും പുലയുണ്ട്. മരിച്ച വിവരം അവരെ അറിയിക്കണം.അതിനെന്താണ് വഴി?

അച്ഛമ്മളുടെ 'ദീനം വൈഷമിച്ച' വിവരം എഴുതി വൈദ്യരുടെ ശ്രീമതിയായ ഓപ്പോൾക്ക് പോസ്റ്റ് ചെയ്തു. ഉണ്ണിക്കാളി അന്തർജ്ജനം, കെയറോഫ് ഈശ്വരൻ വൈദ്യർ, പി.ഒ. കാഞ്ഞങ്ങാട് എന്ന വിലാസത്തിൽ. ഒരു പോസ്റ്റു കാർഡിലായിരുന്നു എഴുത്ത്.

ആരും വന്നില്ല. പിണ്ഡത്തിനു പോലും. സാധാരണ നിലയിൽ കത്തു കിട്ടിയാൽ പുലയുള്ളവർ പിണ്ഡത്തിനെങ്കിലും എത്തും. നമസ്കരിക്കും.

ആ ഓപ്പോൾ ഇന്നില്ലേ ? ആ ഈശ്വരൻ വൈദ്യരും ഇല്ലേ? മക്കളാരെങ്കിലും ഉണ്ടെങ്കിൽ അവരെങ്കിലും വരേണ്ടതല്ലേ? ഇങ്ങനെ പോയി ചിന്ത. വല്ലാത്ത സങ്കടം തോന്നി. സ്വന്തം രക്തബന്ധത്തിൽപ്പെട്ടവർ എവിടെയെന്ന് പോലും അറിയാതെ, മരണ വിവരം പോലും അറിയിക്കാനാവാതെ, ജീവിച്ചിരിപ്പുണ്ടോ എന്നുപോലും അറിയാതെ, കഴിയേണ്ട അവസ്ഥ വല്ലാത്തതു തന്നെ.

അദ്ഭുതം!

ഒരു മാസം കഴിഞ്ഞപ്പോൾ ഇൻലന്റിൽ ഒരു മറുപടി കിട്ടി. ഓപ്പോളുടെ നാമകരണ വേളയിലിട്ട പേരെല്ലാം മാറിയിരിക്കുന്നു. ഇപ്പോഴത്തെ പേര് സൗഭാഗ്യവതി അന്തർജ്ജനമെന്നാണ്. അതിയാമ്പൂർ പെരികമന എന്നാണ് വൈദ്യരുടെ ഇല്ലപ്പേര്. കാഞ്ഞങ്ങാട് ടൗണിന്റെയും ബൈപ്പാസിന്റേയും ഇടയ്ക്കാണ് ഇല്ലം.

അങ്ങനെ എല്ലാ വിവരങ്ങളും അടങ്ങിയ കത്ത്.

ആ ആഴ്ചതന്നെ കാഞ്ഞങ്ങാട്ട് പോയി. പെരികമന ഓപ്പോളെ കണ്ടു. വേളി കഴിച്ച ഈശ്വരൻ വൈദ്യരെ കണ്ടു. സമീപത്തുതന്നെ താമസിക്കുന്ന അദ്ധ്യാപികയായ അവരുടെ മകൾ ദേവിയെയും കണ്ടു. അവരെ വിവാഹം ചെയ്ത കൊടയ്ക്കാട്ടുകുന്നം ദിവാകരേട്ടനെയും കണ്ടു. വല്ലാത്തൊരു വൈകാരികതയിൽ. ആ സന്ദർശനം അവരുടെ ഉള്ളിൽ മാത്രമല്ല എൻെറ ഉള്ളിലും ആഴത്തിൽ സ്പർശിച്ചു.

വൈദ്യമഠത്തിന്റെ ശിഷ്യനായിരുന്നു ഈശ്വരൻ വൈദ്യർ. പ്രായാധിക്യം കാരണം വൈദ്യശാലയിൽ പോകാതായിട്ട് മൂന്നു നാലു കൊല്ലമായിരിക്കുന്നു. സഹപാഠിയായ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി (കുട്ടൻ വൈദ്യമഠം) ഉദ്ഘാടനം ചെയ്ത നഴ്സിംഗ് ഹോം കെട്ടിടം അവരുടെ കോമ്പൗണ്ടിൽ കണ്ടു. കിടത്തി ചികിത്സയും മതിയാക്കിയിരിക്കുന്നു.

ആയുർവ്വേദ മരുന്നുകളുടെ ഗന്ധം അവിടെയും പരിസരത്തും നിറഞ്ഞു നിൽക്കുന്നു. ആൺമക്കൾ രണ്ടുപേർ. ആര്യവൈദ്യ ഫാർമസി കോയമ്പത്തൂരിൽ ഡോക്ടറാണ് മൂത്ത മകൻ കൃഷ്ണൻ. തൃശ്ശിനാപ്പള്ളിയിൽ സർക്കാർ സർവ്വീസിൽ ആയുർവ്വേദ ഡോക്ടറായി ഇളയമകൻ നാരായണനും. അവരെല്ലാം കുടുംബസമേതം തമിഴ്നാട്ടിലാണ്.

അത്തരം വിവരങ്ങളെല്ലാം മറുപടിക്കത്തിൽ സൂചിപ്പിച്ചിരുന്നു. അവരുടെ കുട്ടിക്കാലത്ത് എന്റെ ഇല്ലത്ത് (കൊയ്ത്തടി ചെറുമുക്കിൽ) വന്ന ഓർമ്മകളും പങ്കുവെച്ചു. ഔഷധ

നിർമ്മാണത്തിൽ വൈദ്യരുടെ സഹധർമ്മിണിയായി ശരിക്കും മാറിയിരിക്കുന്നു ഓപ്പോൾ.

ആ ഓപ്പോളുടെ അവസ്ഥ പോലെ തന്നെയാണ് അമ്മയുടെ നാല് അനിയത്തിമാരുടെയും സ്ഥിതി.

ഞാൻ കോഴിക്കോട്ട് കേസരിയിലെത്തിയ ശേഷമാണ് അമ്മ ചാലിയാറിനിപ്പുറം കടന്നത്.ശരിക്കും പറഞ്ഞാൽ വടക്കോട്ട് മുറിച്ചു കടക്കൽ. അതു വരെയും തളിപ്പറമ്പിലെ പെരുംതൃക്കോവിലപ്പനെയും ശ്രീ പോർക്കലി ഭഗവതിയെയും ഭയഭക്തിയോടെ സ്മരിക്കാൻ മാത്രമേ അമ്മയ്ക്ക് യോഗമുണ്ടായുള്ളൂ. അവിടെയൊന്നും പോയില്ലെങ്കിലും അമ്മയുടെ ഉള്ളിൽ ആ ദേവതകൾ കുടികൊണ്ടു. ഷഷ്ഠിപൂർത്തി കഴിഞ്ഞ ശേഷമാണ് സ്വന്തം അനിയത്തിമാരെ കൊടുത്ത, ഇരുപത്തൊന്നുദേശത്തെ കണ്ടമംഗലം, മങ്ങത്തായ, പാലാഞ്ചീരി എന്നീ തറവാടുകളിൽ അമ്മ പോയതും താമസിച്ചതും.

ഇങ്ങനെ വേറെയും ചില അനുഭവങ്ങളുണ്ട്.വിവാഹം വരെ ഇല്ലത്ത് താമസിച്ചു വളർന്ന മുത്തശ്ശന്റെ ഒരു മരുമകൾ എന്റെ കുട്ടിക്കാലത്ത് വിരുന്ന് വരാറുണ്ടായിരുന്നു. മുലകുടിക്കുന്ന രണ്ടുണ്ണികളുമായിട്ടാണ് ആദ്യം അവരെ കണ്ടത്. നാരായണനനും വാമനനും. അവരെന്റെ കളിക്കൂട്ടുകാരായി.

അച്ഛനും അമ്മയും മരിച്ചതാണെന്നറിയാതെ നാരായണനെ വാമനനോടൊപ്പം ഓപ്പോൾ പാലൂട്ടി വളർത്തിയതാണെന്ന് കുറേ കഴിഞ്ഞാണ് അറിഞ്ഞത്. ആ നാരായണനോട് എന്തോ ഒരടുപ്പം തോന്നി. സ്കൂൾ പഠനകാലം മുതൽ 'പെൻഫ്രണ്ട്സ്' (കത്തെഴുത്തു കൂട്ടുകാർ) ആണ് ഞാനും നാരായണനും. പത്താം ക്ലാസ് പരീക്ഷ എഴുതിയശേഷം സ്വന്തമായി യാത്രാസ്വാതന്ത്ര്യം കിട്ടിയപ്പോൾ ആദ്യം പോയത് ആ നാരായണൻെറ സ്ഥലത്തേക്കാണ്. കണ്ണൂർ നാറാത്തെ കുറുങ്ങാട്ട് ചെപ്പനൂർക്ക്. ഒട്ടും വഴിപിഴച്ചില്ല. നാരായണനാണ് കത്തിലൂടെ വഴിപഠിപ്പിച്ചത്.

കാട്ടാമ്പിള്ളി പ്രോജക്റ്റിന്റെ പണി നടക്കുന്ന കാലം. കണ്ണൂരിൽ നിന്നും ബസ് അതുവരെ മാത്രം. പിന്നെ തോണിയാത്ര. അങ്ങിനെ ആ ബന്ധുഗൃഹത്തിലും എത്തി. ഓപ്പോളും നാരായണനും ഇന്നില്ല. കുറുങ്ങാട്ടെ തറവാട്ടിൽ ആരും ഇപ്പോൾ താമസിക്കുന്നുമില്ല. നാലിറയത്തെ മച്ചിന്റെ പടിയിൽ വെറ്റില മുറുക്കി തറവാട്ടമ്മയായി വിരാജിച്ച വാഴകുന്നത്തെ മഹളായ ചെപ്പന്നൂരെ ഉണ്ണീമോപ്പോൾക്ക് സാഷ്ടാംഗ നമസ്കാരം.

ഗോകർണ്ണത്തോളം വടക്കോട്ട് വേളി കഴിച്ചുകൊടുത്ത ഓപ്പോൾമാ

**അക്കാലത്തെ പട്ടിണിയും ദാരിദ്ര്യവും സ്ത്രീധന ദുരാചാരവും നിരവധി നമ്പൂതിരി പെൺകിടാങ്ങളെ 'വടക്കോട്ട് കൊടുക്കാൻ' നിർബന്ധിതരാക്കിയിരുന്നു.**

രും ഉണ്ട്. അതിലൊരാളെ നാട്ടിൽ ഒരു വിവാഹ വിശേഷ സ്ഥലത്ത് വെച്ച് പരിചയപ്പെട്ടപ്പോൾ ഒരു സംശയം ചോദിച്ചു.

'ഇല്ലത്തുനിന്നും എത്രയോ ദൂരെ, ഭാഷയറിയാത്ത നാട്ടിലേക്ക് വേളി കഴിച്ചയക്കാൻ എന്തിനേ സമ്മതിച്ചത്?'

'രണ്ടു നേരം ഭക്ഷണം കഴിക്കാമല്ലോ!' അക്കാലത്തെ പട്ടിണിയും ദാരിദ്ര്യവും സ്ത്രീധന ദുരാചാരവും നിരവധി നമ്പൂതിരി പെൺകിടാങ്ങളെ 'വടക്കോട്ട് കൊടുക്കാൻ' നിർബന്ധിതരാക്കിയിരുന്നു.

നാടുമായും ബന്ധുമിത്രാദികളുമായും ഒരു ബന്ധവുമില്ലാതെ അവർ നിശ്ശബ്ദം അനുഭവിച്ച സുഖദുഃഖങ്ങൾ പങ്കുവെക്കാൻ ഒരാളെ കിട്ടുമ്പോഴുള്ള സന്തോഷം അനുഭവിച്ചറിയേണ്ടതാണ്. തങ്ങൾക്ക് വീണുകിട്ടുന്ന അപൂർവ്വ ബന്ധുക്കളെ വി.ഐ.പി. കളായി തദ്ദേശീയരായ ബന്ധുക്കൾക്ക് പരിചയപ്പെടുത്തുമ്പോൾ എന്തൊരഭിമാനമാണെന്നോ അവർക്കോരോരുത്തർക്കും. തൻെറ നാട്ടിൽ നിന്ന് എത്തിയ ആൾ. അത്രയേ വേണ്ടൂ അവർക്ക്.

വേറൊരു കഥ, അല്ല അനുഭവം പറയാം.

ബേപ്പൂർ നടുവട്ടത്തെ തെക്കെ അടാട്ട് ഉണ്ണികൃഷ്ണേട്ടന്റെ അമ്മ പാർവ്വതി അന്തർജ്ജനം പറഞ്ഞതാണ്.

ശരിക്കും വിസ്മയിച്ചു പോവും. ഇപ്പോഴത്തെ പെൺകുട്ടികൾക്ക് സങ്കല്പിക്കാൻ പോലും പറ്റാത്ത അനുഭവം.

ഒരു ദിവസം അഞ്ചാറ് വയസ്സുള്ള ഒരു പെൺകുട്ടിയുമായി ഒരാൾ കയറി വന്നു. പ്രാകൃതനെ കണ്ട് പിച്ചക്കാരനാണെന്ന് കരുതി പാർവ്വതി അന്തർജ്ജനം ഭിക്ഷയുമായി ചെന്നു. 'ഞാൻ ഇവിടുത്തെ ബന്ധു'വാണെന്ന് പറഞ്ഞ് അയാൾ കരച്ചിൽ.

പുറത്തുവന്നു നോക്കിയ അവരുടെ ഭർത്താവിനും ആളെ തിരിച്ചറിയാനായില്ല. 'പോയി ക്ഷൗരം ചെയ്തു വാ' എന്ന കല്പന. അതനുസരിച്ച് ക്ഷൗരം ചെയ്തു തിരിച്ചുവന്നപ്പോൾ വിശ്വാസമായി. തൻെറ അനിയനാണ് വന്നത്. എത്രയോ മുമ്പ് നാടു വിട്ട അനിയൻ.

'ഏതാ കുട്ടി?'

മകളെന്ന് ഉത്തരം. എവിടുന്നാ വരുന്നത്? വയനാട്ടിൽ നിന്ന്. മലമ്പനി പിടിച്ച് നടന്നു ക്ഷീണിച്ചുള്ള വരവായിരുന്നു.

'കുട്ടീടെ അമ്മയെവിടെ?' ചോദ്യം

'ചത്തുപോയി' ഉത്തരം.

ഏതാനും നാൾ ഏട്ടന്റെ കുടുംബത്തോടൊപ്പം സുഖമായി താമസിച്ച് ആരോടും പറയാതെ അനുജൻ തടിതപ്പി മകളെ കൂട്ടാതെ.

ഒന്നു രണ്ടു കൊല്ലം കുട്ടി വല്യച്ഛന്റെ സംരക്ഷണയിൽ വളർന്നു. ഒരു ദിവസം സന്ധ്യക്ക് ഉത്തര കർണ്ണാടകത്തിൽ നിന്നും അഞ്ചാറു പേർ അടാട്ടെത്തി. അവർക്ക് ഒരു പെൺകുട്ടിയെ വേണം. അടാട്ട് ഒരു പെൺകുട്ടിയുള്ളത് ആരോ പറഞ്ഞ് മനസ്സിലാക്കിയിട്ടുണ്ട്. ഒരു വിവാഹ ദല്ലാളുമുണ്ട് കൂടെ. ഉമ്മറത്തിരുന്ന് ആണുങ്ങൾ തമ്മിൽ കുശലം പറഞ്ഞു.

അപ്പോഴേക്കും നേരം രാത്രിയായി.

അദ്ഭുതം!

അപ്പോൾ തന്നെ ആ രാത്രിയിൽ അവിടെ വേളിക്രിയ നടന്നു. പിറ്റേ ദിവസം രാവിലെ വധുവിനെയും കൊണ്ട് ആഗതന്മാർ 'വടക്കോട്ട്' പോയി.

ഗോകർണ്ണത്തിനടുത്ത് ഏതോ നാട്ടിലേക്ക്.

അമ്മ മരിച്ചുപോയ, ബാല്യം പിന്നിടാത്ത കുട്ടിയെ, അതിന്റെ അച്ഛനോട് പോലും കൂടിയാലോചിക്കാതെ ഏതോ ദൂരദേശത്തുനിന്നും വന്ന അപരിചിതർക്ക് വേളികഴിച്ചുകൊടുത്ത സ്വന്തം ഭർത്താവിന്റെ നടപടി പാർവ്വതി അന്തർജ്ജനത്തിൻെറ മനസ്സിൽ നൊമ്പരമുണ്ടാക്കി.

ഭാര്യയുടെ മനസ്സ് വായിച്ചറിഞ്ഞ് ഭർത്താവ് സമാധാനിപ്പിച്ചു.

''സിർസിയിലേക്കാണ് അവളെ വിവാഹം കഴിച്ചയച്ചിരിക്കുന്നത്. നമ്മുടെ ഭാഷയറിയുന്ന ധാരാളം പേർ അവിടെയുള്ളതിനാൽ ഒറ്റപ്പെടില്ല. അവളുടെ അച്ഛനൊന്നും വന്ന് വിവാഹം നടത്തില്ല. അനുജന്റെ സ്വഭാവം എനിക്ക് നന്നായറിയാം. വധുവിനെ തേടി വരന്റെ ആൾക്കാർ വരുമ്പോൾ പൊരുത്തപ്പെടുമെങ്കിൽ വിവാഹം കഴിച്ചയക്കുന്നതാണ് ബുദ്ധി. അല്ലെങ്കിൽ മകൾക്ക് വരനെ അന്വേഷിച്ച് നാടുചുറ്റേണ്ടിവരും.''

അന്ന് ബേപ്പൂര് നിന്ന് സിർസിയിലേക്ക് പോയ ആ ബാലികാവധു ഇന്ന് ശതാഭിഷേകമെല്ലാം കഴിഞ്ഞു മക്കളും പേരമക്കളുമായി ഐശ്വര്യത്തോടെ കഴിയുന്നു. അടാട്ടെ പാർവ്വതി അന്തർജ്ജനത്തിന്റെ ഭാഷയിൽ പറഞ്ഞാൽ 'ഇന്നവൾ സിർസിയിലെ മഹാറാണിയാണ്.'

●

# വിവാഹിതരായി



**നവിത**
D/o നാരായണൻ നമ്പൂതിരി
& ഗീത അന്തർജ്ജനം
കിഴക്കേക്കര അണലക്കാട്ട് ഇല്ലം
കാസർകോട്

**രഞ്ജിത്ത്**
S/o രാമകൃഷ്ണൻ നമ്പൂതിരി (Late)
& ശ്യാമള അന്തർജനം
മംഗലശ്ശേരി ഇല്ലം, അരക്കിണർ



**ജിഷ്ണു മംഗലശ്ശേരി**
S/o ഡോ. മധുസൂദനൻ & കെ.പി.നിലീന
മംഗലശ്ശേരി ഇല്ലം, അരക്കിണർ

**പ്രഗതി ശർമ്മ**

**ഇല്ലപ്പെരുമ**



മുല്ലപ്പള്ളി നാരായണൻ നമ്പൂതിര
മഞ്ജു വാര്യർക്കൊപ്പ

**ജ്യോതിഷ താന്ത്രിക മാന്ത്രിക വിഷയ ങ്ങളിൽ ഒരാവശ്യം വന്നാൽ പ്രമുഖരായ രാഷ്ട്രീയക്കാരും സിനിമാക്കാരും സാഹിത്യകാരന്മാരും മഹാരാജാക്കന്മാരും അന്വേഷിച്ചെത്തുന്നത് മുല്ലപ്പള്ളിയിലേക്കാണ്. വേട്ടേക്കരൻ പാട്ടിന് നർത്തകാരാവാനും മുല്ലപ്പള്ളിയിൽ നമ്പൂതിരിമാരുണ്ട്.**



# മന്ത്രം തന്ത്രം

## കവനം നർത്തനം

**സ്റ്റാഫ് പ്രതിനിധി**



പരേതരായ മുല്ലപ്പള്ളി
പത്നി ശ്രീദേവ

**2010** ലാണ്. കുറച്ചു അമേരിക്കക്കാർ തൃശ്ശൂര് വന്നു. ഭാരതീയ പൂജകളെക്കുറിച്ചുള്ള റിസർച്ചിനായിരുന്നു വരവ്. അതിന്റെ ഭാഗമായി ഭഗവത്സേവ നടത്താൻ ഏർപ്പാട് ചെയ്തു. കിർളിയൻ ഫോട്ടോഗ്രാഫി ഉപയോഗിച്ച് ഫോട്ടോ എടുക്കുമ്പോൾ പ്രഭാവലയംകാണണം. മന്ത്രതന്ത്രങ്ങൾക്ക് സിദ്ധിയുണ്ടെങ്കിൽ അത് ഫോട്ടോയിൽ തെളിയും. കുറേ പേർ ഭഗവത്സേവ കഴിച്ചെങ്കിലും ഓറ കണ്ടത് മുല്ലപ്പള്ളി വിഷ്ണു നമ്പൂതിരിയുടെ ഭഗവത്സേവയിലായിരുന്നു.

ഇത് സായ്പിന്റെ അനുഭവം.

വേറൊന്ന് പറയാം.

കോഴിക്കോട് ചാത്തമംഗലത്തിനടുത്ത് ഒരു പ്രമുഖ കുടുംബത്തിൽ കാക്കശല്യം. ദിവസവും വാതിലിലും ജനലിലുമൊക്കെ കാക്കകൊത്താൻ തുടങ്ങി. പല ഉപായങ്ങളും ചെയ്തു നോക്കി. കണ്ണാടി വെയിലത്ത് വെയ്ക്കലും കറുത്ത തുണി കെട്ടിത്തൂക്കലും മറ്റും. എന്തു ചെയ്തിട്ടും ശല്യം മാറുന്നില്ല. അപ്പോ





*ിയും മക്കളും*
*ും*

*തിരുവനന്തപുരം രാജകൊട്ടാരത്തിൽ ശ്രീചക്രപൂജ നടത്തുന്ന മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി*



# ചെ ജ്യോതിഷം

## തഥാ



*വിഷ്ണു നമ്പൂതിരിയും*
*ി അന്തർജനവും*

ഴാണ് രാശി വച്ചു നോക്കാൻ തോന്നിയത്. വിഷ്ണു നമ്പൂതിരിയെ ഒഴിവു കണ്ടു. അദ്ദേഹത്തെക്കൊണ്ട് ഗണപതിഹോമം, ഭഗവതിസേവ, സുദർശന ഹോമം തുടങ്ങിയവ നടത്താനായിരുന്നു നിർദ്ദേശം. ഉദ്ദേശിച്ച ദിവസം വിഷ്ണു നമ്പൂതിരിക്ക് പറ്റാത്തതിനാൽ മറ്റൊരാളെക്കൊണ്ട് വിശദമായി ഇവ ചെയ്യിച്ചു. പക്ഷെ കാക്കശല്യം തീർന്നില്ല. വീണ്ടും ജ്യോത്സ്യനെ സമീപിച്ചു. ഒഴിവു കണ്ട ആളെക്കൊണ്ടു തന്നെ ചെയ്യിക്കാൻ പറഞ്ഞു. വിഷ്ണു നമ്പൂതിരി സാധാരണ മട്ടിൽ വലിയ കെട്ടിക്കാഴ്ചകളൊന്നുമില്ലാതെ കർമ്മങ്ങൾ ചെയ്തു.

വീട്ടുകാർക്ക് വലിയ തൃപ്തിയായില്ലെന്നത് ദക്ഷിണയിൽ വ്യക്തമായി. വെറും 200 രൂപ. പിറ്റേന്ന് അവരുടെ വീടിനു മുൻപിൽ കാക്കകൾ ചത്തു കിടക്കുന്നു. പിന്നീട് കാകശല്യമില്ലാതായി. വീട്ടുകാർ വിഷ്ണു നമ്പൂതിരിയെക്കണ്ട് ക്ഷമാപണം നടത്തി 5000 രൂപയും വസ്ത്രങ്ങളും മറ്റു സമ്മാനങ്ങളും കൊടുത്ത് സാഷ്ടാംഗം നമസ്ക്കരിച്ചത് ഇതിന്റെ പിൽക്കാല അനുഭവം.

കിർളിയൻ ഫോട്ടോഗ്രാഫിയിൽ ഓറ തെളിഞ്ഞാലും മന്ത്രവാദത്തിന് ക്ഷണിച്ചവരുടെ മുഖം തെളിയാഞ്ഞാലും ഒരുപോലെയേയുള്ളൂ. താൻ പഠിച്ചത് ചെയ്യുക. അതിന്റെ ഫലം തനിക്ക് കിട്ടും. മറ്റുള്ളവർ



*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി യേശുദാസിനോടൊപ്പം.*



*കൃഷ്ണൻ നമ്പൂതിരിയും ഭാര്യയും യേശുദാസിനോടൊപ്പം*



എന്തു പറയുന്നു എന്നതൊന്നും കാര്യമാക്കുന്നില്ല.

രാമനാട്ടുകര ദേശത്തിൽപ്പെട്ട പന്തീരാങ്കാവിലാണ് പാലശ്ശേരി മുല്ലപ്പള്ളി ഇല്ലത്തിന്റെ ആരൂഢം. അച്ഛൻ വിഷ്ണു നമ്പൂതിരി പ്രഗത്ഭനായ വൈദികനായിരുന്നു. അദ്ദേഹം നരീങ്ങൽ തലപ്പണ ഇല്ലത്തെ ശ്രീദേവി അന്തർജനത്തെ വേളി കഴിക്കുകയും ചൂലൂർ കീടേരി വിഷ്ണു ക്ഷേത്രത്തിനടുത്ത് താമസം തുടങ്ങുകയും ചെയ്തു. അങ്ങനെയാണ് പുതിയ തലമുറ കണ്ണി പറമ്പ് ദേശത്തായത്. പന്തീരാങ്കാവിലുള്ള തറവാട്ടിൽ ഇപ്പോൾ വിഷ്ണുനമ്പൂതിരിയുടെ ജേഷ്ഠന്റെ മക്കളാണ് താമസിക്കുന്നത്. കരിക്കാട്ട് സുബ്രഹ്മണ്യ ക്ഷേത്രത്തിലെ മേൽശാന്തിയായി നീണ്ട 49 വർഷം തേവരെ സേവിച്ചതിന്റെ പെരുമ അച്ഛൻ വിഷ്ണു നമ്പൂതിരിയിലൂടെ പുതുതലമുറയിലേക്കും എത്തിയിട്ടുണ്ട്.

പുതുതലമുറയിലെ മുതിർന്ന അംഗമാണ് (ചെറിയ) വിഷ്ണു നമ്പൂതിരി. അനിയന്മാർ നാരായണൻ, മധുസൂദനൻ, കൃഷ്ണൻ. പിന്നെ മകൻ വിനുവും. താന്ത്രികം, മാന്ത്രികം, ജ്യോതിഷം, കളംപാട്ട് തുടങ്ങി ഇവർക്കെല്ലാം സ്വന്തം നിലയിൽ പേരും പെരുമയുമുണ്ട്.

കണ്ണിപറമ്പ് ശിവക്ഷേത്രം, അരീക്കുളങ്ങര ഭഗവതീ ക്ഷേത്രം, കൽപ്പകശ്ശേരി ക്ഷേത്രം, കരിക്കാട്ട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, മമ്മിയൂർ മഹാദേവക്ഷേത്രം, ഗുജറാത്തിലെ ഒരു അയ്യപ്പക്ഷേത്രം എന്നിവിടങ്ങളിൽ ദീർഘകാലം മേൽശാന്തിയായിരുന്നിട്ടുണ്ട് വിഷ്ണു നമ്പൂതിരി. അരീക്കുളങ്ങര ഭഗവതീ ക്ഷേത്രത്തി

*വിനു മുല്ലപ്പള്ളിയുടെ വിവാഹവേളയിൽ വിഷ്ണു നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, മധുസൂദനൻ നമ്പൂതിരി*



*വിഷ്ണു നമ്പൂതിരി*



*സുവർണ്ണ മുല്ലപ്പള്ളി മൗനാക്ഷരങ്ങൾ എന്ന സിനിമയിൽ പാടുന്നു*

ന്റെ ഇന്നത്തെ പ്രശസ്തിക്ക് നല്ല സംഭാവന വിഷ്ണു നമ്പൂതിരിയുടേതായിട്ടുണ്ട്. ഇപ്പോൾ കൂഴമ്പ്ര കരുമകൻ കാവിലെ മേൽശാന്തിയാണ് വിഷ്ണു നമ്പൂതിരി. പന്തീരാങ്കാവ് മുതു മനത്തറയിലെ ക്ഷേത്രത്തിലെ തന്ത്രി കൂടിയാണ് വിഷ്ണു നമ്പൂതിരി.

ബാധ ഇളകിയവരെ മന്ത്രവാദത്തിലൂടെ സുഖപ്പെടുത്തിയ കഥകളും, പ്രായപൂർത്തിയായ നമ്പൂതിരി പ്പെൺകിടാങ്ങൾക്ക് വേളി കഴിയാൻ പ്രത്യേക പൂജകൾ നടത്തിയതും 2 മാസത്തിനുള്ളിൽ തന്നെ വേളി നടന്നതുമായ കാര്യങ്ങൾ വിശദമായി സാക്ഷ്യപ്പെടുത്തുന്നു വിഷ്ണു നമ്പൂതിരി.

വേട്ടക്കരൻ പാട്ടിന്റെ നർത്തക സ്ഥാനം മുല്ലപ്പള്ളി ഇല്ലത്തേക്ക് കൊണ്ടുവന്നത് വിഷ്ണു നമ്പൂതിരിയാണ്. 38 മത്തെ വയസ്സിലായിരുന്നു അരങ്ങേറ്റം. ഇപ്പോൾ വർഷത്തിൽ 70 ഓളം പാട്ടുകൾക്ക് വെളിച്ചപ്പെടാൻ പോകാറുണ്ട്. തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ വെളിച്ചപ്പെട്ടതും പെരിങ്ങീരി ചേന്നാസിന്റ അമ്പലത്തിലെ 60 കളം പാട്ടിൽ 15 ദിവസത്തോളം തുടർച്ചയായി വെളിച്ചപ്പെട്ടതും ഒരു വലിയ അംഗീകാരം തന്നെ.1998 നവമ്പർ 16 ന് ദൂരദർശനിൽ തുടർച്ചയായി അര മണിക്കൂർ നേരം നരിക്കുനി എടമന പാട്ടിന്റെ നർത്തനം സംപ്രേഷണം ചെയ്തത് വിഷ്ണു നമ്പൂതിരി അഭിമാനത്തോടെ ഓർക്കുന്നു.

പ്രശസ്ത മന്ത്രവാദിയായിരുന്ന പഴങ്ങോട്ടുപൊറ്റ ഗോവിന്ദൻ നമ്പൂതിരിയിയിൽ നിന്നാണ് മന്ത്രവാദം അഭ്യസിച്ചത്. ഇപ്പോൾ കൂടുതലായി അറിയപ്പെടുന്നതും മാന്ത്രികവഴിക്കാണ്.

വിഷ്ണു നമ്പൂതിരിയുടെ ആദ്യപത്നി പെരുമ്പറമ്പ് കോയില്യത്ത് പാർവ്വതിക്കുട്ടി (ശോഭന) 2005 ൽ വൃക്ക സംബന്ധമായ അസുഖത്താൻ അന്തരിച്ചു. പയ്യോളി കന്മനമൊളേരി (കളാശ്ശേരി) ഇല്ലത്തെ വസന്ത അന്തർജനത്തെ പിന്നീട് വേളി കഴിച്ചു.

ഏക മകൻ വിനേഷ് എന്ന വിനുവും വിഷ്ണു നമ്പൂതിരിയാണ്. മുത്തശ്ശന്റെയും അച്ഛന്റെയും പേരു തന്നെയാണ് ഈ പുതുതലമുറക്കാരനും. മണ്ണൂർ ശിവക്ഷേത്രത്തിൽ മേൽശാന്തിയാണ് വിനു.അച്ഛന്റെ പാത പിൻതുടർന്ന വേട്ടക്കരൻ പാട്ടിന്റെ നർത്തകനുമാണ്. കഴിഞ്ഞ ഡിസംബറിൽ പന്തീരായിരം നടത്തിയിട്ടുണ്ട്. കന്നിപന്തീരായിരം വെറും രണ്ടര മണിക്കൂർ കൊണ്ട് പൂർത്തിയാക്കി റെക്കോർഡിട്ട ആളാണ് വിനു. സെക്കൻഡിൽ ഒരു തേങ്ങ എന്ന കണക്കിലായാൽപ്പോലും മൂന്നര മണിക്കൂറോളം വേണ്ട പന്തീരായിരമാണ് രണ്ടര മണിക്കൂർ കൊണ്ട് പൂർത്തിയാക്കി റിക്കാർഡിട്ടത്. ശ്രീകോവിൽ വെള്ള വലിച്ചു കൊടുക്കുക, ക്രിയക്കാരെ സംഘടിപ്പിച്ചു കൊടുക്കുക. അമ്പലത്തിനാവശ്യമായവയെല്ലാം ഏർപ്പാടാക്കിക്കൊടുക്കുക എന്നീ സാമൂഹിക പ്രവർത്തനങ്ങളും നടത്തുന്നു. കിഴക്കേപുതുവാരിടം വാസുദേവൻ നമ്പൂതിരിയുടെ മകൾ ശ്രീജയാണ് സഹധർമ്മിണി. 5 വയസ്സായ ഒരു മകളുണ്ട്.

## സ്വർണ്ണം വെച്ച ആളുടെ ഫലം

പത്തു നാല്പതു വർഷം മുമ്പാണ്. കണ്ണിപറമ്പിലെ പ്രശസ്തമായ കൽപ്പകശ്ശേരി ക്ഷേത്രത്തിൽ സ്വർണ്ണ പ്രശ്നം നിശ്ചയിച്ചു.പ്രസിദ്ധനായ അരീക്കളങ്ങര സോമൻ പണിക്കരാണ് ദൈവജ്ഞൻ. രാശിചക്രത്തിൽ സ്വർണ്ണം വെക്കുവാൻ ഒരു കന്യകയോ ബാലനോ വേണം. കൃത്യ സമയത്ത് അവിടെ എത്തിപ്പെട്ടതാകട്ടെ മുല്ലപ്പള്ളിയിലെ 11 വയസ്സുകാരൻ നാരായണൻ എന്ന ഉണ്ണി നമ്പൂതിരി. ആ ഉണ്ണിക്കായി സ്വർണ്ണം വെക്കുവാനുള്ള നിയോഗം.

ആ സ്വർണ്ണം വെച്ച രാശിയെ അടിസ്ഥാനമാക്കിയാണ് പ്രശ്ന ചിന്ത. പ്രശ്ന ചിന്തയിൽ സ്വർണ്ണം വെച്ച ആളുടെ ഫലവും പറയാറുണ്ട്. സോമൻ പണിക്കർ പ്രവചിച്ചു. ഈ ഉണ്ണി പ്രശസ്ത ജ്യോത്സ്യനായിത്തീരും.

കാലം കുറെ കഴിഞ്ഞു. ഉണ്ണി അതു മറന്നു. പക്ഷെ അച്ഛനായ മുല്ലപ്പള്ളി വിഷ്ണുനമ്പൂതിരി അത് മനസ്സിൽ സൂക്ഷിച്ചു. മാത്രമല്ല അവസരം വന്നപ്പോൾ അരീക്കളങ്ങര സോമൻ

*ദക്ഷിണാമൂർത്തി സ്വാമികൾ മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിയുടെ വസതിയിൽ എത്തിയപ്പോൾ*






*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിയും കുടുംബവും മാതൃഭൂമി മാനേജിംഗ് എഡിറ്റർ പി.വി.ചന്ദ്രനൊപ്പം*

പണിക്കരുടെ അടുത്ത് സംസ്കൃതം പഠിക്കുവാൻ കൊണ്ടു ചെന്നാക്കുകയും ചെയ്തു.

അക്കാലത്ത് സോമൻ പണിക്കർക്ക് പഠിപ്പിക്കുന്നതിന് ഒരു പ്രത്യേക രീതിയുണ്ടായിരുന്നു. രാശിക്കും പ്രശ്ന, ജാതക ചിന്തകൾക്കുമായി വരുന്നവർ ഒന്നിച്ച് ഇരിക്കും. കവടിപ്പലകയും പഞ്ചാംഗവുമെല്ലാമായി പണിക്കരും തൊട്ടരുകിലായി ശിഷ്യന്മാരും. ഓരോരുത്തരോടായി കാര്യങ്ങൾ ചോദിക്കും. കൃത്യമായ ഉത്തരങ്ങൾ നൽകും. ഇടവേളകളിലാണ് പഠനം. അന്നൊന്നും ജ്യോതിഷത്തെപ്പറ്റി വലിയ അറിവോ താൽപ്പര്യമോ ഉണ്ടായിരുന്നില്ല നാരായണൻ നമ്പൂതിരിക്ക്. അച്ഛൻ പറഞ്ഞതുകൊണ്ട് പഠിക്കുന്നു, അത്രയേയുള്ളൂ. വേറെ നിവൃത്തിയില്ല.

ആയിടക്ക് ഒരു സംഭവമുണ്ടായി. അതാണ് ജ്യോതിഷത്തിൽ തനതു താല്പര്യം വളർത്തിയത്.

ഒരു ദിവസം ഒരു പ്രായമുള്ള ഹാജിയാർ സോമൻ പണിക്കരെ കാണുവാൻ വന്നു. കുറച്ചു നേരം മുഖത്ത് സൂക്ഷിച്ച നോക്കി ഗുരുനാഥൻ സോമൻ പണിക്കർ ചോദിച്ചു.

'രണ്ടു പ്രാവശ്യം കുഴിച്ചു നോക്കി. കിട്ടിയില്ല അല്ലേ. ഇനിയും കിട്ടുമോന്നറിയാൻ വന്നതാണല്ലേ? ഇനി ഒന്നും ഇല്ല. നോക്കുകയും വേണ്ട.' അദ്ഭുതസ്തബ്ധനായ ഹാജിയാർ ദക്ഷിണയും കൊടുത്ത് തൊഴുതു മടങ്ങി. ജ്യോത്സ്യത്തിന് ഇത്രയൊക്കെ പ്രവചനാത്മകതയുണ്ടോ? ഒറ്റനോട്ടത്തിൽത്തന്നെ ഹാജിയാരുടെ നിധി സംബന്ധമായ സംശയത്തിന് കൃത്യമായ ഉത്തരം കൊടുക്കാൻ പറ്റി? അങ്ങനെയെങ്കിൽ ആ ശാസ്ത്രം പഠിക്കണമല്ലോ. ഈ ഒരു സംഭവമാണ് നാരായണൻ നമ്പൂതിരിയെ ജ്യോതിഷപഠനത്തിൽ തൽപ്പരനാക്കിയത്.

അങ്ങനെ താല്പര്യം വന്നപ്പോഴോ? പിന്നെ അതായി വഴി.

ഒറ്റ ഉദാഹരണം പറയാം.

അഞ്ചു വർഷം മുമ്പാണ്. പെരുമൺപുറ വിഷ്ണു ക്ഷേത്രത്തിൽ സ്വർണ്ണപ്രശ്നം നടത്തി. പ്രശ്നചിന്തയുടെ ആദ്യദിവസം തന്നെ ചില ലക്ഷണങ്ങൾ കണ്ടു. അതനുസരിച്ച് മുല്ലപ്പള്ളി ഒരു പ്രവചനം നടത്തി. മൂന്നു മരണങ്ങൾ അടുത്തു തന്നെയുണ്ടാവും.ക്ഷേത്ര തട്ടകത്തു തന്നെ. മൂന്നാം ദിവസം രാശിപ്പലക എടുക്കും മുമ്പ് ആദ്യമരണം ക്ഷേത്രത്തിന് തൊട്ടു തന്നെയുള്ള വീട്ടിൽ. ഒരാഴ്ച കഴിഞ്ഞില്ല അടുത്ത മരണം. ഒരു മസത്തിനുള്ളിൽ മൂന്നാമത്തേതും. വയോ വൃദ്ധരായി മരണം കാത്തു കഴിഞ്ഞവരല്ല ഈ മൂന്നു പേരും എന്നത് ആ പ്രവചനത്തിൻെറ സിദ്ധിയും മഹത്വവും വർദ്ധിപ്പിച്ചു.

അതേ പ്രശ്നചിന്തയിൽ തന്നെയാണ് വേറൊന്ന് പറഞ്ഞത്. 40 കൊല്ലം മുമ്പ് നാട് വിട്ട ഒരാൾ ആദേശത്തുണ്ട്. ഒരു വിവരവും അയാളെപ്പറ്റിയില്ല. ക്ഷേത്രത്തിന് തൊട്ടു മുന്നിൽ തന്നെ അയാൾക്ക് സ്ഥലവും മറ്റുമുണ്ട്. അങ്ങനെയൊരു ആളുണ്ടെന്നായി പ്രശ്ന ചിന്ത കേൾക്കാൻ വന്നവർ. എങ്കിൽ അയാൾ ഉടൻ മടങ്ങി വരുമെന്നായി ദൈവജ്ഞൻ. ആർക്കും വിശ്വാസമായില്ല. ജീവിച്ചിരിപ്പുണ്ടോ എന്നു പോലും അറിയാത്ത ആൾ. ഉടൻ തിരിച്ചെത്തുമെന്നാണ് പ്രവചനം. രണ്ടു മാസം കഴിയും മുമ്പ് അയാൾ തിരിച്ചെത്തിയതോടെ ആ നാട്ടുകാർ ശരിയ്ക്കും



*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിയുടെ പുസ്തകം മനോരമ കോ-ഓർഡിനേറ്റിംഗ് എഡിറ്റർ പി.ജെ.ജോഷക്ക് കോപ്പി നൽകിക്കൊണ്ട് മാതൃഭൂമി മാനേജിംഗ് എഡിറ്റർ പി.വി.ചന്ദ്രൻ പ്രകാശനം ചെയ്യുന്നു. പി.എസ്.ശ്രീധരൻ പിള്ള, പി.പി.ശ്രീധരനുണ്ണി എന്നിവർ സമീപം*




*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി പ്രമുഖ ചലച്ചിത്ര സംവിധായകൻ ഹരിഹരനൊപ്പം (ഇടത്ത്). മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി അമിത് ഷായോടൊപ്പം (വലത്ത്)*

സ്തബ്ധരായി.

അതിന് ഒരു ഫലവുമുണ്ടായി. ക്ഷേത്രത്തിനു വേണ്ടി കയ്യയച്ചു സഹായം നൽകാൻ നാട്ടിലെ എല്ലാവരും രംഗത്തിറങ്ങി. പ്രശ്നവേദിയിൽ വെച്ചുതന്ന നല്ല ഒരു സംഖ്യ സദസ്സിലുള്ളവരിൽ നിന്നുതന്നെ സ്വരൂപിക്കാൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്.

ഗുരുനാഥനായ സോമൻ പണിക്കരെപ്പറ്റി പറയുമ്പോൾ ആയിരം നാവാണ് നാരായണൻ നമ്പൂതിരിക്ക്.

ഗുരുനാഥന് പ്രശ്നചിന്തക്ക് കുറച്ചു സമയം മതി. കൃത്യമായ കാര്യങ്ങൾ കൃത്യമായിത്തന്നെ പറയും. മക്കളും മരുമക്കളുമടക്കം അനവധി ശിഷ്യന്മാരുണ്ട് ഗുരുനാഥനും. പക്ഷെ പുത്രനിർവ്വിശേഷമായ സ്നേഹമായിരുന്നു നാരായണൻ നമ്പൂതിരിയോട്. ഏതെങ്കിലും ജ്യോതിഷ സംബന്ധമായ കാര്യങ്ങൾക്ക് ഗുരുനാഥനു തിരക്കാണെങ്കിൽ നാരായണൻ നമ്പൂതിരിയുടെ അടുത്തേക്കാണ് അയക്കുക .ഈ ഗുരുത്വം തന്നെയാണ് നാരായണൻ നമ്പൂതിരിയുടെ ശക്തിയും സൌഭാഗ്യവും

ആദ്യമായി സ്വർണ്ണ പ്രശ്നം വെച്ചതും ഗുരുനാഥന്റെ തറവാട്ടിൽത്തന്നെ. ഏകദേശം 24 കൊല്ലത്തോളമായി സജീവമായി ഈ രംഗത്തുണ്ട്. മിക്കവാറും അമ്പലങ്ങളിലെ സ്വർണ്ണ പ്രശ്നങ്ങളിൽ പരിഹാരങ്ങൾക്കും നവീകരണത്തിനും ഫണ്ടുണ്ടാക്കുന്നതിനും സഹായിക്കാറുണ്ട് നാരായണൻ നമ്പൂതിരി. സദസ്യരിൽ നിന്നു തന്നെ 20 ലക്ഷം വരെ സഹായം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.അതുകൊണ്ടുതന്നെ പ്രശ്ന പരിഹാരങ്ങൾ നടക്കാത്തവ വിരളം.

ആദ്യമായി സ്വർണ്ണം വച്ച അതേ കൽപ്പകശ്ശേരി ക്ഷേത്രത്തിൽ വർഷങ്ങൾക്കു ശേഷം പഴയ ആ ഉണ്ണി (മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി) സ്വർണ്ണ പ്രശ്നം വെച്ചു എന്നതും ഒരു നിയോഗം.

ആയിരക്കണക്കിന് സ്വർണ്ണ പ്രശ്നങ്ങളും എണ്ണിയാൽ തീരാത്തത്ര താംബൂലപ്രശ്നങ്ങളും നടത്തിയിട്ടുണ്ട് മുല്ലപ്പള്ളി. ആഴ്ചയിൽ ഞായറാഴ്ച ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും പ്രശ്നത്തിനും പ്രശ്ന ചിന്തകൾക്കുമായി പോകേണ്ട അവസ്ഥയും വന്നു ചേർന്നിരുന്നു. ചോറ്റാനിക്കര, മണ്ണാർ ശാല, മാമാനത്ത്, പാമ്പും മേക്കാട്ട്, ആമേടമംഗലം, ഏറ്റുമാന്നൂർ, ഗുരുവായൂർ എന്നിങ്ങിനെ അനവധി സ്ഥലങ്ങളിൽ പ്രധാനാചാര്യനോ, സഹ ആചാര്യനോ ആയി പങ്കെടുക്കുവാനുള്ള ഭാഗ്യവും സിദ്ധിച്ചിട്ടുണ്ട് .

മട്ടന്നൂരിലെ ഒരു പ്രശ്നത്തിൽ, പ്രശ്ന ചിന്തയിൽ തൊട്ടടുത്ത കുളത്തിൽ വിഗ്രഹമുണ്ടെന്നു കണ്ടു. ഉണ്ടാവില്ല എന്ന് സദസ്സിലെ ഒരു വിഭാഗം ശഠിച്ചപ്പോൾ, എന്നാലത് തീരുമാനിച്ചിട്ടാകാം പ്രശ്ന ചിന്തകൾ എന്നായി മുല്ലപ്പള്ളി. ഒരു മുഴുവൻ ദിവസത്തെ വെള്ളം വറ്റിക്കലിനും ചെളിയെടുപ്പിനും ശേഷം വിഗ്രഹവും പീഠവും കിട്ടി. ആ നാട്ടിൽ അത് വലിയ വാർത്തയായി. കലശം, പുനപ്രതിഷ്ഠ, എന്നിവ കഴിഞ്ഞ് ഉത്തരോത്തരം അഭിവൃദ്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ആ പ്രദേശത്ത് രാഷ്ട്രീയകക്ഷിഭേദമന്യേ 'മിക്കവാറും എല്ലാവരും ദൈവ വിശ്വാസികൾ ആയെന്നതും ഒരു നിയോഗമായി.

ഒരിക്കൽ പോലീസ് എസ്കോർട്ടിൽ പ്രശ്നം വെക്കേണ്ട അനുഭവവും ഉണ്ടായിട്ടുണ്ട് മുല്ലപ്പള്ളിക്ക്. ഇങ്ങനെ പ്രശ്നം വക്കുന്നതു തന്നെ ഒരു പ്രശ്നമായതും അതെല്ലാം ദൈവാനുഗ്രഹത്താൽ ഭംഗിയായി കലാശിച്ചതും ഓർത്തെടുക്കുന്നു മുല്ലപ്പള്ളി.

വണ്ടൂർ പുന്നപ്പാല ശിവക്ഷേത്രത്തിലെ സ്വയംഭൂവായ വിഗ്രഹം പ്രഗത്ഭരുടെ കാർമ്മികത്വത്തിൽ മാറ്റി പ്രതിഷ്ഠിച്ചു. സ്വയംഭൂവായ വിഗ്രഹം പൊതുവേ മാറ്റാറില്ല. അതാണ് പുന്നപ്പാലയിൽ മാറ്റിയത്. വർഷങ്ങൾക്കു ശേഷവും ക്ഷേത്രത്തിന് പുരോഗതി കാണാത്തതിനാൽ മുല്ലപ്പള്ളിയേക്കൊണ്ട് അവർ മറ്റൊരു സ്വർണ്ണ പ്രശ്നം വെപ്പിച്ചു. പ്രശ്ന ചിന്തയിൽ സ്വയംഭൂവായ ബിംബം മാറ്റാൻ പാടില്ലാത്തതായിരുന്നെന്നും തിരിച്ചു പ്രതിഷ്ഠിക്കണമെന്നും കണ്ടു.

അപ്പോൾ പുതിയ വിഗ്രഹമോ? അതായി അടുത്ത പ്രശ്നം.

പുതിയ ബിംബം മറ്റൊരു ശ്രീകോവിലിൽ പ്രതിഷ്ഠിക്കാമെന്നും കണ്ടു. അണ്ടലാടി നമ്പൂതിരിപ്പാട് മുതലുള്ള പ്രശസ്ത വ്യക്തികൾ പ്രതിഷ്ഠാ സമയത്ത്



*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിക്ക് ലഭിച്ച മെമന്റോകളും അവാർഡുകളും*

സന്നിഹിതരായിരുന്നതിനാൽ വേഴപ്പറമ്പിനോട് അഭിപ്രായം ചോദിക്കാൻ തീരുമാനിച്ചു. അങ്ങനെ ചോദിക്കാൻ തോന്നിയത് അതിലേറെ നന്നായി. മറ്റൊന്നുമല്ല, മലപ്പുറം വണ്ടൂരിലെ ഒരു ക്ഷേത്രത്തിൽ സ്വയംഭൂവിഗ്രഹം മാറ്റി പ്രതിഷ്ഠിച്ചു പോയിട്ടുണ്ടെന്നും ആരെങ്കിലും അവിടെ നിന്നും വന്നാൽ അത് തിരിച്ച് പ്രതിഷ്ഠിക്കണമെന്ന് അണ്ടലാടി നമ്പൂതിരിപ്പാട് പറഞ്ഞ് ഏൽപ്പിച്ചിരുന്നതായും വേഴപ്പറമ്പ് പറഞ്ഞു.

ഇവിടെ രണ്ടു കാര്യങ്ങളിലാണ് ദൈവജ്ഞൻ കൃത്യത വരുത്തിയത്. ഒന്ന് സ്വയംഭൂ വിഗ്രഹം മാറ്റിയത് ശരിയല്ല. രണ്ട് ഇനി അതിൻമേൽ ഒരു തീരുമാനം എടുക്കുമ്പോൾ വേഴപ്പറമ്പിന്റെ അഭിപ്രായം ചോദിക്കണം.

അതു രണ്ടും ശരിയായ നിർദ്ദേശമായിരുന്നു എന്നതിന് തെളിവ് ആ അമ്പലവും ദേശവും തന്നെയാണ്. ഉത്തരോത്തരം അഭിവൃദ്ധിയിലാണ് അവിടം.

പുളിയശ്ശേരി ഇല്ലത്തെ സാവിത്രി അന്തർജനമാണ് നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണി. വീട്ടുമുറ്റത്ത് ഒരു ചെറിയ പൂന്തോട്ടവും ഒരുക്കിയിട്ടുണ്ട്. ഒരു കവി കൂടിയായ .ഭർത്താവിന്റെ വിജയത്തിന്റെ ചാലകശക്തിയായ ഇവർ സാമൂഹ്യ സേവനത്തിനും മക്കളുടെ സാഹിത്യ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനും സമയം കണ്ടെത്തുന്നു. സൌമ്യ മുല്ലപ്പള്ളി (വ്യാസപീഠം കല്ലേക്കാടിൽ ബി. എഡ് വിദ്യാർത്ഥിനി), സുവർണ്ണ മുല്ലപ്പള്ളി (ഒമ്പതാം ക്ളാസ്) എന്നിവർ മക്കളാണ്. രണ്ടു പേരും കവിതകൾ എഴുതാറുണ്ട്. സുവർണ്ണ മുല്ലപ്പള്ളിയുടെ കവിതാ സമാഹാരം ' മുത്തുമണികൾ 'മാതൃഭമി എഡിറ്റർ പി.വി .ചന്ദ്രൻ മനോരമ കോ ഓർഡിനേറ്റിംഗ് എഡിറ്റർ പി.ജെ. ജോഷയ്ക്ക് നൽകിയാണ് പ്രസിദ്ധീകരിച്ചത്. മൗനഗീതങ്ങൾ എന്ന സിനിമക്ക് വേണ്ടി പാടിയ പിന്നണി ഗായിക കൂടിയാണ് ഈ കൊച്ചുമിടുക്കി.

'പൂവാലൻ കോഴി, ഓണപ്പുടവ, പുതുമഴ' എന്നീ കവിതാ സമാഹാരങ്ങളും 'പിതൃദേവോ ഭവ.' എന്നലേഖന സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'അഷ്ടദളം 'നവമാലിക, കർപ്പൂര ആരതി, മണ്ണാർശാല നാഗസ്തുതികൾ, പദ്മദളം തുടങ്ങി 27 ഓഡിയോ കാസറ്റുകൾക്ക് വേണ്ടി പാട്ടുകളും എഴുതിയിട്ടുണ്ട്.

പദ്മദളത്തിൽ മക്കളായ സൗമ്യയും സുവർണ്ണയും പാടിയിട്ടുണ്ട്. 'അരക്കിറുക്കൻ', 'പ്രതി ഒന്നാം സാക്ഷി' എന്നീ സിനിമകൾക്കു വേണ്ടിയും പേരിടാത്ത മറ്റു 2 സിനിമകൾക്കു വേണ്ടിയും പാട്ടുകൾ എഴുതിയിട്ടുണ്ട്. മയൂഖം എന്ന സിനിമയിൽ ഒരു കഥാപാത്രം പറയുന്നത് മുല്ലപ്പള്ളിയെക്കൊണ്ട് പ്രശ്നം വെപ്പിക്കണം എന്നാണ്. അത്രയ്ക്ക് സ്വീകാര്യതയുണ്ട് പ്രശ്നചിന്തകൾക്ക്.

പദ്മശ്രീ യേശുദാസ്, ദക്ഷിണാമൂർത്തി സ്വാമി, ശ്രീനിവാസൻ, സായ്കുമാർ, കെ.പി.എ.സി ലളിത, വിനീത്, നരേൻ, സുരഭി, ഹരിഹരൻ, പി.വി.ചന്ദ്രൻ തുടങ്ങി സിനിമാ മേഖലയിലുള്ള പലരുമായും നല്ല സുഹൃദ് ബന്ധം കാത്തു സൂക്ഷിക്കുന്നു മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി. നടി സുരഭിക്ക് സ്പെഷൽ ജൂറി പുരസ്കാരം കിട്ടി അരീക്കുളങ്ങര വന്നപ്പോൾ നാഷണൻ അവാർഡ് കിട്ടുമെന്ന് ആശംസിച്ചിരുന്നു മുല്ലപ്പള്ളി.കിട്ടിയപ്പോൾ ആദ്യം വിളിച്ചതും മുല്ലപ്പള്ളിയെത്തന്നെ.

ഭാഷാ ശ്രീ ബാലസാഹിത്യ അവാർഡ്, ജവഹർ ബാലസാഹിത്യ പുരസ്കാരം, എം.എസ്.മ്പൂതിരിപ്പാട് പുരസ്കാരം തുടങ്ങി നിരവധി അവാർഡുകളും ലഭിച്ചിട്ടുണ്ട്. മന്ത്രി എ.കെ ശശീന്ദ്രൻ ,കെ.മുരളീധരൻ തെക്കേമഠം സ്വാമിയാർ തുടങ്ങി വിശിഷ്ട വ്യക്തികളിൽ നിന്നാണ് ഇവയെല്ലാം ഏറ്റുവാങ്ങിയത്.

## വൈദ്യനാവാൻ കൊതിച്ചു; പക്ഷേ...

'നല്ലൊരു ആയുർവേദ വൈദ്യനാക്കാനായിരുന്നു അച്ഛന്റെ ആഗ്രഹം. എന്നാൽ പെട്ടെന്ന് ഒരു ജോലി കിട്ടുവാനുള്ള മോഹത്താൽ പഠിച്ചതോ ടെലിപ്രിന്റർ & ടെലക്സ്. പക്ഷേ, പ്രാവീണ്യം നേടിയത് താന്ത്രിക വിഷയത്തിൽ .ഇതു തന്നെയാണ് തന്റെ നിയോഗം. ഇത്ര പേരും, പ്രശസ്തിയും, ആത്മസംതൃപ്തിയും മറ്റെവിടന്ന് കിട്ടും':
അഭിമാനപൂർവ്വം മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഓർക്കുന്നു.

എറണാകുളത്ത് ടെലക്സ് ട്രെയിനിംഗിനു ചേർന്ന കൃഷ്ണൻ നമ്പൂതിരിക്ക് കലൂർ പാവക്കുളം ക്ഷേത്രത്തിൽ തന്റെ ലോക്കൽ ഗാർഡിയനായ പുരുഷോത്തമൻ എമ്പ്രാന്തിരിക്ക് ബദലായി 15 ദിവസം കീഴ്ശാന്തിപ്പണി ചെയ്യേണ്ടി വന്നു.

അതാണ് ജീവിതം മാറ്റി മറിച്ചത്.

കോഴിക്കോട്ട് മാധവ്ജിയുടെ അടുത്തു ചെന്ന ഉണ്ണികൃഷ്ണൻ എമ്പ്രാന്തിരിയോട് ഇപ്പോൾ ആരാണ് പാവക്കുളത്ത് എന്ന് അന്വേഷിക്കുകയും തന്ത്ര വിദ്യാപീഠത്തിലെ അദ്ധ്യാപകനായ മധുസൂദനൻ നമ്പൂതിരിയുടെ അനിയൻ കൃഷ്ണനാണെന്ന് പറയുകയും ചെയ്തു.മാധവ്ജി കൃഷ്ണൻ നമ്പൂതിരിയോട് തന്ത്ര വിദ്യാപീഠത്തിൽ ചേരാൻ നിർദ്ദേശിക്കുകയും, അപ്പോൾത്തന്നെ അച്ഛന്റെ അനുമതി നേരിട്ടു വാങ്ങുകയും ചെയ്തു. മാധവ്ജി ആവശ്യപ്പെട്ടതുകൊണ്ട്

മാത്രമായിരുന്നു അച്ഛൻ സമ്മതിച്ചത്.

കൽപ്പുഴ ദിവാകരൻ നമ്പൂതിരിയായിരുന്നു ഇന്റർവ്യൂ ചെയ്തത്.സന്ധ്യാവന്ദനത്തെപ്പറ്റി ചോദിച്ചു. കുറച്ച് ഓത്ത് അച്ഛനിൽ നിന്നും പഠിച്ചിരുന്നതിനാൽ മന്ത്രങ്ങളെല്ലാം സ്വരിച്ച് ചൊല്ലി കേൾപ്പിച്ചു: 6 വർഷം നീണ്ടു നിൽക്കുന്ന തന്ത്രരത്നം എന്ന കോഴ്സാണ് തന്ത്ര വിദ്യാപീഠത്തിൽ പഠിപ്പിക്കുന്നത്. പത്താം ക്ലാസ് പാസായ ഉപനയന സമാവർത്തനങ്ങൾ കഴിഞ്ഞ അപേക്ഷകരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ജാതക പരിശോധന കൂടി ന ടത്തിയാണ് തന്ത്ര വിദ്യാപീഠത്തിൽ ചേർക്കുന്നത്.

വെളുപ്പിന് നാലര മണിക്ക് എഴുന്നേറ്റ്, കുളി, സന്ധ്യാവന്ദനം, 6 മണിക്ക് പ്രാതഃ സ്മരണ, 6.30 മുതൽ വേദസൂക്തങ്ങളുടെ പഠനം. ഇതാണ് രീതി..വേദം, സംസ്കൃതം, വാസ്തു ശാസത്രം, പഞ്ചാംഗ പ രിചയം, ക്ഷേത്ര നിർമ്മാണം തുടങ്ങി അമ്പലത്തിനു വേണ്ട സകല താന്ത്രിക കാര്യങ്ങളും.

## സിനി ഡയറക്ടർ വിജി തമ്പി

''ഞാൻ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയെ പരിചയപ്പെടു ന്നത് തിരുവനന്തപുരം മഹാരാജാവിന്റെ കൊട്ടാരത്തിലെ ശ്രീചക്ര പൂജ ക്കിടയിലാണ്.അദ്ദേഹമായിരുന്നു



അതിന്റെ പ്രധാന പൂജാരി. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഈ പൂജ വളരെ ഗംഭീരമായ രീതിയിലാണ് അദ്ദേഹം ചെയ്തത്.തിരുവനന്തപുരം മഹാരാജാവിന്റെ പൂജക്ക് പ്രധാന പൂജാരി ആകുക എന്നത് ചെറിയ കാര്യമല്ല. കഴിഞ്ഞ 8 വർഷമായി ഇത് തുടരുന്നു. പ രിചയപ്പെടുവാൻ പോകുമ്പോൾ അദ്ദേഹം ഒരു വലിയ ആളല്ലേ, ആ പെരുമാറ്റം കാണില്ലേ എന്നെല്ലാം വിചാരിച്ചിരുന്നു.പ ക്ഷേ, വളരെ സിമ്പിൾ ആയ ഒരാൾ, എന്നാൽ കർമ്മങ്ങളിൽ കണിശക്കാരൻ ഞങ്ങൾ അങ്ങിനെ അടുത്ത സുഹൃത്തുക്കളായി.

ശബരിമലയിൽ വെച്ചാണ് പിന്നീട് അദ്ദേഹത്തെ കാണുന്നത്. ഇപ്പോഴത്തെ ശബരിമല തന്ത്രി മഹേഷ് മോഹനരുടെ ഗുരുവാണ് കൃഷ്ണൻ നമ്പൂതിരി. ഈ ചെറിയ പ്രായത്തിൽ തന്ത്രിയെ സകല തത്ര വിഷയങ്ങളും ചെയ്യുവാൻ പ്രാപ്തനാക്കുക എന്നതും ഒരു വളരെ വലിയ കാര്യമാണ്.''

*മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയുടെ ഇല്ലം*



## കൃഷ്ണൻ നമ്പൂതിരിയെപ്പറ്റി
## കണ്ഠരര് മഹേഷ് മോഹനര്



തന്ത്രി കുടുംബത്തിൽ ജനിച്ചുവെങ്കിലും തന്ത്രത്തിനോട് കാര്യമായ താൽപര്യം തോന്നിയിട്ടില്ലായിരുന്നു. പഠിക്കാതെ ഉഴപ്പി നടന്ന കാലത്താണ് മഠത്തിൽ വച്ച് നടന്ന ഒരു പരിഹാരക്രിയയ്ക്ക് ഗുരുനാഥൻ വരുന്നതും ആദ്യമായി അദ്ദേഹത്തെ കാണുന്നതും. സാധാരണ പൂജയും മറ്റും കണ്ടു നിൽക്കാൻ തീരേ താൽപര്യമില്ലാത്ത ഞാൻ അന്ന് അദ്ദേഹം ചെയ്യുന്ന കാര്യങ്ങൾ നോക്കി നിന്നു. ഇപ്പോൾ തോന്നുന്നു ആദ്യം കണ്ട ആ സമയം തന്നെ എന്തോ ഒരു അദൃശ്യ ബന്ധം ജനിക്കപ്പെട്ടു കൃഷ്ണേട്ടനും എനിക്കുമിടയിൽ എന്ന്. പരിഹാരക്രിയകൾ എല്ലാം കഴിഞ്ഞപ്പോൾ ചോദിക്കാൻ ലേശം മടി ഉണ്ടായിട്ടും അമ്മ ചെന്ന് അദ്ദേഹത്തോട് ചോദിച്ചു എന്നെ തന്ത്രം പഠിപ്പിക്കാമോ എന്ന്. തിരക്ക് ഉള്ള ആളാണ് അതൊന്നും സാദ്ധ്യമാവില്ല എന്ന് അച്ഛനും അമ്മയും വിചാരിച്ചുവെങ്കിലും ചോദിച്ചു. പക്ഷേ അദ്ദേഹം തയ്യാറായി. അത് വലിയ ആശ്ചര്യമായി അപ്പോൾ. അവധിക്കാലത്ത് കൃഷ്ണേട്ടനും ഒഴിവുള്ള സമയം നോക്കി ക്ലാസുകൾക്കായി വന്നു. നല്ല അവധിക്കാലം പോയിക്കിട്ടി എന്നതിന്റെ വിഷമത്തിലാണെങ്കിലും ഞാൻ ഇരുന്നു പഠിക്കാൻ തുടങ്ങി. അത് തീർച്ചയായും കൃഷ്ണേട്ടന്റെ അദ്ധ്യാപനരീതി ഒന്നുകൊണ്ട് മാത്രമാണ്. പഠിതാക്കൾക്ക് വിഷയത്തിൽ താൽപര്യം ജനിപ്പിക്കുന്നത് ഒരു ഗുരുവിന്റെ വലിയൊരു കഴിവാണ്. തന്ത്രശാസ്ത്രത്തിൽ എനിക്ക് ഉള്ള താൽപര്യം പൂർണ്ണമായും കൃഷ്ണേട്ടൻ കാരണമാണ്. വളരെ സരളമായ രീതിയിൽ ആയിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. ദീർഘനേരം ഇരുത്തി പഠിപ്പിക്കയോ ദേഷ്യപ്പെടുകയോ മടുപ്പുളവാക്കുകയോ ഒന്നും ഉണ്ടായിട്ടില്ല. കാര്യങ്ങളുടെ ശാസ്ത്രീയമായ അടിസ്ഥാനം , ഗ്രഹിക്കാൻ എനിക്ക് വളരെ ക്ലേശകരം എന്ന് തോന്നിയവപോലും വളരെ ലളിതമായ ശൈലിയിൽ പറഞ്ഞു തന്നത് എന്നിൽ കൂടുതൽ കൂടുതൽ താൽപര്യം ജനിപ്പിക്കാൻ ഇടയായി.

ഇതിലെല്ലാം ഉപരി അദ്ദേഹത്തോടൊപ്പം ഒറ്റക്ക് കുറേ സമയം ചിലവിടാൻ ഉള്ള ഭാഗ്യം ഈ ഉള്ളവനു ധാരാളം ലഭിച്ചു. ഒരു അസുലഭ ഭാഗ്യം എന്ന് വേണം അതേ പറ്റി പറയാൻ. ധാരാളം വിഷയങ്ങളെ പറ്റി അതിവിശിഷ്ടമായ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ കേൾക്കാൻ സാധിക്കുന്നു. അത്തരം സന്ദർഭങ്ങളിലൂടെ വളരെ അഗാധമായ ബന്ധം ഞങ്ങൾക്കിടയിൽ സ്ഥാപിക്കപ്പെട്ടു. ഒരു അച്ഛനായും അമ്മയായും സഹോദരനായും സുഹൃത്തായും കാണുവാൻ സാധിക്കുന്നു അദ്ദേഹത്തെ. ജീവിതത്തിൽ വന്നു ചേർന്നതെല്ലാം ഭാഗ്യമായി കാണുന്നു. അതിൽ എറ്റവും വലിയ ഭാഗ്യം എന്റെ ഗുരുനാഥൻ തന്നെയാണെനിക്ക്. ഇതുവരെ അദ്ദേഹത്തോടൊപ്പം ഉണ്ടായ നല്ല നിമിഷങ്ങൾ പോലെ തുടർന്നും ഉണ്ടാകണമെന്നും പ്രാർത്ഥിക്കുന്നു.

ഈ ശിഷ്യന്റെ സാഷ്ടാംഗ പ്രണാമം.
ശബരിമല തന്ത്രി കുടുംബാംഗമായ കണ്ഠരര് മഹേഷ് മോഹനര്

യോഗ, ധ്യാനം, ഇംഗ്ലീഷ് എന്നിവ പരിശീലിക്കുകയും ഒപ്പം മന്ത്ര സിദ്ധി നേടുകയും എന്നതാണ് തന്ത്രരത്നം കോഴ്സ്. ഒപ്പം തന്നെ +2, ഡിഗ്രി കോഴ്സുകൾ പഠിക്കുവാനുള്ള സൌകര്യങ്ങളും ഒരുക്കിക്കൊടുക്കും.

1985 മുതൽ1991 വരെ 6 വർഷം തന്ത്രശാസ്ത്ര ബൃഹസ്പതി കൽപ്പുഴ ദിവാകരൻ നമ്പൂതിരിപ്പാട്, കരിയന്നൂർ ദിവാകരൻ നമ്പൂതിരിപ്പാട്, ജ്യേഷ്ഠൻ മധുസൂദനൻ നമ്പൂതിരി എന്നിവരുടെ ശിക്ഷണത്തിൽ തന്ത്രശാസ്ത്ര പഠനം വിജയകരമായി പൂർത്തിയാക്കി. പരമ്പരാഗതമായ ഗുരുകുല സമ്പ്രദായത്തിലുള്ള ഈ കോഴ്സിന്റെ ഫീസ് കൊടുക്കുന്ന ഗുരുദക്ഷിണ മാത്രമാണ്. കഷ്ണൻ നമ്പൂതിരി എന്ന തന്ത്രി വര്യന്റെ പിന്നീടിങ്ങോട്ടുള്ള സകല ഉയർച്ചകളുടേയും നിദാനം തന്ത്രവിദ്യാപീഠത്തിലെ ഗുരുകുല വിദ്യാഭ്യാസം തന്നെയാണ്.

അതിനു ശേഷമാണ് ധർമ്മശാസ്ത്ര ആചാര്യനായ നയം വാമനൻ നമ്പൂതിരിയിൽ നിന്നും കർമ്മ വിപാകത്തിൽ ഉപരിപഠനം നടത്തുന്നത്. ഒരാളുടെ വ്യക്തിപരവും 'സാമൂഹികവും പൂർവ്വജന്മാർജ്ജിതവുമായ കർമ്മങ്ങളും അവയിൽ നിന്നുത്ഭവിക്കുന്ന നന്മതിന്മകളും അവയുടെ (ഔഷധസേവ, ദാനങ്ങൾ, മന്ത്രജപം, ഹോമങ്ങൾ, പൂജാദികർമ്മങ്ങൾ എന്നിങ്ങനെയുള്ള) പരിഹാരങ്ങളും പ്രായശ്ചിത്തങ്ങളും അടങ്ങുന്ന ശാഖയാണ് കർമ്മ വിപാകം.

കഴിഞ്ഞ 26 കൊല്ലത്തിനിടക്ക് കേരളത്തിന് അകത്തും പുറത്തുമുള്ള ഇരുനൂറിൽപ്പരം അമ്പലങ്ങളിൽ നവീകരണകലശം, പുന:പ്രതിഷ്ഠ, ധ്വജപ്രതിഷ്ഠ, കലശം എന്നിവയിൽ പങ്കെടുക്കുന്നതിനും നേതൃത്വം നൽകുന്നതിനുമുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.

പണ്ട് തിരുവനന്തപുരം കൊട്ടാരത്തിൽ മുത്തുസ്വാമി ദീക്ഷിതർ ചിട്ടപ്പെടുത്തിയ നവാവരണ കൃതികൾ ചൊല്ലി, സംഗീതാർച്ചനയോടെ മഹാ ശ്രീചക്ര നവാവരണ പൂജ നടത്താറുണ്ടായിരുന്നു 'തുടർച്ചയായി' 6 മണിക്കൂറോളം നീണ്ടു നിൽക്കുന്ന ഈ ചടങ്ങ് പുനരാരംഭിച്ചപ്പോൾ പ്രധാന ആചാര്യനായി ഉത്രാടം തിരുനാൾ മഹാരാജാവ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയേയാണ് ഏൽപ്പിച്ചത്.

2010 മുതൽ തുടർച്ചയായി ഇതു നടത്തി വരുന്ന കൃഷ്ണൻ നമ്പൂതിരിക്ക് സർവ്വ സ്വാതന്ത്ര്യങ്ങളും കൽപ്പിച്ച് കൊടുത്തിട്ടുണ്ട്. കൊട്ടാരത്തിൽ.

2000 മുതൽ ആലുവ തന്ത്രവിദ്യാപീഠത്തിന്റെ ബോർഡ് മെമ്പറും 2006 മുതൽ 2014 വരെ ജനറൽ സെക്രട്ടറിയും ഇപ്പോൾ വർക്കിംഗ് പ്രസിഡണ്ടുമാണ്.

2007 മുതൽ ശബരിമല - മാളികപ്പുറം ഇന്റർവ്യൂ ബോർഡിൽ മെമ്പറായി കേരള ഹൈക്കോടതി നിയമിച്ചിട്ടുണ്ട്. ഇതുവരെ എല്ലാവർഷവും ശബരിമല മാളികപ്പുറം മേൽശാന്തി സെലക്ഷൻ പാനലിൽ മെമ്പറാണ്. ഇപ്പോഴത്തെ ശബരിമല തന്ത്രി മഹേഷ് മോഹനര് ഉൾപ്പെടെ 25 ഓളം ആളുകൾ കൃഷ്ണൻ നമ്പൂതിരിയുടെ ശിഷ്യന്മാരായിട്ടുണ്ട്. കൃഷ്ണൻ നമ്പൂതിരിയുടെ പല നിർദ്ദേശങ്ങളും ആചാരപരമായ ക്ലാരിഫിക്കേഷനുകളും ഹൈ



*മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി തിരുവനന്തപുരം രാജകൊട്ടാരത്തിൽ പൂജക്ക് ശേഷം രാജാവിന് പ്രസാദം നൽകുന്നു.*



*മുല്ലപ്പള്ളി വിഷ്ണു നമ്പൂതിരി പത്നിയോടൊപ്പം*

ക്കോടതിയും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുമുണ്ട്.

അത്തരമൊരു വിശദീകരണമാണ് ഉദയാസ്തമന പൂജയെപ്പറ്റി കൃഷ്ണൻ നമ്പൂതിരിയുടേത്.അഭീഷ്ട ഫലസിദ്ധിക്കു വേണ്ടി പതിനേഴു ആവൃത്തിയായി പൂജിച്ച് പരിവാര ദേവതകൾക്ക് ബലിതർപ്പണവും (ശ്രീഭൂതബലി ) നടത്തുന്നതിനെയാണ് ഉദയാസ്തമന പൂജ എന്നു പറയുന്നത്.ഭക്തന്റെ മനസ്സിൽ ഉദയം ചെയ്യുന്ന ആഗ്രഹങ്ങളെ സാധിപ്പിച്ച് (അസ്തമിപ്പിച്ച് ) മനസ്സിനെ പ്രകാശമാനമാക്കുന്നതിനാലാണ് ഉദയാസ്തമന പൂജയെന്നു വിളിക്കുന്നത്.

ശബരിമല പതിനെട്ടാം പടി വീതി കൂട്ടുന്നതിനെക്കുറിച്ച് ഒരു പ്രഗത്ഭനായ വക്കീലിനെപ്പോലെ തന്ത്ര ഗ്രന്ഥങ്ങളിലൂന്നി നിന്നുകൊണ്ട് കൃഷ്ണൻ നമ്പൂതിരി കൊടുത്ത വാദങ്ങളാണ് സ്വീകരിക്കപ്പെട്ടത്.

ശബരിമല സ്ത്രീ പ്രവേശനം ക്ഷേത്രങ്ങളിലെ ആന എഴുന്നള്ളത്ത്, വെടിക്കെട്ട് മുതലായ വിഷയങ്ങളിൽ മുല്ലപ്പള്ളിയുടെ ശാസ്ത്രീയ വീക്ഷണങ്ങൾ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സിനിമയിലും, രാഷ്ട്രീയത്തിലും, കലാരംഗത്തും, ബിസിനസ് രംഗത്തുമുള്ള പല ഉന്നതരുമായി കൃഷ്ണൻ നമ്പൂതിരി സുഹൃദ് ബന്ധം കാത്തു സൂക്ഷിക്കുന്നു.

കാലികവും താന്ത്രികവുമായ കാര്യങ്ങളെപ്പറ്റി ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. നവീകരണ കലശവും പുനഃപ്രതിഷ്ഠയും, സർപ്പബലി, മഹാഗണപതിഹോമവും ഭഗവതിസേവയും, നവരാത്രി പൂജാ പദ്ധതി. തന്ത്ര സമുച്ചയത്തെ അധികരിച്ചുള്ള വിവരണങ്ങൾ, പദാർത്ഥ സിദ്ധാന്ത സാരസംഗ്രഹം എന്നിവയാണ് പ്രസിദ്ധീകൃതവും അച്ചടിയിലുള്ളതുമായ പുസ്തകങ്ങൾ. ശ്രീലളിതാസഹസ്രനാമം, ശ്രീ വിഷ്ണു സഹസ്രനാമം, ശ്രീ അയ്യപ്പസഹസ്രനാമം എന്നീ ഓഡിയോ സിഡികളും കൃഷ്ണൻ നമ്പൂതിരിയുടേതായിട്ടുണ്ട്.

വേദിക് താന്ത്രിക പുരസ്കാരം ,തന്ത്ര ശാസ്ത്ര വിശാരദ് പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പിതൃഗൃഹമായ തളിപ്പറമ്പ് മുല്ലപ്പള്ളി ഇല്ലത്തെ സാവിത്രി അന്തർജനമാണ് ഭാര്യ.ഏക മകൻ വിഷ്ണു അഞ്ചാം ക്ലാസ് വിദ്യാർത്ഥി.

●




*മുല്ലപ്പള്ളിക്ക് ഊരായ്മയുള്ള പന്തീരാങ്കാവിലെ അമൃതമംഗലം ശിവക്ഷേത്രം*

സ്വസ്തിയിലേക്ക് ഡെൽഹിയിൽ നിന്ന് ഒരു വാട്ട്സ് അപ് വോയ്സ് മെസേജ് അയച്ചു കിട്ടി. വേറിട്ട ഒന്നായിരുന്നു അത്. സ്വസ്തിയുടെ വായനക്കാരെക്കൂടി അത് കേൾപ്പിക്കണമെന്ന് തോന്നി. അതിനാൽ ആ ശബ്ദത്തെ ലിഖിത രൂപത്തിലാക്കി.

ആഫ്രിക്കൻ രാജ്യമായ സോമാലിയയിൽ കിണറുകൾ കുഴിപ്പിച്ചു നൽകിയ ഒരു നമ്പൂതിരിയെ പരിചയപ്പെടാം. ആ നമ്പൂതിരിയുടെ ജീവിതത്തെ ഗതി മാറ്റിയ സംഭവത്തെയും അറിയാം. അറിയേണ്ട നമ്പൂതിരിമാരിൽ ഒരാൾ



# ചാണകത്തിൻെറ സുഗന്ധം




ഹായ് ഞാൻ സിജു. കുറിയേടത്തെയാണ്.കുറിയേടം കൊറെണ്ടല്ലൊ. അവിട്ടത്തൂർ കുറിയേടത്തെയാണ്. ഇരിങ്ങാലക്കുടക്കടുത്താണ് ഇല്ലം. അവിട്ടത്തൂർ അമ്പലത്തിന്റെ ഊരാളന്മാരു കൂടിയാണ് ഞങ്ങൾ. 17 കൊല്ലമായിട്ട് ഡൽഹീലാണ് താമസം. 2000 തൊട്ട് .

ഞാൻ ഒരു ചെറിയ കാര്യമാണ് പറയുന്നത്. വളരെച്ചെറിയ കാര്യം. ഇതു വായിച്ചില്ലെങ്കിൽ നിങ്ങൾക്ക് ഒന്നും സംഭവിക്കില്ല. പതിവു പോലെ നിങ്ങളുടെ ദിവസം കടന്നു പോവും. എന്നാൽ വായിച്ചാൽ ചിലപ്പോൾ നിങ്ങളിൽ ചിലർക്കെങ്കിലും വളരെ ചെറിയ ചില മാറ്റങ്ങൾ ഉണ്ടായീന്ന് വരാം.

ഏതാണ്ട് എട്ടു വർഷത്തോളം, അതായത് 2008 വരെന്ന് പറയാം . പണം ധൂർത്തടിച്ചു ലാവിഷായിട്ട് നടന്ന ആളാണ് ഞാൻ. കൊറെ പൈസണ്ടാക്കി, കൊറെ അവിടേം ഇവിടേം ധൂർത്തടിച്ച് നടന്നു. ധൂർത്തെന്ന് പറഞ്ഞാൽ, മത്സ്യമാംസാദികൾ കഴിക്കാറില്ല. മദ്യം കഴിക്കാറില്ല. മറ്റു ദുഷ്യസ്വഭാവങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇടക്കിടെ ടൂർ പോവും. അതൊരു ദൗർബല്യമായിരുന്നു. പണം ചെലവഴിക്കുന്ന കാര്യത്തിൽ ഒരു മടിയും കാണിച്ചിരുന്നില്ല. ജീവിതം ഉത്സവമാക്കി മാറ്റിയ നാളുകളായിരുന്നു അത്.

പക്ഷേ, ഒരു ഇൻസിഡന്റ് എന്നെ ആകെ മാറ്റി. ഒരു യാദൃച്ഛിക സംഭവം. ഒരിക്കൽ ജാർക്കണ്ഡ് ഭാഗത്തേക്ക് ടൂർ പോകുകയായിരുന്നു. റോഡരികിൽ ഒരു അമ്മയും കുട്ടിയും ഭിക്ഷ യാചിക്കുന്നത് കണ്ടു. കീറിപ്പറിഞ്ഞ ഷർട്ടും ട്രൗസറും. മൂന്നു വയസ്സുണ്ടാവും. വളർച്ച കൊറവാണ്. ആഹാരം കിട്ടാത്തതിന്റെ വിളർച്ചയുണ്ട്. മുഷിഞ്ഞു മുഷിഞ്ഞു പിന്നിയ ഒരു സാരിയാണ് അമ്മയുടെ വേഷം. അമ്മയുടെ മടിയിലാണ് കുട്ടി ഇരുന്നിരുന്നത്. നല്ല തണുപ്പും.

അവരെ കണ്ടപ്പോൾ എന്തോ വല്ലാത്ത വിഷമം തോന്നി. മുമ്പൊരിക്കലും അങ്ങനെണ്ടായിട്ടില്യ. സാധാരണ ഭിക്ഷക്കാരെ കണ്ടാൽ അവഗണിക്കുകയായിരുന്നു എന്റെ പതിവ്. ഭിക്ഷാടന മാഫിയയെയും മറ്റു തട്ടിപ്പുകളെയും പറ്റിയുള്ള അറിവുള്ളതുകൊണ്ട് ഇത്തരക്കാരെ പ്രോത്സാഹിപ്പിക്കാറില്ല. ഒരു പൈസ പോലും അവർക്ക് കൊടുക്കാറുമില്ല. പക്ഷേ, ഈ അമ്മയെയും മകനെയും കണ്ടപ്പോൾ എനിക്ക് അവരുടെ അടുത്ത് പോകണമെന്നുള്ള ഒരു ചിന്ത എങ്ങനെയോ ഉണ്ടായി. ചെലപ്പം ദൈവനിശ്ചയാവും, എന്നെ മാറ്റാൻ വേണ്ടി. അങ്ങനെ ഞാൻ അവരുടെ അടുത്തുചെന്ന് കാര്യങ്ങൾ അന്വേഷിച്ചു. തണുത്തു വിറച്ച് അവശ നിലയിലായിരുന്നു അവരുടെ ഇരിപ്പ്. ഒരു പതിനഞ്ച് ഡിഗ്രി ചൂടേണ്ടാവൂ.

കുട്ടിയുടെ കൈയിൽ റൊട്ടി പോലെ തോന്നിയ ഒന്നുണ്ടായിരുന്നു. അത് റൊട്ടി തന്നെയാണോ എന്ന് സംശയമുണ്ടായി. ഞാൻ അമ്മയോട് അന്വേഷിച്ചപ്പോൾ അവർ അത് റൊട്ടി തന്നെയാണെന്നും മകന്റെ വിശപ്പ് മാറ്റാൻ വേണ്ടി നൽകിയതാണ് എന്നും പറഞ്ഞു. ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ മണ്ണും ഗോതമ്പും കൂടി കൂട്ടിക്കുഴച്ചുണ്ടാക്കിയ ഒരു റൊട്ടിയാണ് അത് എന്ന് മനസ്സിലായി. എന്നാൽ റൊട്ടിക്ക് ചാണകത്തിന്റെ മണമുണ്ടായിരുന്നു. അസഹ്യമായ മണം. വാസ്തവത്തിൽ അത് റൊട്ടിയൊന്നുമല്ലായിരുന്നു. മണ്ണും ഗോതമ്പും എല്ലാം കൂടി കൊഴച്ച്ണ്ടാക്കിയ ഒന്നായിരുന്നു അത്. പ്യൂർ ഗോതമ്പല്ല. മണ്ണും കൂടി ചേർത്താൽ ഗോതമ്പ് കൊറച്ച് മതീലോ. അങ്ങനെണ്ടാക്കിയ റൊട്ടി. ചാണകം അതിൽ ചേർത്തതാണോ അതല്ല കൊഴച്ച മണ്ണിൽ ചേർന്നതാണോ എന്നറിയില്യ.

**കുട്ടിയുടെ കൈയിൽ റൊട്ടി പോലെ തോന്നിയ ഒന്നുണ്ടായിരുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ മണ്ണും ഗോതമ്പും കൂടി കൂട്ടിക്കുഴച്ചുണ്ടാക്കിയ ഒരു റൊട്ടിയാണ് അത് എന്ന് മനസ്സിലായി. എന്നാൽ റൊട്ടിക്ക് ചാണകത്തിന്റെ മണമുണ്ടായിരുന്നു. അസഹ്യമായ മണം. മണ്ണും ഗോതമ്പും എല്ലാം കൂടി കൊഴച്ചുണ്ടാക്കിയ ഒന്നായിരുന്നു അത്.**

എന്തായാലും അസഹ്യമായിരുന്നു അതിന്റെ മണം. ആ കുട്ടി അത് തിന്നുന്നുമുണ്ട്. അതുകൊണ്ടാവാം അത് വിളറി വളർച്ച മുരടിച്ചത്. ആ ഒരു കാഴ്ച എന്നെ മാനസികമായി തളർത്തി. ഞാൻ ഇങ്ങനെ ലാവിഷായിട്ട് ജീവിക്കുന്നു. ഒരു നേരത്തെ ഭക്ഷണത്തിന് പോലും ഒന്നും ഇല്യാത്ത ആളുകൾ ഇഷ്ടം പോല്യുണ്ട്. നമ്മൾ ഇതൊന്നും കാണുന്നില്ല. അല്ലെങ്കിൽ കണ്ടിട്ട് കണ്ണടക്ക്യാണ്. എന്ന തിരിച്ചറിവ് എന്നെ ഞെട്ടിച്ചു. അമ്പത് രൂപയെടുത്ത് അവർക്ക് കൊടുത്തു. അടുത്തുള്ള കടയിൽ നിന്ന് പാലും ഭക്ഷണവും വാങ്ങിക്കൊടുത്തു. അവരുടെ മുഖത്തെ തെളിച്ചം കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. അന്ന് ഞാനൊരു തീരുമാനമെടുത്തു. ഇതോടെ ആർഭാട ജീവിതം അവസാനിപ്പിക്കാൻ ഞാൻ തീരുമാനിച്ചു.

ഞാൻ അമ്പലത്തിൽ പോവാറുണ്ട്. എന്നും വിളക്കു വെച്ച് പ്രാർത്ഥിക്കാറുണ്ട്. സന്ധ്യാവന്ദനം മുടക്കാറില്ല. (കേരള നമ്പൂതിരിമാരുടെ ) എന്നാൽ ഭണ്ഡാരങ്ങളിൽ പൈസ ഇടാറില്ല. വഴിപാടുകൾ കഴിപ്പിക്കാറില്ല. ഇല്ലാത്തവന് കൊടുക്കുന്നതാണ് ഏറ്റവും വലിയ ഈശ്വരപൂജയെന്ന് കരുതുന്നു. അപ്പോഴാണ് ഈശ്വരൻ നമ്മെ സ്നേഹിക്കുക.

പട്ടിണി കിടക്കുന്നവരെ സഹായിക്കാൻ എന്താണ് ഒരു മാർഗ്ഗം എന്ന് ചിന്തിച്ചു. ഒരു സംഘടനയുണ്ടാക്കിയാലോ എന്ന് ആലോചിച്ചു. കൂട്ടുകാരോടൊക്കെ ഇതിനെപ്പറ്റി സംസാരിച്ചു. എന്നാൽ അവരാരും വല്യ താല്പര്യം കാട്ടീല. മാത്രവുമല്ല, നെനക്ക് വട്ടാണെന്ന് പറഞ്ഞു. സംസാരിച്ച പലരും പിന്തിരിപ്പിക്കാനാണ് നോക്കീത്. ഇതൊന്നും നടക്കില്യ. തേങ്ങ്യാണ് മാങ്ങ്യാണ് എന്നൊക്കെ പറഞ്ഞു. എന്നാലും ഞാൻ തീരുമാനത്തിൽ നിന്ന് പിന്മാറിയില്ല. ഓർഗനൈസേഷനൊക്കെ ബുദ്ധിമുട്ടാണെന്ന് എല്ലാരും പറഞ്ഞു.

വീണ്ടും ആലോചനയായി. ദിവസം 50 മുതൽ 10000 വരെ പല ആവശ്യത്തിനും ചെലവഴിക്കുന്നവരുണ്ട്. ഇവയിൽ പലതും ഒഴിവാക്കാൻ പറ്റുന്ന ചെലവുകളാവും. പാഴ്ചെലവുകൾ. എൻ. ജി. ഒ ഉണ്ടാക്കണമെങ്കിൽ പല നൂലാമാലകളും ഉണ്ട്. അതൊന്നും ഇല്ലാതെ എങ്ങനെ സഹായിക്കാം അതായി ആലോചന. സഹായം ചെയ്യാൻ സംഘടനയല്ല മനസ്സാണ് വേണ്ടത് എന്ന് ഉറപ്പായി.

ഒരാളെ സഹായിക്കണംന്ന് ണ്ടെങ്കിൽ രജിസ്റ്റേർഡ് ഓർഗനൈസേഷൻ തന്നെ വേണംന്ന് ഒന്നൂല്യല്ലൊ. അങ്ങനെ നിർബന്ധൊന്നും ല്ല്യ. അപ്പം എന്തേ ചെയ്തുന്ന് വച്ച് കഴിഞ്ഞാൽ ഒരു രജിസ്റ്റേർഡ് ഓർഗനൈസേഷൻ ഇല്ല്യാതെ തന്നെ എന്റെ ലക്ഷ്യത്തിനായി പ്രയത്നിക്കാം ന്ന് തോന്നി.

ഓർക്കുട്ടിന്റെ അവസാന കാലമായിരുന്നു അന്ന് . ഫേസ്ബുക്ക് ആക്ടീവായിക്കൊണ്ടിരുന്ന കാലം. 2008 കാലം. ആസമയത്ത് ഞാൻ ഗ്രൂപ്പുകളുണ്ടാക്കി. എന്റെ ഫ്രൻഡിന്റെ ഇടയിൽ ആൾക്കാരെ കോൺടാക്ട് ചെയ്ത് ആളുകളെ സംഘടിപ്പിക്കാൻ തുടങ്ങി. വേറെ പല ആൾക്കാരേം ചാറ്റിലൂടേം മറ്റും കണ്ടുപിടിച്ചു. അങ്ങനെ താല്പര്യള്ള കൊറെ ആൾക്കാരെ കണ്ടുപിടിച്ചു. പാവപ്പെട്ടവരെ സഹായിക്കാൻ തയ്യാറുള്ള ആളുകളുടെ ഒരു കൂട്ടായ്മ. അങ്ങനെ പത്ക്കെപ്പതുക്കെ അഞ്ചെട്ടു കൊല്ലം കൊണ്ട് 1034 ആളുകൾ സന്നദ്ധരായിട്ട് വന്നു.

അത് എങ്ങനെയാണ്ന്ന് വച്ച് കഴിഞ്ഞാൽ, ഞങ്ങൾ ഒരു തീരുമാനമെടുത്തു. ആരുടെ കൈയിൽ നിന്നും ഒരു രൂപ പോലും അങ്ങ്ടൂം ഇങ്ങ്ടൂം വാങ്ങില്യ. കാരണം പൈസ കൊണ്ട് ള്ള ട്രാൻസാക്ഷൻ വന്ന് കഴിഞ്ഞാൽ അവടെ കള്ളത്തരം വരാം. അല്ലെങ്കിൽ അഴിമതിണ്ടാവാം. പല പ്രശ്നങ്ങളൂണ്ടാവാം.

ഒരു പഴുതും ഇല്ലാതെയുള്ള ഒരു സാമ്പത്തിക ഇടപാട്. അതായത് ഈ കൂട്ടായ്മയിലുള്ള 1034 പേരിൽ ഓരോരുത്തരും ഏറ്റവും കുറഞ്ഞത് 5000 രൂപ ഒരു മാസം പാവപ്പെട്ടവർക്കായി ചെലവഴിക്കുക. അത് ചെ

ലവഴിക്കാനുള്ള തീരുമാനം സ്വയം എടുക്കുക. സാമ്പത്തിക സഹായം ലഭിക്കാൻ തികച്ചും അർഹരായ ആളുകളെ കണ്ടെത്തി അവർക്ക് വേണ്ട പണം എത്തിച്ചുകൊടുക്കുക. ഈ സംഖ്യയെല്ലാം കൂടി ഒരാളെ ഏൽപ്പിക്കുന്നില്ല. ഒരു അക്കൗണ്ടിൽ ഇടുന്നുമില്ല. ഒന്നിച്ചു സ്വരുക്കൂട്ടിയാൽ ഏതാണ്ട് 51 ലക്ഷം രൂപയുണ്ടാവും. എങ്കിലും അങ്ങനെ ഒന്നിച്ചു കൂട്ടാറില്ല. കാരണം അങ്ങനെ ചെയ്താൽ ആ സംഖ്യകണ്ട് കണ്ണ് മഞ്ഞളിക്കും. വേണ്ടാത്തത് തോന്നും. പൈസയും മതവും മനുഷ്യനെ മയക്കുന്ന കറുപ്പ് തന്നെയാണ്.

വ്യക്തികൾക്കോ അല്ലെങ്കിൽ സംഘടനകൾക്കോ വേണ്ടി സഹായം എത്തിക്കാം. എന്നാൽ ഇവർ സഹായം ലഭിക്കാൻ അർഹരാണോ എന്ന് കണ്ടെത്തണം. ഈ ഗ്രൂപ്പിൽ പെട്ട ഒരു വ്യക്തി പാവപ്പെട്ട ഒരാൾക്ക് 1000 രൂപ കൊടുത്താൽ ബാക്കി 4000 രൂപ ആ മാസം മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കണം. അങ്ങനെ 5000 മുഴുവനും ഒരാൾക്ക് കൊടുക്കണംന്ന് ഇല്യ.

ഓരോരുത്തരും ചെയ്യുന്ന സഹായത്തിന്റെ കണക്ക് അവരവർ തന്നെ സൂക്ഷിക്കുക. കണക്ക് വേറെയാരെയും ബോധിപ്പിക്കേണ്ട കാര്യമില്ല. ഏറ്റവും കുറഞ്ഞത് 5000 രൂപയെങ്കിലും ഒരു മാസം ചെലവഴിക്കും എന്ന് ഉറപ്പുവരുത്തിയാൽ മാത്രം മതി.

1034 പേരിൽ നിന്ന് കുറഞ്ഞത് 5000 രൂപ ഒരു മാസം സമാഹരിച്ചാൽ വലിയൊരു സംഖ്യയുണ്ടാകും. രജിസ്ട്രേഷൻ ഇല്ലാത്ത സംഘടനയായതുകൊണ്ട് അഴിമതിക്ക് ഒരുപാട് സാധ്യതയുള്ള മേഖലയാണിത്. അതുകൊണ്ടുതന്നെ ഈ കൂട്ടായ്മയിൽ നിന്ന് രാഷ്ട്രീയക്കാരെ ഒഴിവാക്കി. ഏതു രാഷ്ട്രീയ പാർട്ടിയായാലും ഇങ്ങനെയൊരു പ്രസ്ഥാനത്തെ അവരുടെ വോട്ടാക്കി മാറ്റാൻ സാദ്ധ്യതയുണ്ട്. അതൊഴിവാക്കാനാണ് ഇങ്ങനെ ചെയ്തത്. ഒരു പ്രതിഫലവും ഇച്ഛിക്കാതെ തികച്ചും കാരുണ്യ പ്രവർത്തനമായി ഈ സംരംഭത്തെ കാണാനുള്ള മനസ്സുള്ള ഒരുകൂട്ടം ആളുകളാണ് ഇതിനു പിന്നിൽ അണിനിരന്നത്.

സഹായം നൽകുന്നവരും സ്വീകരിക്കുന്നവരും പബ്ലിസിറ്റി ആഗ്രഹിക്കാത്തതിനാൽ ആരും പ്രചരണത്തിനായി ഈ പ്രവർത്തനം ഉപയോഗിക്കാറില്ല. സഹായം നൽകുന്നതിന്റെ ഫോട്ടോ എടുക്കാറില്ല. കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും ഇത് പ്രയാസമുണ്ടാക്കുമെന്നതിനാലാണിത്.

**50000 രൂപ ശമ്പളം ലഭിക്കുന്ന ഒരാൾക്ക് 5000 രൂപ മാസം ചെലവഴിക്കുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടാവുമെന്ന് തോന്നുന്നില്ല. വെറും 4000 രൂപ മാസശമ്പളത്തിൽ എല്ലാ ആവശ്യങ്ങളും നിറവേറ്റി ജീവിക്കുന്ന ആളുകൾ ഒട്ടനവധിയുള്ള നാടാണിത്.**

രാജ്യത്തിനകത്തും പുറത്തുമുള്ള ആളുകളെ സഹായിക്കാം. എന്നാൽ ശരിക്കും അർഹരായ ആളുകളെ കണ്ടെത്തുക എന്നതാണ് പ്രധാനം. സഹായം ആവശ്യമുള്ള ആളുകളെ കണ്ടെത്തി സ്പോൺസർമാരെ സമീപിക്കുകയാണ് പതിവ്.

ഇന്ത്യക്ക് പുറത്തും ധാരാളം സഹായങ്ങൾ ചെയ്തിട്ടുണ്ട്. കുടിവെള്ളത്തിന്റെ രൂക്ഷത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന രാജ്യമായ സോമാലിയയിൽ 20 കിണർ കുഴിച്ചുകൊടുത്തു. ഞാൻ എന്റെ കയ്യിൽ നിന്ന് കാശെടുത്ത് കിണറ് കുഴിപ്പിക്കുകയല്ല ചെയ്തത്. ആഫ്രിക്കൻ രാജ്യത്തെ ചില സുഹൃത്തുക്കൾ സോമാലിയയുടെ കാര്യം പറഞ്ഞു. ഒരു ലിറ്റർ വെള്ളം ഉള്ളവൻ ലക്ഷപ്രഭുവാണ് അവിടെ. പത്തിരുപത് കൊല്ലമായി മഴ പെയ്തിട്ട്. ഇവിടെ 250 അടി കുഴിച്ചാൽ വെള്ളു കിട്ടും.എന്നാൽ അവിടെ 1500 അടി കുഴിച്ചാൽ പോലും കിട്ടീന്ന് വരില്യ. അത്രക്ക് വരൾച്ച. പോരാത്തതിന് അവിടെ ഭരണമോ വ്യവസ്ഥയോ ഇല്ല. പിടിച്ചു പറിയും കൊലയും . ഭക്ഷണത്തിന് വേണ്ടി മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന നാടാണ്.

അങ്ങനെയുള്ള സോമാലിയയിലാണ് സുഹൃത്തുക്കളുടെ സഹായത്തിലൂടെ 20 കിണർ കുഴിപ്പിച്ചത്. ഒന്നിന് തന്നെ 25 ലക്ഷത്തോളം രൂപയാകും. അവിടത്തെ ചില എൻ. ജി ഒ കളാണ് വിഷയം ചൂണ്ടിക്കാട്ടിയത്. കിണർ കുഴിക്കാൻ പ്രൊഫഷണൽ സംഘങ്ങളുണ്ട്. അവർക്ക് കാശ് നൽകിയാൽ മതി. സംഗതി സത്യമാണ് എന്ന് ഉറപ്പിക്കാൻ കഴിയണം.അതിനാണ് നമ്മുടെ ഗ്രൂപ്പിലുള്ളവരുടെ സഹായം.

അവിടത്തെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. സഹായിക്കാൻ കഴിവും സന്നദ്ധതയുമുള്ള ആളുകളെ അവിടെ നിന്ന് തന്നെ കണ്ടെത്തി . സഹായം അവിടെത്തന്നെ നൽകുകയും ചെയ്തു.
ഇങ്ങനെ പല സ്ഥലത്തും ചെയ്തിട്ടുണ്ട്.

ക്രോസ് ചെക്ക് ചെയ്തിട്ടേ ഈ പ്രസ്ഥാനത്തിൽ ആളുകളെ ചേർക്കാറുള്ളൂ. അവരുടെ പശ്ചാത്തലം അന്വേഷിച്ച് മാത്രമേ സമീപിക്കാറുള്ളൂ. ജാതിമതലിംഗഭേദമെന്യേ സഹായിക്കാൻ തയ്യാറുള്ള ആളുകളെ മാത്രമേ ഇതിൽ പങ്കാളികളാക്കാറുമുള്ളൂ.

പബ്ലിസിറ്റിക്ക് വേണ്ടി ഒന്നും ചെയ്യാറില്ല. എന്നാൽ സുഹൃദ് സംഗമങ്ങളിലും മറ്റുള്ള അവസരങ്ങളിലും ഈ കാര്യത്തെപ്പറ്റി ചർച്ച ചെയ്യാറുണ്ട്. കൂടുതൽ ആളുകളെ ഇതിലേക്ക് ആകർഷിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യാറുള്ളത്. സഹായിക്കാൻ താല്പര്യമുള്ള ആളുകൾ ചേരാറുമുണ്ട്. ഞാൻ ചെയ്യുന്ന കാര്യങ്ങൾ പ്രചോദനമായി കണ്ട് അവരും ഈ സംഘത്തിലേക്ക് എത്തിപ്പെടണം എന്ന ആഗ്രഹം കൊണ്ടാണ് ഈ കാര്യങ്ങൾ ചർച്ച ചെയ്യാറുള്ളത്.

50000 രൂപ ശമ്പളം ലഭിക്കുന്ന ഒരാൾക്ക് 5000 രൂപ മാസം ചെലവഴിക്കുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടാവുമെന്ന് തോന്നുന്നില്ല. വെറും 4000 രൂപ മാസശമ്പളത്തിൽ എല്ലാ ആവശ്യങ്ങളും നിറവേറ്റി ജീവിക്കുന്ന ആളുകൾ ഒട്ടനവധിയുള്ള നാടാണിത്. ഇങ്ങനെയുള്ള ആളുകളെ കണ്ടെത്തി അവരെ സഹായിക്കാൻ ശ്രമിക്കാറുണ്ട്. ഓരോരുത്തരും ഇങ്ങനെയൊരു തീരുമാനമെടുത്താൽ ലോകത്തിലെ തന്നെ ദാരിദ്ര്യം മാറ്റിയെടുക്കാൻ കഴിയും.

പല കുട്ടികളുടെയും വിദ്യാഭ്യാസം സ്പോൺസർ ചെയ്യിക്കാറുണ്ട്. ഇങ്ങനെ ഒട്ടനവധി കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനു വരെ സഹായം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറച്ച് ആളുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു സംഘടനയായി ഇത് നിന്നുപോവരുത്. കൂടുതൽ ആളുകൾ ഇതിലേക്ക് വന്നുചേരണം.

അതിനുവേണ്ടിയാണ് ഞങ്ങൾ യത്നിക്കുന്നത്. ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനും ലിംഗഭേദത്തിനും അതീതമായി സഹായിക്കാൻ മനസ്സുള്ള ആളുകൾ ഈ കൂട്ടായ്മയിലേക്ക് എത്തിച്ചേരട്ടെ. അങ്ങനെ ലോകദാരിദ്ര്യം മാറ്റിയെടുക്കാൻ നാമോരോരുത്തരും നിമിത്തമാവട്ടെ. ●

സിജുവിന്റെ നമ്പർ 9811906204

# കുക്കുട സുഭാഷിതം



ജയൻ പഴങ്ങോട്ടു പൊറ്റ

**അ**സ്യ വസന്തകാലേ സായന്തന സമയേ കീഴാറ്റൂർ നാമ ഗ്രാമ പ്രദേശേ 'ബത്തക്ക' ഖണ്ഡന പ്രസംഗ പരമ്പരയാം തൃതീയ ദിനേ അങ്കവാലി ഇറച്ചിയുള്ള സേട്ട് ആഗച്ഛതു ഏവം പ്രഭാഷണം ആരംഭ :

മാന്യ മഹോദയ് , ഈരേഴു പതിനാലു ലോകങ്ങളിലേക്കും ഏറെ പ്രശസ്തിയാർജിച്ച കുക്കുടവംശത്തിലെ മഹിളാമണികളെക്കുറിച്ചു നവമാധ്യമങ്ങളിലൂടേയും കവല പ്രസംഗങ്ങളിലൂടേയും പ്രചരിക്കുന്ന അവാസ്തവവും നിറംപിടിപ്പിച്ചതുമായ കെട്ടുകാഴ്ചകളെ കുറിച്ചുള്ള നമ്മുടെ പ്രതിഷധം അറിയിക്കുവാനാണല്ലോ നാമിടെ മൂന്ന് ദിനങ്ങളിലായി ഒത്തുകൂടിയിരിക്കുന്നത്.

മാറും ബാറും തുറക്കണോ അതോ അടക്കണോ അതോ അടച്ച് തുറക്കണോ എന്നതൊന്നുമല്ല നമ്മെ അലട്ടുന്ന പ്രശ്നം. അതിന്റെ രാഷ്ട്രീയത്തിലേക്ക് നാമിവിടെ വിസ്താര ഭയത്തിൽ കടക്കുന്നില്ല.

എന്നിരുന്നാലും ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്.

ആ പ്ളേറ്റിൽ ബിരിയാണിയാവാൻ കുക്കുടങ്ങളെ കിട്ടില്ല. ബത്തക്കക്ക് പകരം നമ്മളെ കൊന്ന് വറുത്തും പൊരിച്ചും തീൻമേശയിലേക്ക് എത്തിക്കുന്നതിനുള്ള ഗൂഢ നീക്കങ്ങൾക്കെതിരെയാണ് നമ്മുടെ പ്രതിഷേധം.

നമുക്കൊന്നറിയാം. ഇവിടെ നമ്മുടെ വംശത്തിൽപ്പെട്ടവർക്ക് മാറ് ഉണ്ടോ ഇല്ലയോ എന്ന് പോലും നോക്കാതേയുള്ള ആഭാസകരമായ അറു വഷളൻ തട്ടുപ്പൊളിപ്പൻ കവല ചട്ടമ്പിത്തര ഉദ്ബോധന പ്രസംഗമാണ് നിഷിദ്ധമായിട്ടുള്ളത്. അല്ലാതെ കോഴിക്ക് മാറുണ്ടോ എന്നതല്ല. മുട്ടയിൽ നിന്നും വിരിഞ്ഞിറങ്ങി മൂന്നോ നാലോ ദിവസം മാത്രം പ്രായമായ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെ മനസ്സിലേക്ക് ഇവർ കടത്തിവിടുന്നത് എന്തൊക്കെയാണെന്ന് നമുക്കറിയാമല്ലോ .

പറക്കമുറ്റാത്ത ഈ കുഞ്ഞുമക്കളോട് ഗീർവാണ പ്രസംഗം നടത്തി ആത്മരതി ആഘോഷിക്കുന്ന പടുകിഴവൻ അങ്കവാലൻ പൂങ്കോഴികളെ കാണുമ്പോൾ ഞങ്ങൾക്ക് ലജ്ജയാണ് തോന്നുന്നത്.

**ടച്ചും സ്മാർട്ടും ആയ ഇക്കാലത്ത് പോലും ഇനിയും ഞങ്ങളെ കറുത്ത ഇരുമ്പു ചട്ട കൂട്ടിനകത്താക്കി സൂര്യ വെളിച്ചം കാണിക്കാതെ വളർത്താനാണ് ഉദ്ദേശ്യമെങ്കിൽ തെറ്റി. പാടേ തെറ്റി. ഞങ്ങൾക്കും വിവരം വെച്ചുതുടങ്ങിയെന്ന് മാത്രം ഉണർത്തട്ടെ.**

ടച്ചും സ്മാർട്ടും ആയ ഇക്കാലത്ത് പോലും ഇനിയും ഞങ്ങളെ കറുത്ത ഇരുമ്പു ചട്ട കൂട്ടിനകത്താക്കി സൂര്യ വെളിച്ചം കാണിക്കാതെ വളർത്താനാണ് ഉദ്ദേശ്യമെങ്കിൽ തെറ്റി. പാടേ തെറ്റി. ഞങ്ങൾക്കും വിവരം വെച്ചുതുടങ്ങിയെന്ന് മാത്രം ഉണർത്തട്ടെ.

വൃക്ഷത്തലപ്പിലും അത്യാവശ്യം പുരപ്പുറത്തും കയറി അങ്കവാലും വിരിച്ച് സ്ഥാനത്തും ആസ്ഥാനത്തും കൂവിവിളിച്ച് ലോകത്തെ ബുദ്ധിമുട്ടിക്കാനല്ലാതെ എന്ത് കഴിവാണ് ഹേ നിങ്ങൾക്കുള്ളത്.സ്വന്തമായി വല്ലതും നിങ്ങൾ പഠിച്ച് സ്വായത്തമാക്കിയിട്ടുണ്ടോ?

അജിനോമോട്ടോ തുടങ്ങിയ മാരകമായ സംവരണം വാരിത്തേച്ച് തിളച്ച എണ്ണയിൽ വറത്തു കോരി പുതിയ രസികൻ പേരുകളുമിട്ട് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ച് അവിടെ നിന്നു കിട്ടുന്ന വിദേശ നാണ്യങ്ങൾ കൊണ്ട് പുത്തൻപണക്കാരായി സർവതും വാങ്ങിക്കൂട്ടാൻ വെമ്പിനടക്കാനും പൂപ്പൊലി നടത്താനുമല്ലാതെ നിങ്ങൾക്കെന്താണ് ഹേ അറിവുള്ളത് — വെറുതെയല്ല മഹിമ സംഘത്തലവൻ നമ്മുടെ നേതാക്കൻമാർക്ക് മീറ്റിങ്ങും ഈറ്റിങ്ങും മാത്രമേ അറിയൂ എന്ന് പരിഹസിച്ചത്.

സ്വന്തം കൂടിരിക്കുന്ന പറമ്പിനകത്ത് പോലും ഞങ്ങളുടെ കുഞ്ഞുങ്ങളുമായി കൊത്തിപ്പെറുക്കി ചിനക്കി നടക്കാനും കൂടി ഞങ്ങളെ അനുവദിക്കാത്ത നിങ്ങളുടെ ധിക്കാരപരമായ നടപടികളെ വിമർശിക്കുന്നവരെ ഫെമിനിച്ചികൾ എന്നല്ല ഹേ ആക്ഷേപിക്കേണ്ടത് . കൊല്ലത്തിലൊരു ദിനമെങ്കിലും കടപ്പുറത്ത് സായന്തന സൂര്യന്റെ മായാവെളിച്ചത്തിൽ അലകളോട് കിന്നാരം പറഞ്ഞിരിക്കാൻ ഞങ്ങൾക്കുമുണ്ടാവില്ലേ ആഗ്രഹങ്ങൾ. കടലിനോട് കൂടുകൂട്ടാൻ നമ്മുടെ കുഞ്ഞുങ്ങൾക്കുണ്ടാവില്ലേ മോഹങ്ങൾ? അല്ലേലും ഇതെല്ലാം ഞങ്ങൾക്ക് എന്നും കിട്ടാക്കനിയാണല്ലോ.

അതും ഇതും എല്ലാമെല്ലാം തനിക്കാക്കി വെടക്കാക്കി നിങ്ങൾ കയ്യടക്കിയിരിക്കുകയാണല്ലോ . ഇതാ ഇതിനൊക്കെ അവസാനം വന്നിരിക്കുന്നു.ബീജ സംയോഗം നടന്നും അല്ലാതേയും അണ്ഡോൽപ്പാദനം നടത്താനുള്ള വെറും യന്ത്രങ്ങൾ ആയി മാത്രം നോക്കികാണുന്ന അറുവഷളൻ ചട്ടമ്പിത്തരകളാകുന്ന പൂങ്കോഴികളെ ഇനിയും കൊണ്ട് നടക്കാൻ ഞങ്ങൾക്ക് സമ്മതമില്ല.

കൂവി കൂവി പാടി പാടി അറു പഴഞ്ചനായി മാറികഴിഞ്ഞതിനാൽ അല്ലയോ പൂങ്കോഴികളെ നിങ്ങളുടെ കൂവലിന് പണ്ടത്തെയത്ര പകിട്ടില്ല. നേരം വെളുത്തെന്ന് അറിയാൻ ഞങ്ങൾക്ക് ഇപ്പോൾ വേറെ ആപ്പുകളുണ്ട്.

ഒരു കാര്യം കൂടി ഞാനിവിടെ ഊന്നിപറയാൻ ആഗ്രഹിക്കുകയാണ്. ഈ വയൽകിളികളും എരണ്ടകളും എന്തിന് കുഞ്ഞാറ്റക്കുരുവികൾ വരെ ഈ നാടിന്റെ അവകാശികളാണ്. വാനിൽപ്പാറി പറക്കാൻ ഞങ്ങൾക്കും ചില അവകാശങ്ങളുണ്ട്. ഇതിനെതിരെ വലയും വീശി നടക്കാൻ ഇറങ്ങിയവരോട് ഒരു കാര്യമേ പറയാനുള്ളൂ, ഞങ്ങളുടെ അവകാശങ്ങളെ ഹനിക്കാൻ വരുന്നവർക്കെതിരെ ഞങ്ങൾ ഒറ്റക്കെട്ടാണ്.

കുക്കുടവംശം സിന്ദാബാദ്,
പതംഗ ജാലം സിന്ദാബാദ്



**നമ്പൂതിരിയായ ഒരു കോളേജ് അദ്ധ്യാപകനുണ്ടായ അപൂർവമായൊരു അനുഭവമാണ് ഈ കുറിപ്പ്**

# ഇത് ബ്രാഹ്മണശാപമല്ല; ബ്രാഹ്മണാനുഗ്രഹം

"പത്തിരുപത്തഞ്ച് വർഷം മുമ്പാണ്. രാവിലത്തെ തേവാരവും മറ്റും കഴിഞ്ഞ് ചായ കഴിക്കാൻ തുടങ്ങുന്ന സമയം. ഏതാണ്ട് ആറരമണി.

കോളിംഗ് ബെൽ മുഴങ്ങി. ഉമ്മറത്ത് ആരോ വന്നിട്ടുണ്ട്. ആരാവും ഇത്ര നേരത്തെ. ഏഴ് മണിയാവുമ്പോഴേക്ക് ചായ കഴിഞ്ഞ് ഇറങ്ങിയാലേ സമയത്തിന് കോളേജിൽ എത്താനാവൂ.

ധൃതിയിൽ വാതിൽ തുറന്നു.

ഏകദേശം 20 വയസ്സുള്ള ഒരു യുവാവ്. കണ്ടു പരിചയമില്ല. വാതിൽ തുറന്നതും അയാൾ നേരെ കാൽക്കൽ വീണ് നമസ്കരിച്ചു.

ഇതെന്ത് രാവിലെത്തന്നെ ഇങ്ങനെ? വല്ലാത്ത അസ്വസ്ഥത തോന്നി. അയാൾ പറഞ്ഞു. 'സാർ അനുഗ്രഹിക്കണം'.

അന്തം വിട്ടു പോയെങ്കിലും ഒന്നുറപ്പായി. പഠിപ്പിച്ച കുട്ടികളിൽ ആരോ ആവണം ഇയാൾ. എന്നാലും രാവിലെത്തന്നെ ഇങ്ങനെ വരാനും കാൽക്കൽ വീഴാനും എന്താണാവോ കാര്യം? ആദ്യമായിട്ടാണ് ഒരാൾ ഇങ്ങനെ കാൽക്കൽ വീഴുന്നത്. വേഗം അയാളെ പിടിച്ചെഴുന്നേൽപ്പിച്ച് കാര്യം അന്വേഷിച്ചു.

അയാൾ കാര്യം പറയാൻ തുടങ്ങി. അതിലും നാലഞ്ചു വർഷം മുൻപ് എന്റെ പ്രീഡിഗ്രി ക്ലാസിലെ ഒരു വിദ്യാർത്ഥിയായിരുന്നു അയാൾ. നിറയെ കുട്ടികളുള്ള ക്ലാസ്. തൊണ്ണൂറ് പേരെങ്കിലും ഉണ്ടാവും.മൈക്ക് ഇല്ലാത്തതു കാരണം ഉച്ചത്തിൽ ക്ലാസ് എടുക്കണം. ഗണിതമാണ് വിഷയം. ഗണിതത്തിലെ സൈമൾട്ടേനിയസ് ഇക്വേഷൻസ് സോൾവ് ചെയ്യുന്നത് വിശദമായി പഠിപ്പിക്കുകയായിരുന്നു.

സമത്തിന്റെ ഇടതുഭാഗത്ത് എന്തു ക്രിയ ചെയ്താലും വലതു വശത്ത് കിട്ടുന്നത് പൂജ്യമായിരിക്കും. അങ്ങനെയുള്ള ഇക്വേഷൻസ്. ബോർഡിൽ x ഉം y ഉം മറ്റും എഴുതി ക്രിയ ചെയ്ത് ഈസ് ഈക്വൽ റ്റു സീറോ ( = 0 ) എന്നു പറഞ്ഞു. ഇങ്ങനെ സീറോയിൽ അവസാനിക്കുന്ന ഇക്വേഷനുകൾ .

ഏത് ഇക്വേഷനായാലും ഈസ് ഈക്വൽ റ്റു സീറോ. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ബോർഡിൽ ഇക്വേഷൻ എഴുതിത്തീരും മുമ്പ് ബാക്ക് ബെഞ്ചിൽ നിന്ന് ഉത്തരം വരാൻ തുടങ്ങി. ഈസ് ഈക്വൽ റ്റു സീറോ.

പിന്നെ, ഈസ് ഈക്വൽ റ്റു സീറോ എന്നത് കോറസിൽ മുഴങ്ങാൻ തുടങ്ങി. അതിന് പ്രത്യേക താളവും. സാറിനെ ഉദ്ദേശിച്ചാണ്, സാറിനെ മാത്രം ഉദ്ദേശിച്ചാണ്,ആ താളാത്മകമായ സീറോ ആലാപനമെന്ന് ബോധ്യമായി.

ചൂടായിട്ട് കാര്യമില്ല. പ്രീഡിഗ്രിക്കുട്ടികളാണ്. ഉപദേശിച്ചിട്ടും കാര്യമില്ല. എങ്കിലും ആ കോറസ് പരിഹാസം നിർത്തണം.

ഇക്വേഷൻ എഴുതുന്നത് നിർത്തി. ക്ലാസിന് നേരെ തിരിഞ്ഞു. ബാക്ക് ബെഞ്ചിലെ തിരുമാലികളായ പൂജ്യന്മാരെ നോക്കി ഇങ്ങനെ പറഞ്ഞു.

''കണക്കിലെ വലിയൊരു കാര്യമാണ് സീറോ. ഒറ്റയ്ക്ക് നില്ക്കുമ്പോൾ വലിയ വിലയൊന്നുമില്ല. എന്നു വച്ച് വേണ്ടിടത്തും വേണ്ടാത്തിടത്തും തമാശ കാണിക്കാനുള്ളതല്ല സീറോ. സീറോയെ മൈൻഡ് ചെയ്യാത്തവൻ സീറോ ആയിപ്പോകും.''

അന്ന് ആ പിൻബെഞ്ചിലിരുന്ന് കോറസ് മുഴക്കിയ പൂജ്യന്മാരിലൊരാളാണത്രെ കാലിൽ വീണ് മാപ്പപേക്ഷിക്കുന്ന ഈ പയ്യൻ.

കോഴ്സ് കഴിഞ്ഞ് കുട്ടികൾ കോളേജ് വിട്ടുപോയി. ഈ പയ്യന് കൂടുതൽ പഠിക്കാൻ പറ്റാത്തതുകൊണ്ട് കച്ചവടം തുടങ്ങി . അത് പൊളിഞ്ഞു പോയി. ഓട്ടോ വാങ്ങി ഓടിച്ചു നോക്കി . എന്നിട്ടും ക്ലച്ചു പിടിക്കുന്നില്ല. അപ്പോൾ അവനു സംശയം. സീറോയെ മൈൻഡ് ചെയ്യാത്തതിനാൽ സീറോ ആയിപ്പോവുകയാണോ? സാറിനെ പരിഹസിച്ചതിനുള്ള ശിക്ഷയാണോ?

മനസ്സിൽ പഴയ ക്ലാസ് രംഗം ഓർമ്മ വന്നു. അതിൽ തെറ്റു പറയാനും അനുഗ്രഹം വാങ്ങാനുമാണ് പത്തിരുപത് കിലോമീറ്റർ താണ്ടി അവൻ ഇല്ലത്ത് വന്നത്. അവനിനി ഗൾഫിൽ പോവുകയാണത്രെ. അതിനുമുമ്പെങ്കിലും സാറിനെ കണ്ട് മാപ്പ് പറഞ്ഞ് അനുഗ്രഹം നേടണം. അല്ലെങ്കിൽ ഗൾഫിൽ പോയാലും സാറിന്റെ ശാപം അവനെ പിന്തുടരുമോ എന്ന ഭയം.

അയാളെ സമാധാനിപ്പിച്ചു. ക്ലാസിൽ തമാശ രൂപത്തിൽ പറഞ്ഞതാണെന്നും ഇത്ര ഗൗരവമായി അതിനെ എടുക്കേണ്ടെന്നും അതെല്ലാം ആ നിമിഷത്തിൽ തന്നെ മറന്നതാണെന്നും സാറന്മാർ ഒരിക്കലും കുട്ടികളെ ശപിക്കില്ലെന്നും മറ്റും പറഞ്ഞു. ചായയും പലഹാരവും നൽകി.

''അവന് വേണ്ടത് അനുഗ്രഹമായിരുന്നു. അത് വേണ്ടുവോളം ഉണ്ടാവുമെന്നും ഗൾഫിൽ പോയി നല്ല നിലയിൽ ആവാൻ പ്രാർത്ഥനയുണ്ടാവുമെന്നും പറഞ്ഞു.''

ഇനി ഈ സംഭവം വിവരിക്കുന്ന ആളെ പരിചയപ്പെടുത്താം. മുക്കം കോളേജിലെ റിട്ട. പ്രൊഫസർ മണി പുല്പറമ്പിൽ. സ്വസ്തിയുടെ വായനക്കാരിൽ പലരും അറിയുന്ന ആൾ. പെരുമണ്ണ ഉ

പസഭയിലെ എടക്രമഞ്ചേരി ഇല്ലത്തെ നമ്പൂതിരി.

മുസ്ലിം മാനേജ്മെൻറാണ് കോളേജ് നടത്തുന്നത്. തൊണ്ണൂറ് ശതമാനവും മുസ്ലീങ്ങളാണ്. സ്റ്റാഫും അദ്ധ്യാപകരും കുട്ടികളും എല്ലാം. അങ്ങനെയൊരു ക്യാമ്പസിൽ ചന്ദനക്കുറിയിട്ട് ചെവിയിൽ പൂചൂടി പഴയ മട്ടിൽ തനി പച്ചക്കറിയായി കഴിയുന്ന പൂണൂൽധാരിയായ ഒരു സാധു ബ്രാഹ്മണൻ എന്ന ഇമേജാണ് മണി സാറിന്.

ഇല്ലത്ത് നിന്ന് കൊണ്ടുവരുന്ന പൊതിച്ചോറ് മാത്രം കഴിക്കുന്ന ആൾ. മത്സ്യമോ മാംസമോ മദ്യമോ തൊടാത്ത ആൾ. ഇക്കാലത്തും ഇങ്ങനെയുണ്ടാവുമോ എന്ന് സഹപ്രവർത്തകരെ അദ്ഭുതപ്പെടുത്തുന്ന ആൾ.

അപൂർവം ദിവസങ്ങളിൽ മാഷ് കോളേജിലെത്താൻ നേരം വൈകിയെന്നു വരും. ഇല്ലത്ത് ചാത്തമോ പൂജയോ മറ്റെന്തെങ്കിലും ചടങ്ങുകളോ ഉള്ളതുകൊണ്ടാവും എന്ന് പ്രിൻസിപ്പാളിന് പോലും അറിയാം.

ഒരിക്കൽ പ്രിൻസിപ്പാൾ ചോദിച്ചു. എന്തിന് വേണ്ടിയാണ് ഇല്ലത്ത് പൂജ കഴിക്കുന്നത്.

''സാർ, ഉൾപ്പെടെയുള്ള സമസ്ത ലോകത്തിനും സൗഖ്യമുണ്ടാവാൻ വേണ്ടി. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.'' മറ്റൊരിക്കൽ.

''കോളേജ് സ്ഥിതി ചെയ്യുന്ന മുക്കത്ത് നന്നായി മഴ പെയ്യുന്നു. തന്റെ സ്ഥലമായ പൂവാട്ടുപറമ്പിൽ മഴ പെയ്യുന്നില്ലല്ലൊ എന്ന് മണി സാർ. കേട്ടു നിന്ന പ്യൂൺ പറഞ്ഞു.

''പൂവാട്ടുപറമ്പിൽ നല്ല മന്സമ്മാര് ഇല്ലാഞ്ഞിട്ടാണ് മഴ പെയ്യാത്തത്.''

നാലഞ്ചു മിനിട്ട് കഴിഞ്ഞ് അയാൾ ഓടി വന്നു. പറഞ്ഞത് അബദ്ധമായോ എന്ന് അയാൾക്ക് ശങ്ക. കുളിയും കുറിയും തേവാരവമുള്ള ഒരു നമ്പൂതിരിയെ നല്ല മനുഷ്യരുടെ ഗണത്തിൽ നിന്ന് മാറ്റി നിർത്തിയത് തമാശക്കാണെങ്കിലും ശരിയായില്ല എന്ന തോന്നൽ.

''നേരത്തെ പറഞ്ഞതില് ഒര് തിര്ത്ത് ണ്ട്. പൂവാട്ട് പറമ്പിൽ സാറ് മാത്രം നന്നായിട്ട് കാര്യല്ല. ങ്ങളെ ഒഴിവാക്കിക്കൊണ്ടാണ് ഞാൻ പറഞ്ഞത്.

ബ്രാഹ്മണനെ ഗുഡ് ബുക്കിൽ നിന്ന് അറിയാതെ ഒഴിവാക്കിപ്പോയതിന്റെ ഖേദം.

ബ്രാഹ്മണന് എന്തൊക്കെയോ സിദ്ധികളുണ്ട്. ഔലിയാക്കന്മാരെപ്പോലെ. തങ്ങൾമാരെപ്പോലെ. പ്രിൻസിപ്പൽ തൊട്ട് പ്യൂൺ വരെയുള്ളവർ അങ്ങനെ വിശ്വസിക്കുന്നു. വിദ്യാർത്ഥികളും കാന്റീൻ ജീവനക്കാരനും എല്ലാം ഒരപൂർവ ജീവിയെപ്പോലെയാണ് മണി സാറിനെ കാണുന്നത്. നമ്പൂതിരിയായത് കൊണ്ട് മാത്രമല്ല, നമ്പൂരിത്തം ജീവിതത്തിൽ

> **കഥ മുഴുവനാകുന്നതിന് മുൻപ് സദസ്സിൽ നിന്നും ഒരാൾ എഴുന്നേറ്റു പറഞ്ഞു. 'സാർ പറഞ്ഞ ആ കഥാനായകൻ ഞാനാണ്'.**

പാലിക്കുന്നത് കൊണ്ട്.

''ങ്ങള് എറച്ചീം മീനും ഒന്നും കൂട്ടൂലേ?''

ഇല്ലെന്ന് പറഞ്ഞാൽ അടുത്ത ചോദ്യം.

''പൊയ മീനും കൂട്ടൂലേ.''

പുഴയിലെ മത്സ്യം ശുദ്ധമാണത്രെ. അതും കൂട്ടില്ലെന്ന് പറഞ്ഞാൽ പിന്നെ ഇങ്ങനെയാവും.

''കോയി മുട്ടേം കൂട്ടൂലേ?''

പച്ചക്കറിയല്ലാതെ ഒന്നും കൂട്ടീട്ടില്ലെന്ന അറിവ് അവർക്കൊന്നും ഉൾക്കൊള്ളാൻ കഴിയാറില്ല.

ഒരിക്കൽ ഓഫീസിലെ ഒരു ജീവനക്കാരന് എന്തോ പ്രശ്നം. അത് രാശി വച്ച് നോക്കി പരിഹാരം ചെയ്യാമോ എന്നായി അയാൾ. അയാളുടെ മുന്നിൽ മണി സാർ മാത് സ് പ്രൊഫസറല്ല. എന്തൊക്കെയോ സിദ്ധിയുള്ള മഹാബ്രാഹ്മണനാണ്. മുസ്ലീമായിട്ടും അയാൾ പറഞ്ഞത് ഇങ്ങനെ.

''നേരെപ്പോവാൻ ഒരു വഴി ങ്ങള് ണ്ടാക്കിത്തരണം.''

അറിയുന്ന ഒരു ജ്യോതിഷിയെ അയാൾക്ക് ഏർപ്പാടാക്കിക്കൊടുത്തു. അയാൾ എന്തൊക്കെയോ പരിഹാരം ചെയ്തു.അയാളുടെ വഴി നേരെയായി എന്ന് അയാൾ വിശ്വസിച്ചു. പ്രേതം തൊട്ട് ദൈവം വരെ എല്ലാവരുമായും നേരിട്ട് ഇടപാട് നടത്താൻ നല്ല നമ്പൂതിരിക്ക് കഴിയുമെന്ന് അയാൾ കരുതുന്നു.

ഡിപ്പാർട്ട്മെന്റിലെ പ്യൂണും അങ്ങനെയാണ്.

മണി സാറിന് വെള്ളം വേണമെന്ന് പറഞ്ഞാൽ അയാൾക്ക് ഒട്ടും സംശയമില്ല. നാലും അഞ്ചും വട്ടം ഗ്ലാസ് കഴുകിയിട്ടേ വെള്ളം കൊടുക്കൂ.

ഒരിക്കൽ അയാളോട് ചോദിച്ചു.

''ഇതെന്തിനാ ഇത്രത്തോളം കഴുകുന്നത്.''

''ങ്ങക്ക് തര്മ്പം കോലം പോലെ തരണ്ടേ.''

അതാണ് കാര്യം. മീൻ തിന്നവർ ഉപയോഗിച്ച ഗ്ലാസിൽ നമ്പൂതിരിക്ക് വെള്ളം കൊടുക്കുമ്പോൾ ജല പിശാച് ബാധിക്കുന്നു ആ പ്യൂണിനെയും.

നമ്പൂതിരിയെപ്പറ്റി ഇമ്മാതിരി പലതും ക്യാമ്പസിലറിയാം.

ഇങ്ങനെ അപൂർവ ജനുസ്സിൽപ്പെട്ട ഒരു ജീവിയാണ് സീറോയെ മൈൻഡ് ചെയ്യാത്തവൻ സീറോ ആയിപ്പോവുമെന്ന് പറഞ്ഞത്. സീറോക്കും താഴെ നെഗറ്റീവ് അക്കങ്ങളിലേക്ക് താൻ വീണു പോവുമോ എന്ന് ആ പയ്യൻ പേടിച്ചു പോയത് വെറുതെയല്ല

ഇല്ലത്തെത്തി കാൽക്കൽ വീണു നമസ്കരിച്ച ആ പയ്യനെ അനുഗ്രഹിച്ച് വിട്ട് വർഷങ്ങൾ കടന്നു പോയി. ഒരിക്കൽ മണി സാറിന് ൾഫിൽ നിന്നും ഒരു കല്യാണക്കത്ത് . വരൻ നമ്മുടെ കഥാപുരുഷൻ. അയാളിപ്പോൾ അവിടെ ജോലി ചെയ്യുന്നു. കല്യാണം നാട്ടിൽ വച്ചാണ്. നിർബന്ധമായും പങ്കെടുക്കണമെന്ന് അടിക്കുറിപ്പ്. പോവണമെന്ന് വിചാരിച്ചു. എങ്കിലും പറ്റിയില്ല മനസ്സു കൊണ്ട് ഒരിക്കൽക്കൂടി അനുഗ്രഹിച്ചു.

പിന്നെയും വർഷങ്ങൾ കഴിഞ്ഞു. മണിസാർ റിട്ടയർ ആയി. കോളേജിലേക്കുള്ള പതിവ് യാത്ര അവസാനിച്ചു. കഴിഞ്ഞ വർഷമാണ്. കോളേജിലെ പഴയ പ്രിഡിഗ്രിക്കാരുടെ അലുമിനി മീറ്റിംഗ് . പഴയ കുട്ടികളാണ് സംഘാടകർ. അവർ കാര്യമായി ക്ഷണിച്ച് നിർബന്ധമായും പങ്കെടുക്കണമെന്ന് പറഞ്ഞു.

ഇനി മണിസാർ തന്നെ പറയും ബാക്കി.

''അദ്ധ്യാപകർക്ക് അതൊരു സുഖമാണ്. താൻ പഠിപ്പിച്ച പഴയ കുട്ടികളെ കാണുന്നതും സംസാരിക്കുന്നതുമെല്ലാം വല്ലാത്തൊരനുഭവമാണ്.പഴയ അനുഭവങ്ങൾ പങ്കു വയ്ക്കുന്ന കൂട്ടത്തിൽ ആ പയ്യന്റെ കഥ വിസ്തരിച്ചു തന്നെ പറഞ്ഞു. സീറോയുടെ കഥയും ഇല്ലത്ത് വന്ന് കാൽക്കൽ വീണതും അനുഗ്രഹിച്ചതും ഗൾഫിൽ പോയതും അവൻ കല്യാണത്തിന് ക്ഷണിച്ചതും അതിന് പോവാൻ പറ്റാത്തത് വലിയൊരു ഖേദമായി ഉള്ളിൽ കൊണ്ടു നടക്കുന്നതും എല്ലാം.

കഥ മുഴുവനാകുന്നതിന് മുൻപ് സദസ്സിൽ നിന്നും ഒരാൾ എഴുന്നേറ്റു പറഞ്ഞു. ''സാർ പറഞ്ഞ ആ കഥാനായകൻ ഞാനാണ് .സാർ എന്നെ ഇത്രയും കൃത്യമായി ഓർക്കുന്നുണ്ടല്ലോ''.

ഞാൻ കഥ പറയൽ വേഗം അവസാനിപ്പിച്ചു. മീറ്റിംഗിനു ശേഷം ആ വിദ്യാർത്ഥിയെ നേരിൽ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചു. അയാളും കുടുംബവും വിദേശത്ത് സുഖമായി കഴിയുന്നു. കഥ പറഞ്ഞതിൽ വിഷമം തോന്നരുതെന്ന് പറഞ്ഞപ്പോൾ അയാൾ പറഞ്ഞു.

''സാറിൻെറ അനുഗ്രഹത്തിന് നല്ല ശക്തിയുണ്ട്'' അപ്പോൾ കണ്ണിൽ നേർത്ത നനവ് തോന്നി.

അനുഗ്രഹിച്ചിട്ടല്ലേയുള്ളൂ ഇന്നോളം. ശപിക്കാനറിയില്ലല്ലൊ.

●

**മണി പുൽപ്പറമ്പിൽ**
ഫോൺ: 9846716703



# പുരുഷായുസ്സിലേക്കുള്ള വഴിയിൽ



ഉമശ്രീ

**കു**റച്ചു കാലമായി 'പെരുമണ്ണ'യിലേക്കുള്ള എന്റെ യാത്രകളെല്ലാം 'സ്വസ്തി' ത്രൈമാസികയ്ക്കു വേണ്ടിയുള്ള മീറ്റിംഗുകളിൽ പങ്കെടുക്കാൻ വേണ്ടിയായിരുന്നു. പക്ഷേ ഇത്തവണത്തെ യാത്ര അങ്ങനെ അല്ല. പെരുമണ്ണയുടെ സ്വന്തം ടി.സി. വല്യച്ഛനെ കാണാൻ , അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങാൻ, അല്പനേരം കുശലം പറയാൻ. അദ്ദേഹത്തിന്റെ വിശേഷങ്ങൾ സ്വസ്തിയുടെ വായനക്കാരുമായി പങ്കുവയ്ക്കാൻ തരുപ്പ ഇല്ലത്ത് ഒരു സായാഹ്ന സന്ദർശനം. രാവിലെ ഫോൺ ചെയ്തു ചോദിച്ചിരുന്നു വരട്ടെ എന്ന്. അപ്പോൾ ഫോണിന്റെ മറുതലയ്ക്കൽ നിന്ന് മറുചോദ്യം വന്നു ''ഉണ്ണികൃഷ്ണനും ഉണ്ണിയും ഉണ്ടാവില്ലേ?'' ഒരു മാഗസിന്റെ ആളെന്നതിനേക്കാൾ ഉപരി കുടുംബത്തോടെ ചെല്ലുവാനുള്ള സ്നേഹപൂർണ്ണമായ ക്ഷണം. ഞങ്ങൾക്കും 'സ്വസ്തി'യ്ക്കും കിട്ടിയ അനുഗ്രഹം. കഴിഞ്ഞ മാർച്ച് 4 ന് ആയിരുന്നു തരുപ്പ നാരായണൻ നമ്പൂതിരിയുടെ നവതി ആഘോഷം. കെ.പി. രാമനുണ്ണി അടക്കം സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്ത പ്രൗഢമായ സദസ്സിൽ ടി.സി. നാരായണൻ നമ്പൂതിരി അങ്ങേയറ്റത്തെ ആദരവിന് പാത്രമായി. സമൂഹത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം വളരെ വ്യക്തമായി തെളിയുകയായിരുന്നു അവിടെ. സാധാരണയിൽ താഴെ സാമ്പത്തിക ശേഷിയുള്ള ഒരു കുടുംബത്തിൽ ജനിച്ച് വളർന്നു വന്ന ഇദ്ദേഹം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിതത്തിന്റെ ഓരോ പടവുകളും വിജയകരമായി കയറി നവതിയിലും സമൂഹത്തിൽ നിറസാന്നിധ്യമായി മാറുന്നു. ചെറുപ്പകാലത്തേ കവിതയിൽ കമ്പമുണ്ടായിരുന്ന നാരായണൻ നമ്പൂതിരിയുടെ പുസ്തകങ്ങളെല്ലാം കവിതാസമാഹാരങ്ങളാണ്. അതുപോലെ തന്റെ സുഹൃത്തുക്കളുമായുള്ള കത്തിടപാടുകൾ കവിതാ രൂപത്തിലായിരുന്നുവത്രെ. നാരായണൻ നമ്പൂതിരിക്ക് ഗുരുതുല്യനായ പ്രൊഫ. വി.എ. കേശവൻ നമ്പൂതിരിയുമായുള്ള എല്ലാ കത്തിടപാടുകളും കവിതാരൂപത്തിൽ. അതിലെല്ലാം ഉപരി അദ്ദേഹത്തിന്റെ ആത്മകഥ കവിതാ രൂപത്തിലാണ് എന്നത് വളരെ ശ്രദ്ധേയം.

നാരായണീയം സാക്ഷാൽ നാരായണ ഗീതങ്ങൾ. എന്നാൽ 'അഭിനവ നാരായണീയം' കോഴിക്കോട്ടുകാർക്ക് സുപരിചിതനായ തരുപ്പ നാരായണൻ നമ്പൂതിരി എന്ന ഈ 'അഭിനവനാരായണന്റെ' ആത്മകഥാഗീതങ്ങൾ. 1929ൽ തരുപ്പ ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെയും ദേവകി അന്തർജ്ജനത്തിന്റെയും മകനായിട്ടാണ് ഇദ്ദേഹത്തിന്റെ ജനനം.

മലയാളത്തിൽ ആത്മകഥകൾ പദ്യരൂപത്തിൽ വളരെയൊന്നും രചിക്കപ്പെട്ടിട്ടില്ല.

''1990 കളിൽ ആത്മകഥ എഴുതണം എന്ന ഒരു ഉൾവിളിയുണ്ടായപ്പോൾ അത് കവിതാരൂപത്തിൽ ആകട്ടെ എന്ന് നിശ്ചയിക്കുകയായിരുന്നു. എല്ലാവരും ഗദ്യരൂപത്തിൽ ആത്മകഥയെഴുതുമ്പോൾ എന്റെ കഥനരീതി ഒരു മാറ്റം

സൃഷ്ടിക്കട്ടെ എന്ന് വിചാരിക്കുകയായിരുന്നു. ഇന്നത്തെ നാരായണന്റെ കഥക്ക് അഭിനവ നാരായണീയം എന്ന് പേരുമിട്ടു.'' നാരായണൻ നമ്പൂതിരി പറയുന്നു.

ഇങ്ങനെയൊക്കെ ആണെങ്കിലും ഈ ആത്മകഥാഗീതം മലയാളത്തിലെ ആദ്യത്തെ കവിതാ രൂപത്തിലുള്ള ആത്മകഥയാണ് എന്ന് മറ്റുള്ളവർ പറഞ്ഞാണ് നാരായണൻ നമ്പൂതിരിക്ക് മനസ്സിലായതത്രെ.

ബാല, വിദ്യാ, മോചന, ഉദ്യോഗ, ദുരിത, അധികാര, ശേഷ എന്നിങ്ങനെ ഏഴ് പർവ്വങ്ങളിലായി കാവ്യഭംഗിയോടെ ലളിതമായ ഭാഷയിൽ 'അഭിനവ നാരായണീയത്തിൽ' നിറഞ്ഞു നിൽക്കുന്ന ഈ അഭിനവ നാരായണന്റെ ജീവിതകഥകൾ. ഇതിലെ ഏറ്റവും വലിയ പർവ്വം തീർച്ചയായും ഉദ്യോഗപർവ്വം തന്നെ. 1944 മുതൽ 1984 വരെയുള്ള സുദീർഘമായ ഔദ്യോഗിക ജീവിത വിശേഷങ്ങൾ അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെയും ലക്ഷ്യബോധത്തിന്റെയും ബാക്കിപത്രമാണ് എന്നത് സംശയലേശമന്യേ നമുക്ക് മനസ്സിലാക്കാം. കേവലം SSLC മാത്രം വിദ്യാഭ്യാസമുള്ള അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ വഹിച്ച പദവികൾ ഗുമസ്തനിൽ തുടങ്ങി ഡെപ്യൂട്ടി കലക്ടർ വരെ എത്തി നിന്നു. 'ചമാർത്തം' കഴിയാത്ത ഉണ്ണിയായി അഛനൊപ്പം കോവിലകത്തെ ക്ഷേത്രത്തിലെ ശാന്തി വൃത്തിക്കു സഹായിയായി നിലമ്പൂരിലെത്തിയ നാരായണൻ നമ്പൂതിരി ശാന്തി വൃത്തിയ്ക്കൊപ്പം SSLC വരെയുള്ള പഠനവും പൂർത്തിയാക്കി. തുടർന്ന് കോളേജിൽ പഠിക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും സാമ്പത്തികവും മറ്റു സാഹചര്യങ്ങളും അനുവദിച്ചില്ല. അതുകൊണ്ട് എതെങ്കിലും ജോലിയിലെങ്കിലും കയറിപ്പറ്റണമെന്ന മോഹവും കലശലായി. അങ്ങനെ അവിടെ ഫോറസ്റ്റ് ഓഫീസിലെ ഗുമസ്ത ജോലിയിൽ കയറിപ്പറ്റി. അവിടെ തുടങ്ങുന്നു അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം വെറും 30 രൂപ മാസ ശമ്പളത്തോടെ. ഇന്ന് അദ്ദേഹം വാങ്ങുന്ന പെൻഷൻ 40000 രൂപ. ഔദ്യോഗിക കാലഘട്ടത്തിൽ വാങ്ങിയ ശമ്പളത്തേക്കാൾ തുക പെൻഷനായി വാങ്ങാൻ നാരായണൻ നമ്പൂതിരിക്ക് കഴിഞ്ഞിട്ടുണ്ടാകും. എൽ.ഡി ക്ലാർക്ക്, യുഡി ക്ലാർക്ക്, ട്രഷറി അക്കൗണ്ടന്റ് ,സബ്ട്രഷറി ഓഫീസർ, റേഷനിംഗ് ഇൻസ്പക്ടർ, ലാന്റ് ട്രിബ്യൂണൽ, റവന്യൂ ഇൻസ്പക്ടർ, ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ, തഹസിൽദാർ, ഡെപ്യൂട്ടി കലക്ടർ എന്നിങ്ങനെ അദ്ദേഹം വഹിച്ച ഔദ്യോഗിക പദവികൾ നിരന്നു കിടക്കുകയാണ്.

സ്വാതന്ത്ര്യത്തിനു മുൻപും സ്വാതന്ത്ര്യത്തിനും ശേഷവുമുള്ള രണ്ടു കാലഘട്ടങ്ങളിലും ഔദ്യോഗിക പദവികൾ വഹിച്ച ആളാണ് നാരായണൻ നമ്പൂതിരി. 47 നു മുൻപുള്ള അസ്വാതന്ത്ര്യത്തിന്റെ കയ്പും



ആഗസ്റ്റ് 14 ന് അർദ്ധരാത്രി NGO ക്വാർട്ടേഴ്സിൽ സഹപ്രവർത്തകരോടൊപ്പം ഒരു പഴയ റേഡിയോയ്ക്ക് മുൻപിൽ സ്വാതന്ത്ര്യ പ്രഖ്യാപനം കേൾക്കാൻ കാത്തിരുന്നതും അദ്ദേഹത്തിന് മറക്കാൻ കഴിയില്ല. സ്വാതന്ത്ര്യത്തിന് മുൻപ് സ്വന്തമായ അഭിപ്രായ സ്വാതന്ത്ര്യമില്ലാതെ ജോലിയെടുക്കുക. കുറെ ഗുമസ്തൻമാരെ അവർക്ക് ആവശ്യമുണ്ടായിരുന്നു. അങ്ങനെയുള്ള മനോഭാവം .

ജീവിതത്തിന്റെ ചെറുതും വലുതുമായ ഓരോ കാര്യങ്ങളും അവ സംഭവിച്ച വർഷങ്ങളും അദ്ദേഹം കൃത്യമായി ഓർക്കുന്നുണ്ട്. തൊണ്ണൂറിലെത്തിയിട്ടും ഓർമ്മകൾക്ക് ഒട്ടും മങ്ങൽ ഏറ്റിട്ടില്ല അദ്ദേഹത്തിന്. ഇന്നത്തെ തലമുറക്ക് അപ്രാപ്യമായിരിക്കും ഈ കഴിവ്.

നമ്പൂതിരി ആയതു കൊണ്ട് ഔദ്യോഗിക ജീവിതത്തിൽ ഒരു പ്രത്യേകതയും കിട്ടിയിട്ടില്ല എന്നാണ് നാരായണൻ നമ്പൂതിരിക്ക് പറയാനുള്ളത്.

''നമ്മുടെ പെരുമാറ്റ രീതികൾക്കനുസരിച്ചായിരിക്കും നമുക്ക് തിരിച്ചു കിട്ടുന്ന പ്രതികരണങ്ങൾ. താൻ നമ്പൂതിരിയാണ് എന്ന നിലയിൽ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനായി നിൽക്കുമ്പോഴായിരിക്കും അത്തരം ഒരു മാറ്റം മറ്റുള്ളവർക്കും തോന്നുക'' അദ്ദേഹം പറയുന്നു.

കഴിയാവുന്നത്ര പദവികൾ ഔദ്യാഗിക ജീവിതത്തിൽ നേടിയ അദ്ദേഹത്തിന് മേലധികാരികളുടെ പ്രീതി എന്നും ലഭിച്ചിരുന്നു. സായിപ്പു കലക്ടർമാരുടെയും ഇന്ത്യൻ കലക്ടർമാരുടെ കീഴിലും ജോലി ചെയ്ത അദ്ദേഹത്തിന് കൂടുതലും നല്ല അനുഭവങ്ങളാണ് ഓർക്കാനുള്ളത്. എങ്കിലും അതിനിടക്കും വിഷമകരമായ ചില ഓർമ്മകളും ടി.സി മറക്കാതെ സൂക്ഷിക്കുന്നുണ്ട്. ഡെപ്യൂട്ടി തഹസിൽദാർ പദവിയിലേക്കു വേണ്ട പ്രമോഷൻ ടെസറ്റ് പാസായിട്ടും പ്രമോഷൻ നൽകിയില്ല. ഓഫീഷ്യലായുള്ള ചില പ്രശ്നങ്ങളാണ് ഇതിന് കാരണമായത്. കലക്ടറുമായി യാതൊരു അസ്വാരസ്യവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് വളരെ വേണ്ടപ്പെട്ടവനായിട്ടുള്ള ഒരു അവസ്ഥ തന്നെയാണ് ഉണ്ടായിരുന്നത്. എങ്കിലും അദ്ദേഹത്തിനും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. അവസാനം കേസു കൊടുക്കേണ്ടി വന്നു. ഹൈകോടതിയിൽ നിന്ന് അനുകൂലമായ വിധി ലഭിക്കുകയും ചെയ്തു.

അതുപോലെ കൊയിലാണ്ടി തഹസിൽദാരായിരിക്കുമ്പോൾ സസ്പെൻഷനെ നേരിടേണ്ട അനുഭവവും ടി.സിക്ക് ഉണ്ടായി. ഒരു സർട്ടിഫിക്കറ്റ് കൊടുത്തതിൽ തെറ്റുണ്ട് എന്നതിലാണ് പ്രശ്നം തുടങ്ങിയത്. തന്റെ കൃത്യനിർവ്വഹണത്തിൽ തെറ്റില്ലെന്ന് നാരായണൻ നമ്പൂതിരിയും. ആ പ്രശ്നം ടി.സിയെ സസ്പെൻറ് ചെയ്യുന്ന വരെ എത്തി. പിന്നീട് സസ്പെൻഷൻ പിൻവലിച്ചെങ്കിലും ഇദ്ദേഹത്തിന്റെ ഭാഗത്തു തെറ്റില്ലെന്ന് തെളിഞ്ഞത് റിട്ടയർമെന്റിന് ശേഷമാണ്. ഇത്തരം നല്ലതും വിഷമിപ്പിക്കുന്നതുമായ അനുഭവങ്ങളെല്ലാം വളരെ വിശദമായി അദ്ദേഹം തന്റെ ആത്മകഥയിൽ പറയുന്നുണ്ട്.

ആദ്യവിവാഹ ജീവിതം അധികകാലം ഉണ്ടായില്ല. അതിൽ കുട്ടികളും ഉണ്ടായില്ല. അവർ മരിച്ച ശേഷം പിന്നീട് കുറേ കാലം കഴിഞ്ഞ ശേഷമാണ് കണ്ടമംഗലം ശ്രീദേവി അന്തർജ്ജനത്തെ രണ്ടാം വിവാഹം ചെയ്തത്. അതിലും ആദ്യം കുട്ടികൾ ഉണ്ടായില്ല. വളരെയധികം ചികിൽസ നടത്തിയെങ്കിലും

ഫലം കാണാനായില്ല. നിരവധി പ്രാർത്ഥനകൾ തീർത്ഥാടനങ്ങൾ ദൈവം കൈവിടില്ല എന്ന പ്രതീക്ഷയിൽ ദിവസങ്ങൾ മുന്നോട്ട്. 1984 ൽ നാരായണൻ നമ്പൂതിരിയുടെ റിട്ടയർമെന്റും കഴിഞ്ഞു. അങ്ങനെയിരിക്കുമ്പോൾ ഒരിക്കൽ ഒട്ടും പ്രതീക്ഷിക്കാതെ അച്ഛനാകാനുള്ള യോഗവും വന്നെത്തി. അമ്പലങ്ങളിലും പള്ളികളിലും എല്ലാം വഴിപാടു കഴിച്ചതിന്റെ ഫലം എന്നദ്ദേഹം ഉറപ്പിച്ചു. പറഞ്ഞറിയിക്കാനാകാത്ത സന്തോഷം തന്റെ അമ്പത്താറാം വയസ്സിൽ. ഒരു പെൺകുഞ്ഞ് – തന്റെ ബാക്കി ജീവിതത്തിന് വെളിച്ചമായി.

റിട്ടയർമെൻറിന് ശേഷം ലഭിച്ച അച്ഛന്റെ റോളിനൊപ്പം അദ്ദേഹം പൊതുരംഗത്തും കർമ്മനിരതനായി നിലകൊണ്ടു. യോഗക്ഷേമസഭ, പെരുമൺപുറ വിഷ്ണു ക്ഷേത്രം മാനേജിംഗ് ട്രസ്റ്റി, അക്ഷരശ്ളോക കലാസമിതി തുടങ്ങി വിവിധ മേഖലകളിൽ അദ്ദേഹം നിറഞ്ഞ സാന്നിദ്ധ്യമായി മാറി. യോഗക്ഷേമസഭയുടെ ഉപസഭാതല സ്ഥാനങ്ങൾ മുതൽ സംസ്ഥാന ജനറൽ സെക്രട്ടറി വരെയുള്ള സ്ഥാനങ്ങൾ അലങ്കരിച്ചു.

''പണ്ട് നമ്പൂതിരി സമൂഹത്തിൽ നിരവധി പരിവർത്തനങ്ങൾക്ക് കാരണമായ യോഗക്ഷേമസഭയുടെ ഗുണം സമുദായം അനുഭവിച്ചിട്ടും അതെല്ലാം മറന്ന് സംഘടനയെ അംഗീകരിക്കാതിരിക്കാനാണ് പൊതുവിൽ കാണുന്ന രീതി. എന്തിനും ഏതിനും നമ്പൂതിരിക്ക് അവിശ്വസമാണ് മുന്നിൽ. അതുപോലെ ചിന്തകൾക്കതീതമായ നിഷ്ക്രിയത്വവും. ഇത്തരം മന:സ്ഥിതി മാറാത്തിടത്തോളം നമ്പൂതിരിയുടെ മുന്നോട്ടുള്ള വിജയകരമായ പ്രയാണം ദുഷ്ക്കരം'' നാരായണൻ നമ്പൂതിരി പറയുന്നു.

ഇന്ന് നാരായണൻ നമ്പൂതിരിയെ അലട്ടുന്ന ഏക പ്രശ്നം കേൾവി കുറവുമാത്രം, അത് തന്റെ പൊതുപ്രവർത്തനങ്ങൾക്ക് വിഷമം സൃഷ്ടിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. എഴുത്തിന്റേയും വായനയുടേയും ലോകത്ത് അദ്ദേഹം സന്തോഷം കണ്ടെത്തുന്നു. സഹധർമ്മിണി ശ്രീദേവി അന്തർജ്ജനത്തോടൊപ്പം അനുജന്റെ മകൻ മനോജിനൊപ്പമാണ് നാരായണൻ നമ്പൂതിരി ഇപ്പോൾ താമസിക്കുന്നത്. മകൾ ശ്രീനയെ വിവാഹം ചെയ്തയച്ചു. മരുമകൻ- നല്ലൂർപിള്ളി സജീവ്. ഒരു പൗത്രനുമുണ്ട്.

ഒരു പുരുഷായുസ്സിന്റെ ശിഷ്ടകാലവും ആയുരാരോഗ്യസൗഖ്യത്തോടുകൂടി ജീവിക്കുവാൻ ഈശ്വരൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് സ്വസ്തിയുടെ നവതിപ്രണാമം.

●

## വൈകുണ്ഠത്തിലേക്കുള്ള 'വിസ'

പന്ത്രണ്ടാം ശതകത്തിലേക്ക് മലയാം കൊല്ലത്തിനേഴാണ്ടു മു-
 ന്പന്ത്യം വന്നൊരു മാഘമാസമതിനെ കാത്തെന്ന പോൽ തൊട്ടനാൾ,
 സ്വന്തക്കാരോട് മിണ്ടിടാതെ നിജമാം ശയ്യാഗൃഹേ ശ്വാസമാ-
 മന്തേവാസിയെ വിട്ടു സുബ്രമണിയൻ ചേക്കേറി 'തീ'വണ്ടിയിൽ!
പേരാളും പെരുമൺപുറ പ്രമുഖരിൽ മുൻപന്തിയിൽ സ്ഥാനമാ-
 യാരാലും ബഹുമാന്യരായ് വിവിധമാം മട്ടിൽ പ്രശംസാർഹരായ്,
 പാരിൽ കീർത്തി വരിച്ചതാം പ്രതിഭകൾക്കീറ്റില്ലമായ് മേവിടും
 പാലാഞ്ചേരിമഹീസുരാലയമിതിൽപ്പെട്ടുള്ളതീ മാന്യനും!
കൂറേറും നൃതപുള്ളതാം തിരുവിതാംകൂറിൽ നടപ്പുള്ളതാ-
 മേറേക്കേൾവിപെടുന്നതാം മുറജപത്തിന്നർച്ചക ശ്രേഷ്ഠരായ്
 ചേരും വ്യക്തികളെ തിരഞ്ഞു നിയമിക്കാനുള്ള രാജാജ്ഞ, തൻ-
 പേരിൽ കിട്ടിയിരുന്നുവത്രെയിവിടെ 'കുട്ട്യപ്ഫ'നെന്നാളിനും!
ഗോപീനാമനൊരാൾക്കു നൽക്കഥകളിയ്ക്കാണത്രെ താൽപ്പര്യ;മു-
 ണ്ടാവും മുൻവരിയിൽ വിളക്കിനരികിൽ മുദ്രാദി വീക്ഷിക്കുവാൻ
 കൃഷ്ണപ്ഫൻ നടനായി വൻ കഥകളി സംഘങ്ങളിൽ മുമ്പനാ-
 യുഷ്ണീഷങ്ങൾകണക്കു ജീവവിഷമം തട്ടാതെയൊപ്പിച്ചുപോൽ!
വേദജ്ഞർക്കിടയിൽ പ്രസിദ്ധി കലരും ദാമോദരാഖ്യൻപുമാൻ
 ഖേദം ജീവിതമേശിടാതെ വിലസിക്കാലം കഴിച്ചുള്ളൊരാൾ
 മോദിക്കാൻ വകനൽകുമേതുകലയും കയ്യാളിടും യോഗ്യനായ്
 ശ്ശോഭിച്ചു നിജജീവകാലമിവിടെ കെങ്കേമരിൽ കേമനായ്!
പിന്നീടുള്ളവരുൾപ്പെടും തലമുറക്കാലത്തു ജീവിച്ചതാ-
 ണിന്നീ നമ്മളെ വിട്ടുപോയ മതിമാൻ 'സുബ്രപ്പ' നാം ഭൂസുരൻ
 തൻനാടും മറുനാടുമായനവധി കേന്ദ്രങ്ങളിൽ നേടിയു
 ള്ളൗന്നത്യം നിജഭാവനാകുശലതാ സായൂജ്യമായ് കണ്ടവൻ!
പാലാഞ്ചേരി വധുക്കളിൽ പ്രഥമയാം സാധ്വിക്കു സന്താനമായ്
 നാലാസ്യൻ പ്രതിഭാവിലാസമരുളിത്തന്നുള്ളതാണിപ്പുമാൻ
 സ്വാലംബത്തിന് സ്വന്തമാംപഠനമായ് 'വാചസ്പതിബ് ഭട്ടനായ്'
 കാലം കണ്ട പ്രഭാഷക പ്രമുഖനായ് ജീവിച്ച പുണ്യാത്മകൻ!
സുബ്രഹ്മണ്യനു തൃപ്തിയേറുക സദാ സപ്താഹപാരായണം;
 ശ്രീമത് ഭാഗവതം ഹൃദിസ്ഥമതിനാൽ ഗ്രന്ഥം പ്രതീകാത്മകം;
 നാനാപുണ്യപുരാണവും കഥകളിൽ സ്വാരസ്യമേറ്റിപ്പറ-
 ഞ്ഞാനന്ദം കഥകേൾപ്പവർക്കരുളലാണാത്മീയ സംതൃപ്തിയും!
ആശിസ്സോടെ ജനിച്ച പുണ്യ പുരുഷൻപാരം യശസ്സാർന്നു ദൈ-
 വാശക്കൊത്തു നടന്നു പുണ്യകഥകൾ കേൾപ്പിച്ചു മാലോകരെ,
 ആശിച്ചു ചിരമിപ്രബോധനവുമായദ്ധ്യാത്മിക ചിന്തകൾ
 ദേശക്കാരിലുറച്ചുവെന്നറിയുവാനാത്മീയ തൃപ്തിക്കുതാൻ!
'തീ'വണ്ടിപ്പുകയൊത്തു ദേഹിയുയരെ ച്ചെന്നന്തരീക്ഷത്തിലു
 ണ്ടാവും നിന്നു കറങ്ങിടുന്നു 'വിസ' കാത്തെത്താൻ പിതൃമ്മണ്ഡലം
 ഭൂവിൽ നമ്മൾ നടത്തിടും പലതരം ശേഷക്രിയയ്ക്കായിടാം
 ദ്യോവിൽ ദേഹിയെ ഭദ്രമായി പിതൃലോകത്തേക്കുമെത്തിക്കുവാൻ!
രക്ഷസ്സായ് പിശിതാശിയായ് പരിണമിച്ചീടുന്നൊരാത്മാവിനെ
 'സൂക്ഷിക്കേണ്ടതു' കൊണ്ടുതന്നെ പിതൃലോകത്താക്കണം ശീഘ്രമായ്
 'ദീക്ഷ'ക്കും തുടരും 'സപിണ്ഡി' മുതലാം കർമ്മങ്ങളാലും ക്രമാൽ
 രക്ഷിക്കാൻ കഴിയുന്നതായ് പറകയാം 'ബൗധായനച്ചിട്ടകൾ'!
കേൾക്കുന്നുണ്ടു ജഗത്തിൽ 'നല്ലതധികം നിർത്തില്ല' പോലീശ്വരൻ
 നോക്കുമ്പോളൊരകാലമൃത്യുവിവിടെ കാണിച്ചു സത്യപ്പടി
 ഓർക്കാം നല്ലതുമാത്ര; മിസ്സുകൃതി പോയ്ച്ചേരട്ടെ വൈകുണ്ഠമാം
 സ്വർഗ്ഗത്തിൽ; നിജചെയ്തികൾക്കനുസൃതം ദൈവപ്രസാദത്തിനാൽ!

**ടി.സി.നാരായണൻ നമ്പൂതിരി**
**(പാലഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ തൃപക്ഷസ്സപിണ്ഡി ദിവസം സമർപ്പിച്ചത്)**

## അആ ഇഈ



**അ**മലേ
ഞാൻ കൊഴിയുകയാണ്
നിന്റെ മനസ്സിൽ നിന്ന്

മറയുകയാണ്
ആ മിഴികളിൽ നിന്ന്
സ്നേഹസുഖമുള്ള
ബന്ധനങ്ങളിൽ നിന്ന്!

അടർന്നുവീഴുകയാണ്
ആഴങ്ങളിലേയ്ക്ക്
എന്നെ തേടിയ
ഈണങ്ങളിലേയ്ക്ക്, എൻ
നഷ്ട ഹൃദന്തത്തിലേയ്ക്ക്

**ആ**ത്മാവൊഴുകുകയാണ്
മാടിവിളിക്കും
അലകളിലേയ്ക്ക്
മടങ്ങുകയാണ്
മാമലയമരും
ധ്യാനത്തിലേയ്ക്ക്

**ഇ**ലപൊഴിയുന്നത്
മരമറിയാറേയില്ല
മഴ പെയ്യുന്നത് മാനവും!

തൻ നിഴലെത്ര ദൂരം
അറിയാറില്ല
വഴിവിളക്കുകൾ

ആരുമറിയാറില്ല
മടക്കത്തിൽ
ഇടറും ആഴങ്ങൾ
കന്നിവേരിലേയ്ക്കുള്ള
തിരിച്ചിറക്കങ്ങൾ

**ഈ** കാറ്റിൽ
ഒരില പൊഴിയുമ്പോൾ
ഞാൻ ഒഴിയുകയാണ്
മനസ്സിൽ നിന്ന്
മിഴിയിൽ നിന്ന്
ബന്ധനങ്ങളിൽ നിന്ന്

പിന്നെ ഒടുവിൽ ഞാൻ
എന്നിൽ നിന്ന് ●

രവി മങ്ങത്തായ

## നീയും ഞാനും



**വിദ്യ പരമേശ്വരൻ**
(കൊയ്ത്തടി മന, കാറൽ മണ്ണ
99468 84502)

**നീ** എനിക്കാരായിരുന്നു....
നീ പോലുമറിയാത്ത
എന്റെ ചിന്തകളിൽ
സ്വപ്നങ്ങളിൽ,
ഓരോ ഉണർവ്വിലും..
കുളിർക്കാറ്റായെന്നു
മെന്നെ തഴുകിയിരുന്നു...

അറിയില്ല,
നീയെനിക്കാരായിരുന്നെന്ന്....?
അലഞ്ഞു ഞാൻ
മനസ്സിന്നറിയാവീഥികളിൽ
ജീവന്റെ പരമാണുവിൽ,
നിന്നെത്തേടി

ചാറ്റൽ മഴകൾ,
കൊഴിയുന്ന പൂക്കൾ,
സന്ധ്യകൾ,
അപ്പൂപ്പൻ താടികൾ
എല്ലാം പറഞ്ഞത്
നിന്റെ സ്നേഹത്തെ,
വാത്സല്യത്തെക്കുറിച്ച്

ചാരത്തെന്നും നീയുണ്ടായിരുന്നു
നനുത്ത കാറ്റായ്
കുളിരായ്, ഒരു തലോടലായ്...
നേർത്ത മയിൽപ്പീലിത്തുണ്ട്
അമ്മയ്ക്കു നൽകി
ഞാനെത്തും മുൻപെ തന്നെ
മറഞ്ഞു പോയതാണു നീ...

മൌനിയാമമ്മയെ
വാചാലയാക്കിയ
ഓർമ്മത്തളിരുകൾ

എനിക്കറിയാമമ്മ
സ്വപ്നമായ് തഴുകിയ
ആദ്യ കൺമണിയായിരുന്നു നീ

നീയില്ലാത്ത
ഏകാന്തനിമിഷങ്ങളിൽ
ജനൽപ്പാളികൾ
പേടിയാണെനിക്ക്...

ഇപ്പോൾ ഞാനറിയുന്നു
വീശിയടിക്കുന്ന
ഈ ഈറൻകാറ്റ്
പിറക്കാതെ പോയ
കൂടപ്പിറപ്പാണെന്ന്

എനിക്കിതുമതി
അറിയാലോകത്തു നിന്ന്...
ഒരു കുളിരായ്

'എന്റെ അനിയത്തി'യെന്നോതി
കവിളിൽ തലോടി....
വീണ്ടുമാ മാസ്മരിക
ലോകത്തേക്ക് ●

# നാരായവേരാണ് ഗായത്രി

കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്

ബ്രാഹ്മണനും ഗായത്രിയും (സന്ധ്യാവന്ദനവും ) തമ്മിലുള്ള ബന്ധത്തെ ഇപ്രകാരം പറയുന്നു. വിപ്രോ വൃക്ഷഃ മൂകകാന്യത്ര സന്ധ്യാ വേദാഃശാഖാഃ ധർമ്മകാര്യാണി പത്രം തസ്മാന്മൂലം യത്നതോ രക്ഷണീയം ഛിന്നേ മൂലേ നൈവ വൃക്ഷോ ന ശാഖാ

ബ്രാഹ്മണനെ വൃക്ഷമായും വൃക്ഷമൂലത്തെ സന്ധ്യയായും, ശാഖകളെ വേദങ്ങളായും; ധർമ്മകാര്യങ്ങളെ വൃക്ഷത്തിന്റെ ഇലകളായും സങ്കൽപ്പിച്ചിരിക്കുന്നു. ആയതിനാൽ വൃക്ഷമൂലമായ സന്ധ്യയെ (സന്ധ്യാവന്ദനത്തെ) പരിശ്രമിച്ച് രക്ഷിയ്ക്കണമെന്നും പറയുന്നു. മൂലം (നാരായവേര് )നഷ്ടമായാൽ വൃക്ഷത്തിന്റേയോ ശാഖയുടേയോ നിലനിൽപ്പില്ലല്ലോ? ഈ പ്രമാണം കൊണ്ട് ബ്രാഹ്മണന്റെ നിലനിൽപ്പിന്നാധാരം ഗായത്രീജപമാണെന്ന് സിദ്ധിയ്ക്കുന്നു.

ബ്രാഹ്മണന്ന് 'ദ്വിജൻ' എന്ന വിശേഷണനാമമുണ്ട്. 'ദ്വേ ജന്മനീ യസ്യ സഃ ദ്വിജഃ' എന്നാണ് നിഷ്പത്തി. ആർക്കാണോ രണ്ടു ജന്മമുള്ളത് അയാൾ ബ്രാഹ്മണനാകുന്നു. അതായത് ബ്രാഹ്മണന് രണ്ടു ജന്മമുണ്ടെന്ന് സങ്കൽപ്പിച്ചു വരുന്നു. മാതൃഗർഭത്തിൽ നിന്നും ഭൂമിയിലേക്ക് പിറന്നു വീഴുന്നതു തന്നെ ആദ്യത്തെ ജന്മം. ഗർഭാധാനം മുതൽ പുംസവനാന്ത്യം വരെയുള്ള എല്ലാ ഗർഭകാലക്രിയകളും ചെയ്തതിനു ശേഷമാണ് പ്രജ ജനിക്കുന്നത്.

ജനിച്ചാൽ തൊണ്ണൂറു നാഴികയ്ക്കു, മുപ്പത്തിയാറു മണിക്കൂർ മുമ്പ്, ജാതകർമ്മം ചെയ്യണം. ഇപ്രകാരം ബ്രാഹ്മണൻ ജീവിതകാലത്ത് ബാല്യകൗമാരയൗവ്വനദശയിൽ പതിനാറ് അടിസ്ഥാന കർമ്മങ്ങൾ നിർവ്വഹിക്കണം. ഈ കർമ്മങ്ങളെ 'ഷോഡശക്രിയകൾ' എന്നു പറയുന്നു. ജന്മംകൊണ്ടു സിദ്ധിച്ച ബ്രാഹ്മണപദവി (വിപ്രത്വം) കർമ്മകൊണ്ട് നിലനിർത്തണം. അക്ഷരാർത്ഥത്തിൽ ബ്രാഹ്മണ ലക്ഷണങ്ങളോടു കൂടിയ ബ്രാഹ്മണനാകണം.

**ജനിച്ചാൽ തൊണ്ണൂറു നാഴികയ്ക്കു മുപ്പത്തിയാറു മണിക്കൂർ മുമ്പ് ജാതകർമ്മം ചെയ്യണം. ഇപ്രകാരം ബ്രാഹ്മണൻ ജീവിതകാലത്ത് ബാല്യ കൗമാരയൗവ്വനദശയിൽ പതിനാറ് അടിസ്ഥാന കർമ്മങ്ങൾ നിർവ്വഹിക്കണം. ഈ കർമ്മങ്ങളെ 'ഷോഡശക്രിയകൾ' എന്നു പറയുന്നു. ജന്മംകൊണ്ടു സിദ്ധിച്ച ബ്രാഹ്മണപദവി (വിപ്രത്വം) കർമ്മകൊണ്ട് നിലനിർത്തണം. അക്ഷരാർത്ഥത്തിൽ ബ്രാഹ്മണ ലക്ഷണങ്ങളോടു കൂടിയ ബ്രാഹ്മണനാകണം.**

ബ്രാഹ്മണ ലക്ഷണം ഇവയാണ്. യോഗസ്തപോ ദമോ ദാനം സത്യം, ശുചിത്വം, ദയ, ശ്രുതം (വേദാഭ്യാസം), വിദ്യാവിജ്ഞാനം (ഇതര വിദ്യകളിലുള്ള ജ്ഞാനം), ഈശ്വരവിശ്വാസം എന്നീ പത്തുഗുണങ്ങൾ ഉള്ളവരെ ബ്രാഹ്മണൻ എന്ന പേർ അർഹിയ്ക്കുന്നുള്ളൂ. ജന്മനാ ബ്രാഹ്മണനോ ജ്ഞേയഃ സംസ്ക്കാരൈർ ദ്വിജ ഉച്യതേ വിപ്രത്വം വിദ്യയാ ചാപി ത്രിഭിഃ ശ്രോത്രിയ ഉച്യതേ.

ജന്മംകൊണ്ട് ബ്രാഹ്മണൻ എന്നും, ഷോഢശസംസ്കാരാദികളെക്കൊണ്ട് ദ്വിജൻ എന്നും അറിയപ്പെടുന്നു. എന്നാൽ ബ്രാഹ്മണത്വമാകട്ടെ. ചതുർശാദി ദ്വാത്രിംശത് (14 മുതൽ 32 വരെ) വിദ്യകൾ കൊണ്ടും ലഭിക്കുന്നു. മൂന്നു വേദങ്ങളും അഭ്യസിയ്ക്കുന്നതു കൊണ്ട് ശ്രോത്രിയൻ എന്നു പറയുന്നു.

ഗർഭാധാനം, പുംസവനം, സീമന്തം, ജാതകർമ്മം, നാമകരണം, വാതിൽപ്പുറപ്പാട്, ചോറൂണ്, ചൌളം, ഉപനയനം, വേദആരണ്യക ഉപനിഷത്തുകളെ സ്വീകരിക്കുന്നതിനുള്ള മൂന്ന് വ്രതങ്ങൾ, ഗോദാനം, സമാവർത്തനം, വിവാഹം, അഗ്ന്യാധാനം എന്നീ പതിനാറ് ക്രിയകളാണ് വേദങ്ങളിൽ പറയപ്പെട്ടിട്ടുള്ളത്.

ഈ ഷോഡശക്രിയകളിൽ ബ്രാഹ്മണന് ബ്രാഹ്മണത്വം സിദ്ധിയ്ക്കുന്ന കർമ്മമാണ് ഉപനയനം. അതായത് ബ്രാഹ്മണ ചിഹ്നമായ യജ്ഞോപവീതം ലഭിയ്ക്കുന്ന കർമ്മമാണ് ഉപനയനം. പൗരാണിക കാലത്ത് കുട്ടിയെ വേദാഭ്യാസത്തിനായി ഗുരുകുലത്തിലേയ്ക്ക് ഉപനയിയ്ക്കുന്ന (പറഞ്ഞയയ്ക്കുന്ന) കർമ്മമായതിനാൽ 'ഉപനയനം' എന്ന് പറയുന്നു. ഈ യജ്ഞോപവീതം ധരിയ്ക്കുന്നതോടുകൂടി രണ്ടാമത്തെ ജന്മം സിദ്ധിച്ചതായി സങ്കൽപ്പിക്കുന്നു. ദ്വിജൻ എന്ന പേരിന് അർഹനായി ഭവിയ്ക്കുന്നു. യജ്ഞോപവീതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ശാസ്ത്രത്തിൽ നിരവധി പ്രതിപാദ്യങ്ങളുണ്ട്.

യജ്ഞോപവീതം ധരിയ്ക്കുമ്പോൾ ആചാര്യൻ ശിഷ്യന് 'സൂര്യ ഗായത്രി'യാണ് ഉപദേശിയ്ക്കുന്നത്. ഗായത്ര്യുപദേശം ലഭിച്ച ബാലൻ ജീവിതാന്ത്യംവരെ ഗായത്രി ജപിയ്ക്കണം.

ഗായത്രി ജപത്തിന് ബ്രാഹ്മണൻ സന്ധ്യാവന്ദനം എന്നും പറഞ്ഞു വരുന്നു. അന്തിമുടിയ്ക്കുക എന്നും ഭാഷയുണ്ട്. രണ്ടു സന്ധ്യകളിലും പ്രാതസ്സന്ധ്യയിലും അസ്തമയസന്ധ്യയിലും കുളത്തിൽ മുങ്ങിക്കുളിച്ച് സന്ധ്യാവന്ദനം ചെയ്യണം. ഗായത്രി 108 ഉരു ജപിയ്ക്കണം. ഗായത്രിയ്ക്ക് മുമ്പും പിമ്പും 108 പ്രണവവും ജപിയ്ക്കണം. പൂർവ്വികരായ പല ആചാര്യശ്രേഷ്ഠന്മാരും ഗായത്ര്യുപാസകന്മാരായിരുന്നു. അതായത് ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് സഹസ്രാവൃത്തി (ആയിരമോ അതിലധികമോ ഉരു ഗായത്രീ ജപം) നടത്തി അക്ഷരാർത്ഥത്തിൽ ബ്രഹ്മജ്ഞാനം നേടിയിരുന്നു.

### ഗായത്രിയുടെ ധ്യാനം

ധ്യേയഃ സദാ സവിതൃമണ്ഡലമദ്ധ്യ

വർത്തിനാരായണഃ നരസിജാസനസന്നിവിഷ്ടഃകേയൂരവാൻ മകരകുണ്ഡലവാൻ കിരീടി
ഹാരീ ഹിരണ്മയവപുർധൃതശംഖചക്രഃ

കേയൂരങ്ങൾ മകരകുണ്ഡലങ്ങൾ, കിരീടം, പലതരത്തിലുള്ള വിശേഷപ്പെട്ട മാലകൾ മുതലായ ആഭരണങ്ങളെക്കൊണ്ട് അലംകൃതനായി തങ്കവർണ്ണംപോലെയിരിയ്ക്കുന്ന ദേഹകാന്തിയുള്ളവനായി വലത്തേ കയ്യിൽ സുദർശന ചക്രവും, ഇടത്തേതിൽ പാഞ്ചജന്യവും ധരിച്ചവനായി ആദിത്യമണ്ഡലത്തിങ്കൽ താമരപ്പൂവിൽ ഇരിയ്ക്കുന്ന അതിതേജസ്വിയായ മഹാവിഷ്ണുവിനെ ധ്യാനിയ്ക്കുന്നു.

സൂര്യാദി നവഗ്രഹങ്ങൾക്കും, ബ്രഹ്മാവിഷ്ണുമഹേശ്വരാദി ത്രിമൂർത്തികൾക്കും, തന്ത്രസമുച്ചയകാരൻ പറയുന്ന ശങ്കരനാരായണൻ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ് മുതലായ മൂർത്തികൾക്കും പ്രപഞ്ചത്തിന്റെ ഈശ്വരിയായി സങ്കല്പിച്ചിട്ടുള്ള ദേവിയ്ക്കും, ശേഷസമുച്ചയകാരൻ പറയുന്ന ഭദ്രകാളി മുതലായ രുരുജിത് സങ്കല്പമൂർത്തികൾക്കും, മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, ശ്രീരാമൻ, ശ്രീകൃഷ്ണൻ മുതലായ അവതാര മൂർത്തികൾക്കും, ദക്ഷിണാമൂർത്തി, വേട്ടേയ്ക്കരൻ, കിരാതമൂർത്തി മുതലായ ശൈവമൂർത്തികൾക്കും ഹനുമാൻ തുടങ്ങിയ മറ്റു മൂർത്തികൾക്കും ഗായത്രീമന്ത്രങ്ങൾ ഉണ്ട്. 'ഗായത്രി' എന്നാൽ 'സൂര്യഗായത്രി' എന്ന് മാത്രമാണ് സാധാരണക്കാരുടെ സങ്കല്പം. ●

**കേയൂരങ്ങൾ, മകരകുണ്ഡലങ്ങൾ, കിരീടം, പലതരത്തിലുള്ള വിശേഷപ്പെട്ട മാലകൾ മുതലായ ആഭരണങ്ങളെക്കൊണ്ട് അലംകൃതനായി തങ്കവർണ്ണംപോലെയിരിയ്ക്കുന്ന ദേഹകാന്തിയുള്ളവനായി വലത്തേ കയ്യിൽ സുദർശന ചക്രവും, ഇടത്തേതിൽ പാഞ്ചജന്യവും ധരിച്ചവനായി ആദിത്യമണ്ഡലത്തിങ്കൽ താമരപ്പൂവിൽ ഇരിയ്ക്കുന്ന അതിതേജസ്വിയായ മഹാവിഷ്ണുവിനെ ധ്യാനിയ്ക്കുന്നു.**

# ഉപസഭാ വാർത്തകൾ

## മുക്കം ഉപസഭ

ഫെബ്രുവരി പത്തിന് ശനിയാഴ്ച പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ആരോഗ്യസർവകലാശാലയുടെ എം.ഡി പഞ്ചകർമ്മ പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ ഇ.കെ പൂർണ്ണിമയെ (ലിനീഷ് താമരക്കുളത്തിൻെറ പത്നി) അനുമോദിച്ചു. കുടുംബമേള ഏപ്രിൽ അവസാനവാരം നടത്താൻ തീരുമാനിച്ചു.

**കൃഷ്ണൻ നമ്പൂതിരി, സെക്രട്ടറി, മുക്കം ഉപസഭ**



*മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി ആശംസാപ്രസംഗം നടത്തുന്നു*

## അരീക്കോട് ഉപസഭ


ഉപസഭാംഗം പാനാട്ട് ഇല്ലത്ത് സാവിത്രി അന്തർജനത്തിന്റെ എൺപതാം പിറന്നാൾ സമുചിതമായി ആഘോഷിച്ചു. രാജു കരിപ്പത്തിന്റെ അദ്ധ്യക്ഷതയിൽ പാനാട്ട് ഇല്ലത്ത് ചേർന്ന അനുമോദനയോഗത്തിൽ വനിതാസഭ സെക്രട്ടറി ഉഷാ കരിപ്പം ഉപഹാരം സമർപ്പിച്ചു.

സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി, യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ മെമ്പർ പ്രൊഫ. ചെമ്മരം നാരായണൻ നമ്പൂതിരി, പുതുവായ അഷ്ടമൂർത്തി നമ്പൂതിരി, മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി, പാലാഞ്ചേരി നവീൻ ശങ്കർ നമ്പൂതിരി, വിനോദ് മങ്ങത്തായ, വിജയൻ നമ്പൂതിരി, നല്ലൂർ തെഞ്ചീരി ശ്രീദേവി, ഉമാദേവി ഉറിയൻമഠം, എന്നിവർ ആശംസകൾ നേർന്നു. വൈത്തല നാരായണൻ നമ്പൂതിരി ആമുഖ പ്രഭാഷണം നടത്തി. സുധ കുറൂർ വരച്ച ഛായാ ചിത്രം സമ്മാനിച്ചു. സ്വസ്തി മാനേജിംഗ് എഡിറ്റർ ഉമശ്രീ കിഴക്കുമ്പാട്ട് പൊന്നാട ചാർത്തി.

പാർവതി പാനാട്ട്, പവിത്ര കരിപ്പം ലളിത പാനാട് എന്നിവർ ഗാനമാലപിച്ചു. പത്മജ നല്ലൂർ തെഞ്ചീരിയുടെ പ്രാർത്ഥനയോടൊയാണ് ചടങ്ങ് ആരംഭിച്ചത്. പുല്ലൂർമണ്ണ ദാമോദരൻ നമ്പൂതിരി സ്വാഗതവും പാനാട് പദ്മനാഭൻ നമ്പൂതിരി നന്ദിയും പറഞ്ഞു.

## ഫറോക്ക് ഉപസഭാ

ഫറോക്ക് ഉപസഭയുടെ മീറ്റിങ്ങ് തെഞ്ചേരി ഇല്ലത്തു വെച്ച് നടന്നു യോഗത്തിൽ പ്രസിഡൻറ് ശ്രീ പാലകുന്നം പരമേശ്വരൻ അദ്ധ്യക്ഷം വഹിച്ചു തിരുവാതിര ആഘോഷം വളരെ നല്ല നിലയിൽ നടന്നു എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു മാർച്ച് 31ന്നു മുമ്പു തന്നെ മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തിയാക്കാൻ തീരുമാനിച്ചു. കരങ്ങാട് ശങ്കരൻ ഭട്ടതിരി, പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി





മഹാരാജ സയാജി റാവു യൂണിവേഴ് സിറ്റി ഓഫ് ബറോ ഡയിൽ ഫൈൻ ആർട്‌സ് വിഭാ ഗത്തിൽ ഒന്നാം വർഷ വിദ്യാർത്ഥി യായ ഗംഗ നാരാ യണൻ ചാർക്കോ ളിൽ വരച്ച ചിത്രം. തളിപ്പറമ്പ് ചവന പ്പുഴ മുണ്ടോട്ട് പുളി യപ്പടമ്പ് നാരായ ണന്റെ (ഡെൽഹി) പുത്രിയാണ്.

# ദാഹജലം

മനുഷ്യൻ മറക്കുന്നുവോ എന്നെ
ജീവന്റെ നിലനില്പിനായ് ഞാൻ
വേണമെന്ന് മറക്കുന്നുവോ
ഓരോ തുള്ളിയും പാഴാക്കുമ്പോൾ
എൻ മൂല്യം മറക്കുന്നുവോ
അരുതേ...
എന്നെ മറക്കരുതേ.....


●



**ശ്രീഭദ്ര പി.എം**
**പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി**
**ഫറോക്ക് ഉപസഭ**





ആദികേശവ് എൻ.
യു.കെ.ജി
ഭവൻസ് രാമനാട്ടുകര
നാറാണിയാട്ട് ഇല്ലം
ഫറോക്ക് ഉപസഭ



ഗോപിക പാലക്കൽ
അരിക്കോട് ഉപസഭ






ചാരുലത, ജാത വേദ്: തൃക്കിടീരി ജയന്തൻ നമ്പൂതിരിയുടേയും സിജിയുടേയും കുട്ടികൾ. USA



ദേവദത്തൻ പി.വി. ദേവാനന്ദ് പി.വി. പൊയിലിൽ ഇല്ലത്ത് രഘുനാരായണന്റെയും ശ്രീജിതയുടെയും മക്കൾ

ശ്രാവന്തി, ശ്രാവണ്യ. ആയേടം ഇല്ലത്ത് ലതീഷിന്റെയും ശ്രീജയുടെയും മക്കൾ





ഒന്നാം പിറന്നാളാഘോഷിക്കുന്ന പേരക്കുട്ടി നിവേദ് വിഷ്ണുവിന് മുത്തശ്ശന്റേയും മുത്തശ്ശിയുടേയും ആശംസകൾ. താമരക്കുളം ദിവാകരൻ - മീര



നന്ദന ശങ്കർ, നവനീത് ശങ്കർ ഒഴയാടി എടക്കാട്ട് ഇല്ലത്ത് ശങ്കരനാരായണന്റെയും നന്ദിനിയുടെയും മക്കൾ



ഒന്നാം പിറന്നാൾ ആഘോഷിച്ച പ്രയാഗ് കൃഷ്ണൻ വി.യു. S/o ഉണ്ണികൃഷ്ണൻ ടി.വി. ശരണ്യ വടക്കേപ്പാട്ട് ഇല്ലം നടുകിൽ ഓമശ്ശേരി



*22.5.2018 ന് രണ്ടാം പിറന്നാൾ ആഘോഷിക്കുന്ന അദ്വൈത്. കരുമകൻകാവ് (എടക്കുറ്റിപ്പുറത്ത് മുല്ലപ്പള്ളി) ശ്രീകാന്തിന്റെ പുത്രൻ*



സഹസ്രജിത്ത്.ഒ.ടി. ഒഴുകിൽ തട്ടയൂർ ഇല്ലത്ത് വിനോദ് (ഒ.ടി. മണിക്കുട്ടൻ) ന്റെയും ഡോ. ആശയുടെയും മകൻ

## അനുമോദനം



***കൃഷ്ണപ്രിയ ഒ.ഇ.*** *ഒഴയാടി എടക്കാട്ട് ഇല്ലത്ത് നാരായണ വാസുദേവൻ നമ്പൂതിരിയുടെയും ബിന്ദുവിൻെറയും മകൾ (കാരന്തൂർ കുന്ദമംഗലം) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നാല് വർഷം തുടർച്ചയായി എ ഗ്രേഡ്. തയ്യിൽ വാമനൻ നമ്പൂതിരിയുടെ ശിക്ഷണത്തിൽ ആറ് വർഷമായി കാവ്യകേളി അഭ്യസിച്ചു വരുന്നു*

സ്വസ്തിയിലേക്കുള്ള രചനകളും പ്രതികരണങ്ങളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയക്കുക.


**കെ.എം.പരമേശ്വരൻ**
ചീഫ് എഡിറ്റർ
ആര്യശ്രീ, പി.ഒ. അരക്കിണർ,
കോഴിക്കോട്-673028,
ഫോൺ: 8089441634,
Email: swasthithrimonthly@gmail.com


സ്വസ്തിയുടെ കോപ്പികൾക്ക് ബന്ധപ്പെടേണ്ട നമ്പർ:
**9447337337, 9496164912**

## ആദരാഞ്ജലികളോടെ...





*ദാമോദരൻ നമ്പൂതിരി*
*കളം ഇല്ലം, താമരശ്ശേരി*



*നാരായണൻ നമ്പൂതിരി*
*പാലക്കാട്ട് ഇല്ലം, മടവൂർ*



*ശങ്കരൻ ഭട്ടതിരി*
*കരങ്ങാട്ട് മന, ഫറോക്ക്*



*സുബ്രഹ്മണ്യൻ നമ്പൂതിരി*
*ഇളമന ഇല്ലം, മുക്കം*




*ശ്രീകുമാരൻ നമ്പൂതിരിപ്പാട്*
*പാതിരിശ്ശേരി ഇല്ലം,*
*കൂഴക്കോട്*



*സുബ്രഹ്മണ്യൻ നമ്പൂതിരി*
*പെരിഞ്ചീരി ഇല്ലം, അരീക്കോട്*



*പാർവ്വതി അന്തർജനം*
*പാറക്കോട് ഇല്ലം, ചാത്തമംഗലം*



# സ്വസ്തി എനിക്ക് ക്ഷ പിടിച്ചു

**ആ**ദ്യം ഞാൻ എന്നെ പരിചയപ്പെടുത്തട്ടെ. ഞാൻ പ്രസിദ്ധമായ ഭദ്രകാളി മറ്റപ്പള്ളിയിലെ മരുമകൻ വാസുദേവൻ ചെത്ത്യാടിന്റെ മകൻ രവിവർമ്മ. പറവൂർ കോവിലകം. എന്റെ ധർമ്മപത്നി കൊടുങ്ങല്ലൂർ കോവിലകത്തെ സന്തതിയാണ്. അതായത് തോട്ടര വടക്കേടത്തിന്റെ മകളുടെ മകളും തൃപ്പുണിത്തുറ കുഞ്ഞുണ്ണിതമ്പുരാന്റേയും (Palace No: 42) മകളാണ്.

ഇനി കാര്യത്തിലേക്ക് കടക്കാം. സ്വസ്തി ത്രൈമാസിക എനിക്ക് ക്ഷ പിടിച്ചു. (ഒക്ടോബർ ലക്കം വായിക്കാൻ തരായി) അതിലെ ഉള്ളടക്കം പവിത്രം, ബ്രാഹ്മണ്യം മുതലായ മാസികയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതായത് വായനക്കാരെ ഉത്ബോധിപ്പിക്കാൻ പറ്റിയ ലേഖനങ്ങൾ ആണ്. എനിയ്ക്ക് വളരെ അധികം ഇഷ്ടപ്പെട്ടു. ഞാൻ എറണാകുളം ജില്ലയിലെ പറവൂർ ഉപസഭയുടെ മെമ്പറാണ്.

പറഞ്ഞുവന്നത് എന്തെന്നാൽ അയിത്തമാകാത്ത മനസ് എന്ന പുളിയശ്ശേരി കേശവൻ നമ്പൂരിയെ കുറിച്ചുള്ള ലേഖനമാണ്. കുട്ടിക്കാലത്ത് ഇല്ലത്ത് മദ്ധ്യവേനൽ അവധിക്കാലത്ത് കുളിച്ചു താമസിക്കാൻ പോകാറുണ്ട്. ശ്ശി ഉണ്ണിനമ്പൂതിരി കുട്ടികളെ ഓത്ത് പഠിപ്പിക്കുന്നതും ഏറ്റുചെല്ലുന്നതും കേട്ടാണ് കാലത്ത് എണീക്കുക.

പിന്നെ കുളിയാശുദ്ധം, പുണ്യാഹശുദ്ധം നിർമാല്യശുദ്ധം മുതലായ ശുദ്ധങ്ങളാണ് ഇളംമനസ്സിൽ അടിച്ചേല്പിച്ചിരിക്കുന്നത്. ഈ വക ശുദ്ധങ്ങൾ ഇപ്പോൾ പ്രസക്തിയില്ലെങ്കിലും അറിഞ്ഞിരിക്കുന്ന നമ്പൂതിരിമാർ തന്നെ വിര ളം. കാലത്തെണീറ്റ് കുളി സന്ധ്യാവന്ദനം എന്നിവ പണ്ടേ ഉപേക്ഷിച്ചിരിക്കുന്നു. പോട്ടെ ഒരു പശുദ്ദാനത്തിന് ഗണപതി നിവേദിക്കാൻ പോലും അറിയില്ല. എന്നുമാത്രമല്ല ദാനം കൊടുത്താൽ വാങ്ങിക്കാൻ പോലും വശമില്ല.

എന്തുചെയ്യാം. എത്ര എത്ര സത്കർമ്മങ്ങൾ ചെയ്താലാണ് ഒരു ബ്രാഹ്ണകുടുംബത്തിൽ ജനിയ്ക്കാൻ സാധിക്കുക. അങ്ങനെ കിട്ടിയ ജന്മം ഈശ്വരസാക്ഷാത്കാരത്തിനു വേണ്ടുന്ന ക്രിയകൾ ഒന്നും തന്നെ വശമാക്കാതെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകുന്നു. ആ ആത്മാവിന്റെ അടുത്ത ജന്മം എന്തായിരിക്കും! ഈശ്വരോ രക്ഷതു.

അങ്ങനെയുള്ള ഈ 21ാം നൂറ്റാണ്ടിലും പുളിയശ്ശേരി കേശവൻ നമ്പൂതിരിയെപ്പോലെ പഴയ ആചാരാനുഷ്ഠാനങ്ങൾ കടുകിട ലോപിക്കാതെ ഇപ്പോഴും (അതായത് വി.ടി. ഭട്ടതിരിപ്പാടും മറ്റും നമ്പൂതിരിയെ നമ്പൂരിയല്ലാതാക്കിയിട്ടും) ഉണ്ടല്ലോ എന്നോർക്കുമ്പോൾ എന്റെ ബാല്യകാല അനുഭവങ്ങൾ ഓർമ്മവരുന്നു.

**എം.രവിവർമ്മ**
**'ശ്രീരംഗം' കോവിലകം**
**എടക്കുന്നി, തൈക്കാട്ടുശ്ശേരി**
**ഒല്ലൂർ, തൃശൂർ**

## ഓരോ കോപ്പി എനിക്കും വേണം

**ന**മ്മൾ നേരിൽ കണ്ടിട്ടുണ്ടോ, പരിചയപ്പെട്ടിട്ടുണ്ടോ എന്ന് ഓർമ്മയില്ല. ഞാൻ സർവീസിൽ നിന്ന് വിരമിച്ചശേഷം കഴിഞ്ഞ 14 കൊല്ലമായി മള്ളിയൂരുടേയും, പാണ്ടംപറമ്പത്ത് മൂപ്പിൽ സ്വാമിയാരുടേയും അനുഗ്രഹാശിസ്സുകളോടെ ഗായത്രിയുടേയും പിതൃകർമ്മങ്ങളുടേയും മഹത്വം പ്രചരിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

നിത്യകർമ്മങ്ങളെപ്പറ്റി, അനുഷ്ഠിക്കുന്ന വിധവും, അർത്ഥവും, ആവശ്യകതയും ഉൾക്കൊള്ളിച്ചു കൊണ്ട് രണ്ടു പുസ്തകങ്ങൾ അടുത്തകാലത്ത് ഇറക്കിയിട്ടുണ്ട്. അതിന്റെ കോപ്പികൾ ഇതോടൊന്നിച്ചയക്കുന്നു. അതുവായിച്ച് അതിനെപ്പറ്റി ഒരവലോകനം താങ്കളുടെ മാസികയിൽ കൊടുത്താൽ നന്ന്.

ഇന്ന് ബ്രാഹ്മണർ കുലധർമ്മം, പരദേവതാസ്മരണ, പിതൃസ്മരണ എന്നിവ ഉപേക്ഷിച്ചതുകൊണ്ടാണ് വംശനാശവും, സങ്കരവർഗ്ഗവുമാകുന്നതും. നമ്മുടെ സംസ്കാരം, പൈതൃകം, എല്ലാം പുതിയതലമുറക്ക് അന്യമാണ്. അതിനെപ്പറ്റി 'അഭ്യർത്ഥന' എന്ന ലേഖനം എഡിറ്റ് ചെയ്ത് മാസികയിൽ കൊടുക്കുകയാണെങ്കിൽ പെൺകുട്ടികളുടെ ഭാവിയെ പറ്റിയുള്ള സർവ്വേക്ക് ചില മറുപടിയാകും. ഞാൻ അയയ്ക്കുന്ന കുറച്ചു ലേഖനങ്ങളും വായിച്ചു നോക്കി നമ്മുടെ സമുദായാംഗങ്ങൾ അറിയേണ്ടതാണ് എന്ന തോന്നുന്നുണ്ടെങ്കിൽ സ്വസ്തിയിൽ പ്രസ്ദ്ധീകരിക്കുമല്ലോ ഓരോ കോപ്പി എനിക്കും അയച്ചുതന്നാൽ നന്ന്.

**സസ്നേഹം**
**പണിയ്ക്കത്ത് അപ്പുനമ്പൂതിരി**




## വാർഷികപ്പതിപ്പ് നന്നായിട്ടുണ്ട്

**യോ**ഗക്ഷേമ സഭയുടെ ത്രൈമാസികയായ സ്വസ്തിയുടെ ഒന്നാം വാർഷിക പ്പതിപ്പ് മുക്കത്ത് കൊളങ്ങര കാരാട്ട് നിന്നും ലഭിച്ചു. മാസികയുടെ ഉള്ളടക്കവും ആകെയുള്ള എഡിറ്റിംങ്ങും നന്നായിട്ടുണ്ട്. വിജ്ഞാന പ്രദവുമാണ്.
നമ്മൾബ്രാഹ്മണർ ഭാരതീയരും അതിലുപരി വേദത്തിന്റെ കണ്ണികളുമാണല്ലോ. ആയതിനാൽ നമ്മുടെ സംസ്കാരത്തെ കുറിച്ചും പൈതൃകത്തെ കുറിച്ചുമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ട്. 'സ്വസ്തി' ത്രൈമാസികം മാസികയായി വളർന്ന് വരട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം വിജ്ഞാന പ്രദമായ മാസികയാകട്ടെ എന്ന് പ്രാർത്ഥിയ്ക്കുന്നു.
**സ്നേഹ ബഹുമാന പൂർവ്വം**
**കാണിപ്പയ്യൂർ പരമേശ്വരൻ**
**നമ്പൂതിരിപ്പാട്.**

# ഇങ്ങിനെയായിരിക്കണം ഒരു പ്രസിദ്ധീകരണം



**സ്വ**സ്തി വാർഷികപ്പതിപ്പ് കിട്ടി. അഭിമാനം തോന്നി.ആദരവ് പറയാതെവയ്യ. കെട്ടിലും മട്ടിലും അഴകും ഗാംഭീര്യവും ഗുണവും ഒന്നിനൊന്നു മെച്ചപ്പെട്ടിരിക്കുന്നു. സഭയുടെ എല്ലാ പ്രസിദ്ധീകരണങ്ങളും (ബ്രാഹ്മണ്യം, യജ്ഞോപവീതം, പ്രണവം, പവിത്രം, മുഖദർശനം) സഹോദരവിഭാഗങ്ങളുടെ പ്രസിദ്ധീകരണങ്ങളും (പുഷ്പകധ്വനി, തുളസീദളം, തീർത്ഥം) ഞാൻ വരുത്തുന്നുണ്ട്. ഇങ്ങനെ ഒറ്റ ഇരുപ്പിൽ, ഒറ്റയൊഴുക്കിൽ വായിക്കാൻ മാത്രം അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു 'സ്വസ്തി'.

കേശവൻ നമ്പൂതിരിയുടെ 'തെരഞ്ഞെടുപ്പ്' ആഴത്തിൽ ചിന്തിയ്ക്കാനുള്ള ഒരു ചോദ്യം വായനക്കാർക്കു നേരെ നീട്ടുന്നു ആരെ തെരഞ്ഞെടുക്കേണ്ടു.

അറിയേണ്ട പത്തുനമ്പൂതിരിമാർ വായിയ്ക്കേണ്ടവയാണ്, മനസ്സിൽ സൂക്ഷിച്ചു വെയ്ക്കേണ്ടതും. ദേശാടനം ഉണ്ണികൃഷ്ണൻനമ്പൂതിരിയുടെ ഗ്രഹനിലകളിലൂടെയുള്ള എഴുത്ത് രസകരമായിരുന്നു. 2009ൽ ഗുരുവായൂർ അതിഥിമന്ദിരത്തിന്റെ ഷെയർ പിരിയ്ക്കുവാനുള്ള യാത്രക്കിടയിൽ അവിടെ പോയി പരിചയപ്പെട്ടകഥ ഓർക്കുന്നു.അടുത്ത് കെ.പി.സി.സിയിലെത്തിയ നമ്പൂതിരിമാഷ്: അഭിമാനം തോന്നി; നമ്മളുടെ ഇടയിലുള്ള ഒരാൾ ഈ ഉയരത്തിൽ എത്തിയതിന്. ധാരാളം കണ്ടിരിക്കുന്നു, കേട്ടിരിയ്ക്കുന്നു, സൈബർ മാന്ത്രികൻ വിനോദ് ഭട്ടതിരിപ്പാടിനെ: നമ്പൂതിരിമാരുടെ ഇടയിൽ ഒരു വ്യത്യസ്ത അവതാരം. അക്ഷരശ്ലോകത്തിലൂടെ ജപ്പാനിലെത്തി, അവിടത്തെ ഒരു മുത്തശ്ശനേയും മുത്തശ്ശിയേയും സ്വന്തമാക്കിയ ഗോപിക എന്ന മിടുക്കി. ജൈവ പച്ചക്കറിയിലൂടെ ഒരായിരം കാർഷിക സന്ദേശങ്ങൾ വിളിച്ചു പറയുന്ന സൂരജ്. ഫീസില്ലാതെ പഠിക്കാൻ സംസ്കൃത ശ്ലോകങ്ങളെഴുതിയ കൃഷ്ണൻ നമ്പൂതിരി. പശുക്കളെ സ്നേഹിച്ച, പശുക്കളെ തൊട്ടറിഞ്ഞ, അവരുടെ തിരുമേനി: ബ്രഹ്മദത്തൻ.ആതുരശുശ്രൂഷാരംഗത്ത് ഗോപകുമാറിന്റെ നിറസാന്നിദ്ധ്യം.

**അറിയേണ്ട പത്തു നമ്പൂതിരിമാർ വായിയ്ക്കേണ്ടവയാണ്, മനസ്സിൽ സൂക്ഷിച്ചു വെയ്ക്കേണ്ടതും. ദേശാടനം ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ ഗ്രഹനിലകളിലൂടെയുള്ള എഴുത്ത് രസകരമായിരുന്നു.**

പോലൂരിന്റെ സ്തുത്യർഹമായ ഗാനവിശേഷങ്ങൾ. അവസാനം ഡോ. ആര്യാദേവിയിലെത്തി സുകൃതത്തിന്റെ കഥ വായിച്ചപ്പോൾ കോരിത്തരിച്ചുപോയി.

ചേളന്നൂരിലെ കുറ്റിയാട്ട് ഇല്ലത്തെ പരദേവതകൾക്കായി ഒരു ക്ഷേത്രം, അതിലുപരി പരിശുദ്ധതയോടെ ഇന്നും പരിപാലിച്ചുപോരുന്നു എന്നു കേട്ടപ്പോൾ, പഴമയുടെ പാരമ്പര്യത്തിന്റെ പൊതുജന പങ്കാളിത്തത്തിന്റെ മകുടോദാഹരണമാണ് എന്ന പറയാതെ വയ്യ.

വടക്കൻ രീതിയും തെക്കൻരീതിയും സംയോജിപ്പിച്ചു തിരുവാതിരക്കളിക്കഥ കേട്ടപ്പോൾ ഒരു സുഖകരമായ അനുഭൂതിയിലേക്കു ഊർന്നിറങ്ങിയതു പോലെ.

ആശ്രമമില്ലാത്ത മുനി അഥവാ ആലങ്ങോട്ടു ചെറുമുക്കുമനയിലെ ആ 'തലതെറിച്ച' നമ്പൂതിരിയെക്കുറിച്ച് കെ.എം.പി യുടെ വരികൾ സുന്ദരമായി. ഹരീദ് ശർമ്മയുടെ കാകകുയിൽ പുരാണം നന്നായി.

അബ്രാഹ്മണ ശാന്തിവിവാദത്തിൽ പ്രമുഖരുടെ കുറിപ്പുകൾ വായിച്ചു. ചിന്തിയ്ക്കാനും നിലപാടുകളെടുക്കാനും സമയം അതിക്രമിച്ചു എന്നു നമ്മെ ഓർമ്മപ്പെടുത്തിയ വിഷയ പ്രവാഹം. ഇതെല്ലാം കൂടാതെ ഉപസഭാവാർത്തകളും സവിസ്തരം പ്രസിദ്ധീകരിയ്ക്കാൻ സ്ഥലം കണ്ടെത്തിയിരിക്കുന്നു.

ഇരുത്തി ചിന്തിപ്പിക്കുന്ന കൊച്ചു ലേഖനങ്ങളും, കവിതകളും ഇനിയും ഉണ്ട് ഈ ത്രൈമാസികയിൽ. എല്ലാറ്റിനുമുപരി നമ്മളുടെ കുഞ്ഞുകുരുന്നുകളുടെ വികൃതികൾ തിളക്കമാർന്നു നില്ക്കുന്നു.

ഇനിയും ഈ ത്രൈമാസിക സ്വസ്തി ഉന്നതങ്ങളിലെത്തട്ടെ: ആശിർവാദങ്ങൾ.

**മുല്ലമംഗലം നാരായണൻ**

## സോഷ്യൽ മീഡിയയിലെ ചില പ്രതികരണങ്ങൾ

(ചിലർ അനോണിമസ് ആയി മറഞ്ഞു നിൽക്കുന്നതിനാൽ ആരുടെയും പേര് പറയുന്നില്ല)

❐ സർവേ നടത്തുന്നത് ഒരു അഭിപ്രായം അറിയാൻവേണ്ടി മാത്രമാണ്. അതിലെ ചോദ്യങ്ങൾക്ക് നമ്മൾ അങ്ങനെ ആവണം എന്ന സൂചനയൊന്നും എടുക്കേണ്ടതില്ല. പ്രസ്തുത സർവേയുടെ വിഷയം തന്നെ കുട്ടികൾ എത്രത്തോളം മാറി ചിന്തിക്കുന്നു എന്നതാണ്. അതിനാൽ അതിൽ യാഥാസ്ഥിതിക ചിന്തയിൽ ഊന്നിയുള്ള ചോദ്യങ്ങൾ തീർച്ചയായും പ്രതീക്ഷിക്കാം.ഇത്തരം കൂടുതൽ സർവേകൾ സമുദായത്തിന്റെ ഉള്ളിൽ നടക്കട്ടെ. അത് ഏറെക്കുറെ വ്യക്തമായ ചിത്രം നൽകും. നല്ലൊരു തുടക്കമായി കാണാം.

❐ നമ്പൂതിരി പെൺകുട്ടികളെ ഒരു നൂറ്റാണ്ട് പിന്നോട്ട് കൊണ്ട് പോവാൻ വ്യഗ്രത ഉള്ള ആരോ ഉണ്ടാക്കിയ പോലെ ചോദ്യങ്ങൾ. നല്ല വിദ്യാഭ്യാസം, വ്യക്തിത്വം, കരിയർ തുടങ്ങിയ സുപ്രധാന വിഷയങ്ങൾ നമ്പൂരി പെൺകുട്ടികൾ ചർച്ച ചെയ്താൽ അപരാധമാവുമോ. അർത്ഥമറിയാതെ ആചാരങ്ങൾ അന്ധമായി പിന്തുടർന്ന്, പെൺകൊട അല്ലാതെ വേറെ ജീവിത ലക്ഷ്യം ഒന്നും ഇല്ലാത്ത മന്ദബുദ്ധികൾ ആക്കി അവരെ മാറ്റിയാൽ സമുദായത്തിന് വല്ല കപ്പം കിട്ടുമോ?

❐ ചോദ്യം തയ്യാറാക്കിയവരെ കുറിച്ച് പാതെറ്റിക് എന്ന് തോന്നി. വിദ്യാഭ്യാസം ഉള്ള പെൺകുട്ടികൾ ഒക്കെ ഇങ്ങനെ ആയിരിക്കും എന്ന മുൻ വിധിയോടെ ..വിദ്യാഭ്യാസത്തിന്റെ അർഥം ബ്രാഹ്മണ രീതികൾ ഒക്കെ വേണ്ടന്നു വയ്ക്കുക എന്നതാണ് എന്ന് മറിച്ചു വായിച്ച ആരൊക്കെയോ തയ്യാറാക്കിയത്

❐ പലതും കാലിക പ്രസക്തം അല്ലാത്തതും ... കുറച്ചു പേഴ്സണൽ ലെവൽ മാത്രേ ഉള്ളൂ ... കൂടുതൽ പേഴ്സണൽ ചോദിച്ചിട്ടില്ല ...ഭാഗ്യം ..നന്ദി .. അത്ര ഡീപ് ലെവൽ ഉൾപെടുത്താൻ തോന്നാതിരുന്നതിന് .. അല്ലെങ്കിൽ ഇനീം എന്തൊക്കെ കൂടി ചോദിക്കാമായിരുന്നു .. നിങ്ങൾ ഏതു കുളത്തിൽ എങ്ങനെയൊക്കെയാണ് കുളിക്കാറുള്ളത് എന്നൊക്കെ ടൈപ്പ് ചോദ്യങ്ങളും കൂടി ഞാൻ പ്രതീക്ഷിച്ചു തുടക്കം മുതൽ വായിച്ചു കുറച്ചു ആയപ്പോൾ ..അതുണ്ടായില്ല . നന്ദി..എന്തായാലും ..

❐''ചവളം കൈഞ്ഞതാണോ ? തെരണ്ടിരിക്കാൻ ബുദ്ധിമുട്ടാണോ ? ഇതുപോലെ പുരോഗമനപരമായ ചോദ്യങ്ങളും ഉണ്ട്

❐ ''അപ്പൊ എന്റെ ചോദ്യം ഇതാണ് ഈ ചോദ്യങ്ങളൊക്കെ ഇട്ട ആളാരാണ്.?''

# ഇംഗ്ലീഷിൽ ഒരു സപ്താഹം!



**അനാമയൻ പാലാഞ്ചേരി**

**വ**ർഷങ്ങൾക്കു മുമ്പ് പൂണെയിൽ വച്ച് ഒരു സപ്താഹം നടന്നു പ്രഭാഷണം ഇംഗ്ലീഷിൽ!
പ്രഭാഷകൻ മറ്റാരുമല്ല, പോറ്റി സാർ എന്ന് നമ്മൾ സ്നേഹാദരങ്ങളോടെ വിളിക്കുന്ന പ്രൊഫ. എ.വി.വാസുദേവൻ പോറ്റി.

പന്തളം വെൺമണി ഗ്രാമത്തിൽ ഉൾപ്പെട്ട ഐവർകാലാ ആദിശ്ശമംഗലത്ത് മഠത്തിൽ ശ്രീ.വാസുദേവൻ പോറ്റിയുടെയും, കുന്നത്തൂർ കീഴ്ത്താമരശ്ശേരി മഠത്തിലെ ശ്രീമതി ആര്യാദേവിയുടെയും രണ്ടാമത്തെ പുത്രനായി 1932 ഒക്ടോബർ 12 ന് ജനനം.

നാട്ടിലെ സ്കൂൾ പഠനം, പന്തളം NSS കോളേജിലെ ബിരുദപഠനം കഴിഞ്ഞ് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ബിരുദാനന്തര ബിരുദം നേടി.സർക്കാർ സർവീസിൽ അദ്ധ്യാപകനായി ഉദ്യോഗപർവ്വം ആരംഭം.പാലക്കാട് വിക്ടോറിയാ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, കോഴിക്കോട് മീഞ്ചന്ത ആർട്സ് & സയൻസ് കോളേജ് തുടങ്ങിയയിടങ്ങളിൽ ജോലി ചെയ്തു.ഇംഗ്ലീഷ് വിഭാഗം മേധാവിയായിരുന്നു. ഡോ.എം.ലീലാവതി ,പ്രൊഫ.എസ്.ഗുപ്തൻ നായർ, പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ, എന്നിവരുടെ സഹപ്രവർത്തകനായിരുന്നു. വിരമിച്ച ശേഷം, കഴിഞ്ഞ 30 വർഷങ്ങളായി ആദ്ധ്യാത്മിക രംഗത്ത് സജീവം.ഗീതാപ്രഭാഷണങ്ങളിലും, ഭാഗവത സപ്താഹങ്ങളിലും വ്യാപരിച്ചു.വിദ്യാവാചസ്പതി ശ്രീ.വി. പനോളിയാണ് വേദാന്തത്തിലെ ഗുരു.ശങ്കര സിദ്ധാന്തത്തിനോടാണ് ആഭിമുഖ്യം.ശ്രീ.വെൺമണി വിഷ്ണു നമ്പൂതിരിയാണ് ഭാഗവതരംഗത്തെത്തിച്ചത്. ഭാഗവതഹംസം സാക്ഷാൽ മള്ളിയൂർ ശങ്കരൻ നമ്പൂതിരി, ' പോറ്റി മാഷിന്റെ ശൈലിയിലാണ് ഭാഗവതം പറയേണ്ടത് ' എന്ന ശ്ലാഘന പ്രസിദ്ധമാണ്.



*പ്രൊഫ. എ.വി.വാസുദേവൻ പോറ്റി.*

ജ്ഞാനപ്രധാനമായ പ്രഭാഷണശൈലി. ഭഗവദ് ഗീത, ശങ്കരാചാര്യ ഭാഷ്യങ്ങൾ, വാത്മീകി കൃതികൾ, നാരദ ഭക്തി സൂത്രം തുടങ്ങിയവയെ അടിസ്ഥാനമാക്കി പ്രമാണ സഹിതം ആധികാരികമായ പ്രഭാഷണം. വേദാന്തപശ്ചാത്തലത്തിൽ ആധുനികശാസ്ത്രവുമായി ബന്ധപ്പെടുത്തി തത്വങ്ങൾ ബോധിപ്പിക്കുന്ന കൈയടക്കം. മലയാളം, സംസ്കൃതം,ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഒരു പോലെ പ്രാവീണ്യം. കൊളത്തൂർ അദ്വൈതാശ്രമത്തിന്റെ 'വേദാന്തരത്നം ', കോഴിക്കോട് കോട്ടുക്കുളങ്ങര അയ്യപ്പക്ഷേത്രത്തിന്റെ 'ഭാഗവതരത്നം ', എറണാകുളം വളഞ്ഞമ്പലം ക്ഷേത്രസമിതിയുടെ 'അദ്വൈതഹംസം ' തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ.

ഭൗതികദേഹം വെടിഞ്ഞെങ്കിലും (85) വിദ്യാഭ്യാസ, ഔദ്യോഗിക കാലഘട്ടങ്ങളിലും, കുടുംബത്തിലും,30 വർഷത്തെ പൂർണ്ണമായ ആത്മീയ ജീവിതത്തിലും പോറ്റിമാഷെ അടുത്തറിഞ്ഞവരുടെയെല്ലാം മനസ്സിൽ മായാതെ നിൽക്കുന്നു; ആ അറിവ്, വിനയം, ലാളിത്യം, പ്രോത്സാഹനം, ശൈലി.... പിന്നെ ആയിരം പൗർണ്ണമിയുടെ സൗമ്യശോഭ തെളിയുന്ന ആ പുഞ്ചിരിയും....
നമിക്കുന്നു, ആ ജ്ഞാനസ്രോതസ്സിനെ....
തസ്മൈ ശ്രീ ഗുരവേ നമ: ●

# ഇനിയില്ല ഈ കുസൃതിച്ചിരി

**ഭാഗവത വാചസ്പതി പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി 1944 - 2018**

**ടീം സ്വസ്തി**

**ന**ർമ്മം, ലോഹ്യം, കുസൃതി, രസികത്തം... അങ്ങനെ പലതും നിറഞ്ഞതാണ് ഈ ഫോട്ടോയിലെ കുസൃതിച്ചിരി . ഇനിയില്ല ആ ചിരി. അനുഭവിച്ചറിഞ്ഞവർക്ക് അത് മനസ്സിലുണ്ടാവും.

കേരളത്തിലും പുറത്തുമായി 500 ലധികം ശ്രീമദ് ഭാഗവത സപ്താഹങ്ങൾ ,ശ്രീദേവീ ഭാഗവത നവാഹങ്ങൾ... ആയിരക്കണക്കിന് ക്ഷേത്രങ്ങളിലെ എണ്ണിയാലൊടുങ്ങാത്ത പ്രഭാഷണങ്ങൾ. അക്ഷരശ്ലോക വിദഗ്ധൻ.. വിദ്വൽ സദസ്സായി കോഴിക്കോട് തളിക്ഷേത്രത്തിൽ ഇന്നും നടത്തിവരാറുള്ള രേവതീ പട്ടത്താനത്തിൽ മാന്യസ്ഥാനത്ത് പണ്ഡിതനായ പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി സ്ഥിരം സാന്നിദ്ധ്യമായിരുന്നു.. ആകാരം കൊണ്ട് ഹ്രസ്വനായ അഭിനവ കാക്കശ്ശേരി ഭട്ടതിരി..

സംസ്കൃതത്തിൽ ഗുരു വിദ്വാൻ കൊച്ചുണ്ണിത്തമ്പാൻ. ആധ്യാത്മിക പ്രഭാഷണങ്ങളിൽ വിദ്വാൻ ഭാസ്കരൻ നായർ . മേഖലയിലെ എല്ലാ ആചാര്യന്മാരുമായി നിറഞ്ഞ സൗഹൃദം. പുത്രൻ നവീൻ ശങ്കരടക്കം ഒട്ടേറെ ശിഷ്യന്മാർ. മള്ളിയൂരിനെപ്പോലെ ഭാഗവതകോകിലം വാഴകുന്നത്തിനെപ്പോലെ തിരുനാമാചാര്യൻ ആഞ്ഞത്തെപ്പോലെ ഭാഗവതോത്തമനെയാണ് നമുക്കു നഷ്ടപ്പെട്ടത്.. ഭക്തിപ്രസ്ഥാനത്തിന്റെ ജനകീയ നായകൻ.

വ്യവസ്ഥാപിതമായ ഒരു അനുശോചനക്കുറിപ്പിൽ ഇത്രയുമൊക്കെ മതിയാവും. ഇത് പക്ഷേ അനുശോചനമല്ല ,ഫലിതചക്രവർത്തിയായ ഭാഗവതവാചസ്പതിക്ക് അതിഷ്ടവുമാവില്ല.

ശ്രേഷ്ഠ ബ്രാഹ്മണനായ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ സപ്തതി ആഘോഷിക്കാൻ നിർബന്ധിച്ചത് കോഴിക്കോട്ടെ



> ഫുട്ബോൾ, ക്രിക്കറ്റ് മാച്ചുകളുടെ ആരാധകൻ. റിയൽ മാഡ്രിഡ്, ബാഴ്സലോണ. കേളി കേട്ട ഫുട്ബോൾ ക്ലബുകളേയും അവരുടെ കളിക്കാരെയും ആരാധനയോടെ ഇഷ്ടപ്പെട്ട് കളി കണ്ടിരുന്നു. കൊടിയും കളി നിയമങ്ങളും കാണാപ്പാഠം. മലയാളത്തിലും സംസ്കൃതത്തിലും മാത്രമല്ല ഇംഗ്ളീഷിലും അക്ഷരശ്ളോകം ചൊല്ലാനറിയുന്ന ആൾ.

ശ്രീനാരായണഗുരുവിന്റെ ശിഷ്യപരമ്പരയിൽ പെട്ടവരായിരുന്നു. ബ്രഹ്മജ്ഞാനം പകരാൻ പരിധിയില്ലല്ലോ എന്ന് ആനന്ദിച്ചുവത്രെ സുബ്രഹ്മണ്യപ്ഫൻ.

മസ്ജിദ് മന്ദിർ വിഷയത്തിൽ പരിപാടികളിൽ പങ്കെടുത്ത് പ്രതിപക്ഷ ബഹുമാനത്തോടെ വാദങ്ങൾ സമർത്ഥിക്കുമായിരുന്നു ഈ താർക്കികൻ. ഒരിക്കൽ അത്തരം ഒരു യോഗത്തിൽ പങ്കെടുത്തു. എന്നാൽ തിരിച്ചുപോകാൻ സംഘാടകർ വാഹനമൊരുക്കിയിരുന്നില്ല. ആ സമയത്ത്പാലാഞ്ചേരിയെ തിരിച്ച് ഇല്ലത്തെത്തിച്ചത് എതിർവാദക്കാരനായ മൗലവി. ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ.

മറ്റൊരിക്കൽ. കലശലായ വയറു വേദന വന്നു.ഡോക്ടറെ കാണാൻ ചെന്നു. അന്നാശയത്തിലേക്ക് പരിശോധനകൾ നടത്താനിറക്കിയ ട്യൂബ് കടിച്ചിറക്കിയപ്പോൾ

'എന്താ നമ്പൂതിരി ഈ യന്ത്രത്തിന് പതിനായിരത്തിനു മുകളിൽ വില വരും ശ്രദ്ധിക്കേണ്ടേ?' എന്ന് ഡോക്ടർ വഴക്കു പറഞ്ഞു. ഈ ശരീരത്തിന് കോടികൾ വിലയുണ്ടെന്ന് തിരിച്ചടിച്ചു സുബ്രഹ്മണ്യൻ നമ്പൂതിരി.

നല്ല പ്രഭാഷണമാണല്ലോ എന്നു പറഞ്ഞ ആരാധകനോട് വായിലെ നാവു കൂടി ഇല്ലെങ്കിൽ തന്നെ കാക്ക കൊത്തിക്കൊണ്ടോവില്ലേ എന്നാണ് സുബ്രഹ്മണ്യൻ നമ്പൂതിരി പ്രതിവചിച്ചത്.

നമ്പൂരിപ്ഫലിതത്തിന് വേറെയെങ്ങും പോവേണ്ട.

ഇനിയുമേറെയുണ്ട് പറഞ്ഞാൽ തീരാത്ത കഥകൾ. അപ്ഡേറ്റഡ് ആയിരുന്നു എന്നും . എന്തിനെപ്പറ്റിയും. ഇൻർനെറ്റും,യു ട്യൂബും, വാട്ട്സ് ആപ്പും എല്ലാം ഭാഗവതം പോലെ വഴങ്ങി.

ഓൺലൈൻ ട്രേഡിംഗ് എന്നാൽ എന്താണ്. വീട്ടിലിരുന്ന് ഇൻർനെറ്റ് വഴി നടത്തുന്ന ഇടപാട്. പറഞ്ഞു കൊടുത്താൽ അവിടെ തീരില്ല. ആമസോണിൽ നിന്ന് ഓൺലൈൻ ഇടപാടിലൂടെ സ്മാർട്ട് ഫോൺ വരുത്തിയാലേ ആ ഉത്കണ്ഠ ശമിക്കുന്നുള്ളു.

കൊച്ചിയിൽ മെട്രോ വന്നപ്പോൾ അതിൽ കയറാൻ വേണ്ടി മാത്രം കൊച്ചിയിൽ പോയ ആൾ. മസാല ദോശ കഴിക്കാൻ വേണ്ടി മാത്രം കോഴിക്കോട്ടേക്ക് ബസ്സു കയറുന്ന ആൾ. ഗോൾഡൻ ടെമ്പിൾ കാണാനായി മാത്രം അമൃതസരസ്സിലേക്ക് വണ്ടി കയറിയ ആൾ.

ഫുട്ബോൾ, ക്രിക്കറ്റ് മാച്ചുകളുടെ ആരാധകൻ. റിയൽ മാഡ്രിഡ് , ബാഴ്സലോണ. കേളി കേട്ട ഫുട്ബോൾ ക്ലബുകളേയും അവരുടെ കളിക്കാരെയും ആരാധനയോടെ ഇഷ്ടപ്പെട്ട് കളി കണ്ടിരുന്നു. കൊടിയും കളി നിയമങ്ങളും കാണാപ്പാഠം. മലയാളത്തിലും സംസ്കൃതത്തിലും മാത്രമല്ല ഇംഗ്ളീഷിലും അക്ഷരശ്ളോകം ചൊല്ലാനറിയുന്ന ആൾ. ഓഹരി വിപണിയിൽ കരടി മാത്രമല്ല പന്നിയുമുണ്ടെന്ന് അറിയുന്ന ആൾ.

കുടിവെള്ള പദ്ധതിക്ക് കിണർ കുഴിക്കാൻ സ്വന്തം സ്ഥലം നൽകിയപ്പോൾ മാനവ സേവ തന്നെ മാധവ സേവയെന്ന് പ്രവർത്തിയിലും തെളിയിക്കുന്നു..

എന്തും അവസാന പേജ് വരെ വായിക്കുന്നു. പഠിക്കുന്നു. ബന്യാമിൻറെ ആടു ജീവിതം അവാർഡിനു മുമ്പേ വായിച്ച ആൾ. ഗ്രന്ഥശേഖരത്തിൽ പുതുതലമുറ കഥാകാരി ഇന്ദു മേനോന്റെ നോവൽ. കപ്പലിനെക്കുറിച്ചുള്ള വിചിത്ര പുസ്തകം . പത്രങ്ങൾ സമ്പൂർണ്ണ പാരായണം നടത്തുന്ന അസാമാന്യൻ. അതിൽ എന്തെങ്കിലും വിഷയത്തിലും സംശയങ്ങൾ ഉണ്ടാവുമ്പോൾഎഴുതി വച്ച് സംശയനിവൃത്തി വരുത്തുന്ന ആൾ. ചുള്ളിക്കാടും സുഗതകുമാരിയും കുഞ്ഞിക്കുട്ടൻ തമ്പുരാനും എല്ലാം ഇവിടത്തെ ഗ്രന്ഥശേഖരത്തിലുണ്ട്.

പെരുമൻപുറയിൽ വന്നാൽ രണ്ട് അപ്പന്മാരേയും കാണാം. ഭഗവാനേയും എന്നേയും എന്ന് ഫലിതം പറയാറുണ്ട് സുബ്രഹ്മണ്യപ്പൻ. അതിപ്രശസ്തരായ പലരും അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ച് പെരുമൻപുറയിലെത്തി.34 വർഷമായി പെരുമൻ പുറ ക്ഷേത്രത്തിൽ സമർപ്പിക്കാറുള്ള ഭാഗവതയജ്ഞത്തിന്റെ ആചാര്യൻ നാട്ടാരുടെ സ്വന്തം സുബ്രായപ്പനായി .

പന്നിക്കോട് നടുവിലേടം പരേതയായ പാർവ്വതി അന്തർജനമാണ് പത്നി. അമൃത ടി.വി ഫെയിം ഭാഗവത പ്രഭാഷകൻ നവീൻ ശങ്കർ ഏക പുത്രൻ. മരുമകൾ എം.വി അമൃത.

സ്വസ്തി പ്രവർത്തകർക്ക് പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി മറ്റു ചിലതു കൂടിയായിരുന്നു. പുറത്തിറങ്ങിയ സ്വസ്തിയുടെ ആദ്യ ലക്കം മുതൽ 4 ലക്കങ്ങളും ആവേശത്തോടെ അദ്ദേഹം വായിച്ചു. പോരാ പാരായണം ചെയ്തു എന്നു തന്നെ പറയണം. കെട്ടും മട്ടും മുതൽ വായനാവിഭവങ്ങളുടെ സ്വാദും ദുസ്വാദും വരെ.

അതിയായി അഭിനന്ദിച്ചു, സൗമ്യമായി വിമർശിച്ചു. ഒരാദ്യവസാനക്കാരന്റെ ഉത്തരവാദിത്തത്തോടെ. തിലോദകം വീഴ്ത്തി ,ഞങ്ങൾ ആദരാഞ്ജലിയർപ്പിക്കട്ടെ. സ്വസ്തിയിൽ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ രചന പ്രസിദ്ധീകരിച്ചു കൊണ്ട്.സ്വസ്തി.. സ്വസ്തി... സ്വസ്തി

മേള പ്രജാപതി മട്ടന്നൂരിന് സുബ്രഹ്മണ്യൻ നമ്പൂതിരി എഴുതി സമർപ്പിച്ച ആശംസാ ശ്ലോകം

**എട്ടാശത്തട്ടു ഞെട്ടുംപടി അധികരവം**
**ചെണ്ടയിൽചേർത്തു കൊട്ടും**
**മട്ടന്നൂർ ശങ്കരൻകുട്ടിയുമതുലബലം**
**വാച്ച തൻപുത്രരോടും**
**ചേർന്നിട്ടുണ്ടായ തായമ്പകയുടെ**
**നിനദം കേട്ടു തൻ നല്ലുറക്കം**
**വിട്ടിട്ടിങ്ങോട്ടു വന്നാൻ ശിവശിവ!**
**ഭഗവാൻ വിഷ്ണു നേരിട്ടു കാണാൻ..**

# പാർത്ഥന്റെ വഴി

സാരഥിയുണ്ടെങ്കിൽ ഒട്ടും വഴിപിഴക്കാനില്ല. പാർത്ഥന് വേവലാതി വേണ്ടതില്ല. എന്നാൽ പാർത്ഥനും സാരഥിയുമെല്ലാം ഒരാളാണെങ്കിലോ? വഴി വെട്ടിത്തെളിയിച്ച് മുന്നേറേണ്ടി വരും.അങ്ങനെ സ്വന്തമായി വഴി വെട്ടിത്തെളിയിച്ച് മുന്നോട്ടു പോയ ആളാണ് കല്പകശ്ശേരി പാട്ടത്തിലെ പാർത്ഥസാരഥി.

ഏഴാം ക്ളാസിൽ പഠിക്കുമ്പോൾ സ്വന്തമായി നാടകമെഴുതിയതു മുതൽ ചൊൽക്കൂത്ത് എന്ന പുതിയൊരു കലാരൂപം അവതരിപ്പിച്ചതു വരെയുള്ള എല്ലാം സ്വന്തമായി ഉണ്ടാക്കിയ വഴികളായിരുന്നു. ആ ചൊൽക്കൂത്തിൽ ഒപ്പം കൂടിയവരിൽ സ്വസ്തി ടീമിലെ വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരിയും വൈത്തല നാരായണൻ നമ്പൂതിരിയും എല്ലാമുണ്ടായിരുന്നു.

അരങ്ങൊഴിയേണ്ട പ്രായത്തിലല്ല പാർത്ഥസാരഥി രംഗമൊഴിഞ്ഞത്. രംഗബോധമില്ലാത്ത കോമാളി കർട്ടനിട്ടതു കൊണ്ടാണ്. അല്ലെങ്കിൽ....

അല്ലെങ്കിൽ എന്നു പറയാൻ തുടങ്ങിയാൽ ഒരു പാടുണ്ട്. പൂന ഫിലിം ഇൻസ്റ്റിട്യൂട്ടിലോ അഡയാർ ഫിലിം ഇൻസ്റ്റിട്യൂട്ടിലോ പോയി പഠിക്കാനായിരുന്നു മോഹം. പക്ഷേ,എത്തിപ്പെട്ടത് ചെന്നൈയിലെ ടി. വി. ആൻഡ് റേഡിയോ ഡിപ്ളോമയിൽ. പിന്നെ ഒരു ടെലിവിഷൻ കമ്പനിയിൽ. അതു കഴിഞ്ഞ് നാടകത്തിൽ. ഇടക്കാലത്ത് സംവിധായകൻ ഭരതന്റെ ക്യാമ്പിൽ.മറ്റൊരിക്കൽ തുളസീദാസിന്റെ കൂടെ. കോടമ്പാക്കവും സ്റ്റുഡിയോകളും വെള്ളിത്തിരയും തിരശ്ശീലയും ....

ഒരു മുത്തം മണിമുത്തം, ഫാന്റം പൈലി, തുടങ്ങിയ സിനിമകളുടെ പിന്നിൽ സഹസംവിധായകനായി പാർത്ഥനുണ്ട്. ടേണിംഗ് പോയിന്റുകളും ക്ളൈമാക്സുകളും ഏറ്റവും മനോഹരമാക്കുന്നതിൽ അപൂർവമായ സിദ്ധിയാണ് പാർത്ഥന്. പല സിനിമാക്കാരും കൂടെക്കൂട്ടി ഈ കഴിവ് ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്. ആ സിനിമയിലൊന്നും പാർത്ഥന്റെ പേര് ടൈറ്റിലിൽ ഇല്ലെങ്കിലും.

സിനിമയിൽ സഹസംവിധാനം. നാടകത്തിലെ എ ടു സെഡ്, കവിതയെഴുത്തും നോവലും, ടെലി ഫിലിം, ഡോക്യുമെന്ററി...അങ്ങനെ കലയിലായിരുന്നു ജീവിതം.

ഒരായുസ്സിൽ ചെയ്തു തീർക്കാവുന്നതല്ല ചെറു പ്രായത്തിലേ ചെയ്തു തീർത്തത്. അതു കൊണ്ടാവാം ഇനിയും കഥകൾ ബാക്കി വച്ച് ഇത്ര പെട്ടെന്ന്



*കെ.പി. പാർത്ഥസാരഥി*

യാത്രയാവേണ്ടി വന്നത്.

നൂറിലേറെ നാടകങ്ങൾ എഴുതുകയോ സംവിധാനം ചെയ്യുകയോ ചെയ്തപ്പോൾ അത് എത്തിച്ചേർന്നത് സർഗ്ഗചിത്ര എന്ന നാടക ട്രൂപ്പിന്റെ പിറവിയിൽ. കവിത ചൊല്ലാനുള്ള കമ്പം മൂത്തപ്പോൾ ഉണ്ടായി വന്നത് ചൊൽക്കൂത്തിൻ കൂട്ടായ്മ എന്ന കവിതക്കൂട്ട്. തിരക്കഥ എഴുതാതെ വയ്യ എന്നായപ്പോൾ ജീവനം ഇന്ന സിനിമയുടെ കഥ പിറന്നു.

സിനിമ ഉണ്ടാക്കിയേ തീരൂ എന്ന് വന്നപ്പോൾ ഉണ്ടായി വന്നത് യാചനം എന്ന ഹ്രസ്വ ചിത്രം. അതിന് ലഭിച്ചതോ ഈ വർഷത്തെ ഭരതൻ സ്മാരകസമിതിയുടെ പ്രത്യേക ജൂറി പുരസ്കാരവും.സാക്ഷി ഗോപാൽ എന്ന ടെലി ഡ്രാമയാണ് വേറിട്ട രചനകളിൽ മറ്റൊന്ന്. വേറിട്ട പലതും തരാൻ ബാക്കി നിൽക്കെയാണ് അപ്രതീക്ഷിതമായ വിടവാങ്ങൽ.

പെരുമണ്ണയുടെ പെരുമ ഇനി ഓർമ്മയിൽ. ●


## വേർപാടിന്റെ ഒരു വർഷം

**പ്രണാമങ്ങളോടെ**



## ഇ.എം. സുബ്രഹ്മണ്യൻ നമ്പൂതിരി

**കരുമകൻകാവ്, മുല്ലപ്പള്ളി, ഫറോക്ക് ഉപസഭ**

# വിവാഹിതരായി



സിനിമാ നടൻ നീരജ് മാധവും ഭാര്യ ദീപ്തിയും

ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM



വിദഗ്ദ്ധ ചികിത്സകൾ

പഞ്ചകർമ്മ ചികിത്സകൾ | ജീവിതശൈലി രോഗങ്ങൾ | ത്വക്ക്‌രോഗങ്ങൾ | സോറിയാസിസ് | ശിശുരോഗങ്ങൾ
അമിതവണ്ണം | പാർകിൻസൺസ് | പക്ഷാഘാതം | സന്ധിവാതം | കഴുത്തുവേദന (സെർവിക്കൽ സ്പോണ്ടിലോസിസ്)
നടുവേദന (ലംബാർ സ്പോണ്ടിലോസിസ്) | പരാലിസിസ് | മുട്ടുവേദന (ഓസ്റ്റിയോ ആർത്രൈറ്റിസ്)

മുൻകൂട്ടി ബുക്ക്ചെയ്യുന്നതിന് വിളിക്കുക 0495-2302696/9037844430

# വൈദ്യരത്നം

## ആയുർവ്വേദ ട്രീറ്റ്മൻറ് സെൻറർ

പുഷ്പ ജംഗ്ഷൻ, കല്ലായ് റോഡ്, കോഴിക്കോട് -673002, ഫോൺ : 0495 -2302696
Email:voscalicuttc@gmail.com

മാറ്റമില്ലാത്ത അഷ്ടവൈദ്യപാരമ്പര്യം, മാറുന്ന ലോകത്തിനായ്